(അദ്ധ്യക്ഷവേദിയിൽ മി. ഡെ. സ്പീക്കർ)

XI ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെപ്പറ്റിയുള്ള ചർച്ച

ശ്രീ. എം. എം. ഹസ്സൻ : സർ, "1986 മാർച്ച് 14-ാം തീയതി ഗവർണ്ണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ അദ്ദേഹത്തിന് നന്ദി രേഖപ്പെടുത്തുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനം വകുപ്പുമന്ത്രി ശ്രീ. കെ. പി. നൂറുദ്ദീൻ : സാർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : താഴെ പറയുന്ന അംഗങ്ങൾക്ക് ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

ശ്രീമതി കെ. ആർ. ഗൗരി, ശ്രീ. വർക്കല രാധാകൃഷ്ണൻ

ശ്രീമതി കെ. ആർ. ഗൗരി : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു. പ്രമേയത്തിന്റെ അവസാനം താഴെ കാണുന്നത് കൂട്ടിച്ചേർക്കുക. "എന്നാൽ, ഭരണത്തിൽ പങ്കാളിത്തമുള്ള ഘടക കക്ഷികളും തമ്മിൽ തമ്മിലും, അവയിൽ ഓരോന്നിനുള്ളിലും ഉള്ള ഗ്രൂപ്പ് വടംവലിയുടേയും പരസ്പര വിശ്വാസമില്ലായ്മയുടേയും അധികാരക്കൊതിയുടേയും ഫലമായി സംസ്ഥാനത്തുളവായിരിക്കുന്ന ഭരണസ്തംഭനത്തെക്കുറിച്ചും ഭരണഘടനാ പ്രതിസന്ധിയെക്കുറിച്ചും ഒന്നും പരാമർശിക്കപ്പെട്ടിട്ടില്ലാത്തതിൽ ഖേദിക്കുകയും ചെയ്യുന്നു.

Shri Varkala Radhakrishnan : In the motion add the following at the end namely.

"But regret to note that the Governor did not mention anything about the constitutional crisis created by the coalition partners in the Government by their frequent group fights in the matter of sharing power".

ശ്രീ. എം. എം. ഹസ്സൻ : സർ, തികച്ചും വസ്തുനിഷ്ഠവും യാഥാർത്ഥ്യപൂർണ്ണവുമായ ഒരു പ്രസംഗം, പൊങ്ങച്ചമോ പൊള്ളയായ വാഗ്ദാനങ്ങളോ ഇല്ലാത്ത ഒരു പ്രസംഗം ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിനു വേണ്ടി ഗവർണ്ണർ ഈ സഭയുടെ മുമ്പിൽ നടത്തിയിരിക്കുകയാണ്. ഈ സഭയുടെ ചരിത്രത്തിൽ, ഏഴാം കേരളനിയമസഭ നിലവിൽ വന്നതിനുശേഷം, ബഹുമാനപ്പെട്ട ഗവർണ്ണർ നടത്തുന്ന അഞ്ചാമത്തെ നയപ്രഖ്യാപനപ്രസംഗമാണ് സർ, ഇത്. രാഷ്ട്രീയസ്ഥിരതയും ഭരണഭദ്രതയുമുള്ള ഒരു ഗവൺമെന്റിനു വേണ്ടി ഗവർണ്ണർ നടത്തുന്ന അഞ്ചാമത്തെ നയപ്രഖ്യാപനമാണ് ഇത്. തുടർച്ചയായി ഗവർണ്ണർ അഞ്ചാമത്തെപ്രാവശ്യം പ്രസംഗിക്കുന്നത് കേരളനിയമസഭയുടെ ചരിത്രത്തിൽ ഇത് രണ്ടാമത്തെതാണ്. ഒരു കോൺഗ്രസ്സുകാരനെന്നുള്ളനിലയിൽ ഞാൻ അഭിമാനിക്കുന്നു. കോൺഗ്രസ്സിന് പങ്കാളിത്തമുള്ളതോ പരോക്ഷമായി കോൺഗ്രസ് പിൻതുണച്ചിട്ടുള്ളതോ ആയിട്ടുള്ള ഗവൺമെന്റുകളും ഈ സംസ്ഥാനം ഭരിച്ചിട്ടുള്ളപ്പോഴും മാത്രമേ ഗവർണ്ണർ ഈ നിയമസഭയിൽ അഞ്ചും ആറും പ്രാവശ്യം നയപ്രഖ്യാപന പ്രസംഗം നടത്തിയിട്ടുള്ളുവെന്ന വസ്തുത അഭിമാനത്തോടുകൂടി ഞാൻ അനുസ്മരിക്കുന്നു. ഈ നയപ്രഖ്യാപനം ഒരു ഉറച്ച ഭരണത്തിന്റെയും ജനാധിപത്യഭരണ സംവിധാനം

LIBRARY ARCHIVES Kerala Legislative Assembly

കേടുകൂടാതെ സംരക്ഷിക്കാനുള്ള ഐക്യജനാധിപത്യമുന്നണിയുടെ പ്രഖ്യാപനത്തിന്റെയും വലിയൊരു വിളംബരമാണ്. ഈ നയപ്രഖ്യാപനപ്രസംഗത്തിൽ അതിപ്രധാനമായ ചില കാര്യങ്ങളും ഗവർണ്ണർ ഉന്നിപ്പറഞ്ഞിട്ടുണ്ട്. സന്ദർഭത്തിൽ നിന്ന് അടർത്തിയെടുത്ത് ചില ആളുകളും അതിനു പല വ്യാഖ്യാനങ്ങളും കൊടുക്കുന്നു. ആ വ്യാഖ്യാനം ശ്രീമാൻ ബേബിജോണിനെപ്പോലുള്ള ആളുകളും പറഞ്ഞുവെന്നാണ് ഞാൻ പത്രത്തിൽ കണ്ടത്. നമ്മുടെ രാഷ്ട്രം നേരിടുന്ന പ്രശ്നം ആസ്സാമും പഞ്ചാബും നേരിടുന്ന സംഭവവികാസങ്ങളും പല പ്രാവശ്യം ഇവിടെ ചർച്ച ചെയ്തതാണ്. പഞ്ചാബിൽ നടന്ന സംഭവങ്ങളും ഇൻഡ്യയുടെ അഖണ്ഡതയെയും ഐക്യത്തെയും അതിശക്തമായി, അതിന്റെ അടിവേരുകളും തകർക്കുന്ന വിളളലുകളും അവിടെയുണ്ടായപ്പോൾ പ്രതിപക്ഷത്തിരിക്കുന്ന കമ്മ്യൂണിസ്റ്റുപാർട്ടികളും കേരളത്തിന്റെയും ഭാരതത്തിന്റെയും മാത്രമല്ല ലോകത്തെമ്പാടുമുള്ള സംഭവവികാസങ്ങളിൽ ഉൽക്കണ്ഠയും താൽപര്യവും ഉളവാക്കുന്ന രീതിയിൽ അഭിപ്രായം പറഞ്ഞു. പഞ്ചാബ് സംഭവത്തിൽ ഗവൺമെന്റ് ഇടപെടുന്നില്ലെന്നായിരുന്നു ഒരുകാലത്തെ ആക്ഷേപം. ഗവൺമെന്റ് ഇടപെട്ടപ്പോൾ നേരത്തേ ഇടപെടേണ്ടതായിരുന്നുവെന്നായിരുന്നു ആക്ഷേപം. പ്രശ്നം പരിഹരിച്ചപ്പോൾ ഇത് വളരെ നേരത്തേപറഞ്ഞതാണെന്നായി. അന്നേ പരിഹരിക്കാമായിരുന്നില്ലേയെന്നായി ആക്ഷേപം. എന്താണ് സർ ഇത്? ശ്രീമാൻ രാജീവ് ഗാന്ധിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസ്സിന്റെ ഭരണക്കൂടം ശാശ്വതമായ പരിഹാരത്തിനുവേണ്ടി നടപടികളും എടുത്തു. പക്ഷേ ആ നടപടികളും എടുത്തതുകൊണ്ട് പഞ്ചാബിലെ പ്രശ്നം അവസാനിച്ചോ? ആഴത്തിൽ വേരൂന്നിയ ചില പ്രശ്നങ്ങളും അവിടെയുമുണ്ട് എന്നുള്ളതല്ലേ സത്യം?

ശ്രീ. എം. എം. ഹസ്സൻ : അവിടെ ജനകീയ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷവും ഇപ്പോഴും നടക്കുന്ന സംഭവവികാസങ്ങളും തെളിയിക്കുന്നത് എന്താണ്. പഞ്ചാബിലെ പ്രശ്നം നിങ്ങളും പറഞ്ഞതും ഞങ്ങളും പറഞ്ഞതും നമ്മളും മാത്രം കണ്ടതുമല്ല അതിന് അപ്പുറം എന്തെല്ലാമോ ഉണ്ട്. ആസ്സാമിലും പഞ്ചാബിലും ഉണ്ടായ വിഘടനവാദം രാജ്യത്തിന്റെ അഖണ്ഡതയും സ്വാതന്ത്ര്യവും നിലനിർത്താനുള്ള ശ്രമങ്ങൾക്ക് ഇടയിൽ ഒരു കക്ഷിയോ പാർട്ടിയോ ഒരു പ്രസ്ഥാനമോ അല്ല ഉത്തത്, ഒരു രാജ്യമെന്നാണ് ഗവർണ്ണർ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നത്. അത് ഇവിടെ ചില ആളുകളും വ്യാഖ്യാനിച്ചേക്കും—കേരള കോൺഗ്രസ്സിനെ ഉദ്ദേശിച്ച് പറഞ്ഞതാണ്, മുസ്ലിംലീഗിനെ ഉദ്ദേശിച്ച് പറഞ്ഞതാണ്. വർഗ്ഗീയപ്രാദേശീക വാദങ്ങൾക്കെതിരായ കോൺഗ്രസ്സിന്റെ നിലപാട് എന്താണെന്ന് ചോദിച്ചേക്കാം. മൂന്നു നാലു ദിവസത്തെ ഭരണത്തിനുവേണ്ടിയോ ഈ കേരളത്തിൽ ഐക്യമുന്നണി നിലനിർത്തുന്നതിനു വേണ്ടിയോ പറഞ്ഞതാണെന്ന് നിങ്ങൾ ധരിക്കുകയാണെങ്കിൽ നിങ്ങൾക്ക് തെറ്റിപ്പോയി. ഈ രാജ്യത്തിന്റെ ഭാവി, ഈ രാജ്യത്തിന്റെ നിലനിൽപ്പ്, ഈ രാജ്യത്തു നേരിടുന്ന അപകടം അതേക്കുറിച്ച് നിങ്ങൾക്ക് വ്യക്തമായ അഭിപ്രായമില്ലേ? പ്രത്യേകിച്ച് കമ്മ്യൂണിസ്റ്റ് പാർട്ടികളും, ദേശീയ പാർട്ടികളും, നിങ്ങളും ഈ കൊച്ചു വർത്തമാനം പറയരുത്. ഇവിടത്തെ ഭരണത്തിന്റെ കാര്യം, മൂന്നു നാലു ദിവസത്തെ കേരള ഭരണത്തിന്റെ കാര്യത്തെക്കുറിച്ചാണ് സംസാരിക്കുന്നതെങ്കിൽ നിങ്ങളോടു മറുപടി പറയാൻ ഞാൻ തയ്യാറല്ല. അതിനപ്പുറം അതിന് ഒരു ഗൗരവം ഉണ്ട്. ശ്രീ. ബേബിജോണിനെപ്പോലുള്ള ആളുകളും, ശ്രീമതി ഗൗരിയമ്മയെപ്പോലുള്ള ആളുകളും, ശ്രീ. ചന്ദ്രശേഖരനെപ്പോലുള്ള ആളുകളും ഒരു കാര്യം ശ്രദ്ധിക്കണം. രാജ്യത്തിന്റെ നിലനിൽപ്പുമായി ബന്ധപ്പെട്ട കാര്യം പറയുമ്പോൾ ശ്രീ. കരുണാകരനു അധികാരം നിലനിത്താൻവേണ്ടിയാണ്. ഐക്യ

LIBRARY ARCHIVES Kerala Legislative Assembly

ജനാധിപത്യമുന്നണിക്ക് 4 ദിവസം ഭരിക്കാൻ വേണ്ടിയാണ് എന്നൊക്കെ ചിത്രീകരിക്കുന്നത്.

സർ ഈ രാജ്യം വളരെ അപകടകരമായ ഒരു സ്ഥിതിയെ നേരിടുംപോൾ കക്ഷി രാഷ്ട്രീയത്തിന്റെ വീഴ്ചപ്പുലക്കലായിട്ടുള്ള വ്യത്യസ്ഥ അഭിപ്രായങ്ങൾ മാറ്റിവെച്ചുകൊണ്ട് രാജ്യ വ്യാപകമായ നിലയിൽ രാജ്യസ്നേഹപരമായി പ്രശ്നത്തെ സമീപിക്കേണ്ട സാദ്ധ്യത നമ്മുക്ക് ഇല്ലേ? ഗവർണ്ണർ പറഞ്ഞതിനകത്തുള്ള ഏറ്റവും പ്രധാനപ്പെട്ട കാര്യം ഇതാണ്. ഞാൻ അതു ചോദിക്കാൻ ആഗ്രഹിക്കുന്നു. ഈ നിയമ സഭയുടെയും ഐക്യജനാധിപത്യ മുന്നണിയുടെയും ഇടതുപക്ഷമുന്നണിയുടെയും കാര്യങ്ങളാണ് പ്രസംഗത്തിൽ ഗവർണ്ണർ പറഞ്ഞിരിക്കുന്നത്. ഇൻഡ്യയുടെ ഐക്യത്തിന്റെയും, അഖണ്ഡതയുടെയും, സ്വാതന്ത്ര്യത്തിന്റെയും മുമ്പിൽ പ്രത്യേകിച്ച് വർഗ്ഗീയ ശക്തികൾക്ക് എതിരായി പോരാടി വലിയോരു ത്യാഗം സഹിച്ച് രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ പേരിലാണ് ഞാൻ നിങ്ങളോട് സംസാരിക്കുന്നത് എന്നതിൽ ഞാൻ അഭിമാനിക്കുന്നു. മഹാത്മാഗാന്ധിയുടെയും ആരാധ്യയായ ഇന്ദ്രിരാഗാന്ധിജിയുടെയും മുമ്പിൽ നിന്നുകൊണ്ട് ഈ രാജ്യത്തിലെ വർഗ്ഗീയശക്തികൾക്കും രാജ്യത്തിന്റെ അഖണ്ഡതക്കും എതിരെ ശബ്ദം ഉയർത്തുന്ന വിഘടനവാദികൾക്കും എതിരായി സംസാരിക്കുന്നുയെന്നുള്ളതിൽ ഞാൻ രോമാഞ്ചം കൊള്ളുന്നു. അതിനെതിരായിട്ടുള്ള ഒരു നിലപാടായി ഇതിനെ കാണാൻ നിങ്ങൾ തയ്യാറുണ്ടോ ?

ശ്രീ. എ. വി. താമരാക്ഷൻ : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. മത പ്രാദേശിക ശക്തികളെ ശക്തമായി എതിർക്കുന്ന കോൺഗ്രസ്സ്(ഐ) കേരളത്തിൽ കഴിഞ്ഞ ആറുമാസമായി കേരളാ കോൺഗ്രസ്, മുസ്ലീംലീഗ് തുടങ്ങിയ വർഗ്ഗീയ പാർട്ടികൾക്ക് അടിമപ്പെട്ട് ഇൻഡ്യൻനാഷണൽ കോൺഗ്രസ്സിന്റെ വ്യക്തിത്വം കളഞ്ഞുകുളിച്ചതിനു ശേഷം ഇവിടെ ശ്രീ. ഹസ്സൻ ഇങ്ങനെ പ്രസംഗിക്കുന്നതിൽ വല്ല ന്യായവുമുണ്ടോ. അത് ഓർഡറിലാണോ?

ശ്രീ. എം. എം. ഹസ്സൻ : പോയിന്റ് ഓഫ് ഓർഡറിനു ഞാനല്ലല്ലോ റൂളിംഗ് നൽകേണ്ടത്. അതുപോലെ ഈ നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടുണ്ട് കേരളത്തിന്റെ സാംബത്തികമോ രാഷ്ട്രീയമോ ആയ രംഗത്ത് എതെങ്കിലും തരത്തിലുള്ള കേന്ദ്രവിരുദ്ധനിലപാടിൽനിന്നുകൊണ്ട് യാതൊന്നും ചെയ്യാൻ പാടില്ലെന്നുള്ളതാണ് ഞങ്ങളുടെ ഉറച്ച നിലപാട്. ഗവർണ്ണറുടെ നയപ്രഖ്യാപനം ആ നിലയ്ക്ക് തന്നെ കാണണം. അഖണ്ഡതയേയും സ്വാതന്ത്ര്യത്തേയും നിലനിർത്താനുള്ള ശ്രമങ്ങൾ രാഷ്ട്രീയമായോ സാമ്പത്തികമായോ ആയി കേന്ദ്രത്തിനെതിരായുള്ള സമീപനം സ്വീകരിക്കരുതെന്ന് പറയുന്നു. കേരളാ കോൺഗ്രസ്സിനോടും മുസ്ലീംലീഗിനോടും പറഞ്ഞതല്ല. സമസ്ത ജനങ്ങളോടുമുള്ള രാജ്യസ്നേഹമുള്ള മുഴുവൻ ഇൻഡ്യയിലെ 70 കോടി ജനങ്ങളോടുമുള്ള കേരളാ ഗവൺമെൻറിന്റെ, കേരളാ നിയമസഭയുടെ അഭിപ്രായ പ്രകടനമാണ്.

സർ, അതുപോലെ കേരളത്തിന്റെ സാമ്പത്തിക മനേജ്മെൻറ് മെച്ചപ്പെടുത്തുമെന്ന് പറഞ്ഞപ്പോൾ നിങ്ങൾ വ്യാഖ്യാനിക്കുന്നു.— ധനകാര്യമന്ത്രിയെ ഒതുക്കാൻവേണ്ടി ഇതിനകത്തു എന്തോ എഴുതി വച്ചിരിക്കുന്നുയെന്ന് ചില പത്രങ്ങളിൽ വായിച്ചു. ഇവിടെ കേരളത്തിൽ ഒരു പ്രത്യേകതയുണ്ട്. സാമ്പത്തികവ്യവസ്ഥ ധനകാര്യം എന്നൊക്കെ പറഞ്ഞാൽ എല്ലാവരും വ്യാഖ്യാനിക്കുന്നത് കെ. എം. മാണിയെന്നാണ്. അതിൽ ഞങ്ങൾക്കു സന്തോഷമേയുള്ളു കഴിഞ്ഞ ഏഴു പ്രാവശ്യം ബഡ്ജറ്റ് അവതരിപ്പിക്കുകയും എട്ടാമത്തെ ബഡ്ജറ്റ് അവതരിപ്പിക്കാൻ പോകുകയും ചെയ്യുന്നത് അഭൂതപൂർവ്വമായിട്ടുള്ള ഒരു

LIBRARY ARCHIVES Kerala Legislative Assembly

നേട്ടമാണെന്ന് അദ്ദേഹം തന്നെ അവകാശപ്പെടുന്നു. ഈ സംസ്ഥാനത്തിന്റെ സാമ്പത്തികരംഗവുമായി താതാത്മ്യംപ്രാപിച്ചുകൊണ്ടാണ് ഇതു പറയുന്നത്. പക്ഷേ സാമ്പത്തിക മാനേജ്മെന്റ് മെച്ചപ്പെടുത്തുമെന്ന് പഠഞ്ഞാൽ കേരളാ കോൺഗ്രസ്സിനു കൂച്ചുവിലങ്ങിടാനോ അല്ലെങ്കിൽ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയെ നിലയ്ക്കു നിർത്താനോ അല്ല ഈ ഗവൺമെന്റ് പറഞ്ഞത്. ഈ സംസ്ഥാനം ഉണ്ടായ അന്നു മുതൽ ഇന്നുവരെ സഖാവ് അച്ചുതമേനോൻ തൊട്ട് കെ. എം. മാണിവരെയുള്ള കേരളത്തിലെ ധനകാര്യമന്ത്രിമാർ എല്ലാവരും ഈ സംസ്ഥാനം ഭരിച്ചപ്പോഴും കേരളത്തിനുണ്ടായിട്ടുള്ള ഒരു പ്രത്യേകത നാമെല്ലാം കാണേണ്ടതാണ്. ഉൽപത്യഷ്ണുക്കളായ വിദ്യാസമ്പന്നരായ ജനങ്ങളും കേരളാഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ എങ്ങനെയാണ് സ്വീകരിക്കുന്നത്. ഇവിടെ ജനക്ഷേമകരങ്ങളായ പ്രവർത്തനങ്ങളും ഒന്നൊന്നായി നമ്മളും നടത്തുന്നു. പക്ഷേ നികുതി ഏർപ്പെടുത്തുന്നത് ഒരു ചിൻതിരിപ്പൻ ഏർപ്പാടുയി കാണുന്ന ഒരു സമൂഹമുണ്ട്. പുരോഗമനപരമായ ഒരു സമൂഹമാണ് നികുതി ഇളവുകളെ അങ്ങയറം സ്വീകരിക്കുന്ന ആളുകളാണ്. അങ്ങനെയുള്ള വികസ്വരമായ വിദ്യാസമ്പന്നമായ ഒരു സമൂഹത്തിൽ ഈ കേരളം നിലവിൽ വന്ന അന്നുമുതൽ ഇന്നുവരെ ഉണ്ടായിട്ടുള്ള നമ്മുടെ സാമ്പത്തിക രംഗത്തെ ഏറ്റവും വലിയ അപകടകരമായ ഒരു വസ്തുത, നമ്മുടെ ബഡ്ജറ്ററി കൺട്രോളും അനുക്രമമായി കുറഞ്ഞു കുറഞ്ഞ് സാമ്പത്തിക പരാധീനതയിൽ നീന്തിതുടിക്കുന്ന ഒരു അവസ്ഥയിലേക്ക് എത്തിയിരിക്കുന്നു. ആ ധനകാര്യ മാനേജ്മെന്റ്, വരവിനേക്കാളും കൂടുതൽ ചെലവ് നടത്തുന്ന ബഡ്ജറ്റാണ് എം. എൽ. എ. മാരും മന്ത്രിമാരും ഇരുന്ന് ആലോചിച്ച് ഉണ്ടാക്കുന്നത്. അങ്ങനെ ക്ഷേമപ്രവർത്തനങ്ങളും നടത്തുന്ന ഒരു സംസ്ഥാനത്തു കണക്കുകളോട് അധികം കളി പാടില്ല. കളിച്ചാൽ അത് അപകടം തന്നെയാണ്. ആ നിലയ്ക്ക് ധനകാര്യ മാനേജ്മെന്റ് തകർന്നിട്ടുണ്ടെങ്കിൽ ആ മാനേജ്മെന്റ് നടപ്പിലാക്കിയതിൽ അപകടങ്ങളും ഉണ്ടായിട്ടുണ്ടെങ്കിൽ അതു തിരുത്തണം. അത് ശക്തിപ്പെടത്തണമെന്ന് ഗവർണ്ണറുടെ പ്രസംഗത്തിൽ പറഞ്ഞാൽ ആരെയെങ്കിലും കൂച്ചുവിലങ്ങിടാനോ ആരെയെങ്കിലും നിലക്കു നിറുത്താനോ ആണെന്നു പറയുന്ന നിങ്ങളെ സംബന്ധിച്ചിടത്തോളം നിങ്ങൾക്ക് അതുമാത്രമെ പറയാൻ കഴിയൂ. ഈ ഐക്യ ജനാധിപത്യ മുന്നണിയിലെ ഘടകകക്ഷികളെ തമ്മിൽ അടിപ്പിക്കാനും അങ്ങനെ അടിപ്പിക്കാൻ ശ്രമിച്ച് അതിൽ സായൂജ്യം അടയാനും ശ്രമിക്കുന്ന നിങ്ങളെ സംബന്ധിച്ചിടത്തോളം റ്റൊന്നും ഈ പ്രസംഗത്തിൽ നിങ്ങൾക്ക് ചൂണ്ടിക്കാണിക്കാൻ കഴിയുകയില്ല. ജനങ്ങളുടെ നന്മയെ ലാക്കാക്കി പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റാണ് ഇത്.

സർ, ഗവർണ്ണറുടെ നയപ്രഖ്യാപനത്തിൽ ഈ ഗവൺമെന്റ് നടത്തികൊണ്ടിരിക്കുന്നതും നടപ്പിലാക്കാൻ പോകുന്നതുമായ നിരവധി പദ്ധതികളെക്കുറിച്ച് ഇവിടെ പറഞ്ഞു. കൂടുതൽ തൊഴിൽ അവസരങ്ങളും സൃഷ്ടിക്കാനുള്ള പദ്ധതികളും—മൽസ്യബന്ധന വികസനത്തിലും, മൽസ്യത്തൊഴിലാളി ക്ഷേമത്തിനുംവേണ്ടി, മൽസ്യത്തൊഴിലാളി ഗ്രാമങ്ങളെ രക്ഷിക്കാൻവേണ്ടി മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള വകുപ്പുകളും വളരെ സമഗ്രമായ പരിപാടികളും നടപ്പിലാക്കുമെന്ന് ഇവിടെ പറഞ്ഞു. സാമൂഹ്യ വനവൽക്കരണ പദ്ധതികളിൽ 510 ലക്ഷം വൃക്ഷത്തൈകളും നൽകുന്നതിനെക്കുറിച്ച് ഇവിടെ പറഞ്ഞു.

ഹരിജനങ്ങളുടേയും ഗിരിജനങ്ങളുടേയും ജീവിതത്തിന്റെ അടിസ്ഥാനപരമായ മാറ്റത്തിലേക്ക് നിങ്ങൾക്ക് ആർക്കെങ്കിലും നിഷേധം കാണിക്കാനും കണ്ണോടിക്കാതിരിക്കാനും കഴിയുമോ? ഈ രാജ്യത്തെ ഹരിജനങ്ങളുടെയും ഗിരിജനങ്ങളുടെയും പുരോഗതിക്കുവേണ്ടി ധാരാളം പദ്ധതികളും നടപ്പിലാക്കുന്നു എന്ന് ഈ പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തിന്റെ തീരാശാപമായ തൊഴിലില്ലായ്മ പരിഹരിക്കാനുള്ള സമഗ്രമായ

LIBRARY ARCHIVES Kerala Legislative Assembly

പരിപാടികളെക്കുറിച്ച് ഈ പ്രസംഗത്തിൽ ഗവർണ്ണർ പറഞ്ഞിട്ടുണ്ട്. പൊതു മേഖലയുടെ നേരെ കർശനമായ നിലപാട് സ്വീകരിക്കുന്നത് ഈ രാജ്യത്തിന്റെ വ്യവസായ വികസനത്തിന് ആവശ്യമാണെന്ന് അടിവരയിട്ട് ഗവർണ്ണർ പറഞ്ഞിട്ടുണ്ട്. അത് നിസ്സാരമായ കാര്യമല്ല. പരംപരാഗത വ്യവസായങ്ങം—നിങ്ങം ഇവിടെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി അടക്കം തൊണ്ട് തല്ലുന്നതുപോലെ, ചകിരി തല്ലുന്നതുപോലെ തൊഴിലാളികളെ തല്ലി പണം പിരിച്ച് ഫണ്ടുകം ഉണ്ടാക്കി, കയർ വികസനഫണ്ടും കയർ തൊഴിലാളികളുടെ ക്ഷേമപദ്ധതികളും ഏർപ്പെടുത്താൻ ഇതാ വ്യവസായ വകുപ്പു മന്ത്രി ശ്രീ. ഇ. അഹമ്മദും തൊഴിൽ വകുപ്പുമന്ത്രി കെ. ശിവദാസനും മുന്നോട്ട് വന്നിരിക്കുന്നു. ഈ പരിപാടികം ഗവർണ്ണറുടെ ഈ പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. കുടിവെള്ളം എത്താത്ത ഗ്രാമങ്ങളിൽ കുടിവെള്ളം എത്തിക്കാനുള്ള സമഗ്രമായ പരിപാടിക്ക് ഇക്കാലത്ത് നേതൃത്വം നൽകിയ ശ്രീ. ഗംഗാധരൻ അദ്ദേഹത്തിന്റെ വകുപ്പിൽ നിരവധി പദ്ധതികം ആസൂത്രണം ചെയ്തു.

വെളിച്ച വിപ്ലവം—വെളിച്ചം എത്താത്ത ഗ്രാമങ്ങളിൽ വെളിച്ചം എത്തിക്കാനുള്ള പദ്ധതിയെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. കൂടുതൽ ആരോഗ്യകേന്ദ്രങ്ങം തുടങ്ങികൊണ്ട് ഈ രാജ്യത്തിന്റെ ആരോഗ്യ സംവിധാനം മെച്ചപ്പെടുത്താനുള്ള ശ്രമങ്ങം ആരോഗ്യവകുപ്പിൽ ഉണ്ടായതായി ഇവിടെ പ്രഖ്യാപിച്ചിട്ടുണ്ട്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിലൂടെ ഉച്ച കഞ്ഞിക്കുപോലും വകയില്ലാത്ത കുട്ടികൾക്ക് ഉച്ചക്കഞ്ഞി കൊടുക്കുന്ന പദ്ധതി ഈ ഗവൺമെന്റ് നടപ്പിലാക്കുന്നതിനെക്കുറിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. നിങ്ങം അത് വായിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഗ്രൂപ്പ് ഹൗസിംഗിലൂടെ 13000 ആളുകൾക്ക് വീടുണ്ടാക്കികൊടുക്കുന്ന പദ്ധതികം ഉണ്ട്. ശ്രീ.പി.ജെ.ജോസഫിന്റെ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 75,000 പേർക്ക് വീട് ഉണ്ടാക്കികൊടുക്കാനുള്ള പദ്ധതിയെക്കുറിച്ചും പറഞ്ഞിട്ടുണ്ട്. ശ്രീ. ശിവദാസന്റെ വകുപ്പിന്റെ കീഴിൽ നിരവധി ക്ഷേമപ്രവർത്തനങ്ങം എല്ലാ വിഭാഗം തൊഴിലാളികൾക്കും വേണ്ടി ഇവിടെ നടപ്പാക്കുന്നു. ഇതൊന്നും കാണാതെ ഗവർണ്ണർ നയപ്രഖ്യാപനത്തിൽ എന്തു പറഞ്ഞുഎന്ന് കാടടച്ചാക്ഷേപിക്കുന്നപോലെ നിങ്ങം ചോദിക്കുമെന്ന് എനിക്കറിയാം. ഗവർണ്ണറുടെ ഈ നയപ്രഖ്യാപന പ്രസംഗത്തിൽ അക്കമിട്ടുനിരത്തിയിരിക്കുന്ന അടിസ്ഥാനപ്രശ്നങ്ങൾക്കൊന്നും മറുപടി പറയാനുള്ള താൽപ്പര്യം നിങ്ങൾക്കുണ്ടാകുകയില്ല. നിങ്ങൾക്ക് താൽപ്പര്യം ഇവിടത്തെ ഭരണസ്ഥിരതയും ഗവൺമെന്റ് ഉണ്ടാക്കിയിട്ടുള്ള പത്രങ്ങം വിശേഷിപ്പിച്ച പ്രതിസന്ധിയുമൊക്കെ ആണല്ലോ. കേരളത്തെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ രണ്ടുമൂന്നുമാസക്കാലമായി പത്രങ്ങളിലൂടെ വന്ന ഈ പ്രതിസന്ധിയിലൂടെ കടന്നുപോകാതെ കണ്ണടയ്ക്കാൻ ഞാനും ആഗ്രഹിക്കുന്നില്ല.

ഭരണത്തിൽ കടിച്ചുതൂങ്ങാൻവേണ്ടിയുള്ള ഒരു പ്രസ്താവനയായിരുന്നോ? അഞ്ചുകൊല്ലം ഭരിക്കാൻ ഞങ്ങൾക്കവകാശമില്ലേ? ഭരണം മെച്ചപ്പെടുത്തുന്നതിനെക്കുറിച്ച് ഐക്യജനാധിപത്യമുന്നണിക്ക് ആലോചിച്ചുകൂടേ? ആരെങ്കിലും അത് നിഷേധിച്ചിട്ടുണ്ടോ? ഇടക്കാല തെരഞ്ഞെടുപ്പ് എന്നു പറഞ്ഞാൽ ജനങ്ങളെ ഭയപ്പെടുന്ന ഒരു മുന്നണി എന്തിനാ ഇടക്കാലതെരഞ്ഞെടുപ്പ് എന്നു പറയണം. ജനങ്ങളിൽ വിശ്വാസമുള്ള ഒരു മുന്നണിയാണ്. ഇടക്കാല തെരഞ്ഞെടുപ്പ് ആയാലും മന്ത്രിസഭാ പുനഃസംഘടനയായാലും ഇതേക്കുറിച്ചൊക്കെ ചിന്തിക്കാനും ചർച്ചചെയ്യാനും ഉള്ള അവകാശം ഐക്യ ജനാധിപത്യ മുന്നണിക്കുണ്ട്. കോൺഗ്രസ് നേതൃത്വം നൽകുന്ന ഒരു മുന്നണിയാണ് ഇത്. ഞങ്ങം പരസ്പര ബഹുമാനത്തോടുകൂടി ആശയവിനിമയം നടത്തി, ചർച്ചകം നടത്തി, പരസ്പരബഹുമാനത്തോടുകൂടി ഒരു തീരുമാനത്തിലെത്തി.

LIBRARY ARCHIVES Kerala Legislative Assembly

ആരും ആരേയും അടിച്ചേല്പിക്കാനല്ല, ആരേയും താക്കീത് കൊടുത്ത് ഭീഷണിപ്പെടുത്താനുമല്ല കോൺഗ്രസ്സ് അതിന്റെ അഭിപ്രായം ആരുടെ മേലും അടിച്ചമർത്തിക്കൊണ്ട് ഒരു തീരുമാനം എടുക്കുകയില്ല പ്രത്യേകിച്ച് ഈ മുന്നണിയെ സംബന്ധിച്ച് 'ബാധിച്ചു' എന്ന് പത്രങ്ങൾ വിശേഷിപ്പിച്ച ആ പ്രതിസന്ധിയിൽ ഉണ്ടായ ഓരോ സംഭവങ്ങളും വിലയിരുത്തുകയാണ് ചെയ്തത് എന്ന് ആളുകൾക്ക് മനസ്സിലാക്കാം. ശ്രീ. ബേബിജോൺ ഇവിടെ ധാർമ്മികരോഷത്തോടുകൂടി പറഞ്ഞു നിയമസഭയിലെ അംഗങ്ങളുടെ അവകാശങ്ങൾ ലംഘിക്കുന്നു. നിയമസഭ വിളിച്ചു കൂട്ടാൻ ഈ ഗവൺമെൻറ് തയ്യാറായില്ല എന്ന്. പ്രതിപക്ഷങ്ങൾ പുറപ്പെടുവിച്ച പ്രസ്താവനകൾ ഒന്നൊഴിയാതെ എല്ലാ പത്രങ്ങളിലും ഞാൻ വായിച്ചുനോക്കി. നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെകണ്ട് പ്രതിപക്ഷങ്ങൾ മുഖത്തോടുമുഖം നോക്കി പറഞ്ഞത് അങ്ങ് ഇവിടെനിന്ന് ഇറങ്ങിപോകണം, രാജി വയ്ക്കണം, ഈ കസേരയിൽ നിന്ന് ഇറങ്ങിപോകണമെന്നാണ്. നിങ്ങൾ സഭാംഗങ്ങളുടെ അവകാശങ്ങളെപ്പറ്റി ഘോരഘോരം സംസാരിക്കുന്നു. പക്ഷേ ശ്രീ. ബേബിജോൺ, നിങ്ങൾ നിയമസഭ വിളിച്ചുകൂട്ടണമെന്ന ഒരു പ്രസ്താവന എവിടെയെങ്കിലും പുറപ്പെടുവിച്ചിട്ടുണ്ടോ ? നിങ്ങൾ സെക്രട്ടേറിയറ്റ് മാർച്ച് സംഘടിപ്പിച്ചില്ലേ ? ആ സെക്രട്ടേറിയറ്റ് മാർച്ചിൽ നിങ്ങളുടെ ഡിമാൻറ് എന്തായിരുന്നു ? നിയമസഭ വിളിച്ചു കൂട്ടണമെന്നു പറഞ്ഞോ ? നിയമസഭയ്ക്ക് പുറത്തുനിന്ന് നിങ്ങൾ പറയുന്നതല്ല നിയമസഭയ്ക്കകത്ത്വന്ന് നിങ്ങൾ പറയുന്നത്. അതുകൊണ്ട് ഞങ്ങൾ സ്വീകരിച്ചിട്ടുള്ള ജനാധിപത്യപരമായിട്ടുള്ള സമീപനം ഏകാധിപത്യപരമല്ലാത്ത മുന്നണി സമീപനം, ഞാൻ പറയുന്നു. കേരളത്തിന്റെ മുന്നണി ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായമാണ്; കാരണം പരസ്പര ബഹുമാനത്തോടുകൂടി, പരസ്പരം ആരും ആരെയും അടിച്ചേല്പിക്കാതെ ആരേയും ചവിട്ടി പുറത്താക്കുന്ന സമീപനം സ്വീകരിക്കാതെ തികച്ചും ആത്മാഭിമാനം നിലനിർത്തിക്കൊണ്ടുള്ള ചർച്ചകളാണ് ഈ മുന്നണിക്കകത്ത് നടത്തിയത്.

ശ്രീ. ബേബി ജോണിനും ശ്രീമതി ഗൗരിക്കും പറയാൻ കഴിയുമോ, നിങ്ങൾ എങ്ങനെയാണ് ഐക്യമുന്നണി പ്രവർത്തനവുമായി നടക്കുന്നതെന്ന്. ഇടതുപക്ഷജനാധിപത്യമുന്നണി ഈ സഭയിൽ കടന്നുവന്നത് ഏതെല്ലാം കക്ഷികളോടൊപ്പമായിരുന്നു ? ആ കക്ഷികളെല്ലാം ഇന്ന് നിങ്ങളുടെ കൂടെ ഉണ്ടോ ? അഖിലേന്ത്യാ മുസ്ലീംലീഗ് ഇന്ന് എവിടെയാണ് എങ്ങനെയാണ് അഖിലേന്ത്യാ മുസ്ലീംലീഗ് നിങ്ങളുടെ മുന്നണിയിൽനിന്ന് പോയത് ? ശരിയത്ത്. വിവാദമുണ്ടായി, അല്ലേ? ശരിയത്തിനെക്കുറിച്ച് സ്വതന്ത്രമായ ഒരു അഭിപ്രായം പറഞ്ഞു. ശ്രീ. ബേബിജോണും, ശ്രീ. ചന്ദ്രശേഖരനും, ശ്രീ. കെ. പി. പ്രഭാകരനും ഒക്കെയുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ യോഗം വിളിച്ചുകൂട്ടിയാണോ മുസ്ലീംലീഗിനോടുള്ള സമീപനം സ്വീകരിക്കാൻ മാർക്സിസ്റ്റ് പാർട്ടി തീരുമാനിച്ചത് ? ഏകപക്ഷീയമായ തീരുമാനം ! സോഷ്യലിസ്റ്റ് പാർട്ടി സ്വീകരിച്ച ജനാധിപത്യപരമായ തീരുമാനം. അഖിലേന്ത്യാ മുസ്ലീംലീഗിനോട് മാർക്സിസ്റ്റ് പാർട്ടി പറഞ്ഞത് ഒന്നുകിൽ ശരിയത്തിനെക്കുറിച്ച് പറയുന്ന അഭിപ്രായം അംഗീകരിക്കൂ അല്ലെങ്കിൽ കടന്നു പുറത്തുപോകൂ എന്നല്ലേ നിങ്ങൾ പറഞ്ഞതിന്റെ അർത്ഥം ? അങ്ങനെ സോഷ്യലിസ്റ്റ് ജനാധിപത്യപരമായ അടിച്ചമർത്തൽ നയത്തോടുകൂടിയുള്ള ഏകാധിപത്യപരമായ മുന്നണി പ്രവർത്തനശൈലി സ്വയത്തമാക്കിയിട്ടുള്ള നിങ്ങൾക്ക് ഞങ്ങളെ കുറ്റം പറയാൻ യാതൊരു ധാർമ്മിക അവകാശവുമില്ല. കോൺഗ്രസ്സും മാർക്സിസ്റ്റ് പാർട്ടിയും തമ്മിൽ അടിസ്ഥാനപരമായ വ്യത്യാസമുണ്ട്. ഞങ്ങൾ ജനാധിപത്യത്തിൽ വിശ്വസിക്കുന്ന പാർട്ടിയാണ്. പരസ്പര ചർച്ചകളിലൂടെ, പരസ്പര ബഹുമാനത്തിലൂടെ പ്രശ്നങ്ങൾ പരിഹരിക്കുന്നു. ഇതൊക്കെ പറയുന്നത് പഴയ കാര്യങ്ങൾ നിങ്ങളെ ഓർമ്മിപ്പിക്കാനാണ്. 1967-ലെ സപ്തകക്ഷി മുന്നണി

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറിൻെറ കാലത്ത് അന്നും ആ മുന്നണിയിൽ പ്രശ്നങ്ങളുണ്ടായി. നിങ്ങളുടെനേതാവ് സഖാവ് നമ്പൂതിരിപ്പാട് എന്താണ് പറഞ്ഞത് ? അന്നത്തെ ധനകാര്യമന്ത്രിയായിരുന്ന ശ്രീ. പി. കെ. കുഞ്ഞുസാഹിബ്ബിനെ പുറത്താക്കണം. അതിന് അദ്ദേഹം എന്തു ചെയ്തുവെന്നോ ? രാജി എഴുതി വാങ്ങി. ശ്രീ. നമ്പൂതിരിപ്പാടിന് ഇഷ്ടമില്ലാത്ത മന്ത്രിമാരുടെ പേരിലെല്ലാം അഴിമതി ആരോപണങ്ങളെക്കുറിച്ച് അന്വേഷണം നടത്താൻ ഉത്തരവിട്ടു. അവസാനം രാജിവച്ച് ഇട്ടെറിഞ്ഞ് അദ്ദേഹം പോയി.

1967-ലെ സപ്തമുന്നണി പോയി, 1969-ൽ ഒരു ഇടക്കാലഗവൺമെൻറ് ഉണ്ടായി. ഞങ്ങളും കൂടി പിൻതുണ കൊടുത്തതാണ്. ഞങ്ങൾ നിഷേധിക്കുന്നില്ല, സി. പി. ഐ. നേതാവ് ശ്രീ. അച്യുതമേനോൻ മന്ത്രിസഭ. അന്ന് എന്ത് ഉണ്ടായി ? അച്യുതമേനോൻ രാജി വച്ചു—ഭൂരിപക്ഷം ഉണ്ടായിട്ടും രാജി വച്ചു. അദ്ദേഹത്തിൻെറ സഹമന്ത്രിമാർപോലും വീട്ടിൽ കിടന്നുറങ്ങുമ്പോഴാണറിഞ്ഞത് ; അച്യുതമേനോൻ മന്ത്രിസഭ രാജിവെച്ച കാര്യം. മുന്നണി ബന്ധങ്ങളെ സംബന്ധിച്ചിടത്തോളം സ്വാതന്ത്ര്യാധിപത്യപരമായ തീരുമാനങ്ങൾ പലപ്പോഴും പല കക്ഷികളും എടുത്തിട്ടുണ്ടെങ്കിലും കേരളത്തിൻെറ ചരിത്രത്തിൽ ഈ മുന്നണിക്ക് നേതൃത്വം നല്കുന്ന കോൺഗ്രസ്സും അതിൻെറ നേതാവായ ശ്രീ. കരുണാകരനും സ്വാതന്ത്ര്യാധിപത്യപരമായ സമീപനങ്ങളെടുത്ത് ജനാധിപത്യത്തെ അടിച്ചമർത്തിയെന്ന് നിങ്ങൾക്ക് എപ്പോഴെങ്കിലും പറയാൻ കഴിയുമോ ? എതിർക്കാൻ വേണ്ടിയും വിമർശിക്കാൻ വേണ്ടിയും നിങ്ങൾക്ക് എന്തും പറയാം.

കോൺഗ്രസ്സിനെ സംബന്ധിച്ചുള്ള നിലപാട് അദ്ദേഹം വ്യക്തമാക്കി. ധൃതിപിടിച്ച് ഞങ്ങൾ ഒരു തീരുമാനമെടുത്തില്ല. ഗവൺമെൻറിൻെറ പ്രതിച്ഛായ വർദ്ധിപ്പിക്കാനും മെച്ചപ്പെടുത്താനും ഉറക്കെ ചിന്തിക്കാനുമുള്ള ഒരു അവകാശമാണത്. ജനങ്ങളോട് ബാദ്ധ്യതയും കടപ്പാടുമുള്ളതുകൊണ്ടാണ് അങ്ങനെയൊരു സമീപനം സ്വീകരിച്ചത് എന്നുള്ള വസ്തുത ആർക്കെങ്കിലും നിഷേധിക്കാൻ കഴിയുമോ ?

അടുത്തതായി നിങ്ങൾ പറയുന്നത് വർഗ്ഗീയതയുടെ മുമ്പിൽ ഞങ്ങൾ മുട്ടുകുത്തുന്നു എന്നാണ്. വർഗ്ഗീയ താല്പര്യങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. ഇത് പറയുന്നതിൽ മുൻപന്തിയിൽ നില്ക്കുന്നത് ആരാണ് ? മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയല്ലേ ? മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ വീരപ്രാണ്ഡ്യകട്ടബൊമ്മനെ—ശ്രീ. എം. വി. രാഘവനെ കാണുന്നില്ല. അദ്ദേഹം ഇവിടെ ഉണ്ടായിരുന്നു. ശ്രീ. എം. വി. രാഘവനേയും ശ്രീ. കുഞ്ഞിക്കണ്ണനേയും മാർക്സിസ്റ്റ് പാർട്ടി എന്തിനാണ് പുറത്താക്കിയത് ? വർഗ്ഗീയത വർജ്യമാണെന്ന് പോളിറ്റ് ബ്യൂറോ തീരുമാനിച്ചു. വർഗ്ഗീയതക്കെതിരായിട്ടുള്ള ചന്ദ്രഹാസം ഇളക്കിക്കൊണ്ട്, ബദൽ രേഖ ഉണ്ടാക്കിയെന്നുപറഞ്ഞുകൊണ്ടാണ് അവരെ പാർട്ടിക്കകത്തുനിന്ന് പുറത്താക്കിയത്. ബദൽ രേഖ അവതരിപ്പിക്കാൻവേണ്ടി അവർ ചെയ്ത കുറ്റമെന്താണ് ? മുസ്ലീംലീഗുമായും കേരളാകോൺഗ്രസ്സുമായും കൂടണമെന്ന് അവർ പറഞ്ഞുപോലും ! അല്ലേ ? ആ വർഗ്ഗീയതക്കെതിരായ മാർക്സിസ്റ്റ്പാർട്ടി ഇന്ന് എവിടെ നില്ക്കുന്നു ? സെക്രേറിയനിസവും, റിവിഷനിസവും, ടാക്ടിക്കൽലൈനും, തുടങ്ങിയുള്ള ചില വാക്കുകളും ഇല്ലെങ്കിൽ പാവം കമ്മ്യൂണിസ്റ്റുകാർ കഷ്ടപ്പെട്ടുപോകും.

പണ്ട് തിരുവനന്തപുരം ജില്ലയിൽ മദ്യനിരോധനം ഉണ്ടായിരുന്നു. ഈ ജില്ലയ്ക്കകത്ത് കുടിക്കാൻ പാടില്ല. പക്ഷേ കൊല്ലം ജില്ലയിലെ കടമ്പാനാട്ടുകോണം അതിർത്തിയാണ്. അവിടയോ കാപ്പിലോ പോയി കുടിച്ചാൽ

LIBRARY ARCHIVES Kerala Legislative Assembly

ആരും അറസ്റ്റ് ചെയ്യുകയില്ല. മദ്യാസക്തിയുള്ളവർ കടമ്പനാട്ടുകോണത്തും കാപ്പിലും പോയി കുടിക്കും. അതുപോലെ വർഗ്ഗീയാസക്തിയുള്ള മാർക്സിസ്റ്റ് പാർട്ടിയുടെ നേതാവായ ശ്രീ. നമ്പൂതിരിപ്പാട് സഹ്യപർവ്വതത്തിനപ്പുറം വേനൽവെറിയുള്ള തമിഴ്നാട്ടിൽ കരുണാനിധിയുടെ മടിയിൽ തലചായ്ച്ചുറങ്ങുന്ന ദയനീയ കാഴ്ച നിങ്ങൾ കാണുന്നില്ലേ? നാണമില്ലേ? മുസ്ലീംലീഗുമായുള്ള ബന്ധത്തെക്കുറിച്ച് തന്നെയാണ് ഞങ്ങൾ പറയുന്നത്. നിങ്ങൾ വർഗ്ഗീയ കക്ഷിഎന്നു പറഞ്ഞ് ആക്ഷേപിക്കുന്നു, ഞങ്ങളല്ല, നിങ്ങൾ വർഗ്ഗീയ കക്ഷി എന്നു പറഞ്ഞ് ആക്ഷേപിക്കുന്ന മുസ്ലീംലീഗുമായി അവിടെ നിങ്ങൾ കൂട്ടുകെട്ടുണ്ടാക്കി. അതിന് ശ്രീ. നമ്പൂതിരിപ്പാട് പറഞ്ഞ വ്യാഖ്യാനം, യുക്തി ബോധമുള്ളവരുടെ തലയ്ക്ക് അല്പമെങ്കിലും വെളിച്ചമുള്ളവനു നിരക്കാത്തതാണ്. കേന്ദ്ര പോളിറ്റ്ബ്യൂറോ ഇവിടത്തേക്ക് മാത്രമേ തീരുമാനമെടുത്തിട്ടുള്ളൂ എന്നാണ്. കേരളത്തിന്റെ കാര്യത്തിൽ മാത്രമേ തീരുമാനം എടുത്തിട്ടുള്ളൂ, തമിഴ്നാടിന്റെ കാര്യത്തിൽ ഒരു തീരുമാനം എടുത്തിട്ടില്ല.

മാർക്സിസ്റ്റ് പാർട്ടിക്ക് 21 വയസ്സായി, അല്ലേ? 1964-ൽ തുടങ്ങിയതല്ലേ? യുവതിയായ മാർക്സിസ്റ്റു പാർട്ടി ഈ വേനൽ വെറിയിൽ പോലും സഹ്യപർവ്വതത്തിനപ്പുറം ശ്രീ. സുലൈമാൻസേട്ടിനെ വെറുതേ വിടുന്നില്ല. അദ്ദേഹവുമായി ഇവിടെ സഹശയനം നടത്താൻ സൗകര്യമില്ല എന്നുള്ളതുകൊണ്ട് മുസ്ലീംലീഗുമായി സഹശയനം നടത്താൻ സഹ്യപർവ്വതത്തിനപ്പുറം വേനൽവെറി സഹിച്ച് ഓടുകയാണ്; ദേശീയപതാകയ്ക്ക് പകരം ദ്രാവിഡ പതാക ഉയർത്തിയ കരുണാനിധി എന്ന പ്രാദേശിക രാഷ്ട്രീയ മദാലൂസന്റെ മടിയിൽ തല വയ്ച്ച് ഉറങ്ങിയ മാർക്സിസ്റ്റ് പാർട്ടിയുടെ ദയനീയ ചിത്രം കാണുമ്പോഴെങ്കിലും ഇത് വേണ്ടിയിരുന്നോ എന്ന് ശ്രീമതി ഗൗരിയോടു ഞാൻ ചോദിക്കുന്നു. 1982 വരെ കമ്മ്യൂണിസ്റ്റ് കൊടികണ്ടാൽ കാർക്കിച്ചു തുപ്പുന്ന ഞങ്ങളുടെ പഴയ സഹപ്രവർത്തകൻ—പണ്ട് ജനാബ് ഹംസയായിരുന്ന സഖാവ് ഹംസയുടെ പിറകിലല്ലേ ശ്രീ. എം. വി. രാഘവനെ നിങ്ങൾ പിടിച്ചിരുത്തിയിരിക്കുന്നത്. ശ്രീ. എം. വി. രാഘവൻ പറഞ്ഞത് മുസ്ലീംലീഗുമായി കൂട്ടുകെട്ടുണ്ടാക്കണമെന്നാണ്. അത് ചെയ്ത തമിഴ്നാട്ടിലെ മാർക്സിസ്റ്റ് പാർട്ടിയിലെ സമീപനം ഡി. എം. കെ. യുമായി കൂട്ടുചേർന്നതിനെക്കുറിച്ച് നിങ്ങൾക്ക് ഒന്നും പറയാനില്ല, അല്ലേ? ഈ അവസ്ഥയിൽ വാസ്തവത്തിൽ മാർക്സിസ്റ്റ് പാർട്ടി എത്തിനില്ക്കുമ്പോഴും വർഗ്ഗീയതക്കെതിരെ സംസാരിക്കാൻ നിങ്ങൾക്ക് എന്തവകാശമെന്ന് ഞാൻ ചോദിക്കുകയാണ്. വർഗ്ഗീയവിഷം വമിപ്പിക്കുന്നു എന്നു പറയുന്ന ഈ എം.വി: രാഘവനേയും ശ്രീ. കുഞ്ഞിക്കണ്ണനേയും പാപ്പിനിശ്ശേരിയിലെ പാമ്പു വളർത്തൽ കേന്ദ്രത്തിലെ കൂട്ടിൽ അടച്ചിടുമ്പോഴും ഡി. വൈ. എഫ്. ഐ. യുടെ അഖിലേന്ത്യാ പ്രസിഡന്റായ വിജയകുമാർ പറയുന്നത് എന്താണ്? ആർ. എസ്സ്സ്. എസ്സ്സുമായുള്ള ആയുധ പരിശീലനത്തിൽ ഡി. വൈ. എഫ്. ഐ. ക്കാർ സഹകരിക്കുന്നതിൽ യാതൊരു തെറ്റുമില്ല എന്നാണ്. ഈ പൊറാട്ട് നാടകം കണ്ട് എത്രനാൾ ആളുകൾക്ക് ചിരിക്കാതിരിക്കാൻ കഴിയും. ഡി. വൈ. എഫ്. ഐ. ക്കാർ പറഞ്ഞ പ്രസ്താവന നിങ്ങൾ വായിച്ചില്ലേ? അതു മാത്രമല്ല, വർഗ്ഗീയതയ്ക്കെതിരായി പടപൊരുതാനുള്ള ധാർമ്മികമായ നിങ്ങളുടെ അവകാശത്തെ എത്ര പരിഹസിച്ചാലും മതിയാകുകയില്ല. ഈ പാർട്ടിയുടെ സ്ഥിതി എന്താണ്? സവർണ്ണ മേധാവിത്വവും അവർണ്ണ മേധാവിത്വവും ഒളിഞ്ഞും തെളിഞ്ഞും തല പൊക്കുന്ന ഒരു പാർട്ടിയല്ലേ നിങ്ങളുടേത്? നിങ്ങളുടെ പാർട്ടിക്ക് തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ സെക്രട്ടറിമാരുടെ സ്ഥാനം നിങ്ങൾ ആർക്കാണ് റിസർവ്വ് ചെയ്തിരിക്കുന്നത്? ഒരു പ്രത്യേക സമുദായത്തിന്! വടക്കൻ മലബാറിൽ ഒരു പ്രത്യേക സമുദായത്തിന്. ഇപ്പോൾ എങ്ങനെ ശ്രീ. എം. വി. രാഘവൻ പുറത്തുപോയി? ഇതൊക്കെ ഞങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ക്കറിയാം. ചിറയിൻകീഴ്, എന്റെ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ പാർല മെന്റ് തെരഞ്ഞെടുപ്പ് നടന്നപ്പോഴും മാർക്സിസ്റ്റു പാർട്ടിയിൽ ഒരഭി പ്രായം പൊന്തിവന്നു. യുവാവായ വിജയകുമാർ ഡി. വൈ. എഫ്. ഐ. യുടെ പ്രസിഡന്റ് മത്സരിക്കണമെന്ന്. പാർട്ടിയുടെ സെൻട്രൽ കമ്മിറ്റി കൂടിയിട്ട് പറഞ്ഞതെന്താണെന്ന് എന്നറിയാമോ ? ഈഴവന്റെ ആരാധ്യനായ ഡോ. പൽപ്പു വിനേറയും, നടരാജഗുരുവിനേറയും ബന്ധുവായ ശ്രീ. സുധാകരൻ വക്കീൽ മത്സരിക്കട്ടേ എന്നായിരുന്നു. ശ്രീ. വിജയകുമാർ നായരായിപ്പോയതുകൊണ്ട് അദ്ദേഹത്തിന് വിജയസാധ്യതയില്ലാ എന്നാണ് പറഞ്ഞത്. നാണം കെട്ട പാർട്ടി ! ബൂർഷ്വാ പാർലമെന്ററി ജനാധിപത്യ പാർട്ടികളിൽ ഉണ്ടെന്നു പറയുന്ന, ജാതി പരിഗണനയും മത പരിഗണനയും വച്ചു പുലർത്തുന്ന നിങ്ങളുടെ പാർട്ടിക്ക് ശ്രീ. കുഞ്ഞിക്കണ്ണൻ അദ്ദേഹത്തിന്റെ കണ്ണുകളിൽ നിന്ന് വരുന്നത് കണ്ണുനീരല്ല, ചോരയാണ്. അങ്ങനെ ശ്രീ. കുഞ്ഞിക്കണ്ണനെ നിങ്ങൾ ബലിയാടാക്കിയില്ലേ ? ശ്രീ. എം. വി. രാഘവനെ നിങ്ങൾ ബലിയാടാക്കിയില്ലേ ?

ഈ അടുത്ത കാലത്ത് സഖാവ് ഒ. ജെ. ജോസഫ് രാജ്യസഭയിൽനിന്ന് റിട്ടയർ ചെയ്തു. സഖാവ് ഒ. ജെ. ജോസഫ് റിട്ടയർ ചെയ്താൽ ക്രിസ്ത്യാനിയായ ബേബിയെത്തന്നെ സ്ഥാനാർത്ഥിയാക്കണോ ? സഖാവ് ഒ. ജെ. ജോസഫിന്റെ സ്ഥാനത്ത് ക്രിസ്ത്യാനിയായ ബേബിതന്നെ വേണമെന്നു നിങ്ങൾക്ക് നിർബന്ധമുണ്ട്. എല്ലാ ബൂർഷ്വാ ജനാധിപത്യ പാർട്ടിയിലും ഉണ്ട് എന്ന് നിങ്ങൾ അവകാശപ്പെടുന്ന, ജാതി പരിഗണന, മത പരിഗണന, ജാതി ചിന്ത, മത ചിന്ത, ഇവയൊക്കെ ശക്തിയായ നിലയിൽ വിഷം വമിപ്പിക്കുന്ന രീതി യിൽ പറയുന്ന നിങ്ങൾക്ക് വർഗ്ഗീയതക്കെതിരെ സംസാരിക്കാൻ അവകാശ മില്ല.

അവസാനമായി ഞാൻ ഒരു കാര്യം കൂടി പറയട്ടേ. നിങ്ങൾ ഈ ഗവൺമെ ന്റിനെതിരായി പറയുന്നതെന്താണ് ? അഴിമതി ആരോപണം ! എത്ര നാളായി ഇതു പറയാൻ തുടങ്ങിയിട്ട് ? എന്തൊക്കെ നിങ്ങൾ പറഞ്ഞു. മുഖ്യമന്ത്രിയുടെ ബോംബെ യാത്ര. മുഖ്യമന്ത്രി ബോംബെക്ക് പോയി, എന്തിന് പോയി ? പറയണം. ഇപ്പോൾ അറിയണം. അതിനുവേണ്ടി പ്രക്ഷോഭണം. അതു കഴിഞ്ഞ് അദ്ദേഹം ഏതോ ഹോട്ടൽ വാങ്ങിച്ചു. പിന്നീട് വന്നു ടെലിഫോൺ ഹാക്കിട് ഡോക്കറേറ്. ഇതൊക്കെ എവിടെ പോയി. കൊടുംകാറ്റുപോലെ അവതരിപ്പിച്ച ഈ അഴിമതി ആരോപണങ്ങൾ ഒന്നുപോലും നിങ്ങൾക്ക് തെളിയിക്കാൻ സാധി ച്ചില്ല ; എന്നു മാത്രമല്ല നിങ്ങൾ പറഞ്ഞതു മുഴുവൻ നുണയാണ് എന്നും ജനങ്ങൾക്ക് ബോദ്ധ്യമായി. നുണ പ്രചരണം നടത്തുന്നതിൽ നിങ്ങൾ ഇപ്പോഴ മത്സരം നടത്തുകയാണ്. ഒരാരോപണമെങ്കിലും തെളിയിക്കാൻ സാധിച്ചോ ? ശ്രീ. ഗംഗാധരൻ രാജി വച്ചു, ഹൈക്കോടതിയുടെ ഒരു ഒബ്സർവേഷനുണ്ടായി. അദ്ദേഹം അഴിമതി ആരോപണത്തിന്റെ പേരിൽ രാജിവച്ചതല്ല.

ഹൈക്കോടതി ജനനത്തീയതി തിരുത്തിയതിനെക്കുറിച്ച് പ്രത്യേകിച്ച് കേരളാ ഹൈക്കോടതി എന്തെങ്കിലും പറഞ്ഞാൽ അതിനെക്കുറിച്ച് വളരെ തെളിഞ്ഞ കാഴ്ചപ്പാടുള്ളതുകൊണ്ട് ഞങ്ങൾ മാനിക്കും. ലോക ജുഡീഷ്യ റിയുടെ ചരിത്രത്തിൽ ഒരു ചീഫ് ജസ്റ്റിസ് ജനനത്തീയതി തിരുത്തി യതിന്റെ പേരിൽ അദ്ദേഹത്തിന് ചീഫ് ജസ്റ്റിസ് സ്ഥാനം നഷ്ടപ്പെട്ട ബഹുമാനപ്പെട്ട കോടതിയാണ് കേരളാ ഹൈക്കോടതിയെന്നുള്ള കാര്യം ഞങ്ങൾ ഇപ്പോഴും ഓർമ്മിക്കുന്നു. ഞങ്ങൾ കോടതിയോട് ബഹുമാനമുള്ളവരാണ്. മാർക്സിസ്റ്റുകാരെപ്പോലെയല്ല. കോടതി പറഞ്ഞാൽ ബഹുമാനിക്കും, ആദരിക്കും. ഒരു ഒബ്സർവേഷൻ വന്നു. അദ്ദേഹം രാജിവച്ചു. അഴിമതിയാരോപണത്തിന്റെ പേരിൽ നിങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രിയേയും ഐക്യജനാധിപത്യമുന്നണിയേയും പ്രതിക്കൂട്ടിൽ നിറുത്താനാവില്ല.

സർ, അവസാനമായി ഡിസ്റ്റർബൻസ്, അല്ലേ? ആനേറാ ഡിസ്റ്റർബൻസ്; ചായം. എന്താ ബേബിജോൺ സാറെ അബ്കാരി രാഷ്ട്രീയത്തിൽനിന്നും ഒഴിഞ്ഞു നിന്നുകൊണ്ട് ഞങ്ങളെ കുറ്റപ്പെടുത്താനുള്ള ധാർമ്മികമായ അവകാശമുണ്ടോ നിങ്ങൾക്ക്? ആയിരത്തി തൊള്ളായിരത്തി അറുപത്തേഴിൽ ശ്രീമതി ഗൗരിയമ്മ, 1980-ൽ ശ്രീ. എം. കെ. കൃഷ്ണൻ സ്പിരിറ്റി നേറയും അബ്കാരിയുടേയും ദുർഗന്ധമുള്ള, രാഷ്ട്രീയത്തിലൂടെ ലാഭം നേടിയെടുത്തിട്ടുള്ള ശ്രീമതി ഗൗരിയമ്മയ്ക്കും ശ്രീ. ബേബി ജോണിനും, ശ്രീ. കെ. പി. പ്രഭാകരനും, മാർക്സിസ്റ്റു പാർട്ടിക്കും ജനാധിപത്യപ്രസ്ഥാനമായ കോൺഗ്രസ്സിന്റെ മുന്നിൽ നിന്നുകൊണ്ട് ഖദറിട്ട കോൺഗ്രസ്സുകാരനായ മുഖ്യമന്ത്രിയുടെ മുഖത്തുനോക്കി അബ്കാരി രാഷ്ട്രീയത്തിന്റെ പേരിൽ വിരൽ ചൂണ്ടാൻ സാദ്ധ്യമല്ല. നിങ്ങൾക്ക്, അതിന് ധാർമ്മികമായ അവകാശമില്ല. സർ, എനിക്ക് ഒരു കാര്യമേ പറയാനുള്ളു. എന്റെ പ്രിയപ്പെട്ട സുഹൃത്തുക്കളായ സി. പി. ഐക്കാർ, ശ്രീ. കാനം രാജേന്ദ്രൻ പാറ്റ്നയിൽ നിങ്ങൾ കൂടി പ്രമേയങ്ങൾ പാസ്സാക്കിയിട്ടുണ്ട്. അത് ആത്മാർത്ഥതയുള്ളതാണെങ്കിൽ തീർച്ചയായും ഞാൻ അതിനെ സ്വാഗതം ചെയ്യും. നിങ്ങളും ഞങ്ങളും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. ശ്രീമാൻ നമ്പൂതിരിപ്പാട് പറയുന്നത്, നിങ്ങളുടെ നിലപാടിൽ യാതൊരു മാറ്റവും ഉണ്ടായിട്ടില്ലെന്നാണ്. നിങ്ങളുടെ നിലപാടിൽ മാറ്റം ഉണ്ടായിയെന്നു പറഞ്ഞാൽ നമ്പൂതിരിപ്പാട് അത് വിശ്വസിക്കയുമില്ല. മൊട്ടയടിച്ച് പുള്ളി കുത്തി കാഷായം ധരിപ്പിച്ച് സാഷ്ടാംഗ പ്രണാമം നടത്തി മാപ്പ് പറഞ്ഞാൽ യോജിച്ചിരുന്നുള്ള ചായ കുടിയോ ലയനമോ, പുനരേകീകരണമോ ആലോചിക്കാമെന്നല്ലെ ശ്രീ. നമ്പൂതിരിപ്പാട് പറഞ്ഞത്. എന്തിന്. ഈ നമ്പൂതിരിപ്പാടിന്റെ മാർക്സിസ്റ്റു പാർട്ടിയുടെ പുറകേ സി. പി. ഐ. ക്കാർ നടന്നു? പാർട്ടി മെമ്പറൻമാർ പാർട്ടിയിൽ ചേരുന്നില്ലെന്നാണ് റിപ്പോർട്ട്. ഇത്രയും വലിയ കേരള രാഷ്ട്രീയം നിയന്ത്രിച്ചിരുന്ന സി. പി. ഐ. ആ സ്ഥിതിയിലേക്ക് എത്തണോ? അതുകൊണ്ട് നമുക്കതുവേണ്ട. ശ്രീ. നമ്പൂതിരിപ്പാടാണെങ്കിൽ, ബുദ്ധിയുള്ള പൊൻമാൻ മുട്ടയിടുന്നത് കിണറ്റിലാണെന്ന് പറയുന്നതുപോലെ നമ്പൂതിരിപ്പാട് ഇപ്പോഴും ഇടുന്ന മുട്ടകളെല്ലാം കിണറ്റിലാണ്. മാർക്സിസ്റ്റ് പാർട്ടിക്ക് പ്രസംഗവും പ്രമേയവും ഒരു വശത്ത്. 'ഏട്ടിൽ അപ്പടി, നാട്ടിൽ ഇപ്പടി'യെന്നു പറയുന്നതുപോലെയാണ് മാർക്സിസ്റ്റു പാർട്ടിക്കാരുടെ സ്ഥിതി. മാർക്സിസ്റ്റ് തത്വപ്രസംഗങ്ങൾ കൊണ്ടൊന്നും നമ്മൾ വിരളേണ്ട കാര്യമില്ല നമുക്ക് യോജിക്കാം. (ബഹളം) രാജീവ് ഗാന്ധി ക്ഷണിച്ചാൽ ഞങ്ങൾ ചായ കുടിക്കാൻ മാത്രമല്ല ചർച്ച ചെയ്യാനും തയ്യാറാണെന്ന് പാറ്റ്നാ സമ്മേളനം പ്രഖ്യാപിച്ചിരിക്കുന്നു, ശ്രീ. രാജേന്ദ്രൻ ഞങ്ങൾ പഠിക്കാൻ തയ്യാറാണ്. അതുകൊണ്ട് നമ്പൂതിരിപ്പാട് ഇവിടെ പറഞ്ഞ കണക്കുകളനുസരിച്ചാണെങ്കിൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് 60 വർഷത്തെ വളർച്ചയുണ്ട്. ഞങ്ങൾക്ക് കോൺഗ്രസ്സിന് 100 വർഷമായി. ഞങ്ങൾക്ക് പ്രത്യേക വേദപുസ്തകങ്ങളും പ്രത്യയ ശാസ്ത്രങ്ങളും ഒന്നുമുണ്ടായിട്ടില്ല. കാലാകാലങ്ങളിൽ ജനങ്ങളുടെ പ്രശ്നങ്ങൾക്ക് ഒപ്പം നിന്നുകൊണ്ട് കോൺഗ്രസ്സ് ഐ നേതൃത്വം നൽകുന്ന ഐക്യജനാധിപത്യമുന്നണി ഈ രാജ്യത്ത് ശക്തിയായി ജനങ്ങളുടെ പ്രശ്നങ്ങൾ അവതരിപ്പിച്ചുകൊണ്ട് ജനങ്ങളുടെ വിശ്വാസം നേടിയിട്ടുണ്ട്. സർ, നമ്പൂതിരിപ്പാടിന്റെ 60 കൊല്ലമായിട്ട് ആ പാർട്ടിയുടെ സ്ഥിതി

LIBRARY ARCHIVES Kerala Legislative Assembly

എന്താണ് ? ഇൻഡ്യയിൽ ആദ്യമായി കമ്മ്യൂണിസ്റ്റ് കൊടിപിടിച്ച സഖാവ് ഡാങ്കെ നിങ്ങളുടെ കമ്മ്യൂണിസത്തെ വെറുത്ത് വീട്ടിലിരിപ്പായില്ലെ. 60 കൊല്ലമായപ്പോൾ എന്റെ പാർട്ടി ഈ രാജ്യത്തിന് സ്വാതന്ത്ര്യം നേടി. ജനാധിപത്യ ഭരണപ്രകാരം ജനങ്ങളുടെ കയ്യിലേക്ക് അധികാരം ഏൽപ്പിച്ചു. 100 വയസ്സായ കോൺഗ്രസ് പാർട്ടി ഇന്ന് എവിടെ നിൽക്കുന്നു. നിങ്ങളുടെ 60-ം ഞങ്ങളുടെ 100-ം തമ്മിൽ ഒന്നു മൽസരിച്ചു നോക്കാം. എവിടെ നിൽക്കുന്നു, ഈ 100 വയസ്സായ പാർട്ടി ഇന്നും ജനങ്ങളുടെ വിശ്വാസം ആർജ്ജിച്ചിട്ടുള്ള ജനങ്ങളുടെ താൽപ്പര്യ മാർജിച്ചിട്ടുള്ള പാർട്ടിയാണ്. അതുകൊണ്ട് ഈ ഐക്യജനാധിപത്യമുന്നണി അതിന്റെ ശക്തിയായ പ്രവർത്തനങ്ങളിലൂടെ മുമ്പോട്ടു പോകുകതന്നെ ചെയ്യും. മുഖ്യമന്ത്രിയെ ഒറ്റപ്പെടുത്തി, കോൺഗ്രസ്സിനെ ഒറ്റപ്പെടുത്തി, ഇപ്പോൾ ഒരു പുതിയ വ്യാഖ്യാനം എന്നോട് ഷൺമുഖദാസ് ചോദിക്കുകയാണ്. എന്താണെന്നു വച്ചാൽ പഴയ എ-ക്കാരേ പ്രമേയം അവതരിപ്പിക്കാനുള്ളോയെന്ന്. ഷൺമുഖദാസ്, എ-യും ഐ-യുമൊക്കെ പോയി. ഞങ്ങൾ എല്ലാം കോൺഗ്രസ്സുകാരാണ്. ആർക്കും സംശയം വേണ്ട. മുഖ്യമന്ത്രിയെ ഒറ്റപ്പെടുത്താനോ, വയലാർ രവിയെയും, ശ്രീ. ഗംഗാധരനേയും ഒറ്റപ്പെടുത്താനോ, ശ്രീ. പത്മരാജനെയോ, ഉമ്മൻചാണ്ടിയെയൊ ഒറ്റപ്പെടുത്താനോ നിങ്ങൾ ആരു ശ്രമിച്ചാലും കോൺഗ്രസ്സുകാർ ഒറ്റക്കെട്ടായി നിന്നുകൊണ്ട് ശ്രീ. കെ. കരുണാകരന്റെ നേതൃത്വത്തിൽ ശ്രീ. പത്മരാജന്റെ നേതൃത്വത്തിൽ, ശ്രീ. ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിൽ ഞങ്ങൾ മുന്നോട്ടു പോകും. ഒരു സംശയവും വേണ്ട. ഐക്യജനാധിപത്യ മുന്നണിക്ക് നേതൃത്വം നൽകുന്ന കോൺഗ്രസ് ഒറ്റക്കെട്ടാണ്. ശ്രീ. ഷൺമുഖദാസെ, നിങ്ങൾ ഒരു ജനാധിപത്യപാർട്ടി, ഒരു കൊച്ചുപാർട്ടി, എത്ര ഗ്രൂപ്പാണ് ഇപ്പോൾ ഉള്ളത്. ഇപ്പോഴുണ്ടായ തെരഞ്ഞെടുപ്പിൽ എത്ര ഗ്രൂപ്പുകളുണ്ടായി. അതുകൊണ്ട് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനെ ഒറ്റപ്പെടുത്താൻ നോക്കണ്ട; ദീർഘകാലത്തെ രാഷ്ട്രീയ പാരമ്പര്യമുള്ള ശ്രീ. കെ. കരുണാകരനെ, ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിലെ അതിശക്തിമാനായ കരുണാകരനെ എതിർക്കുന്ന കലാകൗമുദി പ്രസിദ്ധീകരണമായ ട്രയലിൽ എഴുതിയതു പോലെ നാലണ മെമ്പർഷിപ്പ് തൊട്ട് തന്ത്രപ്രധാനമായ കോൺഗ്രസ് വർക്കിംഗ് കമ്മറ്റി അംഗംവരെയുള്ള പടിപടിയായുള്ള ഉയർച്ചയിലൂടെ ഉയർന്ന കേരളത്തിന്റെ അഭിമാനഭാജനമായ ശ്രീ. കെ. കരുണാകരൻ നയിക്കുന്ന ഈ ഐക്യജനാധിപത്യമുന്നണി എല്ലാ വെല്ലുവിളികളെയും നേരിട്ടുകൊണ്ട് കേരളത്തിലെ മുഴുവൻ കോൺഗ്രസ്സ് പ്രവർത്തകരും ഒരൊറ്റ ശബ്ദമായി, ഒരൊറ്റ ശക്തിയായി ശ്രീ. കെ. കരുണാകരന്റെ പിന്നിൽ അണിനിരന്നുകൊണ്ട് മുമ്പോട്ടു പോകും. നിങ്ങൾക്ക് എന്തെങ്കിലും വ്യാമോഹമുണ്ടെങ്കിൽ അതിവിടെ നടപ്പിലാവില്ല എന്നു മാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ കൃതജ്ഞതാപ്രമേയം സഭയുടെ മുമ്പിൽ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. ആർ. ഗൗരി : സർ, ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് ജീവിച്ചിരിപ്പില്ലായിരുന്നെങ്കിൽ ശ്രീമാൻ ഹസ്സൻ ഈ പ്രസംഗത്തെപ്പറ്റി ഒന്നും പറയാനുണ്ടാകുമായിരുന്നില്ല. അതുപോലെയാണ് ശ്രീമാൻ ഹസ്സൻ ഈ പ്രസംഗം ഇവിടെ വിശദീകരിച്ചത്. ഗവർണ്ണറുടെ പ്രസംഗം ഇന്നു കാലത്ത് ഇവിടെ വായിച്ച രീതി, ഈ നിയമസഭ ഇവിടെ കൂടുന്ന രീതി ഇതിനെയൊക്കെ സംബന്ധിച്ച് ഞങ്ങൾക്ക് ചില അഭിപ്രായ വ്യത്യാസങ്ങൾ പറയാൻ നോട്ടീസ് കൊടുത്തിരുന്നു. നമ്മുടെ ഭരണഘടനയിൽ ചില ജനാധിപത്യ സങ്കൽപ്പങ്ങളുണ്ട്.. അവ സാക്ഷാത്കരിക്കാൻ ചില വ്യവസ്ഥകൾ ഉൾക്കൊള്ളേണ്ടതായിട്ടുണ്ട്. ആ വ്യവസ്ഥകളിൽ

LIBRARY ARCHIVES Kerala Legislative Assembly

ന്നത് 174-ാം ആർട്ടിക്കിളാണ്. 174-ാം വകുപ്പുപ്രകാരം ഭരണഘടന പറയുന്നത് കാലാകാലങ്ങളിൽ ഗവർണ്ണർ നിയമസഭ വിളിച്ചുകൂട്ടണമെന്നാണ്. "Governor shall from time to time summon the House" ഈ നിയമസഭ കൂടിയിട്ട് ഈ 25-ാം തീയതിയാകുമ്പോഴേ 6 മാസം തികയും. 6 മാസത്തിനുള്ളിൽ സഭ വിളിച്ചുകൂട്ടിയില്ലെങ്കിൽ സഭ ലാപ്സാകും. നിയമസഭ ഇല്ലാതാകും. റൂൾ 3 പ്രകാരം വിളിക്കാനുള്ള സഭ, പ്രത്യേക പരിതഃസ്ഥിതിയിൽ, ഉപയോഗിക്കേണ്ട പ്രൊവിസൊ ഉപയോഗിച്ച് കമ്പി അടിച്ച് വിളിച്ചിരിക്കുകയാണ്. അതുമൂലം മെമ്പറൻമാർക്കുള്ള അനേകം അവകാശങ്ങളും ഇല്ലാതായി. Speaker rule wave ചെയ്തു. ചോദ്യങ്ങളും അയയ്ക്കുന്നതിനുള്ള കടലാസ് 13-ാം തീയതിയാണ് എനിക്ക് കിട്ടിയത്. നേരത്തെ ചോദ്യമെഴുതി ഓഫീസിൽ ഏൽപ്പിച്ചിരുന്നതുകൊണ്ട് ഇവിടെ ചോദ്യം വരാനിടയായി. ആലപ്പുഴ നിന്ന് 13-ന് ചോദ്യം അയച്ചാൽ 15-ന് കിട്ടും. ഇവിടെ മെമ്പറൻമാരുടെ ചോദ്യത്തിനുള്ള അവകാശം ഇല്ലാതാക്കത്തക്കവിധത്തിലാണ് നിയമസഭ കൂടിയത്. അതുപോലെതന്നെ ഇതിനുമുൻപ് സഖാവ് ബേബി ജോൺ സംസാരിച്ചതുപോലെ പ്രൈവറ് മെമ്പറൻമാർക്കുള്ള അവകാശം, പ്രൈവറ് മെമ്പറൻമാർക്ക് ബിൽ അവതരിപ്പിക്കാനോ, പ്രമേയങ്ങളും അവതരിപ്പിക്കാനോ ഉള്ള അവകാശം ഇല്ലാതാക്കി. ബഡ്ജറ് പ്രസംഗത്തിന്റെ ഭേഗതി പ്രസംഗങ്ങൾക്ക് ദിവസം കുറച്ചിരിക്കുന്നു. അതിന് ചില തത്വങ്ങളും പറഞ്ഞു. എന്താണെന്നോ വെള്ളിയാഴ്ചയാണ് സാധാരണ നിയമസഭ ബഡ്ജറ് അവതരിപ്പിക്കുന്നത്. വരുന്ന വെള്ളിയാഴ്ച ബഡ്ജറ് അവതരിപ്പിക്കാമെന്നായി. പിന്നത്തെ വെള്ളിയാഴ്ച ഈസ്റ്ററിന്റെ ഒഴിവായിപ്പോയി. അതുകൊണ്ട് പ്രൈവറ് മെമ്പറൻമാർക്കുള്ള അവകാശമില്ലാതാക്കി. ഞങ്ങളും ചർച്ച ചെയ്യാൻ തയ്യാറാണ് എന്തുകൊണ്ട് നിയമസഭ മാർച്ച് കഴിഞ്ഞതിനുശേഷം കൂടാനുള്ള നോട്ടീസ് വന്നില്ല. സാധാരണ കൂടാറില്ലെ. മാർച്ച് 31-ാം തീയതിതന്നെ ഈ നിയമസഭ നിറുത്തണമെന്നുണ്ടോ ? അതുകഴിഞ്ഞതിനുശേഷം നിയമസഭ കൂടാൻ പാടില്ലേ ? വോട്ട് ഓൺ അക്കൗണ്ട് പാസ്സായിക്കഴിഞ്ഞാൽ നിയമസഭയിൽ മറ്റു പ്രശ്നങ്ങളും ചർച്ച ചെയ്യേണ്ട എന്നുണ്ടോ ? എനിക്കു തന്ന ലിസ്റ്റിൽതന്നെ, എത്രയോ ഓർഡിനൻസുകളുണ്ട്. 37 ഓർഡിനൻസുകളുണ്ട്. ഈ 37 ഓർഡിനൻസുകളും പാസ്സാക്കേണ്ടതാണ്. വളരെ പ്രധാനമായിട്ടുള്ളതാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. കമാൻറ് ഏരിയാ ഡെവലപ്പ്മെൻറ് അതോറിട്ടി രൂപീകൃതമായതുകൊണ്ട് അങ്ങേയറ്റംവരെ വെള്ളം കൃഷിക്കാർക്ക് എത്തിക്കുന്നതിനുവേണ്ടിയുള്ള നടപടികളും എടുക്കാൻ ഗവൺമെൻറിനു സാധിച്ചു എന്ന്. കമാൻറ് ഏരിയ ഡവലപ്പ്മെൻറ് അതോറിട്ടിയുടെ ഓർഡിനൻസ് നോക്കിയാൽ, 1981-ൽ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെൻറ് ഇറങ്ങിപ്പോകേണ്ടിവന്ന അവസരത്തിൽ ക്യാബിനറിൽ അയച്ചതായ ബില്ലാണ്. അതുകൊണ്ടുവരാൻ മൂന്നു കൊല്ലമെടുത്തു. ഇപ്പോഴും അത് ഓർഡിനൻസായിതന്നെയിരിക്കുകയാണ്. അത് ബില്ലാക്കാനും ഭേഗതികളും വരുത്താനും ഞങ്ങൾക്ക് അവസരം തന്നില്ല. അതുപോലെ നൂറ്, നൂറ്, ഓർഡിനൻസുകളും, പുതുതായിട്ടുള്ള യൂണിവേഴ്സിറ്റി നിയമം, സെനറ്റ് മെമ്പറൻമാരെയും സിൻഡിക്കേറ്റ് മെമ്പറൻമാരെയും പിരിച്ചുവിടാൻ വൈസ്ചാൻസലർക്ക് അധികാരം കൊടുക്കുന്ന ഓർഡിനൻസ് നിയമമാക്കി നടപ്പിലാക്കുന്നതിനുള്ള നടപടികളും എടുക്കാൻ പോകുന്നു. ഇതിനെപ്പറ്റി ഞങ്ങൾക്കഭിപ്രായമില്ലേ. ഇതുവരെ വിദ്യാഭ്യാസരംഗത്ത് തുടർന്നിരുന്ന ജനാധിപത്യാവകാശങ്ങളും നിയമസഭയിൽ അവതരിപ്പിച്ച് ചർച്ച ചെയ്യാതെ നടപ്പിലാക്കുന്ന രീതി നല്ലതല്ല. എതിർക്കേണ്ടതാണ്. ബഡ്ജറ് സമ്മേളനം പ്രൊവിസൊ 3 ഉപയോഗിച്ച് അടിയന്തിരമായി വിളിക്കാനുള്ള കാരണങ്ങളും എന്തുണ്ടായിരുന്നെന്ന് ഗവർണ്ണർ പ്രസംഗ

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ പറയേണ്ടതല്ലേ? അദ്ദേഹം മിണ്ടിയില്ല. ഞങ്ങളിൽനിന്ന് ഒളിച്ചു വച്ചിരിക്കുന്നു. ഹസ്സനു പറയാനുണ്ടോ? മറാർക്കെങ്കിലും പറയാനുണ്ടോ? ഇതുകൊണ്ടാണ് ഞങ്ങൾ പറയുന്നത്, രേണഘടനാലംഘനം ഒഴിവാക്കാനുള്ള ചടങ്ങു മാത്രമാണ് ഗവർണ്ണർ നിർവ്വഹിച്ചത് എന്ന്.

സർ, എനിക്ക് മുഖ്യമന്ത്രിയോട് ചില കാര്യങ്ങളിൽ സ്നേഹവും ബഹുമാനവുമുണ്ട്. എന്നാൽ ചില കാര്യങ്ങളിൽ ബഹുമാനമില്ല. കഴിഞ്ഞ മൂന്നുമാസക്കാലമായി കേരളത്തിൽ നിലവിലിരിക്കുന്ന മന്ത്രിസഭയുടെ പ്രതിച്ഛായക്ക് മങ്ങലേറ്റിരിക്കുന്നുവെന്ന് മുഖ്യമന്ത്രി പല പ്രാവശ്യം പറഞ്ഞതായി പത്രങ്ങളിൽ വന്നതാണ്. അത് ശരിയാക്കുന്നതിനുവേണ്ടി ഒന്നുകിൽ ഇടക്കാല തെരഞ്ഞെടുപ്പ് അല്ലെങ്കിൽ മന്ത്രിസഭാ പുനഃസംഘടന എന്നുള്ള വിധത്തിൽ മുഖ്യമന്ത്രി പല പ്രാവശ്യം പറയുകയും പത്രങ്ങൾ അത് റിപ്പോർട്ട് ചെയ്യുകയും ചെയ്തു. ഒരുപ്രാവശ്യം പോലും ഇതിനു മുൻപ് മുഖ്യമന്ത്രി അത് നിഷേധിച്ചില്ല. മൂന്നുമാസം തുടർച്ചയായി അത് നിഷേധിക്കാതെ ഇവിടെവന്നു ഞങ്ങളെ പറഞ്ഞിക്കാൻ, പൊതുജനങ്ങളെ പറഞ്ഞിക്കാൻ ഇപ്പോഴും പറയുകയാണ് പ്രതിച്ഛായ മെച്ചപ്പെടുത്തുന്നതിനെ പറ്റിയാണ് ഞാൻ പറഞ്ഞത് എന്ന്. ഇവിടെ ഗവൺമെന്റിന് പബ്ലിക്ക് റിലേഷൻസ് വകുപ്പ് ഇല്ലേ? പബ്ലിക്ക് റിലേഷൻസിനു അത് തിരുത്താമായിരുന്നു. പക്ഷേ അത് തിരുത്തിയില്ല. മന്ത്രിസഭ, ഭരണം, നിയമസഭ ഇവ കുറേക്കാലമായി സസ്പെൻസിൽ നിറുത്തിയിരിക്കുകയായിരുന്നു. ഇതെല്ലാം കഴിഞ്ഞ് മാറി പറഞ്ഞാൽ അങ്ങയെ ആരെങ്കിലും ബഹുമാനിക്കുമോ. എത്ര അർജന്റായിട്ടാണ് വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കിക്കൊണ്ട് പോവാൻ പോകുന്നത്, ഇത് പാസ്സായി കഴിഞ്ഞാൽ നാലു മാസം സുഗമായിട്ട് ഇരുന്ന് ഭരണം നടത്താമെന്നുള്ള ഉദ്ദേശത്തിലായിരിക്കുമെന്നാണ് ഞങ്ങൾ വിശ്വസിക്കുന്നത്. മന്ത്രിസഭ പിരിച്ചുവിട്ടതിനു ശേഷം നിയമസഭയും പിരിച്ചുവിട്ടതിനുശേഷം ഇവിടെ ഒരു കെയർടേക്കറായിട്ട് ഇരുന്ന് തെരഞ്ഞെടുപ്പ് നടത്താനുള്ള ഗൂഢാലോചനയുടെ ഭാഗമായിട്ടാണ് ഇത് ചെയ്യുന്നതെന്നും സംശയിക്കുന്നു. ഈ മന്ത്രിസഭ കെയർടേക്കറായിട്ട് ഇരുന്നുകൊണ്ട് തെരഞ്ഞെടുപ്പ് നടത്താൻ കേരളത്തിലെ ജനങ്ങൾ അനുവദിക്കുകയില്ല. ആ വിധത്തിൽ ഉന്നംവച്ചുകൊണ്ടാണ് ഇത് നടത്തുന്നതെങ്കിൽ കെയർടേക്കറായിട്ട് ഇരുന്നുകൊണ്ട് തെരഞ്ഞെടുപ്പു നടത്താൻ സാധിക്കാത്ത സ്ഥിതിവിശേഷം ഞങ്ങൾ കേരളത്തിൽ ഉണ്ടാക്കും. മറ്റ് കാര്യങ്ങളിലേക്ക് കടക്കുന്നതിനു മുൻപ് ഒരു കാര്യം പറയാം.

ഇവിടെ സ്ഥിരതയുള്ള ഒരു ഗവൺമെന്റുണ്ട് എന്ന് ശ്രീ. ഹസ്സൻ ഇവിടെ പറഞ്ഞു; അത് കോൺഗ്രസ്സിനേ കഴിയൂ എന്നും പറഞ്ഞു. ഹസ്സൻ നിയമസഭയിൽ എന്നാണ് വന്നതെന്ന് എനിക്കറിയുകയില്ല. ഞാൻ ഇല്ലാത്ത കാലത്തായിരിക്കും അദ്ദേഹം വന്നത്; 1977-ൽ ആയിരിക്കും അദ്ദേഹം വന്നത്. കോൺഗ്രസ്സ് ഉൾപ്പെടുന്നതും കോൺഗ്രസ്സ് പിൻതുണ കൊടുക്കുന്നതുമായ ഒരു മന്ത്രിസഭയാണ് ഇന്ന് ഇവിടെയുള്ളത്. ആറുമാസമായി ഈ മന്ത്രിസഭയുടെ സ്ഥിതിയെന്താണ്. ഇവിടെ നിലനിന്ന തർക്കത്തിൽ ഹസ്സൻ ആരുടെ ഭാഗമായിരുന്നു. മുഖ്യമന്ത്രിയുടേയോ, വയലാർ രവിയുടേയോ, അതോ മാണിയുടേയോ? ഇന്ന് നിയമസഭ വിളിച്ചതുതന്നെ കോൺഗ്രസ്സുകാർ തന്നെ കോൺഗ്രസ്സുകാരനായ മുഖ്യമന്ത്രിക്കെതിരായി ഗൂഢാലോചന നടത്തിയിട്ടാണ്. ശ്രീ. പനംപിള്ളി ഗോവിന്ദമേനോൻ ഞാൻ നിയമസഭയിൽ വന്ന കാലത്ത് നിയമസഭയിലുണ്ടായിരുന്നു. അന്ന് ശ്രീ. കരുണാകരൻ ശ്രീ. പനമ്പിള്ളിയുടെ കൂടെ പോകുന്നത് കാണാമായിരുന്നു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോന്റെ വിശ്വവിഖ്യാതമായ നിയമസഭയിലെ ഒരു പ്രസംഗമുണ്ട്. അന്ന് തിരുകൊച്ചി നിയമസഭയായിരുന്നു. ഇവിടെയുണ്ടായിരുന്നത്. തിരുകൊച്ചിയിൽ

LIBRARY ARCHIVES Kerala Legislative Assembly

ഏതെങ്കിലും കോൺഗ്രസ്സിന്റെ മന്ത്രിസഭ തകർന്നിട്ടുണ്ടെങ്കിൽ അതിന് ഉത്തരവാദികളും കോൺഗ്രസ്സുകാർ മാത്രമാണ്, പ്രതിപക്ഷങ്ങളല്ല. മന്ത്രിസഭ തകർക്കുന്നതിനുള്ള ഉത്തരവാദിത്വം കോൺഗ്രസ്സിനു മാത്രമുള്ളതെന്നായിരുന്നു 1948 മുതലുള്ള കാര്യങ്ങളും പരിശോധിച്ചാൽ മനസിലാകുന്നത്. ഇവിടത്തെ സ്റ്റേറ്റ് കോൺഗ്രസ്സിന്റെ നേതൃത്വം വഹിച്ചിരുന്ന ശ്രീ. പട്ടംതാണുപിള്ള മുഖ്യമന്ത്രിയായി. അദ്ദേഹത്തിന്റെ കൂടെ ആരാദ്ധ്യൻമാരായ ടി. എം. വർഗ്ഗീസും സി. കേശവനും മന്ത്രിമാരായി. ആ മന്ത്രിസഭ ഭരിച്ചത് പത്തുമാസക്കാലമായിരുന്നു. അന്ന് ഞങ്ങളാരും നിയമസഭയിൽ പോലും ഇല്ലായിരുന്നു. 108 പേരുള്ള ആ നിയമസഭയിൽ 107 പേരും കോൺഗ്രസ്സുകാരായിരുന്നു. സ്വതന്ത്രനായി മൽസരിച്ച ഒരാൾ തിരുവനന്തപുരം ജില്ലയുടെ അടുത്തുവന്നപ്പോൾ തന്നെ കോൺഗ്രസ്സിൽ ചേർന്നു. 108 പേരുള്ള ആ നിയമസഭയിൽ അങ്ങനെ കോൺഗ്രസ്സ് മാത്രമായിരുന്നു ഉണ്ടായിരുന്നത്. മക്കൾക്കും മരുമക്കൾക്കും ഉദ്യോഗങ്ങൾക്കുവേണ്ടി സർക്കാർ മുതൽ തട്ടിയെടുക്കാനുള്ള കടിപിടിയിൽ അധികാരം പിടിച്ചെടുക്കാൻ മന്ത്രിസഭ ഒപ്പുശേഖരിച്ചു കളഞ്ഞു. ശ്രീ. പട്ടംതാണുപിള്ളയെ മറിച്ചിട്ടത് അന്നത്തെ കോൺഗ്രസ്സുകാരായിരുന്നു. അത് കഴിഞ്ഞതിനുശേഷം ശ്രീ സി. കേശവന്റെ മന്ത്രിസഭവന്നു. പിന്നീട് ടി. കെ. നാരായണപിള്ളയുടെ മന്ത്രിസഭ വന്നു. 1948 മുതൽ 1952 വരെയുള്ള നാലുകൊല്ലക്കാലം എടുത്തു പരിശോധിച്ചാൽ ആ കാലഘട്ടത്തിൽ മൂന്ന് മന്ത്രിസഭകളാണ് ഇവിടെ വന്നതെന്ന് കാണാൻ സാധിക്കും. 1951 ഡിസംബറിൽ തെരഞ്ഞെടുപ്പ് നടന്നു. ഹസ്സൻ അന്ന് സ്കൂളിൽ പഠിക്കുകയായിരിക്കും. അല്ലെങ്കിൽ മറ്റ് വിധത്തിൽ യൂണിവേഴ്സിറ്റി പരീക്ഷ എഴുതുന്നതിനെ സംബന്ധിച്ച് ആലോചിക്കുന്ന ഘട്ടമായിരിക്കും. ഏതായാലും ആ നാല് കൊല്ലത്തിനിടയ്ക്ക് ശ്രീ. പട്ടംതാണുപിള്ളയും സി. കേശവനും ടി. കെ. നാരായണപിള്ളയും ഇവരുടെ മൂന്നു മന്ത്രിസഭകളും വന്നു. ആ മന്ത്രിസഭയെ ഞങ്ങളാരെങ്കിലും മറിച്ചതാണോ? 1952-ൽ വന്ന മന്ത്രിസഭയെ തകർക്കാനുള്ള നടപടികളെടുത്തത് കോൺഗ്രസ്സാണ്. കോൺഗ്രസ്സിലുണ്ടായിരുന്ന ആളുകളും അതിനെതിരായിട്ട് വോട്ട് ചെയ്തു. സഖ്യത്തിലുണ്ടായിരുന്ന ആളുകളും തമിഴ്നാട് കോൺഗ്രസ്സോ മറ്റുള്ളവരോ ആയിരിക്കാം. അവർ മന്ത്രിസഭയ്ക്ക് എതിരായി വോട്ട് ചെയ്തതുകൊണ്ട് ആ മന്ത്രിസഭ പോയി. 1954-ൽ ഞങ്ങളോടൊപ്പം നിന്ന് തെരഞ്ഞെടുക്കപ്പെട്ട ശ്രീ. പട്ടംതാണുപിള്ള കോൺഗ്രസ്സിന്റെ വാഗ്ദാനം സ്വീകരിച്ച് മന്ത്രിയായി. അദ്ദേഹവും പത്തുമാസക്കാലമേ ഇരുന്നുള്ളൂ. ഒരു ഗവൺമെന്റ് പ്ലീഡറെ നിയമിച്ചതിന് അദ്ദേഹത്തിനെതിരായിട്ട് വോട്ടു ചെയ്തു. ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ ഡിമാന്റിനെതിരായി ശ്രീ. പനമ്പിള്ളി കട്ട്മോഷൻ അവതരിപ്പിച്ചു. But regret to note that a Government Pleader has been appointed and a cut of 1 Rs. be made എന്നുപറഞ്ഞാണ് വന്നത്. ഹൈക്കോടതിയോട് കൺസൽട്ട് ചെയ്തിട്ടില്ലായെന്നു പറഞ്ഞ് ഒരു അമെൻമെന്റ് ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ കൊണ്ടുവന്നാണ് മന്ത്രിസഭയ്ക്ക് കൊടുത്തത്. പിന്നീടുവന്ന പനമ്പിള്ളി മന്ത്രിസഭയെ തകർക്കുന്നതിനുവേണ്ടിയുള്ള നടപടികളിൽ കോൺഗ്രസ്സിന്റെ കൈ ഒട്ടും ചെറുതല്ലായിരുന്നു. അങ്ങനെ സ്വന്തം മന്ത്രിസഭകളെ, തെരഞ്ഞെടുത്ത് മറ്റ് മന്ത്രിസഭകളെ മറിച്ചിടുന്നതും അസ്ഥിരതയുണ്ടാക്കുന്നതും നിങ്ങളാണ്. എറണാകുളം ഗസ്റ്റ്ഹൗസിൽ വച്ച് ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ആരൊക്കെയായിട്ടാണ് സംസാരിച്ചതെന്നും ഒക്കെ ഞങ്ങൾക്ക് അറിയാം. ആ നിലയിൽ 1977-ലെ മന്ത്രിസഭയിൽ ശ്രീമാൻ കരുണാകരൻ മുഖ്യമന്ത്രിയായിരുന്നില്ലേ. ശ്രീമാൻ കരുണാകരന് എതിരായി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുള്ള കേസുകളും കൊണ്ടുവരുന്നതിനുള്ള നടപടികളും ആരാണ് കൊണ്ടു വന്നത് ? കോൺഗ്രസ്സിന്റെ അകത്തുണ്ടായിരുന്ന ചില ആളുകളല്ലേ ഞങ്ങൾക്ക് വിവരങ്ങൾ തന്നത്. ശ്രീ. കെ. കരുണാകരൻപോയി ശ്രീ. ആൻറണി വന്നു. ശ്രീ. ആൻറണി മാറുന്നതിനുള്ള സമ്മർദ്ദങ്ങളും മറ്റുള്ളതുമൊക്കെ വന്നു. ആ കാലത്ത് പ്രതിഛായ വർദ്ധിപ്പിക്കുന്നതിനുള്ള ചിക്കമംഗളൂർ പ്രശ്നം വന്നു. ശ്രീ. പി. കെ. വാസുദേവൻ നായർ മുഖ്യമന്ത്രിയായ അന്നു മുതൽ അദ്ദേഹത്തിന്റെ മന്ത്രിസഭയെ തകർക്കാനുള്ള നടപടികൾ തുടങ്ങി. അന്നത്തെ പഞ്ചായത്ത്—മുനിസിപ്പൽ തെരഞ്ഞെടുപ്പിൽ ഞങ്ങളുമായി നിങ്ങൾ, നിങ്ങളുടെ മുന്നണിക്കെതിരായി ഐക്യമുണ്ടാക്കി.

അതുകഴിഞ്ഞതിനുശേഷം പാവപ്പെട്ട സി. എച്ച്. മുഹമ്മദ്കോയയെ 90 ദിവസത്തേക്ക് സപ്പോർട്ട് കൊടുത്ത് മുഖ്യമന്ത്രിയാക്കി. അതും തകർത്തു. 1980-ലെ മന്ത്രിസഭ ചാർജെടുത്ത ദിവസം മുതൽ അന്നത്തെ മന്ത്രിസഭക്കെതിരായി അതിലിരുന്നു പ്രവർത്തിച്ചു. ഇപ്പോഴോ, ശ്രീ. ഹസ്സൻ, ഈ മന്ത്രിസഭയുടെ പ്രതിസന്ധിക്കാലത്ത് കോൺഗ്രസ് എത്ര തട്ടിലായിരുന്നു. കോൺഗ്രസ്സ് മുഖ്യമന്ത്രിക്കെതിരായി നിങ്ങൾ തന്നെ തിരിഞ്ഞില്ലേ ? മറ്റ് പാർട്ടികൾക്കെതിരായി ഒളിഞ്ഞും തെളിഞ്ഞും പടവെട്ടിയില്ലേ. മുഖ്യമന്ത്രി രവിയ്ക്കും സുധീരനും മാണിക്കും എതിരായും രവിയും മറ്റ് പലരും മുഖ്യമന്ത്രിക്കെതിരായും ഗൂഢാലോചന നടത്തുക, മെമ്മോറാണ്ടം കൊടുക്കുക, ഒളിയമ്പു പ്രയോഗിക്കുക ഇതെല്ലാം നടന്നു. കഴിഞ്ഞ 6 മാസം കേരളത്തിൽ ഭരണമേ ഇല്ലായിരുന്നു. ഇലക്ഷൻ, അല്ലെങ്കിൽ മന്ത്രിസഭാ പുനഃസംഘടന ഇതിനനുകൂലവും പ്രതികൂലവുമായി ആളെപ്പിടിത്തം നെട്ടോട്ടം ഇതായിരുന്നു. എന്നിട്ട് ഇവിടെ വന്നു പറയുന്നു, ഞങ്ങൾക്കു മാത്രമേ സ്ഥിരത വരുത്താൻ കഴിയൂ എന്ന്. എന്നെക്കണ്ടാൽ കിണ്ണം കട്ടവനാണെന്ന് തോന്നുമോയെന്നാണ് പ്രസംഗം.

സർ, ഈ മന്ത്രിസഭയെപ്പറ്റി പറയുമ്പോൾ ഒരുകാര്യം പറയാതിരിക്കാൻ സാധിക്കുകയില്ല. ഇത്രയും അഴിമതിയുണ്ടായിട്ടുള്ള ഒരു കാലഘട്ടം ഇവിടെയുണ്ടായിട്ടില്ല എന്നതാണ് വാസ്തവം. ആളുകൾ പൊതുവേ പറയുന്നത് എന്താണെന്നോ, സുഖമായി ജീവിക്കാൻ മൂന്നുമാസം ഒരു മന്ത്രിയായി കിട്ടിയാൽ മതിയെന്നാണ്. ഇതിനേക്കാൾ കൂടുതൽ കഷ്ടസ്ഥിതി രാഷ്ട്രീയത്തിനുണ്ടായിട്ടുണ്ടോ. രാഷ്ട്രീയത്തിൽ ജനങ്ങൾക്ക് വിശ്വാസം നഷ്ടപ്പെട്ടു തുടങ്ങി. രാഷ്ട്രീയം അവരവരുടെ കാര്യത്തിനും ഗവൺമെൻറു മുതൽ കൊള്ളയടിക്കാനും മന്ത്രിമാർക്കും രാഷ്ട്രീയക്കാർക്കും സ്വത്ത് കുന്നുകൂട്ടാനുമാണെന്ന് പാവപ്പെട്ടവർ പറഞ്ഞുതുടങ്ങി. ഇത്ര കൂടുതൽ അഴിമതി നടമാടുന്ന കാലഘട്ടം കേരളത്തിലുണ്ടായിട്ടില്ല. ആരു കൂടുതൽ സർക്കാർ മുതൽ കൊള്ളയടിക്കുമെന്ന കാര്യത്തിൽ വാശിയുണ്ട്. കൊള്ളയടി നിലനിർത്താൻ ഐക്യവും അല്ലാത്തപ്പോൾ അഭിപ്രായ വ്യത്യാസവും കൊണ്ട് കേരളത്തിലെ സാമൂഹ്യ അന്തരീക്ഷം അവർ മലീമസമാക്കി. രാഷ്ട്രീയ പ്രവർത്തകരെ സംബന്ധിച്ച് അവജ്ഞയുണ്ടാക്കി. ആ വിധത്തിൽ കാര്യങ്ങൾ എത്തിച്ചത് ഈ ഗവൺമെൻറിന്റെ അഴിമതികൾ കൊണ്ടാണ്. നിങ്ങളുടെ മന്ത്രിമാരുടെ പ്രവർത്തനങ്ങൾ ഇന്നത്തെ നിലയിൽ അതിന് സഹായകരമാണ്. രാഷ്ട്രീയക്കാർ മോശക്കാരാണെന്ന് പറയിപ്പിക്കാൻ എല്ലാ മന്ത്രിമാരുടേയും പ്രവർത്തനങ്ങൾ സഹായകരമാണ്. മൂന്നുമാസമെങ്കിലും മന്ത്രിയായാൽ സ്വത്ത് കുന്നുകൂട്ടാൻ കഴിയുമെന്നാണ് ജനങ്ങൾ പറയുന്നത്. ഗവർണ്ണറുടെ പ്രസംഗത്തിൽ ദുഃഖത്തോടെ ഗവർണ്ണർ പറയുന്നു. അഴിമതി നിരോധനത്തിനുവേണ്ടിയുള്ള നിയമ

LIBRARY ARCHIVES Kerala Legislative Assembly

നിർമ്മാണമുണ്ടായിരുന്നു. പൊതുജനങ്ങളും അഴിമതിക്കാരുടെയോ, മന്ത്രിമാരുടെയോ പേരിൽ കേസ് കൊടുത്തില്ലായെന്ന്. അതേസമയം വേറെ ഒരു വശത്ത് അദ്ദേഹം പറയുന്നു ആ നിയമത്തിൽ ലൂപ്പ്ഹോൾ ഉണ്ടായി, അത് മാറ്റാനുള്ള നടപടികളെടുക്കുമെന്ന്. ഈ രാജ്യത്ത് അഴിമതിയില്ലാഞ്ഞിട്ടല്ല. മനഃപൂർവ്വും അഴിമതിയാരോപിക്കുന്ന ആളുകളെ ശിക്ഷിക്കാനുള്ള നിയമനിർമ്മാണമുണ്ടാക്കി. അഴിമതിക്കാരെ സംരക്ഷിക്കുന്നതിനു വേണ്ടി ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുവാനുള്ള നിയമമുണ്ടാക്കിവെച്ചിട്ട് ആ നിയമം നടപ്പിലാക്കാൻ വിഷമമാണ്. ആ നിയമത്തിൽ ഭേദഗതി ആവശ്യമാണ് എന്ന് അതിലെ കമ്മീഷൻ അംഗങ്ങൾ തന്നെ ഗവൺമെൻറിന് റിപ്പോർട്ടു കൊടുത്തു. എന്നിട്ടും ആ ഭേദഗതി ആവശ്യമില്ല എന്നു പറഞ്ഞ ആഭ്യന്തരമന്ത്രി അഴിമതിയാരോപണങ്ങളെ ഉന്നയിക്കുന്നവർ കോടതിയിൽ പോകാത്തതിൽ ദുഃഖിക്കുകയും നിയമത്തിനു ഭേദഗതി ആവശ്യമാണെന്നു പറയുകയും ചെയ്തിരിക്കുന്നു, ഇത് എന്തൊരു വിചിത്രമായിരിക്കുന്നു. കൂടുതൽ കൂടുതൽ അഴിമതികളെ നടത്തുവാൻ മാത്രം സമയം കണ്ടെത്തുന്ന മന്ത്രിസഭ കേരളത്തിലുണ്ടായിട്ടില്ല. അഴിമതിയാരോപണം കേൾക്കാത്തതും നടത്താത്തതുമായ ഒരു മന്ത്രിയെങ്കിലുമുണ്ടോ. പൈപ്പ് കഥ, ബിവറേജ് കോർപ്പറേഷനിലെ കമ്മീഷൻ കഥ, ഫോറിൻ ലിക്കർ വാങ്ങുന്ന, ഇൻറൻഡ്ങ്ങ് ഏജൻസിന്റെ ഇൻറൻസിന്റെ കഥ, ഡിസ്റ്റിലറി സാംഗ്ഷനായ കഥകളും, സാജൻ കമ്പനിയിൽ എൻഫോഴ്സ്മെൻറ് ആഫീസറൻമാരുടെ അന്വേഷണം, ആ കമ്പനിയിൽ ചില മന്ത്രിമാരുടെ പങ്കുകളും, കോൺട്രാക്ടർമാർക്ക് കോൺട്രാക്ട് കൊടുശ്ശിക ഓർഡർ ചെയ്യുന്നതിനുള്ള കമ്മീഷൻ വ്യവസ്ഥ, അങ്ങനെ എല്ലാ മന്ത്രിമാരേയും ചുറ്റിപ്പറ്റി അനേകം അഴിമതിയാരോപണങ്ങളാണ്. ജുഡിഷ്യൽ അന്വേഷണം ഓർഡർ ചെയ്യാൻ ഗവൺമെൻറ് എന്തിന് മടിക്കുന്നു. ഇതുപോലെ പ്രതികരണം നഷ്ടപ്പെട്ട ഒരു മന്ത്രിസഭയുണ്ടായിട്ടുണ്ടോ ? ഈ അടുത്തകാലത്ത് കേന്ദ്ര ബഡ്ജറ്റ് വന്നു. സർ, കേരളംപോലുള്ള ഒരു സംസ്ഥാനത്തിന്, മുഴുവൻ നിത്യോപയോഗ സാധനങ്ങൾക്കും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട സ്ഥിതിയാണ് നിലവിലുള്ളത്. ഈ സംസ്ഥാനത്ത് നമ്മൾ വാങ്ങുന്ന സാധനങ്ങളുടെ വില വാണംപോലെ ഇരച്ചുകയറത്തക്ക വിധത്തിലുള്ള കേന്ദ്രത്തിന്റെ ബഡ്ജറ്റ് നികുതിയിനങ്ങൾ വന്നുകഴിഞ്ഞതിനു ശേഷം. അതിനെതിരേ പ്രതികരിക്കാത്ത ഒരു മന്ത്രിസഭയോണിത്. ഡൽഹിയിൽ കോൺഗ്രസ് എം. പി. മാർ പ്രതിഷേധിച്ചു. ഇവിടുത്തെ ഭരണപക്ഷം, ഇവിടുത്തെ മന്ത്രിസഭ ഏതെങ്കിലും ഒരു അക്ഷരം പറഞ്ഞിട്ടുണ്ടോ അതിനെക്കുറിച്ച് ? അവർ ഇതിനെപ്പറ്റി യാതൊന്നും മിണ്ടിയിട്ടില്ല. സർ, ഈ ഗവൺമെൻറ് അധികാരത്തിൽ വന്നുകഴിഞ്ഞതിനുശേഷമുള്ള വികസന പ്രവർത്തനങ്ങളുടെ കാര്യമോ ? കഴിഞ്ഞ ഒരുകൊല്ലം പ്ലാൻ ഹോളീഡേ ആയിരുന്നു. വികസന പ്രവർത്തനങ്ങളും നിലച്ചുപോയി. യാതൊന്നും നടക്കുന്നില്ല. ഗവർണ്ണർ പറയുന്നത് 7-ാം പഞ്ചവൽസരപദ്ധതി 6-ാം പദ്ധതിയുടെ സ്പിൽ ഓവർ ആണെന്നാണ്. അതിനു കാരണം പറഞ്ഞത് കഴിഞ്ഞ ഗവൺമെൻറ് വലിയ സാമ്പത്തിക ബാദ്ധ്യതയോടുകൂടിയാണ് ഇറങ്ങിപ്പോയത്. 1981-ൽ ഇടതുപക്ഷ ഗവൺമെൻറ് ഇറങ്ങിപോകുന്ന അവസരത്തിൽ ഉണ്ടായിരുന്ന കമ്മി 59 കോടി രൂപയായിരുന്നു. 1980-ലും 1981-ലും 311 കോടിയും 324 കോടിയും പദ്ധതിക്കുവേണ്ടി ചെലവാക്കിയപ്പോഴുള്ള കമ്മിയായിരുന്നു എന്നൊക്കെയാണ്. എന്നിട്ടും 59 കോടി ആയിരുന്നു അന്നത്തെ കമ്മി. ഈ ഗവൺമെൻറ് ചാർജ് എടുക്കുന്നതിനു മുൻപ് അത് നിങ്ങളുടെ ഗവൺമെൻറും പ്രസിഡൻറു ഭരണവും കൂടി ആ കമ്മി ഏതാണ്ട് 93 കോടിയോ മറ്റോ ആക്കി. പക്ഷേ കേന്ദ്ര ഗവൺമെൻറ് അത് ഒരു മിഡ് ടേം ലോണായി മാറ്റി ക്രീൻ സ്ലേറ്റിൽ

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾക്കു സാമ്പത്തികം കൈകാര്യം ചെയ്യാൻ സൗകര്യം തന്നു. എന്നിട്ടും വികസന പ്രവർത്തനങ്ങൾക്ക് കാശില്ല. സാമ്പത്തിക ബുദ്ധിമുട്ടാണ് ഇവർക്കുള്ളത്. ആ സാമ്പത്തിക ബുദ്ധിമുട്ട് ഒഴിവാക്കുന്നത്, അനാവശ്യമായി വ്യംഗ്യത്തിൽ എഴുതിയിരിക്കുന്നത് പഴയ ഗവൺമെൻറിന്റെ തുടർച്ചയായിട്ടുള്ള നയത്തിന്റെ ഫലമായിട്ടാണ് എന്നുള്ള വിധത്തിലാണ്.

സർ, ഞാൻ ഒരു കാര്യം പറയാം. ഇവിടുത്തെ ഗവൺമെൻറിനെ സംബന്ധിച്ച് ഇവിടുത്തെ ഗവൺമെൻറുതന്നെ നിയമിച്ചിട്ടുള്ള പ്ലാനിങ് ബോർഡ് മെമ്പർ പറയുന്നുണ്ട്; [ശ്രീ. ഗോപാലകൃഷ്ണന്റെ വിശകലനത്തെ സംബന്ധിച്ച് പറയുകയാണ്. ശ്രീ. ഗോപാലകൃഷ്ണൻ ഇതിൽ കരം പിരിക്കാത്തതിന്റെ കഥ പറഞ്ഞു. ചിലടത്ത് ചില ആളുകൾക്ക് കൺസഷൻ കൊടുക്കുന്നത് സംബന്ധിച്ചും മറ്റും പറയുന്നുണ്ട്. ചിലവാക്കുന്നതിനെ സംബന്ധിച്ച് അദ്ദേഹം പറഞ്ഞിട്ടുണ്ട്. സർ ഞാൻ അതിന്റെ ഒരു ഭാഗം വായിക്കാം.

Yet another factor influencing adversely our resource base was that Government in Kerala, irrespective of their political persuasions or ideologies, had indulged in the distribution of subsidies and doles. In many cases, subsidies were as high as 25 to 100 per cent. Direct subsidies were estimated to cost well over Rs. 50 crores per annum and the size of the indirect subsidies was around Rs. 75 crores. Unfortunately, a very large section of beneficiaries were those who were in a position to pay and did not deserve this level or pampering. The growing tendency to float communal and casteist parties and their political clout with ruling coalitions had increased the rate of subsidisation of living at all levels. Communal and castiest clout was opening wide open the road to anarchy in the field of education by starting unwanted Universities, Medical Colleges, Engineering Colleges, Poly-technics. Junior Technical Schools and Colleges without any regard to social and economic priorities. This had led to a serious erosion of resources for capital investment and deterioration in quality of instruction. Large deviations from plan programmes had distorated inter-sector balances and had thrown over-board the very logic of plan making and the slender resource base. How could any rational society continue to indulge in this free-for-all and expect the rest of India to bail it out ? This situation was aggravated by the proclivity that was discernible recently in the unhealthy and autonomous functioning of individual ministers.

സർ, ഇതിൽ നിന്നുണ്ടാകുന്ന സാമ്പത്തിക [പതിസന്ധി ആരുണ്ടാക്കി അവർതന്നെയുണ്ടാക്കി. വേണ്ടാത്തതായ സ്കീമുകൾ, പ്ലാനിൽ വരാത്തതായ സ്കീമുകൾ, ഓരോരുത്തർക്ക് ഇഷ്ടമുള്ളതായ സ്കീമുകൾ ഇതൊക്കെയാണ് നടപ്പിലാക്കുന്നത്. ഈ രാജ്യത്ത് ഇവർ തുടർന്നുവരുന്ന വർഗ്ഗീയ ശക്തികളുമായുള്ള ഐക്യത്തിൽകൂടി ഈ ഗവൺമെൻറിന്റെ പണമുപയോഗിച്ച് വർഗ്ഗീയത വളർത്താനും ജാതി-സമുദായങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാനും ഗവൺമെൻറിന്റെ ഖജനാവ് ധൂർത്തടിച്ചു എന്നാണ് പ്ലാനിംഗ് ബോർഡ് മെമ്പർ പറയുന്നത്. ഇന്നത്തെ നിലയെക്കാൾ മെച്ചപ്പെട്ട പുതിയ ഒരു ഫിനാൻഷ്യൽ മാനേജ്മെൻറ് ആവിഷ്ക്കരിക്കാം എന്ന് വാഗ്ദാനമുണ്ട്. ഇങ്ങനെയൊക്കെയാണ് നമ്മുടെ സാമ്പത്തിക നില വളരെ മോശമായത്.

ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഉള്ള [ക്രമസമാധാന നിലയെപ്പറ്റിയും പറയേണ്ടതുണ്ട്. കഴിഞ്ഞകൊല്ലം [ക്രമസമാധാനനില

LIBRARY ARCHIVES Kerala Legislative Assembly

തൃപ്തികരമായിരുന്നു എന്നാണല്ലോ ഗവർണ്ണരുടെ പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നത്. ലജ്ജ കൂടാതെ അവകാശപ്പെടുകയാണ്. നാട്ടിൽ നടക്കുന്ന അക്രമങ്ങളുടെ കഥകളും പൂഴ്ത്തിവച്ചിരിക്കുന്നു. വടക്ക് റിപ്പർ ആക്രമണം മുതൽ മുഖംമൂടി ആക്രമണംവരെയുള്ള കഥകളാണ് പത്രത്തിൽ വരുന്നത്; രാജ്യത്ത് സാമുദായിക കലാപങ്ങൾ വളർത്തിയെടുക്കുന്നതിനുവേണ്ടിയുള്ള നടപടികളാണ്. ഇന്ന് നിയമം ആരുടെ ഭാഗത്താണെന്ന് നോക്കുന്നില്ല. കോൺഗ്രസ് ഏതുഭാഗത്താണോ ആ ഭാഗത്ത് പോലീസുകാർ നിൽക്കും. പോലീസുകാർ കോൺഗ്രസ്-ഐക്കാരായി മാറുകയാണ്. കോൺഗ്രസ്-ഐക്കാർ പറയുന്ന പ്രവൃത്തികളാണ് ഈ രാജ്യത്ത് പോലീസ് നടത്തിക്കൊടുക്കുന്നത്. കൊലപാതകങ്ങളും, അക്രമങ്ങളും, സാമുദായിക കലാപങ്ങളും, മഹിയായും. പള്ളി ആക്രമണങ്ങളും ഇത്ര കൂടുതൽ ഉണ്ടായിട്ടുള്ള ഒരു കാലഘട്ടം വേറെയില്ല. 129 രാഷ്ട്രീയ കൊലപാതകങ്ങളും തന്നെ നടന്നിട്ടുണ്ട്. എത്രയോ ലാക്കപ്പ് മരണങ്ങളും, സാമുദായിക കലാപങ്ങളും. രാവിലെ എഴുന്നേറ്റ് തല തോളിനു മുകളിലുണ്ടോയെന്ന് തല പിടിച്ചു നോക്കിയെങ്കിലേ അറിയാൻ സാധിക്കൂ. ആവിധത്തിലുള്ള ഒരു സ്ഥിതിവിശേഷമാണ് നമ്മുടെ നാട്ടിൽ ക്രമസമാധാനത്തിന്റെ കാര്യത്തിലുള്ളത്. അതുപോലെ നിയമസമാധാന രംഗത്തെ ഏകാധിപത്യപരമായ സമീപനംതന്നെയാണ് ഈ ഗവൺമെന്റ് നിയമനിർമ്മാണ രംഗത്തും സ്വീകരിച്ചിട്ടുള്ളത്. നിയമനിർമ്മാണം നടത്തുന്നതിനുപകരം ഓർഡിനൻസ് ഭരണമാണ് ഇവിടെയുള്ളത്. നിയമസഭാ സാമാജികർക്ക് നിയമങ്ങളെപ്പറ്റി അവരുടെ അഭിപ്രായം രേഖപ്പെടുത്താൻ സൗകര്യങ്ങളില്ല.

മി. ചെയർമാൻ : ബഹുമാനപ്പെട്ട മെമ്പറുടെ സമയം കഴിഞ്ഞു.

ശ്രീമതി കെ. ആർ. ഗൗരി : സർ, ഇനി ഒരൊറ്റ കാര്യമേ പറയുന്നുള്ളൂ. കഴിഞ്ഞ വെള്ളപ്പൊക്കക്കാലത്ത് ദുരിതാശ്വാസത്തിനുവേണ്ടി കുറേ പണം നമുക്ക് കിട്ടി. ഇത്ര പക്ഷപാതപരമായി ഫ്ളഡ് റിലീഫ് വർക്ക് നടത്തിയ വേറൊരു ഗവൺമെന്റ് കാണുകയില്ല. വെള്ളപ്പൊക്കംകൊണ്ട് ഒലിച്ചു നാശമായ എല്ലാ റോഡുകളും നന്നാക്കുന്നതിനുപകരം, രേണുകക്ഷി എം എൽ എ. മാരുടെ നിയോജകമണ്ഡലത്തിൽ മാത്രം റോഡു നന്നാക്കുക അതിനും പുറമെ അവിടെ പുതിയ റോഡുണ്ടാക്കുക, ഇതിനും പുറമെ റെഗുലർ ബഡ്ജറിലെ പ്രവർത്തനങ്ങൾക്കുള്ള പണത്തിന്റെ കള്ളക്കണക്ക് അക്കൗണ്ടന്റ് ജനറലിനു കൊടുത്ത് സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങാനും വില്ലേജാഫീസ് കെട്ടാനും പോലീസ്റ്റേഷനുകൾ ഉണ്ടാക്കാനും ഉള്ള പണം മറ്റുവിധത്തിൽ കട്ടുമാറ്റിക്കൊണ്ട് എം. എൽ. എ. മാരെ പറ്റിച്ചിരിക്കുകയാണ്. പ്രതിപക്ഷ മെമ്പർമാരുടെ നിയോജകമണ്ഡലത്തിലുള്ള റോഡുകളും മറ്റ് വർക്കുകളും ഉപേക്ഷിച്ചുകൊണ്ട് പക്ഷപാതപൂർണമായ നടപടികൾ സ്വീകരിക്കുന്നു. അതേക്കുറിച്ച് കൂടുതലൊന്നും ഇപ്പോൾ പറയുന്നില്ല.

ബഹുമാനപ്പെട്ട ഹസ്സൻ ഇവിടെ സംസാരിച്ചപ്പോൾ പഞ്ചാബിന്റെ കഥ പറഞ്ഞു. പഞ്ചാബിൽ ഒരു തീരുമാനമുണ്ടാക്കുന്നതിനുമുൻപ്, നാലുകൊല്ലത്തിനുമുൻപ് തീരുമാനം എങ്ങനെ വേണമെന്നു ഞങ്ങളും മറ്റ് പ്രതിപക്ഷങ്ങളും പറഞ്ഞു. അന്ന് അത് തള്ളി. നാലുകൊല്ലം കഴിഞ്ഞ് ഞങ്ങൾ വച്ച നിർദ്ദേശമാണ് ഒടുവിൽ എഗ്രിമെന്റായി തീരുമാനമായത്. അത് നാലുകൊല്ലത്തിനു മുൻപ് നടന്നിരുന്നെങ്കിൽ സുവർണ്ണ ക്ഷേത്രത്തിലെ അത്യാഹിതവും അതുപോലുള്ള അത്യാഹിതവും ഇന്ദിരാഗാന്ധിയുടെ വധവുമെല്ലാം ഒഴിവാക്കാൻ പറ്റുമായിരുന്നുവെന്ന് ഞങ്ങൾ പറഞ്ഞു. പക്ഷേ ഇന്ന് എന്തു പറയുന്നുവെന്നാണ് ശ്രീമാൻ ഹസ്സൻ പറയുന്നത്. ഞങ്ങൾ അതുമാത്രമേ പറയുന്നുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ഇന്നത്തെ പഞ്ചാബിന്റെ സ്ഥിതിയെ സംബന്ധിച്ച് എന്താണ് ശ്രീ. ഹസ്സൻ പറഞ്ഞത് ? ഇപ്പോഴും മനസ്സിലാക്കാൻ കഴിഞ്ഞത് പഞ്ചാബിലെ സുവർണ്ണക്ഷേത്രം തീവ്രവാദികളും കയ്യടക്കിയതിന്റെ പിന്നിൽ 12 noon അവിടത്തെ കോൺഗ്രസ് പാർട്ടിനേതാക്കന്മാരുടെ ഒത്താശയും സഹായവും ഉണ്ടെന്നാണ്. പഞ്ചാബിനു ചണ്ഡിഗർ കഴിഞ്ഞ ആഗസ്റ്റ് 15-ന് വിട്ടുകൊടുക്കാനുള്ള നടപടി നീട്ടിവച്ചിരിക്കുന്നു. ഞങ്ങളുടെ കുറ്റമാണോ ഇതെല്ലാം ? ഇൻഡ്യാഗവൺമെന്റ് പഞ്ചാബിൽ നിയമസമാധാനം തകർത്തിരിക്കുന്നു. എന്നിട്ട് സംസ്ഥാന ഗവൺമെന്റിനെതിരെ നടപടി എടുക്കാതിരിക്കാനുള്ള കാരണം കാണിക്കണമെന്നുപറഞ്ഞു നോട്ടീസ് കൊടുത്തിരിക്കുന്നു. ഒരുവശത്ത് സൂപ്പർസീഡ് ചെയ്യാൻ നടപടിയും മറുവശത്ത് പഞ്ചാബിലെ കോൺഗ്രസുകാർ തീവ്രവാദികൾക്ക് സഹായം കൊടുക്കലുമാണ് നടക്കുന്നത്. രാജ്യത്തെ അഖണ്ഡതയെക്കാൾ നിങ്ങൾക്ക് വലുത് നിങ്ങളുടെ ഭരണമാണ്.

ആസ്സാമിന്റെ കാര്യത്തിലും ഞങ്ങൾക്ക് അഭിപ്രായവ്യത്യാസമുണ്ട്. അതിനക്കുറിച്ചൊന്നും ഞാൻ ഇപ്പോഴും പറയുന്നില്ല. പക്ഷേ ഒരുകാര്യം ഞാൻ പറയാം. ശ്രീമതി ഇന്ദിരാഗാന്ധി മരിക്കുന്നതിനുമുമ്പുചെയ്ത പ്രസംഗത്തെപ്പറ്റി എഴുതിച്ചേർക്കാൻ ഈ ഗവൺമെന്റിനു അവകാശമുണ്ടോ ? അവകാശമില്ലെന്നാണ് എന്റെ അഭിപ്രായം. കാരണം ഈ ഗവൺമെന്റിന്റെ ഇന്നത്തെ ഘടന വർഗ്ഗീയ പാർട്ടികളും ചേർന്നതാണ് ; വിഘടനവാദം ഉന്നയിക്കുന്ന ആളുകളും ചേർന്നതാണ്. ഇന്നത്തെ പത്രത്തിൽ കണ്ടു കുവൈറ്റ് പൗരൻമാരുടെ കേരള സന്ദർശനത്തെ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് അന്വേഷിക്കണമെന്ന്. ഇതുസംബന്ധിച്ച് അന്വേഷണം നടത്തേണ്ടേ ? ഈ ഗവൺമെന്റ് ഇതിനെ സംബന്ധിച്ച് എന്താണ് പറയുന്നത് ? ഈ ഗവൺമെന്റിന്റെ ഘടകകക്ഷിക്കോ മറ്റുള്ളവർക്കോ ഇതിൽ പങ്കുണ്ടോ ? എന്താണ് ഈ രാജ്യത്ത് നടക്കുന്നത് ? ഈ രാജ്യത്ത് നടക്കുന്ന സ്ഥിതിഗതികളെ സംബന്ധിച്ച് ആലോചിക്കാതെ ഇവിടെവന്ന് അതുമിതും പറഞ്ഞിട്ട് കാര്യമില്ല. ഗവർണ്ണറുടെ പ്രസംഗത്തിൽ ജനങ്ങളുടെ പ്രശ്നങ്ങളും പരിഹരിക്കുന്നതിന് വരാൻപോകുന്ന കാലഘട്ടത്തിൽ എന്തു ചെയ്യാൻപോകുന്നു എന്നൊന്നും പറഞ്ഞിട്ടില്ല. അംഗങ്ങളുടെയും സഭയുടെയും അവകാശങ്ങളും ലംഘിച്ചുകൊണ്ട് സഭ ചുരുക്കം ദിവസങ്ങളിൽമാത്രം സമ്മേളിക്കത്തക്കവിധത്തിലുള്ള നടപടികളും അതുപോലെതന്നെ അഴിമതിരഹിതം തുടരത്തക്കവിധത്തിലുള്ള നടപടികളും സ്വീകരിക്കുന്ന ഒരു സർക്കാരാണിത്. അതുകൊണ്ടാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നത്. എന്റെ ഭേദഗതി അംഗീകരിക്കണം.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. ജെ. ലൂക്കോസ്)

ശ്രീ. പി. പി. തങ്കച്ചൻ : സർ, ശ്രീ. ഹസ്സൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിൻതാങ്ങുകയാണ്. നയപരമായ കാര്യങ്ങളെ സംബന്ധിച്ച് കാതലായ പല കാര്യങ്ങളും ഗവർണ്ണർ തന്റെ പ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഗവർണ്ണർ ഇവിടെ അവതരിപ്പിച്ച നയപ്രഖ്യാപനം ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിലെ പ്രധാന കക്ഷിയായ കോൺഗ്രസിനുവേണ്ടിയുള്ളതാണെന്നുള്ള ആരോപണം ശരിയല്ല. ജനാധിപത്യമുന്നണി ഗവൺമെന്റിനുവേണ്ടിയാണ് ഗവർണ്ണർ ഇവിടെ നയപ്രഖ്യാപനം അവതരിപ്പിച്ചിട്ടുള്ളത്. അദ്ദേഹം പറഞ്ഞ കാതലായ കാര്യങ്ങളിൽ ഒന്ന് രാജ്യത്തിന്റെ ഐക്യവും കെട്ടുറപ്പും ഉയർത്തിപ്പിടിക്കുന്നതിന് സംസ്ഥാന സർക്കാർ പങ്കുവഹിക്കണമെന്നാണ്. കേന്ദ്രഗവൺമെന്റിന്റെ സഹായം പരമാവധി ലഭ്യമാക്കുമെന്നും അദ്ദേഹം പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. പക്ഷേ അതിനുവേണ്ടി ഒരു കേന്ദ്ര

LIBRARY ARCHIVES Kerala Legislative Assembly

വിരുദ്ധ നിലപാട് ഒരിക്കലും സ്വീകരിക്കുകയില്ല എന്ന വളരെ പ്രധാനപ്പെട്ട കാര്യം അദ്ദേഹം ഊന്നിപ്പറഞ്ഞിട്ടുണ്ട്. മൂന്നാമതായി അദ്ദേഹം തന്റെ പ്രസംഗത്തിൽ ഊന്നിപ്പറഞ്ഞിട്ടുള്ളത് നമുക്ക് ഏറ്റവും വലുത് നമ്മുടെ രാജ്യവും രാജ്യസ്നേഹവുമാണെന്നാണ്. അല്ലാതെ വ്യക്തികളോ സമുദായങ്ങളോ അല്ല.

സർ, ഈ സാമ്പത്തിക വർഷം സംസ്ഥാനത്തെ സാമ്പത്തികശേഷി മെച്ചപ്പെടുത്തുന്നതിനുവേണ്ടി കൂടുതൽ വിഭവശേഷി കണ്ടുപിടിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങളും ചെയ്യുമെന്നും സംസ്ഥാനത്ത് കൂടുതൽ ക്ഷേമപ്രവർത്തനങ്ങളും നടപ്പിലാക്കുന്നതിന് അതാവശ്യമാണെന്നും അദ്ദേഹം എടുത്തുപറഞ്ഞിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽവേണം ഈ ഗവൺമെന്റിന്റെ കഴിഞ്ഞകാല ചെയ്തികളേയും വരുംകാല പരിപാടികളേയും വിലയിരുത്താൻ. വളരെയധികം പ്രതിസന്ധികളും ഉണ്ടായിട്ടും, വരൾച്ച, അതിവർഷം തുടങ്ങിയ കെടുതികളും ഉണ്ടായിട്ടും കേന്ദ്രഗവൺമെന്റിന്റെ ഉദാരമായ സമീപനത്തെത്തുടർന്ന് ഇവയെല്ലാം ഫലപ്രദമായി മറികടന്ന് മുന്നോട്ടുപോകാൻ കഴിഞ്ഞ 4 വർഷമായി ഈ ഗവൺമെന്റിനു കഴിഞ്ഞു. ഈ സംസ്ഥാനം കണ്ടിട്ടുള്ള മറ്റേതൊരു ഗവൺമെന്റും ചെയ്തിട്ടുള്ളതിനെക്കാളും കൂടുതൽ ജനക്ഷേമപദ്ധതികളും പ്രവർത്തനങ്ങളും ഈ ഗവൺമെന്റ് ചെയ്തിട്ടുണ്ടെന്നുള്ള വസ്തുത ആരും നിഷേധിക്കുമെന്നു തോന്നുന്നില്ല. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ഏറ്റവും ഒടുവിലായി ഈ സംസ്ഥാനത്തെ ലക്ഷക്കണക്കിനു സ്കൂൾ കുട്ടികൾക്ക് സൗജന്യമായി ഉച്ചഭക്ഷണം കൊടുക്കുന്നതിനുള്ള പദ്ധതി ഇപ്പോൾ നടപ്പിലാക്കിയിരിക്കുകയാണ്. ദുർബല വിഭാഗങ്ങൾക്കായി പ്രതിവർഷം 75,000 വീടുകൾ വച്ചുകൊടുക്കുക എന്നുള്ള പദ്ധതിയും ഇപ്പോൾ നടപ്പിലാക്കിയിരിക്കുകയാണ്. എല്ലാ ഗ്രാമങ്ങളിലും ശുദ്ധജലവും വൈദ്യുതിയും എത്തിക്കുക എന്ന ജനക്ഷേമപ്രവർത്തനവുമായി ഈ ഗവൺമെന്റ് അനുദിനം മുന്നേറ്റം പൊയ്ക്കൊണ്ടിരിക്കുകയാണ്. കേരളത്തെപ്പോലുള്ള ഒരു വികസ്വര സംസ്ഥാനത്തിലെ ജനങ്ങൾക്ക് വലിയ പ്രതീക്ഷകളാണുള്ളത്. പ്രതീക്ഷകൾ നിറവേറ്റാൻ സാമ്പത്തികമായ സൗകര്യങ്ങൾ കണ്ടെത്തിയേ മതിയാവൂ, പരമാവധി വിഭവ സമാഹരണം നടത്തിയും പരമാവധി കേന്ദ്ര സഹായം ലഭ്യമാക്കിയും മുന്നോട്ടു പോകുന്ന ഒരു നയമാണ് നമുക്ക് ആവശ്യം. അതാണ് ഗവർണ്ണറുടെ പ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. എന്തെല്ലാം പ്രലോഭനങ്ങൾ ഉണ്ടായാലും ഈ സർക്കാരിനെ ഈ രാജ്യത്തെ ജനങ്ങൾക്ക് ഇഷ്ടമാണെന്നുള്ളത് തർക്കമില്ലാത്തൊരു കാര്യമാണ്. അതു തെളിയിക്കുന്നതിനു ഏറ്റവും ഒടുവിലായി ഇവിടെ നടന്ന ഒരു സംഭവത്തിലേക്ക് വിരൽ ചൂണ്ടാൻ ഞാൻ ആഗ്രഹിക്കുകയാണ്. 'റാന്നി'യിൽ നടന്ന ഉപതെരഞ്ഞെടുപ്പ്. എന്റെ സ്നേഹിതൻ കൂടിയായിരുന്ന, മരിച്ചുപോയ ശ്രീമാൻ സണ്ണിയുടെ ഭാര്യ ശ്രീമതി റേയ്ച്ചൽ പ്രതിപക്ഷ സ്ഥാനാർത്ഥിയായി 500-ൽ പരം വോട്ടുകൾക്ക് വിജയിച്ചു എന്ന കാര്യം ഞാൻ സമ്മതിക്കുന്നു. അതിൽ കാണേണ്ട ഒരു കാര്യം 1982-ൽ നടന്ന പൊതുതെരഞ്ഞെടുപ്പിൽ പതിനായിരം വോട്ടുകൾക്ക് വിജയിച്ച ശ്രീമാൻ സണ്ണിയുടെ സ്ഥാനത്ത്, അനുകമ്പ നേടാൻ വേണ്ടിയിട്ട് ഭാര്യയെ നിറുത്തിയിട്ടും, പതിനയ്യായിരം വോട്ടിന്റെ ഭൂരിപക്ഷം കിട്ടുമെന്ന് പത്രത്തിൽ പ്രചരണം നടത്തിയിട്ടും, എവിടെപ്പോയി പതിനയ്യായിരം വോട്ടിന്റെ ഭൂരിപക്ഷം ? പതിനായിരം വോട്ടിന്റെ ഭൂരിപക്ഷം 500 ആക്കി ചുരുക്കാൻ ഐക്യ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾക്ക് സാധിച്ചു. ജനങ്ങൾ എങ്ങനെയാണ് ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതെന്ന് ചൂണ്ടിക്കാണിക്കാൻ ഈ അവസരത്തിൽ ഞാൻ ആഗ്രഹിക്കുകയാണ്.

സർ,-അടുത്തകാലത്തായി ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് രാജിവയ്ക്കണമെന്ന് പറഞ്ഞു പ്രതിപക്ഷകക്ഷികൾ ഒരു പത്രസമ്മേളനം നടത്തുക,

LIBRARY ARCHIVES Kerala Legislative Assembly

യുണ്ടായി. പ്രസക്തമായ വസ്തുത അങ്ങനെ രാജിവച്ചാൽ ഒരു ജനവിധിയെ നേരിടാൻ തങ്ങൾ തയ്യാറാണെന്നു പ്രതിപക്ഷകക്ഷിയിൽപ്പെട്ട നേതാക്കൻമാരാരും തന്നെ പ്രസ്താവിച്ചില്ലെന്നുള്ളതാണ്. പ്രതിപക്ഷത്തിന് ഒരു ജനവിധിയെ നേരിടാൻ ഭയമാണോ ? ഇന്ന് ഒരു പൊതുതെരഞ്ഞെടുപ്പ് വന്നാൽ എന്താണ് പ്രതിപക്ഷത്തെ സ്ഥിതിയെന്ന് അവർക്ക് ശരിക്കും അറിയാം. റാന്നിയിൽ നടന്ന ഉപതെരഞ്ഞെടുപ്പ് വിലയിരുത്തുമ്പോൾ അത് മനസ്സിലാക്കാവുന്നതേയുള്ളു. ഇടതുപക്ഷജനാധിപത്യമുന്നണിയുടെ ഇന്നത്തെ സ്ഥിതിയെന്താണ് ? ഇടതുപക്ഷജനാധിപത്യമുന്നണിയിലെ ഘടകകക്ഷികൾ തമ്മിലുള്ള അഭിപ്രായവ്യത്യാസം ഇന്ന് അങ്ങാടിപ്പാട്ടാണ്. സി.പി.ഐ-യും സി.പി.എം-ഉം തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങളും ആർ.എസ്.പി-യും സി.പി.ഐ-യും തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങളും ഷൺമുഖദാസിന്റെ പാർട്ടിയും സി.പി.എം-ഉം തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങളും ആർക്കാണ് അറിഞ്ഞുകൂടാത്തത് ? ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. പക്ഷേ പ്രതിപക്ഷകക്ഷിയിലെ പ്രധാന കക്ഷിയായ മാർക്സിസ്റ്റ് പാർട്ടിയുടെ സ്ഥിതി ഇന്ന് എന്താണ് ? ശ്രീ. ഹസ്സൻ അത് ഇവിടെ സൂചിപ്പിച്ചു. കഴിഞ്ഞ നിയമസഭാസമ്മേളനത്തിൽ ഞങ്ങൾ പ്രസംഗിച്ചപ്പോൾ വളരെ പരിഹാസത്തോടെ സൂചിപ്പിച്ച ചില കാര്യങ്ങൾ ഇന്ന് യാഥാർത്ഥ്യമായിട്ടില്ലേ ? മാർക്സിസ്റ്റ് പാർട്ടിയിൽ കഴിഞ്ഞ കാലങ്ങളിൽ നിലനിന്നിരുന്ന ഗ്രൂപ്പുവഴക്കുകൾ ഇന്ന് എവിടെ ചെന്നെത്തിയിരിക്കുന്നു. ഒരുപക്ഷേ വർഗ്ഗീയ പാർട്ടികളുമായി കൂട്ടുചേരാൻ ഒരു നിലപാടെടുക്കാൻ സഖാവ് കുഞ്ഞിക്കണ്ണനും ശ്രീ. എം. വി. ആറും ശ്രമിച്ചെന്നാരോപിച്ച് അതിന് ആദർശത്തിന്റെ പരിവേഷമിടാൻ സഖാവ് ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടും കൂട്ടരും ശ്രമിച്ചെങ്കിൽപ്പോലും ഗ്രൂപ്പുവഴക്കുകളുടെ മൂർദ്ധന്യത്തിന്റെ പ്രതിഫലനമാണത്. ഗ്രൂപ്പുവഴക്കുകൾ ഏതുകാലത്തും മാർക്സിസ്റ്റ് പാർട്ടിയിൽ ശക്തിപ്പെട്ടിരുന്നു എന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത് ?

ആദർശത്തിന്റെ പരിവേഷമിടാൻ ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടും കൂട്ടരും ശ്രമിക്കുന്നുവെങ്കിൽപ്പോലും മാർക്സിസ്റ്റ് പാർട്ടിയിൽ ഗ്രൂപ്പ് വഴക്ക് ഇന്ന് എന്നത്തേക്കാളും ശക്തിപ്പെട്ടിരിക്കുന്നു. അവ ഓരൊന്നായി പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ ഉരുൾപൊട്ടൽ ആ പാർട്ടിയിൽ ആരംഭിച്ചുകഴിഞ്ഞു. അതിൽ കൂടുതൽ പരിക്കുപറ്റിയിരിക്കുന്നത് ശ്രീ. എം. വി. രാഘവനാണ്. ശ്രീ. രാഘവൻ ഇപ്പോൾ ഇൻറൻസീവ് കെയർയൂണിറ്റിൽ ചികിൽസയിലാണ്. ഒരു വർഷകാലത്തേക്കാണ് ചികിൽസ വിധിച്ചിട്ടുള്ളത്. പുറത്തിറങ്ങരുതെന്നാണ് നിർദ്ദേശം. നട്ടെല്ലിനും കാലിനും ഗുരുതരമായ പരിക്കുപറ്റിയ ശ്രീ. രാഘവന്റെ ഇൻറൻസീവ് കെയർയൂണിറ്റിലെ ആ കിടപ്പുകാണുമ്പോൾ രാഷ്ട്രീയമായി ഭിന്നാഭിപ്രായമുള്ള ആളുകൾക്കുപോലും സങ്കടം തോന്നുകയാണ്. ശ്രീ. പി. വി. കുഞ്ഞിക്കണ്ണന് മൂന്നുമാസക്കാലമാണ് ശിക്ഷ വിധിച്ചിട്ടുള്ളത്. ആദർശത്തിന്റെ പരിവേഷമിട്ടുകൊണ്ട് ശ്രീ. രാഘവനെപ്പോലുള്ളവരെ പുറത്താക്കുകവഴി മാർക്സിസ്റ്റു പാർട്ടിയിൽ ഗ്രൂപ്പ് വഴക്ക് അത്രയേറെ ശക്തിപ്പെട്ടിരിക്കുന്നുവെന്നാണ് മനസ്സിലാക്കേണ്ടത്. ആദർശം പറയുന്നുവെന്നുള്ളതല്ലാതെ ഒരു കാലവും ആദർശം നടപ്പിൽ വരുത്താത്ത ആളുകളാണിവർ. ശ്രീ. ഹസ്സൻ സൂചിപ്പിച്ചപോലെ, ഇവിടെ വർഗ്ഗീയതയെക്കുറിച്ച് പറയുകയും അതേസമയം തമിഴ്നാട്ടിൽ മുസ്ലീംലീഗുമായി കൂട്ടുചേരുകയുമാണ് മാർക്സിസ്റ്റ്പാർട്ടി ചെയ്തിട്ടുള്ളത്. ആന്ധ്രാപ്രദേശിലാണെങ്കിൽ ഹൈദ്രാബാദ് മുനിസിപ്പൽ കോർപ്പറേഷൻ തെരഞ്ഞെടുപ്പിൽ അവിടത്തെ പ്രാദേശിക കക്ഷിയായ തെലുങ്കുദേശവുമായി കൂട്ടുകൂടി മൽസരിക്കുകയാണ് ചെയ്തിരിക്കുന്നത്. ആ തെരഞ്ഞെടുപ്പ് സഖ്യത്തിൽനിന്ന് സി. പി. ഐ.

LIBRARY ARCHIVES Kerala Legislative Assembly

പോലും മാറിയിട്ടും മാർക്സിസ്റ്റ് പാർട്ടി മാറിയില്ല. അങ്ങനെ പ്രാദേശിക പാർട്ടികളുമായും വർഗീയകക്ഷികളുമായും കൂട്ടുപിടിക്കുന്നതിന് അവർ ഒരു കാലവും മടി കാണിച്ചിട്ടില്ല. 1977-ൽ ശ്രീമതി ഇന്ദിരാഗാന്ധിയെയും കോൺഗ്രസിനെയും തോൽപ്പിക്കാൻവേണ്ടി ബി. ജെ. പി. യുമായി കൂട്ടുകൂടുകയുണ്ടായി. ആ കാലഘട്ടത്തിൽത്തന്നെ ഇന്ദിരാഗാന്ധിയുമായി കൂട്ടുകൂടിക്കൊണ്ട് ചരൺസിംഗിനെ അധികാരത്തിലേറാൻവേണ്ടി അവർ ശ്രമിക്കുകയും ചെയ്തു. ആദർശത്തിന്റെ പേരിൽ അവർ യാതൊന്നും ചെയ്യാറില്ലാ യെന്നുള്ളതാണ് ദുഃഖകരമായ സത്യം.

1-3-1986-ൽ പാലശ്ശേരിയിൽ വച്ച് ഒരു പൊതുയോഗത്തിൽ ഇ. എം. എസ്. പ്രസംഗിച്ചു. 'കോൺഗ്രസിനെ ക്ഷീണിപ്പിക്കുകയാണ് ഞങ്ങളുടെലക്ഷ്യമെന്ന്' അല്ലാതെ വേറെ ഒരു ആദർശവുമില്ല. അതിനുവേണ്ടി ഏതു ചെകുത്താനുമായും കൂട്ടുകൂടും എന്നാണ് ബഹുമാനപ്പെട്ട ഇ. എം. എസ്. പറയുന്നത്. എവിടെയാണ് മാർക്സിസ്റ്റുകാരുടെ ആദർശം ? അധികാരത്തിനുവേണ്ടി ഏതു ചെകുത്താനുമായും കൂട്ടുകൂടും എന്നു പറയുന്നതാണോ ആദർശം ? ആദർശത്തിന്റെ പരിവേഷമിട്ടുകൊണ്ട് അണികളെ പ്രീണിപ്പിക്കാൻവേണ്ടിയുള്ള ഒരു മൂടുപടവുമായിട്ട് വരുന്നുവെന്നുള്ളതല്ലാതെ ആ പറയുന്നതിലൊക്കെ ഒരർത്ഥവും ഇല്ലായെന്ന് ആർക്കാണ് മനസ്സിലാക്കാൻ കഴിയാത്തത് ?

വ്യവസായനയത്തെ പിടിച്ചാണ് ഇവർ രാജീവ്ഗാന്ധിയേയും കോൺഗ്രസിനെയും കുറ്റപ്പെടുത്തുന്നത്. എന്നാൽ ബംഗാളിലെ ഗവൺമെന്റ് നാട്ടിലെ കുത്തകകളെമാത്രമല്ല അന്താരാഷ്ട്ര കുത്തകകളേയും കൂട്ടുപിടിച്ചുകൊണ്ടാണ് അവിടെ പുതിയ വ്യവസായനയം സ്വീകരിച്ചിട്ടുള്ളത്. അതുമാത്രമല്ല, ഗവൺമെന്റുടമയിലുള്ള ഇലക്ട്രോണിക് കമ്പനികളെ വരെ പ്രൈവറ്റ് മേഖലയിലേക്ക് കൈമാറുന്നതിനുള്ള ആലോചനയിലാണ് അവിടത്തെ മാർക്സിസ്റ്റ് ഗവൺമെന്റ്. ഡോക്ടർ അശോക് മിത്രാ ഈ കാര്യങ്ങളെല്ലാം പരസ്യമായി പറഞ്ഞുകൊണ്ട് രാജിവച്ച് പുറത്തുപോയി. എന്നിട്ട് ഇവിടെ വന്ന് ആദർശം പ്രസംഗിക്കുന്നു.

മുസ്ലീംലീഗുമായി കൂട്ടുപിടിച്ചുകൊണ്ട് മുന്നണിസമ്പ്രദായം ആദ്യമായി കൊണ്ടുവന്നത് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനമല്ലേ ? ശ്രീമതി കെ. ആർ. ഗൗരിയെപ്പോലുള്ളവർ പറയുന്നതുകേട്ടാൽ ഇവിടെ ആളുകളും ഇതെല്ലാം മറന്നുകളഞ്ഞിരിക്കുന്നുവെന്നു ധരിക്കും. ആരെ വിശ്വസിപ്പിക്കാനാണിത്.

ഈ ഗവൺമെന്റ് 5 വർഷക്കാലവും തുടരും. ജനവിധി മാനിച്ചുകൊണ്ട്, ജനങ്ങൾക്ക് ഉപകാരപ്രദമായ കാര്യങ്ങളും ചെയ്തുകൊണ്ട് ഈ ഗവൺമെന്റു മുമ്പോട്ടുപോകും എന്നുള്ളതിനു യാതൊരു സംശയവുമില്ല. ഗവർണ്ണറുടെ നയപ്രഖ്യാപനത്തിൽ എടുത്തു പറഞ്ഞിട്ടുള്ള, ഈ രാജ്യത്തെ അഖണ്ഡതയും ഐക്യവും കാത്തുസൂക്ഷിക്കുന്നതിനുള്ള ശ്രദ്ധേയമായ കാര്യങ്ങളും ഈ സഭയുടെ ശ്രദ്ധയിൽ ഒന്നുകൂടി ചൂണ്ടിക്കാണിച്ചുകൊണ്ട് കൃതജ്ഞതാപ്രമേയത്തിനു ഒന്നുകൂടി നന്ദിപറഞ്ഞുകൊണ്ട് ഒരിക്കൽകൂടി ഞാൻ കൃതജ്ഞതാപ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കാനം രാജേന്ദ്രൻ : സർ, ഗവർണ്ണറുടെ പ്രസംഗത്തിനുള്ള കൃതജ്ഞതാപ്രമേയത്തെ ഞാൻ എതിർക്കുകയാണ്. ഇന്നു രാവിലെ സഭ സമ്മേളിച്ചപ്പോഴും അത്യാവശ്യം പാസാക്കേണ്ടുന്ന ഒരു റഫറൻസ് ചെയറിന്റെ ഭാഗത്തുനിന്നുണ്ടാകാത്തതുകൊണ്ട് ഞാൻ ആദ്യമേ അതിവിടെ അവതരിപ്പിക്കട്ടെ.

ഐക്യജനാധിപത്യമുന്നണിയുടെ നേതാവും ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ നെടുംതൂണുകളിൽ ഒരാളും കേരളാ മുഖ്യമന്ത്രിയുമായ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരന്റെ ഇന്നത്തെ ദയനീയമായ അവസ്ഥയിൽ ഞാൻ അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു. 7-ാമതു കേരളാ നിയമസഭയുടെ പത്താമതു സമ്മേളനം ചേരുന്ന സന്ദർഭത്തിൽത്തന്നെ ചില ലക്ഷണങ്ങൾ കണ്ടിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ രാഷ്ട്രീയ അന്ത്യം ഇത്രവേഗം ആകുമെന്ന് ആരും കരുതിയില്ല. 1918 ജൂലായ് മാസത്തിൽ ശ്രീ. കെ. രാമുണ്ണി മാരാരുടെ മകനായി ജനിച്ചു. വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ രാഷ്ട്രീയത്തിൽ ആഭിമുഖ്യം പുലർത്തിയിരിക്കുന്ന ശ്രീ. കരുണാകരൻ ചിത്രമെഴുത്തു പഠിക്കാൻവേണ്ടി തൃശ്ശൂരിൽ എത്തിയതോടുകൂടിയാണ് സംഭവബഹുലമായ രാഷ്ട്രീയജീവിതം ആരംഭിക്കുന്നത്. ചിത്രമെഴുത്ത് പഠിക്കാൻ കഴിഞ്ഞില്ലെങ്കിലും ചുവരില്ലാതെ ചിത്രമെഴുതാനുള്ള അദ്ദേഹത്തിന്റെ കഴിവ് വളരെ അപാരമാണല്ലോ. തട്ടിൽ എസ്റ്റേറ്റിൽ താമസമാക്കിയ ശ്രീ. കെ. കരുണാകരൻ തൊഴിലാളികളെ സംഘടിപ്പിക്കുകയും അവരെ നിരവധി കേസുകളിൽ പ്രതികളാക്കുകയും ചെയ്തു. തട്ടിൽ എസ്റ്റേറ്റിൽ തുടങ്ങി വിവിധ തട്ടുകളിൽ പ്രവർത്തിച്ച അദ്ദേഹത്തിന് തൃശ്ശൂരിലെ തൊഴിലാളികൾ ഒരു ഓമനപ്പേരു സമ്മാനിക്കുകയുണ്ടായി.

ശ്രീ. എ. സി. ജോസ് : സർ, പോയിന്റ് ഓഫ് ഓർഡർ. റൂൾസ് ഓഫ് പ്രൊസീഡ്യുർ അനുസരിച്ച് ഒരംഗത്തിനും എഴുതിക്കൊണ്ടുവന്ന് വായിക്കാൻ പാടില്ലായെന്നുള്ള നിലയ്ക്ക് എഴുതിക്കൊണ്ടുവന്ന് വായിക്കുന്നത് ശരിയാണോ ?

ശ്രീ. കാനം രാജേന്ദ്രൻ : സർ, ഞാൻ റെഫർ ചെയ്യുന്നത് മാത്രമേയുള്ളു. 1948-49-ൽ കൊച്ചി പ്രജാമണ്ഡലത്തിലേക്കും പിന്നീട് തിരു-കൊച്ചി നിയമസഭയിലേക്കും, കേരള നിയമസഭയിലേക്കും തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം 1952-ൽ കോൺഗ്രസ് നിയമസഭാകക്ഷിയുടെ ചീഫ് വീപ്പായി. 1967-ൽ നടന്ന തെരഞ്ഞെടുപ്പിൽ പ്രധാനപ്പെട്ട കോൺഗ്രസ് നേതാക്കളെല്ലാം പരാജയപ്പെട്ട സാഹചര്യത്തിൽ 9 അംഗങ്ങളോടുകൂടി അദ്ദേഹം പ്രതിപക്ഷ നേതാവായി. 1970-ലെ ഉപതെരഞ്ഞെടുപ്പിൽ ആഭ്യന്തരമന്ത്രിയും പിന്നീട് മുഖ്യമന്ത്രിയുമായി ഉയർന്ന അദ്ദേഹം അന്തരിച്ച പ്രധാനമന്ത്രിയുടെ ഏറ്റവും വിശ്വസ്തനെന്നു അവകാശപ്പെടുന്നു. അടിയന്തിരാവസ്ഥ കാലത്തെ അദ്ദേഹത്തിന്റെ ക്രൂരകൃത്യങ്ങൾ വളരെ പ്രസിദ്ധമാണ്. അതിന്റെ ഫലമായി മുഖ്യമന്ത്രിസ്ഥാനം വെടിയുകയും കയ്പുനീർ കുടിക്കുകയും ചെയ്തു. എതിർത്തു, കോൺഗ്രസുകാരുടെ സഹായത്തോടു കൂടിത്തന്നെ ഉയർത്തെഴുന്നേറ്റ ശ്രീ. കരുണാകരൻ ഐക്യജനാധിപത്യ മുന്നണിയുടെ നായകനായും മുഖ്യമന്ത്രിയായും പ്രവർത്തിച്ചുവരവേ പ്രതിച്ഛായ നന്നാക്കാനുള്ള പരിശ്രമത്തിനിടയിലാണ് ഈ അപകടം സംഭവിച്ചത്. കോൺഗ്രസ് ഹൈക്കമാൻഡ് കൈവെടിഞ്ഞുകൊണ്ടാണ് ഇത് സംഭവിച്ചത് എന്ന ആരോപണം അദ്ദേഹം തന്നെ വിധിച്ചതുകൊണ്ട് അത് സത്യമാകുമെന്ന് നിരീക്ഷകൻമാർ കരുതുന്നു. അദ്ദേഹത്തിന്റെ വാക്കും പ്രവർത്തിയും തമ്മിലുള്ള അന്തരം പ്രസിദ്ധമാണ്. രാജ്യസഭാ തെരഞ്ഞെടുപ്പിലെ സ്ഥാനാർത്ഥിനിർണ്ണയം ഈ അഭിപ്രായം ബലപ്പെടുത്തുന്ന ഏറ്റവും നല്ല ഉദാഹരണമെന്ന് ചില കോൺഗ്രസുകാർ തന്നെ ചൂണ്ടിക്കാണിക്കുന്നുണ്ട്. സുഹൃത്തുക്കളെ സഹായിക്കുക അദ്ദേഹത്തിന്റെ ഒരു ദൗർബല്യമാണ്. എഴുത്തച്ഛനും, കെ. എൻ. മേനോനും പാവം പയ്യൻ ആനേറായും എല്ലാം ഇന്ന് ഉദാഹരണങ്ങളാണ്.

LIBRARY ARCHIVES Kerala Legislative Assembly

മാർക്ക് ലിസ്റ്റ് വ്യാപകമായി തിരുത്തിക്കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ കേവലം ഒരു ജനനത്തീയതി തിരുത്തിയതിന്റെ പേരിൽ മൂല്യാധിഷ്ഠിത രാഷ്ട്രീയം ബാധിച്ച് ഇറങ്ങിപ്പോകേണ്ടിവന്ന മന്ത്രി ശ്രീ. ഗംഗാധരൻ ജനനത്തീയതി തിരുത്തുകവഴി ജനാധിപത്യത്തിന്റെ മാനദണ്ഡങ്ങൾ ഉയർത്തിപ്പിടിക്കുകയാണ് ചെയ്തതെന്ന് അദ്ദേഹം പ്രസ്താവിച്ചതും ഈ ദൗർബ്ബല്യം മൂലമാണെന്ന് പറയപ്പെടുന്നു. അങ്ങനെ നിരവധി അരങ്ങുകളിൽ ആടിത്തകർന്ന നമ്മുടെ നേതാവ് നമ്മോടൊപ്പമുണ്ട്. അദ്ദേഹത്തെ ഈ പതനത്തിൽ എത്തിച്ചേരാൻ സഹായിച്ചവരോടൊപ്പമിരുന്നുകൊണ്ട് ഒന്നുമറിയാത്തവരെപ്പോലെ ധീരമായി മുന്നോട്ട് എന്ന് പറയുമ്പോഴാണ് അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ തിളക്കം മനസ്സിലാകുന്നത്. അതോടൊപ്പം ചർമ്മത്തിന്റെ കനവും നാം മനസ്സിലാക്കുന്നു. പക്ഷേ ഈ കാര്യത്തിൽ അദ്ദേഹത്തിന് ഭീഷണിയായി ഒരാൾ കൂടി വളർന്നുവരുന്നുണ്ട് എന്ന് നന്ദിപ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീ. എം. എം. ഹസ്സൻ തെളിയിക്കുകയുണ്ടായി.

ഈ നിയമസഭ സമ്മേളിക്കുമ്പോൾ നിയമനിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടിയാണ് നിയമസഭ എന്നുള്ള ധാരണ തിരുത്താൻവേണ്ടി ഒരു ശ്രമം ഇവിടെ നടക്കുകയാണ്. അംഗങ്ങളുടെ ജനാധിപത്യപരമായ അവകാശങ്ങൾ സംരക്ഷിക്കുവാനോ നിയമനിർമ്മാണപ്രവർത്തനങ്ങൾ നടത്തുവാനോ ശ്രമം നടക്കുന്നില്ല. 32 ഓർഡിനൻസുകൾ ഈ നിയമസഭ മുമ്പാകെയുണ്ട്. അതിൽ ഏതെങ്കിലുമൊന്നു പാസാക്കുവാനോ അതിനെക്കുറിച്ച് ചർച്ച ചെയ്യുവാനോ അല്പമെങ്കിലും സമയം കണ്ടെത്തുകയെന്നത് ഈ നിയമസഭയുടെ അജണ്ടയിൽ ഇല്ല. ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്താൻവേണ്ടി കൃതജ്ഞതാപ്രമേയം അവതരിപ്പിച്ചു. ഗവർണർക്കല്ല നന്ദി രേഖപ്പെടുത്തേണ്ടത്. ശ്രീ. കരുണാകരനെപ്പോലുള്ള മുഖ്യമന്ത്രിയുണ്ടാകുമെന്നും ഇതേപോലുള്ള മുന്നണികൾ ഈ രാജ്യം ഭരിക്കുമെന്നുമുള്ള ദീർഘവീക്ഷണത്തോടുകൂടി ഭരണഘടന നിർമ്മിച്ച ഭരണഘടനാനിർമ്മാതാക്കൾക്കാണ് നന്ദി രേഖപ്പെടുത്തേണ്ടത്. അല്ലെങ്കിൽ നിയമസഭ കൂടാനും ഗവർണർക്ക് പ്രസംഗിക്കാനും ശ്രീ. ഹസ്സന് നന്ദിപ്രമേയം അവതരിപ്പിക്കാനുമുള്ള സൗകര്യം ഉണ്ടാക്കിത്തന്ന കേരളാ കോൺഗ്രസ് നേതാക്കൾക്കാണ് നന്ദിരേഖപ്പെടുത്തേണ്ടത്. ഈ നന്ദിപ്രമേയത്തെക്കുറിച്ചുള്ള ചർച്ചയിൽ പ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീമാൻ ഹസ്സൻ പറയുകയുണ്ടായി 'എന്നെക്കണ്ടാൽ കിണ്ണം കട്ടവനാണെന്ന് തോന്നുമോ എന്ന്', ? ഈ ചർച്ചയിൽ പ്രതിപക്ഷത്തുനിന്നുള്ള ആരെങ്കിലും തന്നെ പ്രസംഗിക്കുന്നതിനു മുമ്പായി തന്നെ അദ്ദേഹം പറയുകയുകയുണ്ടായി ഈ പ്രസംഗത്തിലെ ചില വാചകങ്ങൾ ദുർവ്യാഖ്യാനം ചെയ്യാൻ ഇടയുണ്ടെന്ന്. എന്തിനാണ് ഇങ്ങനെയൊരു മുൻകൂർ ജാമ്യം എടുക്കുന്നത് ? ഇങ്ങനെയൊരു മുൻകൂർ ജാമ്യം എടുക്കേണ്ട സാഹചര്യം ഐക്യജനാധിപത്യമുന്നണിയിൽ ഉണ്ടോ ?

അതിലെഴുതിയിട്ടുള്ള വാചകങ്ങളും ധനകാര്യമന്ത്രിയുടെ കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗവും കൂടി ഒത്തുവായിച്ചാൽ അതിന്റെ നർമ്മബോധം ശരിക്കും ആസ്വദിക്കാൻ കഴിയും. കേന്ദ്രവും സംസ്ഥാനവും തമ്മിലുള്ള ബന്ധങ്ങളിൽ രാഷ്ട്രീയവും സാമ്പത്തികവുമായ കാര്യങ്ങളിൽ ഒരു തർക്കവും ഉണ്ടാക്കാതെ കേന്ദ്രവുമായി പരിപൂർണ്ണമായി സഹകരിച്ച് എന്റെ ഗവൺമെന്റ് മുന്നോട്ടുപോയി നേട്ടങ്ങളുണ്ടാക്കുമെന്നാണ് പറഞ്ഞത്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ശ്രീ. കെ. എം. മാണി എന്താണ് 1985-86-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞത് ? എട്ടാം ധനകാര്യക്കമ്മീഷൻ അവഗണിക്കുകയും ഏഴാം പദ്ധതി അവസാനിക്കുന്ന സമയത്ത് 1989-90

LIBRARY ARCHIVES Kerala Legislative Assembly

ആകുമ്പോഴേക്കും മൂലധനക്കമ്മി ഉൾപ്പെടെ മൊത്തം 1600 കോടി രൂപയുടെ കമ്മി ഉണ്ടാകുമെന്നും നിത്യനിദാനച്ചെലവുകൾ ചുരുക്കി വിഭവം സമാഹരിച്ച് ഏഴാം പദ്ധതി നടത്താൻ വളരെ ബുദ്ധിമുട്ടാണെന്നുമാണ് പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് കേന്ദ്രം നമ്മെ സഹായിച്ചില്ലെങ്കിൽ, കേന്ദ്രത്തിന്റെ നയങ്ങളിൽ മാറ്റം വരുത്തിയില്ലെങ്കിൽ ഈ ഗവൺമെന്റിന് മുന്നോട്ടു പോകാൻ കഴിയില്ലെന്നാണ് പറഞ്ഞത്. ശ്രീ. കെ. എം. മാണി അദ്ദേഹത്തിന്റെ ധവളപത്രത്തിൽ കേരളത്തിന്റെ സാമ്പത്തിക പ്രശ്നത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. അതിൽ പറഞ്ഞിരിക്കുന്നത്, ആറാം പഞ്ചവൽസരപദ്ധതിയിൽ ഉണ്ടാകുന്ന കമ്മി പൂർണ്ണമായി നികത്താൻ കഴിഞ്ഞില്ലെങ്കിൽ ഏഴാം പദ്ധതി പ്രവർത്തിക്കില്ലെന്നാണ്. സർ, ഗവർണ്ണർ പറഞ്ഞിരിക്കുന്നത് നമുക്ക് കഴിഞ്ഞകാലത്ത് ഉണ്ടായ സാമ്പത്തിക കുഴപ്പങ്ങളുടെ ഫലമായി ഏഴാം പദ്ധതി ഒരു സ്പിൽഓവർ പദ്ധതിയാണെന്നാണ്. ആറാം പദ്ധതിയിലെ കമ്മി നികത്താനല്ലാതെ ശ്രീ. ഹസ്സൻ ഇവിടെ പറഞ്ഞതു പോലെ വികസനപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്താൻ ഈ നിലയിൽ ഈ ഗവൺമെന്റിന് കഴിയുമെന്ന് ഗവർണ്ണർപോലും അവകാശപ്പെടുന്നില്ല. പക്ഷേ ഹസ്സൻ പറയുന്നു, ഞങ്ങൾ കാര്യക്ഷമമായി മുന്നോട്ടു പോകുമെന്ന്. എങ്ങനെ മുന്നോട്ടുപോകുമെന്നാണ്? ഈ വരുന്ന സാമ്പത്തിക വർഷാരംഭത്തിൽ സംസ്ഥാനത്തിന്റെ ധനകാര്യവും സാമ്പത്തികവുമായ നടത്തിപ്പ് കൂടുതൽ മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഞങ്ങൾ ശ്രമിക്കുമെന്നാണ് പറയുന്നത്. വരുന്ന സാമ്പത്തികവർഷാരംഭം മുതൽ മെച്ചപ്പെടുത്തുമെന്നുപറഞ്ഞാൽ ഈ സാമ്പത്തികവർഷാവസാനത്തിലും കുഴപ്പങ്ങളുണ്ടെന്നല്ലെയർത്ഥം? അങ്ങനെ ആരെങ്കിലും ചിന്തിച്ചുപോയിട്ടുണ്ടെങ്കിൽ അത് ശരിയല്ലെന്ന് മുൻകൂർ പറയുന്നു. ഗവർണ്ണറുടെ പ്രസംഗത്തിൽത്തന്നെ പറയുന്നു, ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്ന സമയത്ത് വളരെ ബുദ്ധിമുട്ടുള്ള ഒരു സാമ്പത്തികസാഹചര്യമാണ്. ഇവിടെ നിലനിന്നിരുന്നതെന്ന്. കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ ധനകാര്യമന്ത്രി പറഞ്ഞ ഒരു വാചകം ഞാൻ വായിക്കാം. പ്രതികൂല സാഹചര്യങ്ങൾ നേരിട്ടുകൊണ്ടും ആറാം പദ്ധതിയുടെ ധനകാര്യമാനേജ്മെന്റ് വിജയകരമായി നിർവഹിച്ചുവെന്ന് ഇതിൽ വ്യക്തമാണ്. ആറാം പദ്ധതിയുടെ ധനകാര്യമാനേജ്മെന്റ് വിജയകരമായി നിർവ്വഹിച്ചുവെന്ന് പറയുന്ന ധനകാര്യമന്ത്രിയുടെ പ്രസംഗവും ആറാം ധനകാര്യമാനേജ്മെന്റിന്റെ ഫലമായി ഉണ്ടായ കുഴപ്പങ്ങളിൽ നിന്നും ഏഴാം പദ്ധതി മുന്നോട്ടു കൊണ്ടുപോകുമ്പോൾ സ്പിൽഓവർ ഉണ്ടാകും എന്നു പറയുന്ന ഗവർണ്ണറുടെ പ്രസംഗവും കൂടി വച്ചതാണ് ഐക്യജനാധിപത്യമുന്നണി യെന്നുപറയുന്നത്. ഈ മുന്നണിയെ സംബന്ധിച്ചിടത്തോളം മുന്നണി യോജിച്ച് പോകുമെന്ന് ശ്രീ. ഹസ്സൻ പറഞ്ഞില്ല. ഹസ്സൻ നന്ദി. കോൺഗ്രസ് യോജിച്ച് പോകുമെന്നാണ് പറഞ്ഞത്. കോൺഗ്രസ് ഒറ്റക്കെട്ടായി ശ്രീ. കെ. കരുണാകരന്റെ നേതൃത്വത്തിൽ മുന്നോട്ടു പോകുമെന്നാണ് പറഞ്ഞത്. പാറപോലെ ഉറച്ചുനിൽക്കുമെന്ന് പറഞ്ഞു. എല്ലാവരും ഐയായി നിൽക്കുമെന്നാണ് പറഞ്ഞത്. പക്ഷേ പെരുമ്പാവൂരിൽപുറത്ത് പറയുന്നത്, ഐയും എയും കൂടി ചേർന്നപ്പോൾ 'അയ്യേ' എന്നായിയെന്നാണ്. എന്തെങ്കിലുമാകട്ടെ. ഈ ഐക്യജനാധിപത്യമുന്നണി ഒരുമിച്ച് നിൽക്കുമെന്ന് പറയുന്നില്ല. നമ്മൾ അത് കണ്ടതല്ലേ? ഐക്യജനാധിപത്യമുന്നണിയുടെ കമ്മിറ്റി കൂടിയാൽ എങ്ങനെയിരിക്കും? ഫയർഫോഴ്സിനെയും ആമ്പുലൻസിനെയും വിളിക്കാതെ ഐക്യജനാധിപത്യമുന്നണിയുടെ ഒരു കമ്മിറ്റി കൂടാൻ സാധിക്കുമോ? ഐക്യജനാധിപത്യമുന്നണിയിലെ ഘടകകക്ഷികൾ തമ്മിൽ കണ്ടാൽ രണ്ടുപേർ മെഡിക്കൽ കോളേജിലും മൂന്നുപേർ പോലീസ്റ്റേഷനിലുമായി തീരുകയേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ കുറെക്കാലമായിട്ട് ഇവിടെയെന്താണ് നടന്നത് ? ഇവിടെ പരിശുദ്ധപിതാവ് 'മാർപ്പാപ്പ' വന്നു. അദ്ദേഹം വന്നത്, ചാവറ അച്ഛനേയും അൽഫോൻസാമ്മയേയും വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിക്കാൻ വേണ്ടിയായിരുന്നു. ആ പരിശുദ്ധ പിതാവ് രണ്ടുപേരെ വാഴ്ത്തപ്പെട്ടവരാക്കിയെങ്കിൽ ആ സമയം ഉപയോഗിച്ച് രണ്ടുപേരെ വീഴുത്താനാണ് ശ്രീ. കരുണാകരൻ ശ്രമിച്ചത്. അദ്ദേഹം ധനകാര്യമന്ത്രിയെയും റവന്യൂ മന്ത്രിയെയും ഈ ചടങ്ങുകളിൽനിന്നൊക്കെ ഒഴിഞ്ഞുനിൽക്കാൻ ആവശ്യമായിട്ടുള്ള നിർദ്ദേശങ്ങൾ കേന്ദ്രത്തിൽനിന്ന് കൊടുപ്പിച്ചു. നമ്മുടെ ധനകാര്യമന്ത്രിയും റവന്യൂമന്ത്രിയും വികലാംഗരുടെ ലിസ്റ്റിൽപ്പെട്ട് വിശുദ്ധ കുർബ്ബാന കൈക്കൊള്ളുന്നത് ഞാൻ കണ്ടതാണ്. അവർക്ക് അവിടെ പ്രവേശനമുണ്ടായിരുന്നില്ല. ഐക്യജനാധിപത്യമുന്നണിക്ക് ഇങ്ങനെ പരസ്പരം മൽസരിക്കാനല്ലാതെ ഈ സംസ്ഥാനത്തിന്റെ താൽപ്പര്യം സംരക്ഷിക്കാൻ കഴിഞ്ഞില്ല. ഈ ഗവൺമെൻറ് കഴിഞ്ഞ ആറു മാസക്കാലമായി ഇൻറൻസീവ് കെയർ യൂണിറ്റിലാണ്. അത്യാസന്നനിലയിൽ കഴിയുന്ന ഈ ഗവൺമെൻറിന്റെ അന്ത്യകൂദാശയാണ് ഗവർണ്ണർ നടത്തിയ നയപ്രഖ്യാപനം. ഈ ഗവൺമെൻറിനു തുടർന്നുപോകാൻ കഴിയില്ല. മുഖച്ഛായ മാറാൻപോയ, പരസ്പരം കലഹിക്കുന്ന ഒരു മുന്നണിയും മുഖം നഷ്ടപ്പെട്ട മുഖ്യമന്ത്രിയും ജനങ്ങളുടെമേൽ ഒരു ഭാരമാണ്. ജനങ്ങളുടെമേൽ ഒരു ഭാരമായിരിക്കുന്ന ഈ ഗവൺമെൻറിനു അധികാരത്തിൽ തുടരാൻ അവകാശമില്ലെന്നു പറഞ്ഞാൽ പ്രതിപക്ഷം പറയുന്നതു തെറ്റാണെന്നു പറയാൻ ശ്രീ. ഹസ്സനു കഴിയുമോ ? അദ്ദേഹം രാഷ്ട്രീയ കാര്യങ്ങളെക്കുറിച്ച് ഇവിടെ പറഞ്ഞു.

സർ, ഗവർണ്ണറുടെ നയപ്രഖ്യാപനപ്രസംഗത്തിൽ പഞ്ചാബിനെക്കുറിച്ച് പറഞ്ഞു. ദേശീയതലത്തിലാണ് ശ്രീ. ഹസ്സൻ നിൽക്കുന്നത്. ഈ സംസ്ഥാന ഗവൺമെൻറിന്റെ കാര്യങ്ങളെക്കുറിച്ച് പറയാൻ അദ്ദേഹത്തിനു കഴിയാത്തതുകൊണ്ട് ദേശീയ തലത്തിലേക്ക് അദ്ദേഹം ഉയർന്നുപോയി. എന്നാൽ പഞ്ചാബ് തീരുമാനത്തിനു കമ്മ്യൂണിസ്റ്റ് പാർട്ടി പിന്തുണ നൽകിയ പാർട്ടിയാണ്. ആ പഞ്ചാബ് തീരുമാനം നടപ്പിലാക്കുന്നതിനു ഇൻഡ്യഗവൺമെൻറ് കുറ്റകരമായ അനാസ്ഥ കാണിക്കുന്നുവെന്ന ആക്ഷേപവും ഞങ്ങൾക്കുണ്ട്. ഹരിയാന ഗവൺമെൻറ് വിദേശ രാജ്യത്തുള്ള വരുടെ ഗവൺമെൻറല്ല. പഞ്ചാബിന്റെ തർക്കങ്ങൾ പരിഹരിക്കുന്നതിനു വേണ്ടി കമ്മീഷനെ നിയമിച്ചതിനുശേഷം ആ കമ്മീഷന്റെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനും സമാധാനപരമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഏറ്റവും കൂടുതൽ തടസ്സമായി നിൽക്കുകയും ആ നടപടിയിൽനിന്ന് പിന്നോട്ടുപോവുകയും ചെയ്യുന്നത് കേന്ദ്ര ഗവൺമെൻറാണെന്നുള്ളതിൽ ആർക്കാണ് തർക്കം ? തൊട്ടപ്പുറത്ത് ഹരിയാനയിൽ ഹസ്സന്റെ പാർട്ടിക്കാരുടെ ഗവൺമെൻറല്ലേ ഭരിക്കുന്നത് ? ആ ഗവൺമെൻറ് എന്തു ചെയ്യുന്നു ? ഈ പ്രശ്നം പരിഹരിക്കാൻവേണ്ടി കേരളനിയമസഭയിൽ ഗവർണ്ണർ രാമചന്ദ്രൻ ചെയ്തതുപോലെയുള്ള ഒരു പ്രസംഗം ഹരിയാന നിയമസഭയിൽ ചെയ്താൽ ആ ഗവർണ്ണറുടെ സ്ഥിതിയെന്താകുമെന്ന് ആലോചിക്കാവുന്നതേയുള്ളൂ. ഈ രാജ്യത്തിന്റെ അഖണ്ഡതയും ഐക്യവും സംരക്ഷിക്കുന്നതിനുവേണ്ടി കമ്മ്യൂണിസ്റ്റു പാർട്ടി ഉൾപ്പെടെയുള്ള പാർട്ടികളും ദേശീയതലത്തിൽ സഹകരിക്കും, അതിനുള്ള നിർദ്ദേശങ്ങളും മുന്നോട്ടു വച്ചിട്ടുണ്ട്. എന്നാൽ പാറ്റ്നാ സമ്മേളനത്തിൽ തീരുമാനിച്ച് ഞങ്ങളും കോൺഗ്രസ്സിന്റെ കൂടെവരുമെന്ന് ഹസ്സൻ പറഞ്ഞത് അൽപ്പം കടന്ന കയ്യായിപ്പോയി. ആ 'വെള്ളം അങ്ങ് വാങ്ങിവെച്ചാൽ മതി കമ്മ്യൂണിസ്റ്റുപാർട്ടി അതിന്റെ രാഷ്ട്രീയമായ നിലപാടുകളിൽ ഉറച്ചു

LIBRARY ARCHIVES Kerala Legislative Assembly

നിന്നുകൊണ്ട് ഈ കോൺഗ്രസ് ഗവൺമെൻറിന്റെ തെറ്റായ സാമ്പത്തിക, രാഷ്ട്രീയ നയങ്ങൾക്ക് എതിരായി പൊരുതുന്ന ഒരു പ്രസ്ഥാനമായി ഉറച്ചുതന്നെ മുന്നോട്ടുപോകുമെന്ന് പാറ്റ്നാ സമ്മേളനത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. രാജ്യത്തിന്റെ ഐക്യം സംരക്ഷിക്കുന്നതിനുവേണ്ടി ദേശീയ ഗവൺമെൻറുമായി സഹകരിക്കുമെന്ന് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ രാഷ്ട്രീയ പ്രമേയത്തിലെ ഒരു വാചകമെടുത്ത് അതിനെ വ്യാഖ്യാനിച്ചാണ് ശ്രീ. ഹസ്സൻ പറഞ്ഞത്. വർഗ്ഗീയതയ്ക്കെതിരായി നിങ്ങളോട് കൂടാൻ ശ്രമിച്ചില്ലല്ലോ ? പറ്റില്ല നിങ്ങൾ എല്ലാ വർഗ്ഗീയ ശക്തികളുടെയും കൂടെയാണ് നിൽക്കുന്നത്. മാത്രമല്ല, ഇപ്പോൾ ഏറ്റവും അവസാനമായി നമ്മുടെ രാജ്യത്തെ ക്യൂൻപ്രധാനമന്ത്രി പാർലമെൻറിൽ അവതരിപ്പിച്ച പുതിയ നിയമം കോൺഗ്രസ്സുകാർക്കിടയിൽപോലും പ്രതിഷേധമുണ്ടാക്കിയില്ലേ ? അതിന്റെപേരിൽ ആരിഫ് മുഹമ്മദ്ഖാൻ രാജിവച്ചില്ലേ ? അപ്പോൾ ഹസ്സൻ ആരുടെകൂടെയാണ് ? മുസ്ലീംലീഗിന്റെ കൂടെയാണോ, അതോ ആരിഫിന്റെ കൂടെയാണോ ? കോൺഗ്രസ്സുകാർ ആലോചിക്കണം, ഇങ്ങനെയുള്ള ഒരു സാഹചര്യത്തിൽ വർഗ്ഗീയതയെ പ്രോൽസാഹിപ്പിക്കാൻവേണ്ടി കോൺഗ്രസ്സ് ഉൾപ്പെടെയുള്ള പാർട്ടികൾ പരിശ്രമിക്കുമ്പോൾ ആ വർഗ്ഗീയതയ്ക്കെതിരായി പോരാടാനും ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാനുംവേണ്ടിയാണ് കമ്മ്യൂണിസ്റ്റ് പാർട്ടി നിലനിൽക്കുന്നത്. ഈ ജനങ്ങളുടെ അവകാശങ്ങൾക്കുവേണ്ടിയുള്ള പ്രക്ഷോഭണങ്ങൾ ഞങ്ങൾ സംഘടിപ്പിക്കുമ്പോൾ ഗവൺമെൻറ് അതിനെ തല്ലിത്തകർക്കാൻവേണ്ടി ശ്രമിക്കുകയാണ്. ഈ ഗവൺമെൻറ് ജനങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന ഗവൺമെൻറല്ല. ഈ ഗവൺമെൻറ് നമ്മുടെ സംസ്ഥാനത്ത് അധികാരത്തിൽ വന്നതിനുശേഷം നമ്മുടെ നാട്ടിലെ ജനങ്ങളുടെ മൗലികമായ അവകാശങ്ങൾക്ക് അനുകൂലമായി പ്രതികരിക്കാതെ പരസ്പരം കലഹിക്കുന്ന ഈ മുന്നണിക്ക് കഴിഞ്ഞ നിയമ സഭാസമ്മേളനത്തിനുശേഷം ഇന്നുവരെ എന്തെങ്കിലും ചെയ്യാൻ കഴിഞ്ഞുവെന്ന് അവകാശപ്പെടാൻ കഴിയുമോ ? അങ്ങനെ തരണം സ്തംഭിച്ചിരിക്കുന്നു. ഒരു വാചകംകൂടി ഞാൻ പറഞ്ഞുകൊള്ളട്ടെ. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ നമ്മുടെ പൊതുമേഖലാസ്ഥാപനങ്ങളെക്കുറിച്ച് പറയുന്ന ഒരുഭാഗമുണ്ട്. അതിൽ അദ്ദേഹം പറഞ്ഞിരിക്കുന്നു, ഈ ഗവൺമെൻറ് ഇത്രയും ആത്മാർത്ഥമായി പരിശ്രമിച്ചിട്ടും നമ്മുടെ പൊതുമേഖലായൂണിറ്റുകൾ തക്കസമയത്തിന് മരവിപ്പിക്കാൻ കഴിഞ്ഞിട്ടില്ലെന്ന്. എന്താണിതിന്റെ അർത്ഥം ? ഇനിയും ആവശ്യമായ പരിശ്രമങ്ങൾ നടത്തുമെന്നാണോ അതിന്റെയർത്ഥം ? ഇതുപോലെ അബദ്ധങ്ങൾ നിറഞ്ഞ, ജനങ്ങളോട് കൂറു പുലർത്താത്ത ഒരു പ്രസംഗത്തിന് നന്ദിയല്ല അർഹിക്കുന്നതെന്നുള്ളതുകൊണ്ട് ഈ നന്ദിപ്രമേയത്തെ ഞാൻ എതിർക്കുന്നു.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, ശ്രീ. എം. എം. ഹസ്സൻ ഇവിടെ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. പ്രധാനമായും ഈ പ്രമേയത്തെ അനുകൂലിക്കുന്നതിന് മൂന്നു കാരണങ്ങളുണ്ട്. ഒന്ന്, ഗവർണ്ണറുടെ പ്രസംഗം ദേശീയ തല സംവേദികാസങ്ങളെ സംബന്ധിച്ചിടത്തോളം സത്യസന്ധമായ ഒരു വിശകലനമാണ്; രണ്ടാമതായി, ഈ സംസ്ഥാനത്തെ ബാധിക്കുന്ന ഗൗരവതരമായ കാര്യങ്ങളെക്കുറിച്ച് വ്യക്തമായ ഒരുൾക്കാഴ്ച അതിലുണ്ട്. മൂന്നാമത്, നമ്മുടെ സംസ്ഥാനത്ത് ലഭ്യമായ വിഭവശേഷി ഫലപ്രദമായും പ്രയോജനകരമായും, ഉപയോഗപ്പെടുത്തി സംസ്ഥാനത്തേയും ജനങ്ങളേയും പുരോഗതിയിലേക്ക് നയിക്കാനുള്ള വ്യക്തമായ രൂപരേഖയും പ്രസംഗത്തിലുണ്ട്. നമ്മുടെ കാർഷിക വ്യാവസായിക വളർച്ചയുടെയും തൊഴിലാളികളുടെയും സാധാരണക്കാരുടെയും

LIBRARY ARCHIVES Kerala Legislative Assembly

ക്ഷേമത്തിനും വേണ്ടിയുള്ള രചനാത്മകമായ ചില പരിപാടികളും അതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന കാര്യം ശ്രദ്ധേയമാണ്. നമ്മുടെ സംസ്ഥാനത്തിന്റെ വളരെ പ്രധാനമായ ഒരു കാര്യമാണ് വ്യാവസായിക വളർച്ച. വ്യാവസായിക വളർച്ചയുടെ കാര്യത്തിൽ 16 കോടി രൂപ മൂലധന നിക്ഷേപമുള്ള പതിനൊന്നു പ്രോജക്ടുകളും കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് കോർപ്പറേഷൻ ഇക്കൊല്ലം പൂർത്തിയാക്കുമെന്ന് അതിൽ കാണിച്ചിട്ടുണ്ട്. 114 കോടി രൂപയൊത്തു മൂലധന ഔട്ട്ലേ ഉൾക്കൊള്ളുന്ന മുപ്പത്തിയെട്ടോളം പ്രോജക്ടുകളും പൂർത്തിയാക്കാനുള്ള ഗണ്യമായ പരിപാടി ഗണ്യമായി പുരോഗമിച്ചിട്ടുണ്ടെന്നും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. 1986-87-ൽ 3600 ഓളം ചെറുകിട വ്യാവസായിക യൂണിറ്റുകളും രജിസ്റ്റർ ചെയ്യാനുള്ള ടാർജറ്റ് ഇട്ടുകൊണ്ടാണ് ഗവൺമെന്റ് മുമ്പോട്ടു പോകുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതുപോലെതന്നെ നമ്മുടെ തൊഴിൽ രംഗത്തെ സംബന്ധിച്ചിടത്തോളം ചില കാര്യങ്ങളുണ്ട്. നിർമ്മാണപ്രവർത്തനത്തിലും സഹകാരിആശുപത്രികളിലും കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും സിനിമാ തിയേറ്ററുകളിലും ജോലി ചെയ്യുന്ന പരശതം തൊഴിലാളികൾക്ക് ക്ഷേമനിധി ഉണ്ടാക്കുമെന്നും അതിൽ ഉറപ്പ് നൽകിയിട്ടുണ്ട്. കയർ തൊഴിലാളികൾക്കും ചെത്തു തൊഴിലാളികൾക്കും ചുമട്ടു തൊഴിലാളികൾക്കും ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിക്കുമെന്നു പറഞ്ഞിട്ടുണ്ട്. അസംഘടിത മേഖലയിലെ കർഷകത്തൊഴിലാളികൾക്ക് റിസ്ക്-കം-പ്രോവിഡന്റ് ഫണ്ട് സ്കീം ആവിഷ്കരിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. ഇത്രയും ജനോപകാരപ്രദമായ വിവിധ വകുപ്പുകളുടെ ഫലപ്രദമായ പ്രവർത്തനങ്ങളെ സംബന്ധിച്ച് വ്യക്തമായ രൂപരേഖ നൽകിയ പ്രസംഗം തീർത്തും നന്ദി അർഹിക്കുന്നതാണ്. പക്ഷെ അപ്പുറത്ത് പ്രസംഗിച്ച എന്റെ സുഹൃത്തുക്കൾ ചൂണ്ടിക്കാണിച്ചത് ഈ ഗവൺമെന്റിന് ഈ പറയുന്ന കാര്യങ്ങളൊന്നും നടപ്പിലാക്കാൻ കഴിയില്ലായെന്നാണ്. അതിന് അവർ ചൂണ്ടിക്കാണിക്കുന്ന കാരണം ഇപ്പുറത്ത് ഐക്യമില്ലായെന്നാണ്. ശ്രീ. കാനം രാജേന്ദ്രൻ ഇപ്പോൾ പ്രസംഗിച്ചപ്പോൾ പറഞ്ഞതു നമ്മുടെ ഗവൺമെന്റിന്റെ കക്ഷികൾ യോഗം ചേരുകയാണെങ്കിൽ ഫയർ സർവ്വീസിനെയും ആംബുലൻസിനെയും ഒക്കെ റെഡിയാക്കി നിർത്തിയിട്ട് ചേരണമെന്നാണ്. ഈ ആക്ഷേപം ഉന്നയിക്കുന്ന ആളുകളോട് വളരെ വിനീതമായി ഞാൻ ചോദിക്കുകയാണ് നിങ്ങളുടെ പാളയത്തിലെ സ്ഥിതിയെന്താണ്. അവിടെ വമ്പിച്ച ഐക്യമാണ് ഒരേ താളമായി ഒരേ രാഗമായി ഒരേ ലയമായി മുമ്പോട്ടു പോവുകയാണ്. പക്ഷെ ഞങ്ങൾ തമ്മിൽ എന്തൊക്കെ ചർച്ച നടത്തിയിരുന്നുവെങ്കിലും സി. പി. എം. കാർ സി. പി. ഐക്കാരെ പറഞ്ഞതുപോലെയുള്ള പദം ഞങ്ങളുടെ ജീവിതത്തിൽ ഞങ്ങൾ ഉപയോഗിക്കുകയില്ലായെന്ന് ഇവിടെ വ്യക്തമാക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. എന്താണ് അവർ തമ്മിലുള്ള ലോഹ്യത്തിന്റെ സ്ഥിതി ? നമ്മുടെ നാട്ടിൽ ആർക്ക്. ആരോടെങ്കിലും സ്നേഹം തോന്നിയാൽ എന്റെ പ്രിയപ്പെട്ട സുഹൃത്തേ, എന്റെ പ്രിയപ്പെട്ടവനേ, കുറച്ചുകൂടി പുരോഗമിക്കുകയാണെങ്കിൽ O 'my sweety, O 'my darling' എന്നൊക്കെ വിളിക്കുമത്രെ. പക്ഷെ സി. പി. എം. കാർ സി. പി. ഐ. ക്കാരോട് സ്നേഹം തോന്നുമ്പോൾ O 'my sectarian, O 'my revisionist എന്നൊക്കെയാണ് വിളിക്കുന്നത്. അവർ തമ്മിലുള്ള പ്രണയലേഖനങ്ങൾ ദേശാഭിമാനിയിലും ജനയുഗത്തിലും വ്യാപകമായി കൈമാറിക്കൊണ്ടിരിക്കുന്നു. ആ കൈമാറിക്കൊണ്ടിരിക്കുന്ന സ്വഭാവത്തിലേക്ക് വിശദമായി കടക്കാൻ ഇവിടെ സമയമില്ലെങ്കിലും നമ്മുടെ സി. പി. ഐ.-ക്കാരെക്കുറിച്ച് സി. പി. എം. കാർ പറയുന്നത് എന്താണെന്നറിയാമോ ? അവർ പറയുന്നത് സി. പി. എം. കാർ വ്യാഖ്യാനിക്കുകയാണ്. ഇത് ദേശാഭിമാനിയിൽ വന്നതാണ്. "സഖാവ് ഇ. എം. എസ്. നമ്പൂതിരിപ്പാടിനെ വിമർശിക്കുന്നതിന്റെ മറവിൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നയപരിപാടികളാകെ

LIBRARY ARCHIVES Kerala Legislative Assembly

എതിർക്കാൻ അത്യന്തം വിചിത്രമായ അസത്യങ്ങളും അർദ്ധസത്യങ്ങളും വാരി വിതറി പാപ്പരത്വത്തിന്റെ പടുകുഴിയിൽ അകപ്പെട്ട് പരിഹാസ പാത്രമായി തീർന്നിരിക്കുന്ന തങ്ങളുടെ റിവിഷണലിസ്റ്റ് അവസരവാദനയത്തെ ന്യായീകരിക്കുവാനുള്ള ആവർത്തന പരിശ്രമത്തിലാണ് ബലറാം വീണ്ടും ഏർപ്പെട്ടിരിക്കുന്നത്. (അച്യുതാനന്ദൻ ദേശാഭിമാനിയിൽ). സർ, ഇവർ തമ്മിൽ വമ്പിച്ച ലോഹ്യത്തിലാണ്. അച്യുതാനന്ദൻ ഇങ്ങനെ പറഞ്ഞതിന് അച്യുതാനന്ദനോടും അദ്ദേഹത്തെ പറയിപ്പിച്ച നമ്പൂതിരിപ്പാടിനോടും ശ്രീ. ബലറാം മറുപടി കൊടുത്തിട്ടുണ്ട്. ആ മറുപടി അവർക്കുവേണ്ടി മാത്രമുള്ളതല്ല, എല്ലാ മാർക്സിസ്റ്റുകാരും നടത്തുന്ന എല്ലാ പ്രചാരവേലകൾക്കുമുള്ളതാണ്. അദ്ദേഹം പറഞ്ഞു, റിവിഷണലിസം പുതിയതും പഴയതുമെന്ന വാദം ശ്രീ. നമ്പൂതിരിപ്പാട് ഉന്നയിക്കുന്നത് ഇപ്രകാരമാണ്. 1865-ൽ ലീഗുമായി ചേരാത്തത് പഴയ റിവിഷണലിസം. 1985-ൽ ലീഗുമായി ചേർന്നത് പുതിയ റിവിഷണലിസം. അപ്പോൾ റിവിഷണലിസത്തിന്റെ മാനദണ്ഡം കൊല്ലം മാത്രമാണ്. 1965-ൽ ചന്ദ്രൻ മേടത്തിൽ നിൽക്കുന്നത് ശുക്രപക്ഷം. 1985-ൽ ചന്ദ്രൻ മേടത്തിൽ നിൽക്കുന്നത് ശനിദശ. ഈ രണ്ടു കാര്യങ്ങളിലും ലയനത്തിൽ വ്യത്യാസമില്ല. മന്തുകാൽ മൂടി മറ്റുള്ളവരെ മന്തുകാലനെന്നു വിളിക്കുന്നത് എന്തിനാണെന്നാണ് എന്റെ ചോദ്യം. ആ ചോദ്യം ചോദിക്കുന്നതിനോടൊപ്പം നമ്മുടെ സി. പി. ഐ. ക്കാരുടെ പരാതിയെന്താണെന്നു വച്ചാൽ ഈ ന്യായക്കേടു മുഴുവനും പറയുന്നത് ഞങ്ങളാ പൊറുത്തേക്കാം. പക്ഷെ നേരെ ചൊവ്വേ മാർക്സിസ്റ്റുകാർ ഞങ്ങളെ പേരുപോലും വിളിക്കുന്നില്ലായെന്നാണ് സി. പി. ഐ. ക്കാരുടെ സങ്കടം. 'ബലറാം തന്നെ അദ്ദേഹത്തിന്റെ ലേഖനത്തിൽ പറയുന്നത്, ''ഞങ്ങളുടെ പാർട്ടിയെ അകാരണമായും അടിസ്ഥാനരഹിതമായും കയറി ആക്രമിക്കാൻ ശ്രീ. നമ്പൂതിരിപ്പാട് ഒരുമ്പെടുന്നതെന്തിനാണെന്ന് മനസ്സിലായിട്ടില്ല. ഞങ്ങളുടെ പാർട്ടിയെ ഇപ്പോൾ അദ്ദേഹം വിളിക്കുന്നത് വലതു പാർട്ടി, റിവിഷണലിസ്റ്റു പാർട്ടി എന്നെല്ലാമാണ്. ഇടയ്ക്കിടെ സോഷ്യലിസ്റ്റ് ഡമോക്രാറ്റിക് പാർട്ടി എന്നെല്ലാം പറയും. കമ്മ്യൂണിസ്റ്റ് പാർട്ടി എന്താണെന്നും ഏതാണെന്നുമുള്ള കാര്യത്തിൽ വിധി പറയാൻ അധികാരമുള്ള സുപ്രീം കോടതിയെപ്പോലെയാണ് മാർക്സിസ്റ്റ് നേതൃത്വം പെരുമാറുന്നത്' എന്നാണ് അദ്ദേഹം പറയുന്നത്. മാത്രമല്ല, ഇങ്ങനെയൊക്കെ ഒരു സഹതാപം പറഞ്ഞിട്ടും മാർക്സിസ്റ്റുകാർക്ക് വല്ല മനമാറ്റവുമുണ്ടോ ? അവർ പറയുന്നത് എന്താണെന്നു വച്ചാൽ വിളിക്കുമെന്നു തന്നെയാണ്. വിളിച്ചതു മാത്രമല്ല മേലിലും വിളിക്കും. വിളിക്കാൻ ഒരു കാരണമുണ്ട്. ''ഞങ്ങളെ ചൈനാചാരൻമാരെന്നും അവിഭക്ത പാർട്ടിയെ മലങ്കോവിന്റെ മക്കളെന്നും ചിലർ വിളിച്ചതുപോലെ നിങ്ങൾ വിളിച്ചില്ലേ? ബലറാം 1962-ലും 1965-ലും ഞങ്ങളുടെ രാജ്യസ്നേഹത്തെ നിങ്ങളടക്കം പലരും ചോദ്യം ചെയ്തില്ലേ ബലറാം. ഞങ്ങളിൽ പലരേയും ജയിലിലടച്ചില്ലേ? എന്നാൽ നെറികെട്ട നുണകൾ അധികകാലം വില പോവുകയില്ല.'' എന്നു മാത്രമല്ല ലയനം എന്നു പറഞ്ഞിട്ട് സി. പി. ഐ. കാർ കൂടിയതെന്തിനാണെന്ന് ശരിക്ക് മനസ്സിലായിട്ടുണ്ടെന്നാണ് സഖാവ് നമ്പൂതിരിപ്പാട് പറയുന്നത് ആ അടവ് മനസ്സിലായിട്ടുണ്ട്. ഒരുവശത്ത് ലയന മുദ്രാവാക്യം മുഴക്കിഞെക്കിക്കൊല്ലുന്നു മറുവശത്ത് മാർക്സിസ്റ്റ് പാർട്ടി ഇതുവരെ എടുത്തതെല്ലാം തെറ്റെന്ന് വച്ച് ഞെക്കിക്കൊല്ലാനുമുള്ള സി. പി. ഐ. കാരുടെ വിഘടതന്ത്രത്തിന്റെ ലാക്ക് എന്താണെന്ന് സൂക്ഷ്മ നിരീക്ഷകർക്ക് മനസ്സിലാക്കിയിട്ടുണ്ട്. ഇപ്പോൾ ഇവർ തമ്മിൽ വമ്പിച്ച ഐക്യംതന്നെ ഐക്യമാണെന്നു മാത്രമല്ല, ജീവിച്ചിരിക്കെ മുഴുവൻ സി. പി. ഐ. കാരെയും ദ്രോഹിച്ചിട്ട് പരേതനായ ശ്രീ. ടി. വി. തോമസിനെയുംകൂടി ആക്ഷേപിക്കാൻ സഖാവ് നമ്പൂതിരിപ്പാട് മുമ്പോട്ട് വന്നിട്ടും അപ്പുറത്തുള്ള സി. പി. ഐ. കാർ-ശ്രീ. കാനം രാജേന്ദ്രനൊക്കെ ഞങ്ങളോട് ഇങ്ങോട്ട് തിരിഞ്ഞ് ബഹളം

LIBRARY ARCHIVES Kerala Legislative Assembly

കൂട്ടുകയാണ്. ശ്രീ. ടി. വി. തോമസിനെ അടക്കം മാർക്സിസ്റ്റ് പാർട്ടി നേതാവ് സഖാവ് നമ്പൂതിരിപ്പാട് ആക്ഷേപിച്ചതുകൊണ്ട് അവസാനം ഗതിമുട്ടി സഖാവ് അച്ചുതമേനോൻ പോലും പുറത്തു പറയേണ്ടി വന്നു. ബാലറാമും അച്ചുതാനന്ദനും തമ്മിൽ എന്തെങ്കിലും ആയിക്കോട്ടെ എന്നു വിചാരിച്ച് ശ്രീ. അച്ചുതമേനോൻ മിണ്ടാതിരുന്നതാണ്. പക്ഷെ അവസാനം ശ്രീ. അച്ചുതമേനോൻ ജനയുഗത്തിൽ എഴുതിയ ലേഖനത്തിൽ ഇപ്രകാരം പറഞ്ഞു "പടിഞ്ഞാറൻ ബംഗാൾ ഗവൺമെൻറിന്റെ വ്യാവസായിക നയത്തെ ന്യായീകരിച്ചുകൊണ്ട് ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് പലതും പറഞ്ഞ കൂട്ടത്തിൽ പണ്ട് ശ്രീ. ടി. വി. തോമസ് ജപ്പാൻ സന്ദർശിച്ചതിനെപ്പറ്റിയും പരാമർശിച്ചതായി കാണുന്നു. ശ്രീ. ടി. വി. തോമസ് അന്ന് ചെയ്തത് റിവിഷണലിസവും ശ്രീ. ജോതിബാസു ഇന്ന് ചെയ്യുന്നത് വിപ്ലവമാണെന്ന് പറയുകയാണ് ശ്രീ. നമ്പൂതിരിപ്പാട് ചെയ്യുന്നത്. എന്നിട്ട് അവസാനം ശ്രീ. അച്ചുതമേനോൻ ഒരപേക്ഷയും പരേതനായ ശ്രീ. ടി. വി. തോമസിനെ വെറുതെ വിട്ടേക്കു എന്നു പറഞ്ഞു. ഇന്ന് ജീവിച്ചിരിക്കുന്ന സി. പി. ഐ. നേതാക്കൻമാരെയും മരിച്ചുപോയ സി. പി. ഐ. നേതാക്കൻമാരെയും മാർക്സിസ്റ്റ് പാർട്ടി ആക്ഷേപിക്കുന്ന സ്വരവും പദവും ഇതാണ്. മേയ്ദിനം ഒരുമിച്ച് ആചരിക്കാൻ തുടങ്ങിയിടം മുതൽ ആരംഭിച്ച ലോഹ്യം അവസാനം മിടുക്ക് മെയ് അങ്ങോട്ടും ഇങ്ങോട്ടും പ്രയോഗിക്കുന്നതുവരെ ചെന്നു നിൽക്കുന്നു. ഞങ്ങളെക്കുറിച്ച് ആക്ഷേപം ഉന്നയിക്കുന്ന, ഇപ്പോൾ വർഗ്ഗീയതയെ പരിപോഷിപ്പിക്കുന്നത് ഞങ്ങളാണ് എന്ന് ആരോപണം പറയുന്ന ശ്രീ. കാനം രാജേന്ദ്രൻ ഒരു കാര്യം ഓർക്കണം, ശ്രീ. ബാലറാം തന്നെ 'ജനയുഗം' പത്രത്തിൽ മാർക്സിസ്റ്റുകാരോട് പറഞ്ഞത്, കൽക്കട്ട കോർപ്പറേഷനിൽ ഒരു ബി. ജെ. പി. ക്കാരനെ ഒരു കമ്മിറ്റിയുടെ ചെയർമാൻ ആക്കിയത് മാർക്സിസ്റ്റുകാരാണെന്നാണ്. അതിൽ പ്രതികരിക്കാൻ ശക്തിയില്ലാത്തവരാണ് അപ്പുറത്തിരിക്കുന്നത്. തല്ലുന്ന കരങ്ങളെ തലോടുവാനും ചവിട്ടുന്ന കാലുകളെ ചുംബിക്കുവാനും ഉള്ള ഒരുതരം പതനത്തിൽ അവർ ചെന്നെത്തുന്നു. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഒരു കാര്യമാണ് ചൂണ്ടിക്കാണിക്കുവാനുള്ളത്. ഞങ്ങളുടെ ഈ ഗവൺമെൻറ് വളരെ ഫലപ്രദമായി മുമ്പോട്ടു നീങ്ങുന്നതിനെക്കുറിച്ച് വളരെ സമഗ്രമായി ചില ചർച്ചകൾ നടത്തിയിട്ടുണ്ട്. ആ ചർച്ചകൾകൊണ്ട് ഒക്കെ അനൈക്യമാണെന്നും ഈ മന്ത്രിസഭ പൊളിഞ്ഞുപോകുമെന്നുമൊക്കെ അവർ കണക്കു കൂട്ടിയിട്ടുണ്ടെങ്കിൽ അവരുടെ കണക്കു കൂട്ടലൊക്കെ തെറ്റാണെന്നു മാത്രമേ ഞാൻ പറയുന്നുള്ളു. കനൽക്കട്ടകൾക്കിടയിൽവച്ച് പൊന്നൂതി ശരിപ്പെടുത്തുന്നത് പൊന്ന് ഉരുക്കിക്കളയാനല്ല. ഊതിക്കാച്ചിയ പൊന്നിന്റെ പൊലിമയോടുകൂടി അത് തിരിച്ചു കൊണ്ടുവരാനാണ് എന്നതാണ് ഇവിടെ തെളിയിക്കപ്പെട്ട സത്യം.

ഇവിടെ വളരെ വ്യക്തമായ ഒരു കാര്യം, ഈ രാജ്യത്ത് വളർന്നു വരുന്ന സംഘവൽകാസങ്ങളെക്കുറിച്ച് അപ്പുറത്തുള്ളവർ ധാർമ്മികരോക്ഷത്തോടുകൂടി പ്രസംഗിച്ചു. ഇവിടെ വർഗ്ഗീയ പ്രീണിത നയം നടക്കുന്നുയെന്ന്. കോൺഗ്രസ് വർഗ്ഗീയ പ്രീണിതത്തിന് കീഴ്പ്പെട്ടിരിക്കുന്നുയെന്ന്. ശ്രീ. രാജീവ്ഗാന്ധി വർഗ്ഗീയവാദികളുടെ മുമ്പിൽ മുട്ടുകുത്തിയിരിക്കുന്നുയെന്നു തുടങ്ങിയ ആരോപണങ്ങളൊക്കെയായിട്ട് ഇപ്പോൾ രംഗപ്രവേശം ചെയ്തിരിക്കുന്നവരോട് അഭിമാനത്തോടുകൂടി ഒരുകാര്യം പറയാൻ ഞാനാഗ്രഹിക്കുകയാണ്. ശ്രീ. രാജീവ്ഗാന്ധിയുടെ നയങ്ങളും ഇപ്പോൾ പാർലമെൻറിൽ അദ്ദേഹം അവതരിപ്പിച്ചിട്ടുള്ള ബില്ലിനെത്തുടർന്നുള്ള സാഹചര്യങ്ങളും വിലയിരുത്തുമ്പോൾ അഭിമാനത്തോടുകൂടിയാണ് ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗ് അദ്ദേഹത്തിന്റെ നയങ്ങളെ അംഗീകരിക്കുന്നത്. മതേതരത്വത്തിന്റെ പൂർണ്ണമായ ശിൽപ്പി എന്നനിലയിൽ മതേതരത്വ

LIBRARY ARCHIVES Kerala Legislative Assembly

ഭാരതത്തിന് രൂപവും ഭാവവും നൽകാൻ കെൽപ്പുള്ള പ്രധാനമന്ത്രിയെന്ന നിലയിൽ ശ്രീ. രാജീവ് ഗാന്ധി ഇക്കാര്യത്തിലെടുത്ത നയപരിപാടികളെ അംഗീകരിക്കുന്നതിന് ഞങ്ങളുടെ പാർട്ടിക്ക് അഭിമാനമുണ്ട്.

സർ, മുസ്ലീം ലീഗ് ഈ രാജ്യത്ത് വർഗ്ഗീയ പിന്തിരിപ്പൻ നയങ്ങളെ പ്രോൽസാഹിപ്പിക്കുന്നുയെന്നു പറയുന്ന വാദത്തെക്കുറിച്ച് ഒരു കാര്യംകൂടി പറയാൻ എന്നെ അനുവദിക്കണം. മുസ്ലീം ലീഗ്, ഇൻഡ്യാ രാജ്യത്തെടുത്ത സമീപനം ഇൻഡ്യയിൽ ജനാധിപത്യവാദികൾക്കാകെ മാതൃകയാണ്. ഷാബാനു കേസിനെത്തുടർന്ന് സുപ്രീംകോടതി ഒരു വിധി പ്രഖ്യാപിച്ചു. ആ വിധിയെത്തുടർന്ന് ഇൻഡ്യയിലെ മുസ്ലീങ്ങൾക്കുണ്ടായ പ്രശ്നം പരിഹരിക്കുന്ന കാര്യത്തിൽ ഇൻഡ്യൻ മുസ്ലീം ലീഗ് നേതൃത്വം എടുത്തുപോന്ന ജനാധിപത്യ ശൈലി ഈ രാജ്യത്തെ മുഴുവൻ ജനങ്ങൾക്കും മാതൃകയാണ്. ഇൻഡ്യയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻവേണ്ടി പല പ്രക്ഷോഭണങ്ങളും പലരും നടത്തിയിട്ടുണ്ട്. കോടി കണക്കിന് ഉറുപ്പിക രാജ്യത്തെ പൊതുസ്വത്തിൽ നഷ്ടപ്പെടുത്തിയിട്ടുണ്ട്. എത്രയോ ജീവൻ കളയേണ്ടിവന്നിട്ടുണ്ട്. എന്നാൽ ഒരു പ്രാണിയെപ്പോലും ചവിട്ടിനോവിക്കാതെ ഒരു മില്ലിക്കാശുപോലും രാഷ്ട്രത്തിന്റെ പൊതുഖജനാവിൽ നിന്ന് നഷ്ടപ്പെടുത്താതെ, ജനാധിപത്യത്തിന്റെ പൂർണ്ണമായ അടവുകൾ പ്രയോഗിച്ചുകൊണ്ട് ഇൻഡ്യയിൽ മുസ്ലീങ്ങൾക്കു വന്ന പ്രതിസന്ധി മുറിച്ചുകടക്കാനുള്ള പ്രഗൽഭമായ നേതൃത്വമേ ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗ് ഈ രാജ്യത്ത് എടുത്തിട്ടുള്ളൂ.

ഞങ്ങൾ ആരേയും ബുദ്ധിമുട്ടിച്ചില്ല. ജുഡീഷ്യറിയുടെ ഭാഗത്തുനിന്നും തെറ്റായ ഒരു വിധിവന്നപ്പോൾ പാർലമെന്റിനോട് അതു തിരുത്താൻ പറഞ്ഞു. വ്യവസ്ഥാപിതമായ മാർഗ്ഗം ആരാഞ്ഞു. പാർലമെന്റിൽ ചർച്ച ചെയ്തു. സ്വകാര്യ അംഗങ്ങളുടെ ബിൽ കൊണ്ടുവന്നു. ഞങ്ങളുടെ പാർട്ടിയുടെ ജനറൽ സെക്രട്ടറി ബനാത്ത് വാലായുടെ ബില്ലിനെത്തുടർന്ന് ഇൻഡ്യൻ പാർലമെന്റിൽ 12 മണിക്കൂർ ചർച്ച നടന്നു. നിയമകാര്യ വകുപ്പുമന്ത്രി ഉറപ്പു നൽകിയപ്പോൾ ബിൽ പിൻവലിച്ചു. പ്രധാനമന്ത്രി ഇതിനുവേണ്ടി ബിൽ കൊണ്ടുവന്നിരിക്കുന്നു. ജനാധിപത്യത്തിൽ ഇത്ര ഉജ്ജ്വലമായ ഇത്ര തപഃദീക്ഷയുള്ള ശൈലി ഉണ്ടാക്കാൻ സാധിച്ചതിൽ ഞങ്ങളുടെ പാർട്ടിക്ക് അഭിമാനമുണ്ട്. ഞങ്ങളുടെ പാർട്ടി എക്കാലത്തും മതേതരത്വ ജനാധിപത്യമൂല്യങ്ങളെ ശക്തിപ്പെടുത്തുക മാത്രമാണ് ചെയ്തിട്ടുള്ളത് എന്ന് ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഞങ്ങളുടെ പാർട്ടിയെക്കുറിച്ച് വർഗ്ഗീയ വാദികളെന്നും പിന്തിരിപ്പൻ എന്നും പ്രതി പറയുന്ന ആളുകൾ, ഇപ്പോൾ ശുദ്ധൻമാരായിട്ടിരിക്കുകയാണ്. വർഗ്ഗീയ വാദികളിൽനിന്നും മോചനം, വിഭാഗീയ വാദികളിൽനിന്നും മോചനം അങ്ങനെ സംശുദ്ധമായ രൂപത്തിൽ നിൽക്കുന്ന അവരെക്കുറിച്ച് ഇവിടെ ശ്രീ. ഹസ്സനെപ്പോലെയുള്ള പലരും പറഞ്ഞു. അവർക്ക് എന്താണ് പറയാനുള്ളത്? അവരുടെ മുദ്രാവാക്യങ്ങളൊന്നും അവർക്ക് ഇതുവരെ പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല. ഇവിടെ ശ്രീ. തങ്കച്ചൻ ചൂണ്ടിക്കാണിച്ചു. എത്ര എത്ര മുദ്രാവാക്യങ്ങൾ ഞാൻ ഒക്കെ അപ്പുറത്തുള്ളപ്പോൾ കേട്ടതാണ്. ബഹുരാഷ്ട്ര കുത്തകകൾക്കെതിരായിട്ടുള്ള സമരം, ശ്രീ. ഇ. അഹമ്മദ് സാഹിബ്ബിനെയൊക്കെ എതിർക്കാൻ ഉപയോഗിച്ച ചില വാചകങ്ങൾ ഉണ്ട്. ഞാൻ ഒരു കാര്യം അടിവരയിട്ട് പറയുന്നു. ഞങ്ങൾക്ക്, ഈ ഗവൺമെന്റിന് അധികം ജാലവിദ്യകൾ ഒന്നും അറിയില്ല. പക്ഷേ ഞങ്ങൾ ഒരു കാലത്തും ജ്യോതീ സൂത്രം പ്രയോഗിക്കില്ല. ജ്യോതീസൂത്രം എന്ന ഒരു സൂത്രം ബംഗാളിൽനിന്ന് ഉയർന്നു വരുന്നുണ്ട്. എന്താണ് സർ, ആ സൂത്രം. ബഹുരാഷ്ട്ര കുത്തകകൾക്കെതിരായിട്ട്, സന്ധിയില്ലാ സമരവും ബഹുരാഷ്ട്ര കുത്തക

LIBRARY ARCHIVES Kerala Legislative Assembly

കളോട് സമരമില്ലാ സന്ധി ഇവ രണ്ടും സമമായി സമുന്നയിച്ച് മുമ്പോട്ടു പോകുന്ന ജ്യോതി സൂത്രം എന്തായാലും ഞങ്ങൾ പ്രയോഗിക്കുകയില്ല എന്നു ഞാൻ ഇവിടെ പറയുകയാണ്.

സ്വന്തം മുദ്രാവാക്യങ്ങൾക്കു ശവകുടീരം പണിയുന്നവരാണ് അപ്പുറത്തിരിക്കുന്നത്. അതേസമയം വിവിധ പ്രശ്നങ്ങളെല്ലാം ചർച്ച ചെയ്ത് വളരെ ഫലപ്രദമായി ഗവൺമെൻറിനെ മുന്നോട്ടു കൊണ്ടുപോകുകയാണ്. ഞങ്ങൾ ഇനിയുള്ള ഒരു വർഷവും ചുരുങ്ങിയ മാസങ്ങളും കൊണ്ട് വളരെ മനോഹരമായ കാര്യങ്ങൾ ചെയ്ത് ഒരു ബ്യൂട്ടിഫുൾ ഫിനിഷിംഗിനുവേണ്ടി കരുക്കൾ നീക്കുക മാത്രമാണ് ചെയ്തത്. അതിൽ തെറ്റിദ്ധാരണയുണ്ടെങ്കിൽ അത് അവരുടെ അപരാധം മാത്രമാണ് എന്നു ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. സ്വന്തം അപരാധം മറച്ചുവയ്ക്കാൻ ഇപ്പുറത്തിരിക്കുന്നവരെ പ്രതിക്കൂട്ടിൽ കയറ്റുന്ന ശ്രമങ്ങൾ വിജയിക്കാൻ പോകുന്നില്ല എന്നുമാത്രം ഇതേക്കുറിച്ച് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. സംസ്ഥാനത്തിൻറെ സർവ്വതോൻമുഖമായ പുരോഗതി ലക്ഷ്യമാക്കിക്കൊണ്ട് ഗവൺമെൻറ് ചെയ്തിട്ടുള്ള പ്രഖ്യാപനം തീർച്ചയായും നന്ദി അർഹിക്കുന്നുവെന്നുള്ളതുകൊണ്ട് ഈ നന്ദി പ്രമേയത്തെ ഒരിക്കൽകൂടി ശക്തിയായി പിന്താങ്ങിക്കൊണ്ട് എൻറെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, ഈ സർക്കാരിനുവേണ്ടി ഗവർണ്ണർ അവതരിപ്പിച്ച പ്രസംഗത്തിന് എൻറെ സ്നേഹിതൻ ശ്രീ. എം. എം. ഹസ്സൻ ഇന്നു രാവിലെ ഇവിടെ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ എതിർക്കുന്നു. അതിനെ എതിർക്കാനാണ് ആദ്യം തീരുമാനിച്ചത് എങ്കിലും ശ്രീ. ഹസ്സൻ അദ്ദേഹത്തിൻറെ പ്രസംഗത്തിലൂടെ ഗവർണ്ണറെ ശ്ലാഘിക്കാനും നന്ദി പറയാനും പെടുന്ന പാട് കണ്ടപ്പോൾ ഹസ്സനോട് സത്യത്തിൽ സഹതാപം തോന്നി. എൻറെ സ്നേഹിതൻ ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ ഒരു ബ്യൂട്ടിഫുൾ ഫിനിഷിംഗ് ഇവിടെ നടത്തി അതിന് എനിക്ക് ശ്രീ. ബഷീറിനോട് നന്ദിയുണ്ട്.

സർ, ആ ബ്യൂട്ടിഫുൾ ഫിനിഷിംഗ് സസ്പെൻസ് നിറഞ്ഞതാകുമോ? അങ്ങനെയാണ് ഇന്നുരാവിലെ ചോദ്യോത്തര വേളയിൽ മുഖ്യമന്ത്രി ഇതു പറഞ്ഞപ്പോഴും 'പ്രതീക്ഷിച്ചിരുന്നു കാണുക', 'കാത്തിരുന്നു കാണുക' എന്നാണ് പറഞ്ഞത്. അപ്പോൾ അതു സസ്പെൻസ് നിറഞ്ഞ ബ്യൂട്ടിഫുൾ ഫിനിഷിംഗ് ആയിരിക്കുമോ? ആ മനോഹരമായ അവസാനിപ്പിക്കലിൽ ആരാണ് അവസാനിക്കുവാൻ പോകുന്നത്. എന്താണ് താങ്കൾ ഉദ്ദേശിച്ചത് എന്ന് എനിക്കറിയില്ല. ഇപ്പോൾ ശ്രീ. കരുണാകരൻറെ ഹൈക്കമാൻറ് മുസ്ലീംലീഗായതുകൊണ്ട് എങ്ങനെയാണ് വരുന്നതെന്നറിയാൻ പാടില്ല. ഒരു വർഷത്തേയ്ക്കുള്ള നയപ്രഖ്യാപനമാണിത്. ഇന്നു രാവിലെ മുഖ്യമന്ത്രിയുടെ മറുപടി കേട്ടപ്പോൾ ഇവർ ഇനി ഒരു കൊല്ലം തികയ്ക്കാൻ പോകുന്നില്ലെന്നു മനസ്സിലായി. എന്നു മാത്രമല്ല കഴിഞ്ഞ 8-ാം തീയതി ഐക്യജനാധിപത്യ മുന്നണി നേതാക്കൻമാർ ശ്രീ. കുഞ്ഞാലിക്കുട്ടി പറഞ്ഞതുപോലെ ഒരു ബ്യൂട്ടിഫുൾ ഫിനിഷിംഗ് നടത്താൻ ഒന്നു ശ്രമിച്ചു. നല്ല ചിരിയാണ് ഈ പത്രത്തിൽ കാണുന്നത്. മനോഹരമായ ചിരിയാണ്. ആ പുത്രം ബഹുമാനപ്പെട്ട ഗാന്ധിശിഷ്യനായ ശ്രീ. കരുണാകരൻ ഒന്നു കാണണം. അതിൽ ഗാന്ധി മാത്രം ചിരിച്ചിട്ടില്ല. അതെന്തുകൊണ്ടാണെന്നു ഞാൻ വിശദീകരിക്കുന്നില്ല സർ, അതിവിടംകൊണ്ട് അവസാനിപ്പിക്കുകയാണ്.

ഈ നയപ്രഖ്യാപനം വായിച്ചതിന് നന്ദി പറഞ്ഞാൽ ഗവർണ്ണർക്കു ഞങ്ങളോട് പ്രതിഷേധം തോന്നും. കാരണം രേണുഘടനാപരമായ ബാദ്ധ്യത മാത്രമാണ് അദ്ദേഹം നിറവേറ്റിയത്. അതുപോലെ ശ്രീ. ഹസ്സനും രേണ

LIBRARY ARCHIVES Kerala Legislative Assembly

ഘടനാപരമായ ബാദ്ധ്യത നിറവേറ്റിയതാണ്. ഈ നിയമസഭാ സമ്മേളനം ചേർന്നതുതന്നെ ഭരണഘടനാപരമായ ഒരു ബാദ്ധ്യത നിറവേറ്റാൻവേണ്ടിയാണ്. അല്ലാതെ ആത്മാർഥമായിട്ടല്ല. ഗവർണ്ണർ പ്രസംഗിച്ചതും ആത്മാർത്ഥമായിട്ടല്ല. ശ്രീ. ഹസ്സൻ നന്ദിപ്രമേയം അവതരിപ്പിച്ചതും ആത്മാർത്ഥമായിട്ടല്ല. നിയമസഭ കൂടിയതും ആത്മാർത്ഥമായിട്ടല്ല. ഇനി ഒരു ബഡ്ജറ്റ് വരാനിരിക്കുന്നു. അത് ആത്മാർത്ഥമാകുമോ? അതിലും ഇതുപോലെയുള്ള ഒളിയമ്പുകൾ ഉണ്ടെന്നു. ശ്രീ. ഹസ്സൻ സമ്മതിച്ച സ്ഥിതിക്ക് ഒളിയമ്പുണ്ടെന്ന് എനിക്കു പറയാം. തലയിൽ പൂട തപ്പിയത് ശ്രീ. ഹസ്സനാണ്. എന്തുകൊണ്ട് തപ്പാൻ പോയതെന്നെനിക്കറിയില്ല.

പതിനേഴു പേജുള്ള ഈ പ്രസംഗം ഞാൻ വായിച്ചു. എഴുതാപ്പുറം വായിക്കുന്നതിൽ എന്റെ സ്നേഹിതൻ ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ മിടുക്കനാണെന്ന് അദ്ദേഹത്തിന്റെ പ്രസംഗം തെളിയിച്ചു. കാരണം സി. പി. ഐ., സി. പി. എം. തർക്കത്തെക്കുറിച്ച് ഇതിൽ ഒരിടത്തും പറഞ്ഞിട്ടില്ല. നിങ്ങളുടെ സർക്കാരും എഴുതാപ്പുറമാണ് വായിക്കുന്നത്. നിങ്ങളുടെ മുന്നണിയും എഴുതാപ്പുറമാണ് വായിക്കുന്നത്. എന്നിട്ട് ഇപ്പോൾ വർഗീയതയ്ക്കു എതിരായിട്ട് ഒരു പോരാട്ടം. ഇടതുപക്ഷമുന്നണി വർഗീയതയ്ക്ക് എതിരായിട്ട് പോരാട്ടം നടത്തിയില്ല എന്നാണ് നിങ്ങൾക്കാക്ഷേപം. സമ്മതിച്ചു. എന്നാൽ അതുണ്ടെന്നു പറയുന്ന നിങ്ങൾക്ക് ആത്മാർത്ഥതയുണ്ടോ? ശ്രീ. രാജീവ് ഗാന്ധിയെക്കുറിച്ച് ഇതിൽ പറഞ്ഞിട്ടുണ്ട്. അദ്ദേഹം അഖണ്ഡതയും വർഗ്ഗീയമായ ഐക്യവും ഉണ്ടാക്കുന്നതിന് പലവട്ടം ശ്രമിച്ചു എന്നാണ് ഗവർണ്ണർ പറഞ്ഞത്. ഏറ്റവും ഒടുവിൽ അദ്ദേഹം അതിനു ശ്രമിച്ചത് ബോംബെയിൽ നിന്നാണ്. മുസ്ലീംലീഗ് വർഗീയ പാർട്ടിയല്ലെങ്കിൽ പോരാട്ടം നടത്തണം എന്നു പറയുന്നില്ല, കേരളാ കോൺഗ്രസ് വർഗീയപ്പാർട്ടി അല്ലെങ്കിൽ പോരാട്ടം നടത്തണ്ടാ എന്നു ഞാൻ പറയുന്നില്ല, പിന്നെ ശ്രീ. രാജീവ് ഗാന്ധി പറയുന്ന വർഗ്ഗീയ പാർട്ടി ഏതാണ്? വർഗ്ഗീയ സംഘടന ഏതാണ്? അതിനാ് ആരോടാണ് പോരാട്ടം നടത്തേണ്ടത്?

എന്റെ സുഹൃത്ത് ശ്രീ. കാർത്തികേയൻ അവിടെ ഇരിക്കുന്നുണ്ട്. ഈ മന്ത്രിസഭ രാജിവയ്ക്കണമെന്നാണ് ശ്രീ. കാർത്തികേയൻ (യൂത്ത് കോൺഗ്രസ്) പറയുന്നത്. സൽഭരണം നടത്തുന്നതു കൊണ്ടാണോ? സൽഭരണം നടത്തുന്ന ഒരു ഭരണകൂടം രാജിവയ്ക്കണമെന്ന് ഒരു സംഘടന പ്രമേയം പാസ്സാക്കിയതായി ഞാൻ കേട്ടിട്ടില്ല. ആ പ്രമേയം വിഴുങ്ങിയോയെന്നറിയില്ല. യൂത്തുകോൺഗ്രസ് അതിൽ ഉറച്ചുനിൽക്കുമോയെന്നും അറിയില്ല. നിങ്ങൾ ഇപ്പോൾ ഏകകക്ഷിഭരണം എന്നു പറയുന്നുണ്ടല്ലോ, ഈ ഏകകക്ഷിഭരണം എന്നു പറയുന്നത് നിങ്ങൾക്ക് കിട്ടിയത് എവിടെ നിന്നാണ്? ശ്രീ. കാർത്തികേയന് അറിയില്ലെങ്കിൽ ശ്രീ. കരുണാകരനറിയാവുന്ന ഒരു കാര്യം ഞാൻ പറയാം. 1957-ൽ അന്നത്തെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയെ പുറത്താക്കാൻ നമ്മൾ മുന്നണിയുണ്ടാക്കി. 'നമ്മൾ' എന്നുതന്നെ ഞാൻ പറയും. പിന്നീടുവന്ന തെരഞ്ഞെടുപ്പിൽ മുസ്ലീംലീഗുമായി ചേർന്നു മൽസരിച്ചു തൊപ്പി ഊരി എന്ന ആക്ഷേപമുണ്ട്. ഐക്യമുന്നണി രാഷ്ട്രീയത്തിന്റെ വിപത്തിനെക്കുറിച്ച് നീണ്ടുനിന്ന ചർച്ചകൾക്കുശേഷമാണ്, 1969-ൽ അവസാനം നടന്ന തെരഞ്ഞെടുപ്പിൽ അന്നത്തെ മിനിമുന്നണിക്ക് ശ്രീ. കരുണാകരൻ ഉൾപ്പെടെയുള്ള കോൺഗ്രസ് പിന്തുണ കൊടുത്തു. പലരും ഓർമ്മിക്കുന്നുണ്ടാകാം, 'ഈ മുന്നണിയിൽ ചേരരുത്' എന്ന മുദ്രാവാക്യം. ആ മുദ്രാവാക്യം വിളിച്ച എം. എൽ. എ. മാരെ, പാർട്ടിയെ പതുക്കെപ്പതുക്കെ അധികാരത്തിന്റെ ചെളിക്കുണ്ടിലേക്ക്' തള്ളിയിട്ടത് ഈ ഇരിക്കുന്ന ശ്രീ. കരുണാകരനാണ്. ശ്രീ. കരുണാകരൻ തന്നെയാണ് കോൺഗ്രസിൽ ഗ്രൂപ്പിസം വളർത്തിയത്. അധികാര രാഷ്ട്രീയത്തിന്റെ ചെളിക്കുണ്ടിലേക്ക് നിങ്ങളെ ഓരോരുത്തരേയും

LIBRARY ARCHIVES Kerala Legislative Assembly

ഓരോ ദിവസം കൈപിടിച്ച് കൊണ്ടുപോകുന്നത് ഈ കരുണാകരനും അദ്ദേഹത്തിന്റെ നേതാക്കൻമാരുമാണ്. നേതാക്കൻമാർ എന്നു ഞാൻ പറഞ്ഞത് മനഃപൂർവ്വമാണ്. ഞങ്ങളും ശ്രീ. കരുണാകരനും തമ്മിൽ ഇപ്പോഴും അഭിപ്രായ വ്യത്യാസമില്ല. ഈ സർക്കാരിനു ഇങ്ങനെ പോകാൻ പറ്റില്ല എന്ന് നാഴികയ്ക്ക് നാൽപ്പതുവട്ടം സംസാരിച്ചത് ശ്രീ. കരുണാകരനാണ്. ഇതുപോലൊരു നാറിയ ഭരണം കേരളം കണ്ടിട്ടില്ലെന്നാണ് ഞങ്ങളും പറയുന്നത്. രണ്ടുപേർക്കും ഭരണം തുടരുവാൻ പാടില്ല എന്ന കാര്യത്തിൽ അഭിപ്രായവ്യത്യാസമില്ല. പിന്നെ ആർക്കുവേണ്ടിയാണ് ഈ ഭരണം മുന്നോട്ടു കൊണ്ടുപോകുന്നത്? അർജുൻസിംഗ് വന്നു പറഞ്ഞു ഈ സംവിധാനം ഇവിടെ നിലനിൽക്കണമെന്ന്. വർഗ്ഗീയതയ്ക്ക് എതിരെ പോരാടുന്ന പ്രസ്ഥാനത്തിന്റെ വൈസ് പ്രസിഡൻറാണ് അർജുൻസിംഗ്. നിങ്ങൾക്ക് ആ അഭിപ്രായത്തോട് യോജിപ്പുണ്ടോ? രാജീവ് ഗാന്ധി അതെല്ലാം ശരിവച്ചു. രാജീവ് ഗാന്ധിക്ക് എന്താണു വേണ്ടത്? ഒക്ടോബറിൽ നിലനിൽക്കുന്ന ഏക മുഖ്യമന്ത്രിയെ അധികാരക്കസേരയിൽ ഇരുത്തുന്നതിനു വേണ്ടി തുടരുക, തുടരുക. എല്ലാ കൊള്ളരുതായ്മകളും തുടരുക. ഇതു മാത്രമെ രാജീവ് ഗാന്ധിക്കാവശ്യമുള്ളൂ. ക്ലീൻ ഇമേജുള്ള രാജീവ് ഗാന്ധി തൊട്ട് കാർത്തികേയൻ വരെ ആദർശത്തിന്റെ കപട വേഷമാണ് അണിയുന്നത്. നിങ്ങൾക്ക് മേൽ ഘടകവും ഇല്ല, കീഴ്ഘടകവും ഇല്ല. രാഷ്ട്രീയത്തിന്റെ ചെളിക്കുണ്ടിൽ, വർഗ്ഗീയതയുടെ ചെളിക്കുണ്ടിൽ കൈ കോർത്തു പിടിക്കാൻ നേതൃത്വം നിങ്ങളോട് ശാസിച്ചു. വർഗ്ഗീയതയ്ക്കെതിരേ എങ്ങനെയാണ് പോരാട്ടം നടത്തുന്നത്? പോരാട്ടം നടത്താൻ നിങ്ങൾ പറയുന്ന മാർഗ്ഗം ഏക കക്ഷി ഭരണമാണ്. ഏകകക്ഷി ഭരണം നടത്തുന്ന സംസ്ഥാനങ്ങളിൽ വർഗ്ഗീയതയുടെ പ്രശ്നം ഇല്ലെന്നാണോ യൂത്ത് കോൺഗ്രസ് (ഐ) ക്കാർ വിശ്വസിക്കുന്നത്, നിങ്ങളുടെ പാർട്ടി മാത്രം ഭരണം നടത്തുന്ന സംസ്ഥാനങ്ങളാണല്ലോ കൂടുതൽ. അവിടെയൊന്നും വർഗ്ഗീയതയുടെ അഴിഞ്ഞാട്ടമില്ലേ? വർഗ്ഗീയതയ്ക്കെതിരേ പോരാട്ടം നടത്തണമെങ്കിൽ വർഗ്ഗീയതയ്ക്കെതിരേ ചിന്തിക്കുന്ന പുരോഗമന പ്രസ്ഥാനങ്ങളുമായി കൈ കോർത്തു പിടിക്കണം. വോട്ടുകൾ പിടിക്കുന്നതിലും സീറ്റുകൾ പിടിക്കുന്നതിലുമാണ് ഇപ്പോഴും നിങ്ങൾ കണ്ണു വയ്ക്കുന്നത്. വർഗ്ഗീയത രാജ്യത്തിന് ഭീഷണിയായി ഉയർന്നിട്ടുണ്ടെങ്കിൽ രാജ്യത്തിന്റെ ഐക്യത്തിന് അത് തടസ്സമായി നിൽക്കുന്നുണ്ടെങ്കിൽ, രാജ്യത്തിന്റെ അഖണ്ഡതയ്ക്കെതിരേ മത മൗലിക വാദികൾ അപകടം സൃഷ്ടിക്കുന്നുണ്ടെങ്കിൽ അവയ്ക്ക് എതിരേയുള്ള പോരാട്ടമാണ് നടത്തേണ്ടത്. ഇവിടെ ശ്രീ. മുഹമ്മദ് ബഷീർ അദ്ദേഹത്തിന്റെ വികാരങ്ങൾ പ്രകടിപ്പിച്ചു. പാർലമെന്ററിൽ അവതരിപ്പിച്ച് ബില്ലിനോട് ഇന്ദിരാ കോൺഗ്രസിന് യോജിപ്പുണ്ടോ? അത് ശരിയാണെന്ന് ഇപ്പോൾ നിങ്ങൾക്ക് തോന്നുന്നുണ്ടോ? എല്ലാ പൗരൻമാർക്കും തുല്യാവകാശമാണെന്നും എല്ലാവരേയും ഒരുപോലെ കാണണമെന്നും വാദിക്കുന്ന കോൺഗ്രസ്സ് എവിടെ ക്ലീൻ ഇമേജുണ്ടെന്ന് പറയുന്ന പ്രധാനമന്ത്രി എവിടെ. കൃസ്ത്യാനിയ്ക്ക് വേറെ നിയമം. മുസൽമാന് വേറെ നിയമം. ഹിന്ദുവിന് വേറെ നിയമം. സിക്കുകാരന് വേറെ നിയമം. മതേതരത്വവും അഖണ്ഡതയും ഇങ്ങനെയാണോ?

ശ്രീ. പി. കെ. കെ. ബാവ : പാർലമെൻറിൽ അവതരിപ്പിച്ച ബില്ലിനെക്കുറിച്ചാണോ ബഹുമാനപ്പെട്ട മെമ്പർ പരാമർശിക്കുന്നത്. 125-ാം വകുപ്പിൽ നിന്ന് മുസ്ലീം സ്ത്രീകളെ ഒഴിവാക്കുന്നതിനുവേണ്ടി ഇപ്പോൾ അവതരിപ്പിച്ചിട്ടുള്ള ബില്ലിനെക്കുറിച്ചാണ് ഇവിടെ വിലപിക്കുന്നത്. അതേസമയം പഞ്ചാബ് കരാറിലൂടെ സിക്കുകാർക്ക് വകവച്ചുകൊടുത്തിട്ടുള്ള ആനുകൂല്യത്തെക്കുറിച്ച് എന്തു പറയുന്നു?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ശശീന്ദ്രൻ : ഞാൻ അതിലേയ്ക്ക് വരികയാണ്.

ശ്രീ. സീതി ഹാജി : കഴിഞ്ഞയാഴ്ച പ്രധാനമന്ത്രിയെക്കണ്ട് ശരത്പവാർ

.....

ശ്രീ. എ. കെ ശശീന്ദ്രൻ : പഞ്ചാബിലെ കാര്യങ്ങൾ വളരെ ആവേശത്തോടുകൂടി പറയുന്നതു കേട്ടു. പഞ്ചാബിന്റെ വിജയം ദേശീയ വിജയം എന്നു പറഞ്ഞതാരാണ്? ഞങ്ങളാണോ? അതോ പ്രധാനമന്ത്രിയോ? പഞ്ചാബിന്റെ വിജയം ദേശീയ വിജയമായി അംഗീകരിക്കുന്നുണ്ടോ? അതുപോലെ ആസ്സാമിന്റെ വിജയം ദേശീയ വിജയമാണോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : ഓരോ വിഭാഗത്തിനും ഓരോ നിയമം കൊണ്ടുവന്നിരിക്കുന്നു എന്നു പറഞ്ഞു. ശശീന്ദ്രൻ കരുതുന്നുണ്ടോ ഇതാദ്യമായിട്ടാണ് ഓരോ വിഭാഗത്തിനും ഓരോ നിയമം കൊണ്ടുവരുന്നതെന്ന്. ഇൻഡ്യൻ ഭരണഘടനയിൽത്തന്നെ ഇങ്ങനെ നിയമം ഉണ്ടാക്കുന്നതിൽ വിരോധമില്ലെന്നു പറയുന്നുണ്ട്. ഓരോരുത്തർക്കും പേഴ്സണൽ നിയമം വേറെ ഉണ്ടെന്നുള്ള വിവരം അറിയാമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ : ഓരോ വിഭാഗത്തിനും ഓരോ നിയമം ഇൻഡ്യയിൽ ഇല്ലെന്നല്ല ഞാൻ പറഞ്ഞത്. കോൺഗ്രസ്സിന്റെ നയപ്രഖ്യാപനവും ഇൻഡ്യൻ ഭരണഘടന പറയുന്നതും കാലക്രമേണ എല്ലാവർക്കും സ്വീകാര്യമായ നിയമം ഉണ്ടാക്കണമെന്നാണ്. പടിപടിയായി അങ്ങോട്ടു പോകുന്നതിനു പകരം ഓരോ പടിയും ചവുട്ടിച്ചവുട്ടി താഴോട്ടു പോവുകയാണ്. മുസ്ലീം ലീഗിനോട് എനിക്ക് ആക്ഷേപം ഇല്ല. നിങ്ങൾ നിങ്ങളുടെ കാര്യങ്ങൾ പറയുന്നു എന്നുള്ളതേ ഉള്ളൂ. എന്നാൽ ഇന്ദിരാ കോൺഗ്രസ്സുകാർ പൊയ്മുഖം കാട്ടുന്നു. പഞ്ചാബ് പ്രശ്നം പരിഹരിക്കുവാൻ ത്രികക്ഷി ചർച്ചയിലൂടെ ഉയർന്നുവന്ന ഒത്തു തീർപ്പ് ഏതാണ് എന്ന് പത്രം വായിച്ചു നോക്കണം. നടക്കേണ്ടത് എല്ലാം നടന്നശേഷം അതേ വ്യവസ്ഥകളാണ് പിന്നീടുണ്ടായ ഒത്തു തീർപ്പിൽ ഉണ്ടായത്. വൈകി ഉദിച്ച വിവേകം. എന്നിട്ടും അത് പാലിച്ചോ? കരാർ പാലിക്കാത്തതിൽ റിക്കാഡ് സൃഷ്ടിച്ച ഒരാളാണ് കരുണാകരൻ. കരുണാകരൻ എല്ലാവർക്കും വാക്കു കൊടുക്കും. എല്ലാവർക്കും മന്ത്രിസ്ഥാനം വാഗ്ദാനം ചെയ്യും. തങ്കച്ചൻ മന്ത്രി, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ മന്ത്രി, കുട്ടിയാലി മന്ത്രി, ഹസ്സൻ മന്ത്രി എല്ലാവരും മന്ത്രി. അങ്ങനെയുള്ള വാഗ്ദാനങ്ങൾ കൊടുക്കും. പക്ഷേ പാലിക്കില്ല. അത്പോലെയാണ് കേന്ദ്രേണ കൂടവും. വാഗ്ദാനം കൊടുത്താൽ പാലിക്കേണ്ട ഉത്തരവാദിത്വം ഉണ്ട്. എന്നാൽ അത് ഓർമ്മയില്ല. അതിന് ആരാണ് ഉത്തരവാദി. ജെൻലാൽ. ഭജൻ ലാലിനെ നിലയ്ക്ക് നിറുത്താൻ കഴിയാത്ത നേതൃത്വമാണ് ഇപ്പോൾ അവിടെ ഉള്ളത്. ആസ്സാമിലെ പ്രശ്നം പരിഹരിച്ചോ? എന്നിട്ടും നിങ്ങളെന്തിനാണ് പ്രതിപക്ഷങ്ങളെ കുറ്റപ്പെടുത്തുന്നു.

ശ്രീ. മണിമംഗലത്തു കുട്ട്യാലി : പ്രതിപക്ഷങ്ങൾ നല്ലതാണെന്നുള്ള അഭിപ്രായം ബഹുമാനപ്പെട്ട മെമ്പർക്കുണ്ടോ?

ശ്രീ. എ. കെ. ശശീന്ദ്രൻ : ഞങ്ങൾ മോശമായതുകൊണ്ടല്ലേ നിങ്ങളെ ഏൽപ്പിച്ചത്. കുട്ട്യാലിയെക്കാൾ എനിക്ക് വിവരം വളരെ കുറവാണ്. കുട്ട്യാലി ഇതിൽ പി. എച്ച്. ഡി. എടുത്ത ആളല്ലേ? അത് മറ്റൊരു പ്രശ്നം. രാജ്യസ്നേഹികളെ ഒറ്റക്കെട്ടായി അണിനിരത്താൻ എന്താണു പരിപാടി?

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷം ഉത്തരവാദിത്വത്തോടുകൂടി പ്രതികരിക്കണം, ഞാൻ സമ്മതിക്കുന്നു. എങ്ങനെ ഏതു പ്രശ്നത്തിന് പ്രതികരിക്കണം? നിങ്ങൾക്ക് തന്നെ അഭിപ്രായ വ്യത്യാസമാണ്. നിങ്ങൾ ഒറ്റക്കെട്ടായി നിൽക്കുന്നത് ഒരേ ഒരു കാര്യത്തിനുവേണ്ടി മാത്രമാണ്. കക്കാനും കളവു മുതലു പങ്കിട്ടെടുക്കുന്നതിനും. നിങ്ങളുടെ ഒളിയമ്പുകൾ നിങ്ങൾക്കെതിരെ തന്നെയാണ്. അത് കിട്ടേണ്ടവർക്കു കിട്ടി. കൊള്ളേണ്ടവർക്കു കൊണ്ടു. ഇനിയും കൊണ്ടുകൊണ്ടിരിക്കും. ഇതൊരു ഇടക്കാല നയപ്രഖ്യാപന പ്രസംഗമാണ്. ഈ സർക്കാരും ഇടക്കാല സർക്കാരാണ്. ഇടക്കാല സർക്കാരിനുവേണ്ടി ഇടക്കാല നയപ്രഖ്യാപനം നടത്തി ഇടക്കാലാശ്വാസം നൽകിയ ഗവർണ്ണരോട് സഹതാപം ഉണ്ടെങ്കിലും അതിനുവേണ്ടി പാടുപെട്ട ഹസ്സനോട് സ്നേഹം ഉണ്ടെങ്കിലും ഈ നയപ്രഖ്യാപനത്തെ അനുകൂലിക്കാൻ നിർവ്വാഹമില്ല.

ശ്രീ. സി. എഫ്. തോമസ് : ശ്രീ. എം. എൻ. ഹസ്സൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. ഞങ്ങളുടെ ബഡ്ജറ്റ് ബ്യൂട്ടിഫുൾ ഫിനിഷിംഗ് എന്നു പറഞ്ഞതിനെപ്പറ്റി സംശയമുണ്ടോ ? ശ്രീ. എ. കെ. ശശീന്ദ്രൻ അതിനെക്കുറിച്ച് ഒരു സംശയം പ്രകടിപ്പിച്ചു. ഞങ്ങൾ ബ്യൂട്ടിഫുൾ ഫിനിഷിംഗിലേക്ക് പോവുകയാണ്. ഒരു തുറന്ന പുസ്തകമാണ് ഇപ്പോൾ ഐക്യജനാധിപത്യമുന്നണി. എന്റെ പാർട്ടിയ്ക്ക് വിശാലമായ ആശയങ്ങൾ ഉണ്ട്. ഈ നയപ്രഖ്യാപന പ്രസംഗത്തിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ ഇൽഡ്യയുടെ ഐക്യം അതിന്റെ ഭദ്രത, അതിന്റെ ഇൻഗ്രിറ്റി അതിലൊക്കെ അടിയുറച്ചു വിശ്വസിക്കുന്ന കക്ഷിയാണ് കേരളാ കോൺഗ്രസ്.

ഈ പാർട്ടിയുടെ ആരംഭകാലംമുതൽ കേരളാകോൺഗ്രസ് പാർട്ടിയുടെ സ്ഥാപകചെയർമാൻ ശ്രീ. കെ. എം. ജോർജ് പറയുന്ന ഒരു വാചകം ഞാൻ ഓർക്കുകയാണ്. ദേശീയവീക്ഷണമുള്ള സംസ്ഥാന പാർട്ടിയാണ്
1 P.M. കേരളാ കോൺഗ്രസ്, ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ ആരെയൊക്കെയോകൊള്ളിച്ചു പറഞ്ഞിട്ടുണ്ട് എന്നൊക്കെ ഇവിടെ ശ്രീ. ശശീന്ദ്രൻ പറഞ്ഞിട്ട് കാര്യമില്ല. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഇൻഡ്യയുടെ അഖണ്ഡതയ്ക്കുവേണ്ടി, ഇൻഡ്യയുടെ ഭദ്രതക്കുവേണ്ടി. ഇൻഡ്യയുടെ ഐക്യദാർഢ്യത്തിനുവേണ്ടി ഒരുമിച്ചു നിൽക്കുവാൻ പ്രതിജ്ഞാബദ്ധമായ കക്ഷികളാണ് ഇപ്പുറത്തിരിക്കുന്നത്. അത് മുസ്ലീംലീഗാണെങ്കിലും കേരളാകോൺഗ്രസ്സാണെങ്കിലുമെല്ലാം ഒരുമിച്ചാണ് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സുമായി സഹകരിക്കുന്നത്. പിന്നെ ഞങ്ങളുടെവീക്ഷണങ്ങളുണ്ട്. ഈ സംസ്ഥാനത്തിന്റെ താൽപ്പര്യം, ഈ സംസ്ഥാനത്തിലെ ജനകീയ പ്രശ്നങ്ങൾ, ഈ സംസ്ഥാനത്തിലെ ജനങ്ങളെ ബാധിക്കുന്ന ഗുരുതരമായ പ്രശ്നങ്ങൾ എന്നിവയ്ക്കെതിരായി എന്തെല്ലാം നടപടികൾ എവിടെനിന്നുണ്ടായാലും കേന്ദ്രഗവൺമെന്റിൽനിന്നുണ്ടായാലും കേരളാകോൺഗ്രസ് പാർട്ടി അഭിപ്രായം പറയും. ഒരു സംസ്ഥാനപാർട്ടി എന്ന നിലയിൽ അതിന്റെ ചുമതലയിൽനിന്ന് ഒഴിഞ്ഞുമാറാൻ കേരളാകോൺഗ്രസ് ഒരുക്കമല്ല. അത് കേരളാകോൺഗ്രസ് പറയും. അത് നേടിയെടുക്കാൻ വ്യവസ്ഥാപിതമായ മാർഗ്ഗങ്ങൾ സ്വീകരിക്കും. ഇന്നലെ സ്വീകരിച്ചിട്ടുണ്ട്, ഇന്നു സ്വീകരിക്കുന്നുണ്ട്, നാളെ സ്വീകരിക്കുകയും ചെയ്യും. അതിനു യാതൊരു മാറ്റവുമില്ല. ഞങ്ങൾ വ്യത്യസ്തമായ പ്രത്യയശാസ്ത്രങ്ങളുള്ള പാർട്ടികളാണ്. ആ പ്രത്യയശാസ്ത്രപരമായ ഭിന്നതകൾ മാറ്റിവച്ചുകൊണ്ട് മിനിമം ചില പരിപാടികളുമായിട്ടാണ് ഞങ്ങൾ യോജിച്ചുപോകുന്നത്. നമ്മൾ തമ്മിൽ യോജിച്ചില്ലേ 1980ൽ ? അന്ന് അപ്പുറമിരിക്കുന്ന ആളുകളും ഞങ്ങളുംകൂടി യോജിച്ചതാണ്. ശ്രീമാൻ ആൻറണിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസ്സുമുണ്ടായിരുന്നു. ചില മിനിമം പരിപാടികളിൽ യോജിച്ചു. ആ രീതിയിൽ

LIBRARY ARCHIVES Kerala Legislative Assembly

വന്ന പാളിച്ചകൾകണ്ട്, പറഞ്ഞ വാഗ്ദാനങ്ങൾക്കെതിരാണെന്നു ബോദ്ധ്യപ്പെട്ടപ്പോൾ ആ മുന്നണിയിൽനിന്നും മാറി. ഇവിടെ ശ്രീ. താമരാക്ഷൻ രണ്ടു പ്രാവശ്യം എഴുന്നേറ്റുനിന്നു. നേരത്തെ ശ്രീ. താമരാക്ഷൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നതു കേട്ടു.

ശ്രീ. എ. വി. താമരാക്ഷൻ : ഗവർണ്ണറുടെ നയപ്രഖ്യാപനത്തിൽ പ്രധാനമായും മൂന്നു കാര്യങ്ങൾ പറയുന്നുണ്ട്. ആ മൂന്നുകാര്യങ്ങളും കേരളാ കോൺഗ്രസ്സിനു് എതിരെയുള്ള കോൺഗ്രസ് 'ഐ' യുടെ ഒരു സമരപ്രഖ്യാപനമാണ്. ഒന്ന്, പ്രാദേശികമത ശക്തികൾക്കെതിരായ പോരാട്ടം. രണ്ട്, കേന്ദ്രഗവൺമെന്റിനെതിരായി രാഷ്ട്രീയമോ സാമ്പത്തികമോ ആയ യാതൊരു സമരവും ഈ ഗവൺമെന്റ് അനുവദിക്കുന്നതല്ല. മൂന്ന്, ഈ ഗവൺമെന്റിന്റെ കഴിഞ്ഞകാലംവരെയുള്ള പ്രവർത്തനം സാമ്പത്തികരംഗത്തെ മിസ്മാനേജുമെന്റ് അടുത്ത വർഷം മുതൽ ശരിയായ നിലയിൽ കൊണ്ടു പോകുമെന്നു പറയുന്നതിനർത്ഥം ധനകാര്യവകുപ്പു ഈ നാടിനെ മുടിച്ചു എന്നാണ്. അതിനെസംബന്ധിച്ച് നിങ്ങളുടെ അഭിപ്രായമെന്താണ് ?

ശ്രീ. സി. എഫ്. തോമസ് : ശ്രീ. താമരാക്ഷൻ ആ പോയിന്റ് കൊണ്ടുവന്നത് നന്നായി. ദേശീയവിരുദ്ധമായിട്ടുള്ള വർഗ്ഗീയ കക്ഷികൾക്കെതിരായുള്ള താക്കീതാണ് ഈ നയപ്രഖ്യാപനമെങ്കിൽ ആ താക്കീതിനർഹരായിട്ടുള്ള ആരെങ്കിലും അപ്പുറത്തുണ്ടെങ്കിൽ ആ തൊപ്പി ഒന്നു ധരിച്ചോളൂ. അതിന് കേരളാകോൺഗ്രസ്സിനെ കിട്ടുകയില്ല. മുസ്ലീംലീഗിനെ കിട്ടുകയില്ല, കോൺഗ്രസ്സിനെ കിട്ടുകയില്ല എന്നു പറയുവാൻ ഞാനാഗ്രഹിക്കുകയാണ്. ഈ ഗവൺമെന്റിന്റെ നയം മുഖ്യമന്ത്രി ശ്രീ. കരുണാകരൻ നയിക്കുന്ന ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന്റെ നയപ്രഖ്യാപനത്തിൽ പറയുന്നു; കേന്ദ്രഗവൺമെന്റുമായി തുടർച്ചയായ സമരത്തിനു വേണ്ടിയല്ല ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. അങ്ങയുടെ ശ്രദ്ധയിലേക്ക് ഞാൻ കൊണ്ടുവരികയാണ് നയപ്രഖ്യാപനപ്രസംഗത്തിലെ രണ്ടാമത്തെ പേജിൽ നാലാമത്തെ പാരഗ്രാഫ് അവസാനിക്കുന്നത്. "കേന്ദ്രത്തിൽനിന്ന് കൂടുതൽ കൂടുതൽ സഹായങ്ങൾ ചോദിക്കുക സ്വാഭാവികമാണ്" എന്നാണ്. കേരളത്തെപോലെ പിന്നോക്കം നിൽക്കുന്ന സംസ്ഥാനങ്ങൾ, പല കാര്യങ്ങളിലും പിൻതള്ളപ്പെട്ടിരിക്കുന്ന സംസ്ഥാനങ്ങൾ കേന്ദ്രത്തോട് അവകാശങ്ങൾ ചോദിക്കുക സ്വാഭാവികമാണെന്ന് ഗവർണ്ണറുടെ നയപ്രഖ്യാപനപ്രസംഗത്തിൽ പറയുന്നു. കേരളാകോൺഗ്രസ്സ് അത് വിശ്വസിക്കുന്നു. സംസ്ഥാനഗവൺമെന്റിന്റെ ചുമതലയാണത്. കേരളാ കോൺഗ്രസ് പോലെയുള്ള ഒരു പാർട്ടിക്ക് ആ ചുമതലയുണ്ട്.

ശ്രീ. കെ. കൃഷ്ണൻകുട്ടി : മൂന്നാമത്തെ പേജിൽ പറഞ്ഞിട്ടുണ്ട്, സാമ്പത്തികമോ രാഷ്ട്രീയമോ ആയ രംഗത്ത് എന്തെങ്കിലും രീതിയിലുള്ള കേന്ദ്രവിരുദ്ധനിലപാടിൽക്കൂടി ഇതെല്ലാം ചെയ്യാൻ പാടില്ല എന്ന്. അങ്ങനെയാണെങ്കിൽ കേരളാ കോൺഗ്രസ് ഈ ഒരു സമരം നടത്തിയതുതന്നെ തെറ്റല്ലേ? അത് തെറ്റാണെന്ന് സമ്മതിക്കുന്നുണ്ടോ ?

ശ്രീ. സി. എഫ്. തോമസ് : ഗവൺമെന്റിനുവേണ്ടി നയപ്രഖ്യാപനം നടത്തിയപ്പോൾ ഈ ഗവൺമെന്റിന്റെ നയത്തെക്കുറിച്ച് പറഞ്ഞു. കേരളാ കോൺഗ്രസ് പാർട്ടിക്ക് ഒരു നയമുണ്ട്. ആ നയം ഞാൻ ആദ്യം സൂചിപ്പിച്ചു. ഈ രാജ്യത്തിലെ ജനങ്ങൾക്ക് എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ, അവരുടെ ജനകീയപ്രശ്നങ്ങൾക്ക്, അടിസ്ഥാനപരമായി പരിഹാരം കാണാനായിട്ട് ഏതെങ്കിലും കേന്ദ്രത്തിൽനിന്നുമുള്ള നടപടികൾ അതിന് എതിരായി വരുന്നു

LIBRARY ARCHIVES Kerala Legislative Assembly

വെങ്കിൽ അതിനെതിരായി കേരളാ കോൺഗ്രസ് സംഘടിച്ചുവെന്നുവരും. ഞാൻ ഒരു കാര്യത്തിൽ ശ്രീ. കൃഷ്ണൻകുട്ടിയുടെ ശ്രദ്ധക്ഷണിക്കുകയാണ്. ഇൻഡ്യയുടെ പ്രിയങ്കരനായ പ്രധാനമന്ത്രി ശ്രീ. രാജീവ്ഗാന്ധി ലക്ഷദ്വീപിലെ സന്ദർശനം കഴിഞ്ഞ് മടങ്ങിവരുമ്പോൾ പറഞ്ഞ ഒരു വാചകം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. നമ്മുടെ രാജ്യത്തെ എല്ലാ പാർട്ടികൾക്കും ഒരേ, അഭിപ്രായമാണെങ്കിൽപ്പിന്നെ പല പാർട്ടികൾ എന്തിനാണ്? ജനാധിപത്യത്തിൽ ഇത് വളരെ പ്രസക്തമാണ്. ശ്രീ. കൃഷ്ണൻകുട്ടി എന്നോടു ചോദിക്കുന്ന ചോദ്യംതന്നെ നാളികേരസമരത്തെക്കുറിച്ച് ആ കോൺഗ്രസ്സിൽ നമ്മുടെ പ്രിയപ്പെട്ട പ്രധാനമന്ത്രിയോട് ചോദിച്ചു, കേരളാ കോൺഗ്രസ് സമരം നടത്തി, ട്രെയിൻ തടഞ്ഞു തെറ്റല്ലേ എന്ന്. അദ്ദേഹം ചോദിച്ചു ഇതിന് ഇത്ര വലിയ പ്രാധാന്യം കൊടുക്കുന്നതെന്തിനാണെന്ന്. കോൺഗ്രസ്സിനും, കേരളാ കോൺഗ്രസ്സിനും കോൺഗ്രസ് എസിനും ആർ. എസ്. പി. ക്കുമൊക്കെ ഒരഭിപ്രായമാണെങ്കിൽ ജനാധിപത്യത്തിനർത്ഥമില്ല. ഈ രാജ്യത്തിന്റെ ജനാധിപത്യത്തിന്റെ തിളക്കമെന്നു പറയുന്നത് വ്യത്യസ്ഥങ്ങളായ പ്രത്യയശാസ്ത്രമുള്ള പാർട്ടികളാണ്. എന്റെ അയൽ നിയോജകമണ്ഡലത്തിലെ മെമ്പർ ശ്രീ. രാജേന്ദ്രൻ ഇവിടെ സൂചിപ്പിച്ചു. കഴിഞ്ഞ 1985-86 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ നമ്മുടെ സംസ്ഥാനത്തെ ധനകാര്യമന്ത്രി പറഞ്ഞ കാര്യം. നിത്യനിദാനച്ചെലവു ചുരുക്കി വിഭവസമാഹാരങ്ങളുണ്ടാക്കി മുന്നോട്ടുപോകുവാൻ അസാദ്ധ്യമാണ് ഈ സാഹചര്യത്തിൽ, അതുകൊണ്ട് കേന്ദ്രം സഹായിക്കേണ്ടിവരുമെന്ന്. ശരിയല്ലേ? അതുതന്നെയല്ലേ ഇപ്പോഴത്തെ നയപ്രഖ്യാപനത്തിലും പറഞ്ഞിട്ടുള്ളത്? 1986-87-ലെ നയപ്രഖ്യാപനത്തിൽ പറയുന്നത് എന്താണ്? കേന്ദ്രഗവൺമെന്റിനോട് ഈ ഗവൺമെന്റ് ആവശ്യങ്ങൾ ചോദിക്കേണ്ടിവരുന്നത് സ്വാഭാവികമാണ്. അതിൽ എവിടെയാണ് പൊരുത്തക്കേട് വരുന്നത്? എന്റെ രാജേന്ദ്രാ? ഈ ആപ്പടിക്കുന്ന ഇടപാട് എന്തിനാണ്? ഈ മുന്നണി തകരുകയില്ല. ശ്രീമാൻ കരുണാകരനേയും ശ്രീമാൻ കെ. എം. മാണിയേയും തമ്മിൽ ഇനിയും തെറ്റിക്കാമെന്നുള്ള പ്രതീക്ഷയുണ്ടെങ്കിൽ തെറ്റാൻ പോകുന്നില്ല. ഞങ്ങൾക്ക് ഞങ്ങളുടേതായ അഭിപ്രായമുണ്ട്. മുസ്ലീംലീഗിനുണ്ട്, കോൺഗ്രസ്സിനുണ്ട്. അതൊക്കെ ശരിയാണ്. ഞങ്ങളുടെ ചർച്ചകളെക്കുറിച്ചൊക്കെ നിങ്ങൾ കേട്ടു. ഇനി വരാൻപോകുന്ന ചർച്ചകളെക്കുറിച്ച് കേട്ടു. ഞങ്ങൾ ഭംഗിയായി, ഇവിടെ സൂചിപ്പിച്ചതുപോലെ ഫിനിഷ് ചെയ്യാൻ പോവുകയാണ്. ഇപ്പോൾ വന്നിരിക്കുന്ന കുഴപ്പമെന്താണ്? നിങ്ങളുടെ സകല പ്രതീക്ഷകളും തെറ്റി. വാസ്തവത്തിൽ ഈ നിയമസഭാസമ്മേളനം കൂടുന്ന സമയത്ത് ജനങ്ങൾ നിങ്ങളിൽനിന്ന് ഒരുപാടു കാര്യങ്ങൾ പ്രതീക്ഷിച്ചു. മുഴുവൻ പാളിപോയി. ഒന്നും സംഭവിച്ചിട്ടില്ല. എനിക്ക് വളരെ സഹതാപമുണ്ട്. ഞാൻ വളരെ നിഷ്പക്ഷതയോടുകൂടി പറയുകയാണ്. 1957-ലെ മന്ത്രിസഭയുടെ കാലത്ത് കോൺഗ്രസ്പാർട്ടി അപ്പുറത്തിരുന്നു. 1957-ലേയും, 60-ലേയും, 67-ലെയും '70-ലെയും '77-ലെയും '80-ലെയും പ്രതിപക്ഷത്തെയും ഇന്നത്തെ പ്രതിപക്ഷത്തെയും തമ്മിൽ ഒന്നു താരതമ്യപ്പെടുത്തി നോക്കൂ. ഇത് എന്തു പ്രതിപക്ഷമാണ്? ഇങ്ങനെയൊരു സാഹചര്യമാണ് ഞങ്ങളുടെ കയ്യിൽ കിട്ടിയിരുന്നതെങ്കിൽ ഞങ്ങൾ ഇതുപോലെയൊന്നുമായിരിക്കുകയില്ല ആക്ട് ചെയ്യുന്നത്. നിങ്ങൾ വിശദീകരിക്കാനാവാത്ത കാര്യങ്ങൾ വളരെയുണ്ട്. ഞാൻ ശ്രീമാൻ ശശീന്ദ്രനെക്കുറിച്ച് കൂടുതൽ പറയുന്നില്ല. പ്രതിപക്ഷത്തിന് നേതൃത്വം കൊടുക്കുന്ന മാർക്സിസ്റ്റുപാർട്ടിയെക്കുറിച്ചും മാർക്സിസ്റ്റു പാർട്ടിക്കകത്ത് നടക്കുന്ന ഉൾപ്പോരിനെക്കുറിച്ചുമാണ് പറയാനുള്ളത്. അതുപോലെതന്നെ മാർക്സിസ്റ്റു പാർട്ടിയും സി. പി. ഐ. യും തമ്മിലുള്ള പ്രശ്നം. ഈ ഘട്ടങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷത്തെ നിർജ്ജീവമാക്കിയിരിക്കുകയാണ്. മാർക്സിസ്റ്റു പാർട്ടിയുടെ ജീവൻ എവിടെ പോയി? എന്താണ് അവരുടെ മുഖം ഇങ്ങനെയിരിക്കുന്നത്? അവരാകെ നിരാശരായി പതറി കാര്യങ്ങളം പറയാതിരിക്കുകയാണ്. ഗൗരിയമ്മ എന്തെങ്കിലും പറയുമെന്നു വിചാരിച്ചു. ഒന്നും പറയുന്നില്ല. ശ്രീ. നായനാർ ഇവിടെയില്ല; എം. വി. രാഘവനും ഞാനും വ്യക്തിപരമായി വളരെ അടുത്ത ആളുകളാണ്. "ആദർശത്തിൽ വിശ്വസിക്കുന്ന പാർട്ടി എന്നുള്ള നിലയ്ക്ക് ആരാണെങ്കിലും നടപടിയെടുക്കുമെന്നു പറഞ്ഞാൽ എം. വി. ആർ. സംസാരിച്ചതുപോലെ സംസാരിക്കണം. ഈ ഗവൺമെൻറിനെതിരായി ശക്തമായ വാദമുഖങ്ങളുയർത്താൻ നിങ്ങൾക്കൊന്നും സാധിച്ചിട്ടില്ല. ഇവിടെ കുറെ അഭിപ്രായഭിന്നതകളുണ്ടായിരുന്നു. അതൊക്കെ പറഞ്ഞു തീർത്തു.

ഒരു കാര്യം നിങ്ങൾ ഓർക്കണം. ഈ ജനാധിപത്യമുന്നണി ഭേദം ഭംഗിയായി കൊണ്ടുപോകണമെന്നുള്ളതാണ്. കേരളത്തിലെ ജനങ്ങളുടെ ആഗ്രഹം. ആ ആഗ്രഹങ്ങളെ മാനിച്ചുകൊണ്ടാണ് കേരളാകോൺഗ്രസ് പാർട്ടി നിലനിൽക്കുന്നത്. എന്തൊക്കെ തുരങ്കംവച്ചാലും ശരി ശ്രീമാൻ കരുണാകരൻ നയിക്കുന്ന ഭരണകൂടം തുടരുകതന്നെ ചെയ്യും. പിന്നെയും ശ്രീമാൻ ശശീന്ദ്രൻ ഒരുകൊല്ലം തികയുകയില്ലെന്ന് പറഞ്ഞു. ഇത് എത്രപ്രാവശ്യം കേട്ടതാണ്. 1982-ൽ ഈ നിയമസഭയിൽവന്നപ്പോൾ ആദ്യത്തെ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തിക്കൊണ്ട് പ്രമേയം അവതരിപ്പിച്ചപ്പോൾ ഈ മുന്നണി ഒരു കൊല്ലം തികച്ചു ഭരിക്കുകയില്ലെന്നു പറഞ്ഞതാണ്. തകരും തകരും എന്നു പറഞ്ഞതാണ്. അങ്ങനെ പറഞ്ഞുപറഞ്ഞ് നാലുവർഷം കഴിഞ്ഞു. നാലാമത്തെ പ്രാവശ്യവും ശ്രീമാൻ ശശീന്ദ്രൻ പറയുന്നു ഒരു കൊല്ലം തികയ്ക്കില്ല എന്ന്. ഇനി ഒരു വർഷമേയുള്ളു. ഈ അഞ്ചുവർഷം കൊണ്ട് ഭംഗിയായി ജനങ്ങളോടുള്ള ഉത്തരവാദിത്വം നിറവേറ്റും. (ബഹളം)

സർ, ഞാൻ ഒരു കാര്യം പറയാം. ഞങ്ങളുടെയിടയിലും അഭിപ്രായഭിന്നതകൾ ഉണ്ട്. ജനാധിപത്യപാർട്ടിക്കളെന്നുള്ള നിലയിൽ ഞങ്ങൾക്കു വീക്ഷണങ്ങളുണ്ട്. മാർക്സിസ്റ്റുപാർട്ടിക്ക് അതിൻെറതായ വീക്ഷണങ്ങളുണ്ട്. ഞാൻ പാർട്ടികളുടെ അകത്തേക്ക് കടക്കുന്നില്ല. അതിന് അതിൻെറതായ രീതികളുണ്ട്; രേണഘടനകളുണ്ട്. ഒരഭിപ്രായം ഒന്നിൽക്കൂടുതലാളുകൾ ഒരുമിച്ചു എഴുതിക്കൊടുത്താൽ പാർട്ടിവിരുദ്ധമാണ്. അത് ബൂർഷ്വാ പാർട്ടികളുടെ സ്വഭാവമാണ്, ശ്രീമാൻ എം. വി. രാഘവൻ പുറത്ത്. തലമുറകൾ തമ്മിലുള്ള അന്തരം അത് ബൂർഷ്വാ പാർട്ടികളുടെ സ്വഭാവവും ചിന്താഗതിയുമാണ്. ശ്രീമാൻ എം. വി. രാഘവൻ പുറത്ത്. (ബഹളം) ഞങ്ങളെസംബന്ധിച്ച് ഞങ്ങളുടെ പ്രശ്നങ്ങൾ വളരെയേറെ സ്വാതന്ത്ര്യത്തോടുകൂടി ഞങ്ങളുടെ സമിതികൾ ചർച്ച ചെയ്യുന്നുണ്ട്. വളരെ ഭംഗിയായി കാര്യങ്ങൾ കൊണ്ടുപോകുന്നുണ്ട്. ഈ മുന്നണി വളരെ ഭംഗിയായി ഭരണം മുന്നോട്ടുകൊണ്ടുപോകും. ഒരുകാര്യം നിങ്ങൾ സമ്മതിക്കുമല്ലോ ഞാൻ ഒന്നുകൂടി പറയുകയാണ്. എന്തെല്ലാം പ്രശ്നങ്ങളും ഭിന്നതകളും മുന്നണിയിലുണ്ടെങ്കിലും 1982-ൽ പൊതു തെരഞ്ഞെടുപ്പിൽ ഈ സംസ്ഥാനത്തെ ജനങ്ങളോട് പ്രകടനപത്രികയിൽ പറഞ്ഞകാര്യങ്ങൾ ബഹുഭൂരിപക്ഷം കാര്യങ്ങളും നിറവേറ്റാൻ ഈ കഴിഞ്ഞ നാലുവർഷംകൊണ്ട് സാധിച്ചുവെന്നുള്ളതാണ് ഈ മുന്നണിയുടെ ഏറ്റവും പ്രസക്തമായ നേട്ടവും വിലയും. അതിൻെറ അടിസ്ഥാനത്തിലാണ് കേരളത്തിലെ ജനങ്ങൾ. ഈ മുന്നണി തുടർന്ന് ഭരിക്കണമെന്നും അഞ്ചുവർഷക്കാലം ഭരിക്കണമെന്നും വീണ്ടും അധികാരത്തിൽ വരണമെന്നും ചിന്തിക്കുന്നത്, അതുകൊണ്ടാണ് കേരളാ കോൺഗ്രസ് പാർട്ടിയും മുസ്ലീംലീഗും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സും എൻ. ഡി. പി. യും എസ്. ആർ. പി. യും മറ്റ് കക്ഷികളും എല്ലാപേരും ഒരുമിച്ചുചേർന്നുകൊണ്ട് ഇതിൻെറ മുന്നോട്ടു നയിക്കാൻതന്നെ തീരുമാനിച്ചി

LIBRARY ARCHIVES Kerala Legislative Assembly

രിക്കുന്നത്. ഈ സംസ്ഥാനത്തിന്റെ സാമ്പത്തികകാര്യങ്ങളും കൂടുതൽ മെച്ചപ്പെടുത്തണമെന്നു പറയുന്നതിൽ എന്താണ് അപാകത? നാലാമത്തെ പേജിൽ എട്ടാമത്തെ പാരഗ്രാഫിൽ എന്താണ് പറഞ്ഞിരിക്കുന്നത്. കേന്ദ്ര-സംസ്ഥാന നികുതികളിൽനിന്നുള്ള വർദ്ധിച്ച വരുമാനത്തോടൊപ്പം വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് തക്കസമയത്ത് ഫണ്ട് അനുവദിച്ചതും സംസ്ഥാന സർക്കാർ ചെലവു ചുരുക്കൽ നടപടികളും സ്വീകരിച്ചതും കഴിഞ്ഞ ആറുമാസക്കാലത്ത് ഓവർഡ്രാഫ്റ്റുകളും ഒഴിവാക്കാൻ സംസ്ഥാന സർക്കാരിനെ സഹായിച്ചു. അതാണ് എഫിഷ്യൻറായിട്ടുള്ള ധനകാര്യമാനേജുമെൻറ്. ഇത് ഞാൻ പറയുന്നതല്ല. ഇത് കെ എം. മാണി പറയുന്നതല്ല. ഇത് ഈ സംസ്ഥാനത്തെ ഭരണത്തലവനായ ഗവർണ്ണർ, ആണ് പറയുന്നതെങ്കിൽ നിങ്ങളും ഞങ്ങളെത്തമ്മിൽ ഭിന്നിപ്പിക്കാൻ നോക്കണ്ട, കാര്യക്ഷമതയുള്ള ധനകാര്യമാനേജുമെൻറാണ്. ആരെങ്കിലും എന്തെങ്കിലും എവിടെയെങ്കിലും പറഞ്ഞ്, പുറത്തുനിന്ന് പറഞ്ഞു അല്ലെങ്കിൽ അകത്തുനിന്ന് നിങ്ങളും പറയുന്നുണ്ടെങ്കിൽ ഈ സംസ്ഥാനത്തിന്റെ ഭരണത്തലവൻതന്നെ പറഞ്ഞിരിക്കുന്നു അവർക്ക് അത്തരംകാര്യങ്ങളിൽ സംശയം വേണ്ട എന്നും ഈ നാടിന്റെ നല്ലമാറ്റങ്ങൾക്ക് ഉതകുന്ന ഈ നയപ്രഖ്യാപനപ്രസംഗത്തിന് ശ്രീമാൻ ഹസ്സൻ അവതരിപ്പിച്ച ഈ നന്ദിപ്രമേയത്തെ ഞാൻ പിന്താങ്ങുന്നു

ശ്രീ. ആർ. എസ്. ഉണ്ണി: സർ, ഞാൻ ഈ നന്ദി പ്രമേയത്തെ എതിർക്കുന്നു. സ്വന്തം കക്ഷിയുടെയും പൊതുവിൽ ഭരണമുന്നണിയുടെയും വിശ്വാസ്യത നഷ്ടപ്പെട്ട ഒരു മുഖ്യമന്ത്രി നയിക്കുന്ന ഒരു ഗവൺമെൻറിന്റെ നയമാണ് ഗവർണ്ണർ ഇവിടെ പ്രഖ്യാപിച്ചിട്ടുള്ളത്. കഴിഞ്ഞ ഫെബ്രുവരി 11-ാം തീയതി നമ്മുടെ മുഖ്യമന്ത്രി ഒരു പൊതുയോഗത്തിൽ കെ. പി. സി. സി. പ്രസിഡൻറിന്റെ സാന്നിദ്ധ്യത്തിൽ ഒരു കാര്യം പറഞ്ഞു. ചാത്തന്നൂർ വച്ചാണ് പറഞ്ഞത്. രാജ്യത്ത് പ്രതിസന്ധി ഉണ്ടാക്കുക, സംശയാസ്പദമായ സാഹചര്യങ്ങളും നിലനിറുത്തുക, ഇതിലൊക്കെ ഇടപെടുക എനിക്കു ഒരു വിനോദമാണ് എന്ന് അദ്ദേഹം പറഞ്ഞതാണ്. ഒരു മുഖ്യമന്ത്രിക്ക് പറയാവുന്ന വാക്കുകളാണോ സർ ഇതൊക്കെ. ഇതൊക്ക മുഖ്യമന്ത്രിക്കു ചേർന്ന യോഗ്യതയാണോ? രാജ്യത്ത് പ്രതിസന്ധി ഉണ്ടാക്കി, സംശയാസ്പദമായ സാഹചര്യങ്ങളും നിലനിറുത്തി ഉൽക്കണ്ഠകളും വളർത്തി അതിൽ ഇടപെടുക. എന്തൊരു ക്രൂരമായ വിനോദമാണ് സർ. ആ വിനോദം ഈ രാജ്യത്തിനു പറ്റിയതല്ലെന്നു മാത്രമാണ് എനിക്കു അതേപ്പറ്റി സൂചിപ്പിക്കുവാനുള്ളത്. ഈ പ്രതിസന്ധി എങ്ങനെയുണ്ടായി? ഞാൻ അതിനെപ്പറ്റി പറയുന്നില്ല. ശ്രീമാൻ ഹസ്സന്റെ പ്രസംഗം കേട്ടപ്പോൾ ഒരു വാടക മൈക്കിലൂടെ കേൾക്കുന്ന ശബ്ദം പോലെയാണ് എനിക്ക് തോന്നിയത്; ഞാൻ അതേപ്പറ്റി ഒന്നും പറയുന്നില്ല. ഈ പ്രതിസന്ധി എങ്ങനെയുണ്ടായി. മൂന്നുമാസമായി തുടങ്ങിയിട്ട്. കുഞ്ചൻനമ്പ്യാരുടെ ഒരു കഥാപാത്രമുണ്ട്—ചൊക്കൻ. ആ ചൊക്കനൊരബദ്ധം പറ്റി.

'അണ്ഡം രണ്ടും തടിയുടെയിടയിൽ
പൊണ്ണക്കപിയവൻ ഇട്ടും കൊണ്ട്
ആപ്പുപിടിച്ചങ്ങൂരിയ സമയേ'

എന്നാണ് കുഞ്ചൻനമ്പ്യാർ പറഞ്ഞിട്ടുള്ളത്. നമ്മുടെ മുഖ്യമന്ത്രിക്കും അതല്ലേ പറ്റിയത്? കുഞ്ചൻനമ്പ്യാരുടെ ചൊക്കനെ അനുസ്മരിപ്പിക്കുന്ന കൃത്യം അല്ലേ ഈ കഴിഞ്ഞ രണ്ടുമൂന്നുമാസം ചെയ്തത്. അദ്ദേഹം തന്നെയാണ് ഹൈക്കമാൻഡ്. ഹൈക്കമാൻഡ് തന്നെയല്ലേ ഇവിടെയിരിക്കുന്നതെന്നാണ് പത്രക്കാരോടുള്ള അദ്ദേഹത്തിന്റെ ചോദ്യം. ഇപ്പോൾ പത്രക്കാരെ

LIBRARY ARCHIVES Kerala Legislative Assembly

പുച്ഛം. അവരോട് ദേഷ്യം. സകലരോടും ദേഷ്യമാണ്. പത്രക്കാരാണോ ഈ കുഴപ്പമുണ്ടാക്കിയത്? ഇടയ്ക്കും മുറയ്ക്കും പല പ്രഖ്യാപനങ്ങളും നടത്തി ആ പ്രഖ്യാപനങ്ങളിൽ ഒന്നുപോലും നടപ്പാക്കാതെ രണ്ടിലൊന്ന് എന്നു പറഞ്ഞിട്ട് ഇരിക്കുന്ന ആളാ ഇവിടെ വന്ന് നിയമസഭയിൽ ഗവർണ്ണരെക്കൊണ്ടു വന്ന് പ്രസംഗം നടത്തിയിട്ട് വല്ല കാര്യവും ഉണ്ടോ? രണ്ടിലൊന്ന് നടന്നോ? ഒന്നുകിൽ തെരഞ്ഞെടുപ്പ്. അല്ലെങ്കിൽ പുനഃസംഘടന. ഇതിൽ ഏതെങ്കിലും ഒന്നു നടന്നോ? രണ്ടിലൊന്ന് വെള്ളിയാഴ്ച പറയാമെന്നു പറഞ്ഞു. പറഞ്ഞോ? അടുത്ത ശനിയാഴ്ചയായി. രണ്ടുമണിക്കൂറിനുള്ളിലായി. നിങ്ങളും പറഞ്ഞു പറഞ്ഞു എവിടെപ്പോയി ഈ രണ്ടിലൊന്നു എന്ന് ഞാൻ ചോദിക്കുകയാണ്. മുഖ്യമന്ത്രിയെപ്പറ്റി ഈ നന്ദിപ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീമാൻ ഹസ്സൻ പറഞ്ഞു. നാലണയിൽ തുടങ്ങി ഹൈക്കമാൻഡ്വരെയായിയെന്ന്. എനിക്ക് അതിൽ സന്തോഷമുണ്ട് സർ. ഞാൻ രണ്ടാം പാഠത്തിൽ ഒരു പാഠം പഠിച്ചു. ഒരു കുറുക്കൻ ചായത്തൊട്ടിയിൽ വീണു. കുറുക്കൻ നോക്കിയപ്പോൾ ശരീരത്തിന്റെ നിറം കൊള്ളാം: കാട്ടിൽ കയറി മൃഗങ്ങളെവിളിച്ചു കൂട്ടി രാജാവായി. മൃഗങ്ങളും കരുതി കൊള്ളാം, പുതിയ നിറമല്ലേ? ചായമുള്ള ആളല്ലേ കൊള്ളാമെന്നു കരുതി. ദിവസേന ആഹാരം അവർ കൊണ്ടുപോയി കൊടുക്കും. ഒരു ദിവസം ഒരു കുറുക്കനു ഒരു യുക്തി തോന്നി. ഇയാളും രാജാവാണോ? ഒരു വിദ്യ പരീക്ഷിച്ചു. രാജാവ് മുങ്ങിപ്പോയി. നമ്മുടെ മുഖ്യമന്ത്രിയും ഇത്രയും കാലം ഈ നിറത്തിലൊക്കെ സാഹചര്യത്തിന്റെ പ്രത്യേകതകൊണ്ട് ഇരുന്നതല്ലേ? ഇപ്പോൾ മുങ്ങിപ്പോയി. ഇപ്പോൾ ആണ് തനിനിറം വന്നത്. ഇപ്പോഴാണ് കൂടെയുള്ള ആദർശവാദികൾക്കും മറ്റാരെങ്കിലുമുണ്ടെങ്കിൽ അവർക്കും ബോദ്ധ്യപ്പെട്ടിട്ടുള്ളതെന്ന് ഞാൻ പറയാം. കഴിഞ്ഞ പത്തുപതിനഞ്ചുവർഷക്കാലമായി ഭാഗ്യവശാൽ അദ്ദേഹത്തിന് നക്ഷത്രമൊക്കെ നല്ലതായിരുന്നു. നക്ഷത്രമൊക്കെ മുറയ്ക്ക് അദ്ദേഹം നോക്കുന്നുണ്ട്. നമ്മുടെ സംസ്ഥാനത്തെ രാഷ്ട്രീയവർത്താമാദ്ധ്യമങ്ങളിലൊക്കെ പ്രതിപക്ഷത്തായിരുന്നപ്പോഴും ഭരണപക്ഷത്തായിരിക്കുമ്പോഴും മുഖ്യമന്ത്രിയായിരിക്കുമ്പോഴുമൊക്കെ ആരെക്കാളും ഈ രാജ്യത്ത് പല പൊതുനേതാക്കൻമാരെക്കാളും നിറഞ്ഞു നിന്നിരുന്ന ഒരാളാണദ്ദേഹം. പല കാരണങ്ങളാലാണ്. അതൊക്കെ ശരിയായ കാരണങ്ങളാലാണോ ശരിയായ അടിസ്ഥാനത്തിലാണോയെന്നൊന്നും ഞാൻ പറയുന്നില്ല. എങ്കിലും അതൊരു വസ്തുതയാണ്. അതിന്റെ ഡെസ്റ്റിനേഷനിൽ എത്തി. അതിന്റെ അവസാനത്തിൽ സ്വരം ചീത്തയായി. നല്ലൊരവസാനമായി. ഇതൊന്ന് ഒഴിവാക്കിക്കൊടുക്കണമെന്നാണ് ഇപ്പോൾ. ഈ രാജ്യത്തെ ജനങ്ങളിൽ അദ്ദേഹത്തിനോടൊപ്പം എത്ര പേരുണ്ട്? ഞാൻ ചോദിക്കട്ടെ, ശ്രീമാൻ എം. പി. ഗംഗാധരനെ വിശ്വസിക്കാൻ കൊള്ളാമോ? വളരെയധികം ഭരണദൂഷ്യമുള്ള ഒരു ഗവൺമെന്റിനെയാണ് നമ്മുടെ സംസ്ഥാനം ഇതുവരെ കണ്ടത്. ഭരണദൂഷ്യം എന്നു പറയുന്നതൊക്കെയാണ് സർ? അഴിമതി, സ്വജനപക്ഷപാതം, കൈക്കൂലി, പിടിച്ചുപറി, നിയമത്തെമറികടക്കൽ ഇങ്ങനെ ഭരണദൂഷ്യത്താൽ റിക്കാർഡ് സൃഷ്ടിച്ചിട്ടുള്ള മറ്റൊരു ഗവൺമെന്റും ഈ രാജ്യം ഭരിച്ചിട്ടില്ലെന്നു പറയാൻ ഞാനാഗ്രഹിക്കുന്നു.

സർ, ഇവിടെ അഴിമതിയെപ്പറ്റി പറഞ്ഞു. ഒരു കാര്യം മുഖ്യമന്ത്രിയോട് ചോദിക്കട്ടെ, ഓർഡിനൻസിന്റെ പൊടിപൂരമാണല്ലോയിപ്പോൾ. ഇവിടെയിപ്പോൾ ഒരു അഴിമതി നിരോധന കമ്മീഷൻ ഉണ്ട്. നിങ്ങൾക്ക് എന്തു കൊണ്ട് പോയ്കൂടാ? കാട്ടുകള്ളൻമാരെ ഉലയിലൂതി സ്വർണ്ണമാക്കി ഇവിടെ കൊണ്ടുവരാൻ ഞങ്ങൾക്ക് മനസ്സില്ല.

ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിക്കുന്നു, 31-ാം തീയതി സഭ പിരിയും. ഒരു ഓർഡിനൻസ് ഇഷ്യൂ ചെയ്യുമോ സർ? അഴിമതി

LIBRARY ARCHIVES Kerala Legislative Assembly

നിരോധന ബില്ലിൽ ആവശ്യമായ മാറ്റങ്ങളും വരുത്താൻ ഞങ്ങളും മുഖ്യമന്ത്രിയുമായി ഒരു ഡിസ്ക്ഷനു തയ്യാറാണു. വേണമെങ്കിൽ ഒരു ദിവസം ഉച്ച തിരിഞ്ഞു സഭ സമ്മേളിച്ചു ചർച്ച ചെയ്യാൻ തന്നെ ഞങ്ങളും തയ്യാറാണു. ഞങ്ങളും ചില നിർദ്ദേശങ്ങളും വയ്ക്കും. അതനുസരിച്ചു അഴിമതി നിരോധന നിയമത്തിൽ മാറ്റം വരുത്താൻ തയ്യാറുണ്ടെങ്കിൽ (1-ാം തീയതി, അല്ലെങ്കിൽ അതു പോകട്ടെ, മടയൻമാരുടെ ദിവസമാണല്ലോ, ആ ദിവസമാണല്ലോ പലതും കൊണ്ടു വരുന്നതു, വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റി ഓർഡിനൻസു ഇങ്ങനെ പലതും) ഇങ്ങനെയൊരെണ്ണം കൊണ്ടു വരാൻ തയ്യാറുണ്ടെങ്കിൽ, ഒരു ഓർഡിനൻസു ഇഷ്യു ചെയ്യാൻ തയ്യാറുണ്ടെങ്കിൽ അടുത്ത ദിവസം ഇവിടെയിരിക്കുന്ന പലതിനെ സംബന്ധിച്ചും—മുഖ്യമന്ത്രി മുതൽ ഇങ്ങോട്ടും അതിനപ്പുറത്തുമൊക്കെയുള്ളവരെ ഈ കമ്മീഷന്റെ മുമ്പിൽ അണി നിരത്താൻ ഞങ്ങളും തയ്യാറാണു. അതിനു മുഖ്യമന്ത്രി തയ്യാറുണ്ടോ ?

മി. ചെയർമാൻ : ബഹുമാനപ്പെട്ട മെമ്പറുടെ സമയം കഴിഞ്ഞു.

ശ്രീ. ആർ. എസ്. ഉണ്ണി : ഈ നന്ദി പ്രമേയത്തെ ഞാൻ എതിർക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. മുഹമ്മദാലി)

ശ്രീ. കെ. ജി. ആർ. കർത്താ : സർ, ഈ നന്ദി പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു. സജീവമായ വിഷയങ്ങളും അടങ്ങിയ, മാർഗ്ഗങ്ങളും മാർഗ്ഗനിർദ്ദേശങ്ങളുമുള്ള, ഗുരുതരമായ പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്തുന്ന ഒരു പ്രസംഗം ആണു ബഹുമാനപ്പെട്ട ഗവർണ്ണർ ചെയ്തതു. കേരളത്തിൽ ഈ ഗവൺമെൻറ് ചെയ്തിട്ടുള്ള വിവിധ സേവനങ്ങളെ വിലയിരുത്തിയതിനു പുറമേ ഇനി പരിഹാരം കാണേണ്ട, ഈ മുന്നണി പ്രതിജ്ഞ ചെയ്തിരിക്കുന്ന കാര്യങ്ങൾക്കു പരിഹാരം കണ്ടെത്തുവാനുള്ള ഒരു സമയബന്ധിത പരിപാടിയായിട്ടാണു ഇതിലെ ഉള്ളടക്കം ഞാൻ വായിച്ചതു. ഏറ്റവും ആവശ്യവും ഇന്നു ജനങ്ങളും നോക്കി നിൽക്കുന്നതുമായ ദരിദ്രരുടെ പ്രശ്നപരിഹാരങ്ങൾക്കും പരിഹാരമാർഗ്ഗങ്ങളും നിർദ്ദേശിച്ചിട്ടുണ്ടു. ദാരിദ്ര്യരേഖക്കു താഴെയുള്ള ജനങ്ങളുടെ കണക്കുകളും എടുത്തുകൊണ്ടു അവർക്കു സാമ്പത്തികമായ വളർച്ചയ്ക്കു വേണ്ടിയുള്ള മാർഗ്ഗങ്ങളും ആരാഞ്ഞുകൊണ്ടിരിക്കുന്ന ഈ ഗവൺമെൻറിനു വേണ്ടി ഗവർണ്ണർ ചെയ്ത പ്രസംഗത്തെ ആത്മാർത്ഥമായി ഞങ്ങളും പിൻതാങ്ങുകയാണു.

ഇവിടെ വളരെ പ്രതീക്ഷയോടുകൂടിയാണു വന്നതു. പ്രതിപക്ഷത്തിനു ധാരാളം പറയാനുണ്ടു, എന്തൊക്കെ സംഭവിക്കാൻ പോകുന്നു എന്നൊക്കെ തോന്നിയാണു വന്നതു. ഇവിടെ വന്നപ്പോളും ആദ്യകാലത്തു, ഈ നിയമസഭ ആരംഭിച്ച കാലത്തു പറഞ്ഞ പഴയ പല്ലവികളും അല്ലാതെ എന്തെങ്കിലും കഴമ്പുള്ള ഒരു വിമർശനം ഈ നിയമസഭയിൽ വയ്ക്കുവാൻ അവർക്കാർക്കും സാധിച്ചിട്ടില്ല എന്നുള്ളതു ഒരു പരമാർത്ഥമാണു. പല നിയമസഭകളിലായി പല സമ്മേളനങ്ങളും കണ്ടുകഴിഞ്ഞവരാണു നമ്മളും; ഒന്നും പുതുമയായി പറയാനില്ല. ശക്തിയില്ലാത്ത, ഒരു കഴമ്പുമില്ലാത്ത വാചകങ്ങളും ഉന്നയിക്കുന്ന പ്രതിപക്ഷാഭിപ്രായങ്ങളും എന്നുള്ളതിൽക്കവിഞ്ഞു അതിൽ ഞാൻ ഒന്നും കാണുന്നില്ല. ഒരു ഗവൺമെൻറ് കൂടുതൽ കാലം ഭരിക്കുമ്പോളും ധാരാളം പ്രവർത്തനങ്ങളും ചെയ്യും. അപ്പോളും അതിൽ ആക്ഷേപങ്ങളും ഉണ്ടാകും. അഭിപ്രായങ്ങളുണ്ടാകും. ഈ ഗവൺമെൻറ് അല്പായുസ്സല്ലാതെ പോയി. പ്രതിപക്ഷത്തിരിക്കുന്നവർക്കു പ്രതീക്ഷകളുണ്ടായിരുന്നു. ഇതു അല്പായുസ്സായി പോകും, ആരെയെങ്കിലും ഒക്കെ കുറ്റപ്പെടുത്തിയാൽ, പരസ്പരം തല്ലിക്കുവാൻ ചില മാർഗ്ഗങ്ങളും ഉണ്ടാക്കിയാൽ ഈ ഗവൺമെൻറ് അല്പായുസ്സായി പോകുമെന്നുള്ള ഒരു

LIBRARY ARCHIVES Kerala Legislative Assembly

ധാരണണ്ടായിരുന്നു. അതിനെയെല്ലാം മറികടന്നുകൊണ്ട് ഈ ഗവൺമെന്റ് അഞ്ച് വർഷവും ഭരിക്കുമെന്നും കണ്ടപ്പോഴാ ഇനിയെന്താ പരിപാടിയെന്ന് ആലോചിക്കുകയാണ്. ഐക്യജനാധിപത്യമുന്നണിയുടെ ഘടക കക്ഷികളെ ആരും തമ്മിൽ അടിപ്പിക്കാൻ നോക്കേണ്ട. ഞങ്ങളാ ജനങ്ങളോട് വാഗ്ദാനം ചെയ്തവരാണ്. ഞങ്ങളാ ഈ അസംബ്ലിയിലേക്കു കടന്നുവന്നത് ഒരു പ്രതിജ്ഞയുടെ പേരിലാണ്. ആ പ്രശ്നങ്ങളാക്ക് പരിഹാരം കണ്ടെത്താൻ ഞങ്ങളാ ഒറ്റക്കെട്ടായി നിൽക്കുമെന്നുള്ളതിന്റെ വ്യക്തമായ തെളിവാണ് പൊട്ടലും ചീറ്റലുമുണ്ടായിട്ടും ഈ മന്ത്രിസഭയ്ക്ക് ഒരു കോട്ടവും സംഭവിച്ചിട്ടില്ല എന്നുള്ളത്. തെറ്റുകളുണ്ടെങ്കിൽ പരസ്പരം പറഞ്ഞ് അവ തിരുത്തുവാനുള്ള സന്ദർഭങ്ങളാ എന്റെ മറ്റൊരു സ്നേഹിതൻ ഇവിടെ പറഞ്ഞതുപോലെ.....

ശ്രീ. എസ്. ആർ. തങ്കരാജ് : ഒറ്റക്കെട്ടായി നിൽക്കുമെന്നും ഒരുമീച്ച് മുന്നോട്ടുപോകുമെന്നുമൊക്കെ ശ്രീ. കർത്താ ഇവിടെ പറഞ്ഞല്ലോ. എൻ. ഡി. പി.യുടെ മന്ത്രിയെ ഇതുവരെ നിശ്ചയിക്കാൻ സാധിച്ചോ, ആരാണ് അടുത്ത മന്ത്രിയായി വരാൻ പോകുന്നത് എന്ന് പറയാൻ സാധിക്കുമോ ?

ശ്രീ. കെ. ജി. ആർ. കർത്താ : ഈ കാര്യത്തിൽ നിങ്ങളാരും ദുഃഖിക്കരുത് എന്നേ ഞങ്ങളാക്ക് പറയാനുള്ളു. ഞങ്ങളുടെ കക്ഷികളിൽ അഭിപ്രായങ്ങളും അഭിപ്രായവ്യത്യാസങ്ങളും ഉണ്ട്. അത് പറഞ്ഞുതീർക്കേണ്ട വേദി വേറെയാണ്. ഞങ്ങളാ അങ്ങനെയൊരു മന്ത്രിസ്ഥാനമോ അധികാരമോ ആഗ്രഹിച്ചുകൊണ്ടല്ല വന്നത്. ഞങ്ങളാ ഇവിടെ വന്നത് ഞങ്ങളുടെ അവകാശങ്ങളെ സംരക്ഷിക്കാനാണ്. ഗവർണ്ണറുടെ പ്രസംഗത്തിൽ ദരിദ്രകോടികളാക്കായി തുക നീക്കിവച്ചിട്ടുണ്ട് എന്ന് പറഞ്ഞപ്പോഴാ തന്നെ ഞങ്ങളാക്കു സമാധാനമായി. ഞങ്ങളുടെ അഭിപ്രായം അംഗീകരിച്ചു കഴിഞ്ഞു. അതാണ് ഗവർണ്ണറുടെ പ്രസംഗത്തെ ഞാൻ അങ്ങേയറ്റം ബഹുമാനിക്കുന്നത്.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആളുകളെ കണ്ടുപിടിച്ചുകൊണ്ട് അവരുടെ അവശത പരിഹരിക്കുവാനും ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ് എന്ന് ഗവർണ്ണർ പ്രസംഗിച്ചപ്പോഴാ, അതിന് പരിപാടികളാ ആസൂത്രണം ചെയ്തുകഴിഞ്ഞപ്പോഴാ ഞങ്ങളുടെ ആവശ്യങ്ങളാ ഏറെക്കുറെ അവ. ഞങ്ങളുടെ താല്പര്യങ്ങളെ സംരക്ഷിക്കുവാനുള്ള ഒരു നീക്കമാണെന്നുള്ളതിൽ ഞങ്ങളാ സന്തോഷിക്കുന്നു. ഗവർണ്ണറുടെ പ്രസംഗത്തിൽ അടങ്ങിയിരിക്കുന്ന ആശയങ്ങളെ അങ്ങേയറ്റം അഭിനന്ദിച്ചുകൊണ്ട് ഒരിക്കൽക്കൂടി ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. ജെ. ജോർജ്ജ് : സർ, ഇവിടെ ശ്രീ. ഹസ്സൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ എതിർക്കുകയാണ്. ശ്രീ. ഹസ്സന്റെ പ്രസംഗം കേട്ടപ്പോഴാ അദ്ദേഹം ആർക്കോ വേണ്ടി പ്രസംഗിക്കുന്ന ഒരു വാടകക്കാരന്റെ പ്രസംഗം മാതിരിയാണ് എനിക്ക് തോന്നിയത്. ഗവർണ്ണറുടെ പ്രസംഗത്തിന്റെ ആദ്യഭാഗത്ത് പഞ്ചാബിലേയും, ആസ്സാമിലേയും പ്രശ്നങ്ങളാ പരിഹരിച്ചു എന്ന് പറഞ്ഞിട്ടുണ്ട്. എങ്ങനെ പരിഹരിച്ചു എന്നുള്ളതൊക്കെ നമുക്ക് മനസ്സിലായിട്ടുണ്ട്. പണ്ട് പ്രതിപക്ഷ പാർട്ടികളാ പറഞ്ഞിരുന്ന ആ ഒത്തുതീർപ്പുരേഖ അപ്പാടെ അംഗീകരിച്ചുകൊണ്ടുള്ള ഒരു ഒത്തുതീർപ്പാണ് ശ്രീ. രാജീവ് ഗാന്ധി ഉണ്ടാക്കിയത്. പക്ഷേ ഇന്ദിരാഗാന്ധി ചെയ്യാത്ത അല്ലെങ്കിൽ ചെയ്യാൻ മടിച്ചിരുന്ന ആ കാര്യം രാജീവ് ഗാന്ധി ചെയ്തു. പക്ഷേ അതിന്റെ ഒത്തുതീർപ്പ് വ്യവസ്ഥകളാ ഇന്നുവരെ നടപ്പിലാക്കാത്തതുകൊണ്ടാണ് പഞ്ചാബ് ഇന്നും നീറിപ്പുകയുന്നത്. ചണ്ഡിഗർ പഞ്ചാബിനു കൊടുക്കണമെന്നുള്ള ആ ഫോർമുല നടപ്പിലാക്കിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

റിട്ടയർ ചെയ്ത ജസ്റ്റീസ് മാത്യു കമ്മിഷന്റെ റിപ്പോർട്ട് അവിടെ വില്ലേജുകൾ കൊടുക്കേണ്ടതിനെപ്പറ്റിയുള്ള തീരുമാനം ശരിക്കും എടുക്കാത്തതിന്റെ പേരിലുള്ള ആ കാര്യങ്ങളൊക്കെയാണ് ഇന്നും അവിടെ നീറിപ്പുകയുന്നത്. അവിടെ വർഗ്ഗീയത വർദ്ധിപ്പിച്ചു കൊണ്ടുവന്നതാരാണ്? ഈ ഇന്ദിരാ കോൺഗ്രസ്സുകാർ ഭിന്ദ്രൻവാലയെ കൂട്ടുപിടിച്ചു തന്നെയാണ് ഈ രാജ്യത്ത് മുഴുവൻ വർഗ്ഗീയത കെട്ടിപ്പടുത്തു കൊണ്ടുവന്നത്. അതിന്റെ ഒരു പ്രതിഫലനമാണ് ഈ കേരളത്തിൽ നടക്കുന്നത്. ഇന്നും നടന്നുകൊണ്ടിരിക്കുന്നത്. അങ്ങനെയാണ് ഈ വർഗ്ഗീയതയെ ഇവിടെ ഊട്ടിവളർത്തി കൊണ്ടുവന്നത്. അങ്ങനെ പഞ്ചാബിന്റെ പ്രശ്നം പരിഹരിച്ചു എന്നു പറയുന്ന ഗവർണ്ണർ ഈ വക കാര്യങ്ങളെപ്പറ്റിയൊന്നും പറഞ്ഞില്ല.

മറ്റൊരു കാര്യം എനിക്ക് പറയാനുള്ളത് നമ്മുടെ നാളികേര പ്രശ്നത്തെക്കുറിച്ചാണ്. പ്രതിപക്ഷത്തുള്ള എം. എൽ. എ.മാരൊക്കെ ഡൽഹിയിൽ പോയി നാളികേരത്തിന്റെ വില വർദ്ധിപ്പിക്കുന്നതിനുവേണ്ടി സമരം ചെയ്തവർ ആണ്. ഇവിടെ കേരളാ കോൺഗ്രസ്സുകാർ തീവണ്ടി തടയാൻ പോയി. കരുണാകരന്റെ നെഞ്ചത്താണ് നാളികേരം എറിയുന്നത് എന്ന് ശ്രീ. പി. സി. ജോർജ്ജ് വരെ ഇവിടെ പ്രസംഗിച്ചു. പക്ഷേ എന്തുണ്ടായി? ഇന്നുവരെ നാളികേരപ്രശ്നത്തിന്റെ പേരിൽ കൃഷിക്കാരന് കിട്ടേണ്ടതായ വരുമാന മാർഗ്ഗം ഉണ്ടാക്കിക്കൊടുക്കാൻ സാധിച്ചിട്ടുണ്ടോ? സാധിച്ചിട്ടില്ല.

മറ്റൊരു കാര്യം എനിക്ക് പറയാനുള്ളത് ശ്രീ. ഹസ്സന്റെ പ്രസംഗത്തിൽ പറഞ്ഞു ഇവിടെ കോൺഗ്രസ്സുകാർ ദീർഘകാലം ഈ രാജ്യം ഭരിച്ചിട്ടുണ്ട് എന്ന്. 1977-ൽ ശ്രീ. എ. കെ. ആന്റണിയുടെ മന്ത്രിസഭ ഉണ്ടായി. ഒരു കൊല്ലംകൊണ്ട് എ. കെ. ആന്റണി രാജിവച്ചു പോയി. ഈ കോൺഗ്രസ്സുകാരുടെ കുതികാൽ വെട്ടുതന്നെയായിരുന്നു അതിന് കാരണം. അതു കഴിഞ്ഞ് 1979-ൽ ഈ കോൺഗ്രസ്സുകാർ സഹകരിച്ചുകൊണ്ടിരുന്ന ആ മന്ത്രിസഭ രാജിവച്ചു. ആരായിരുന്നു ഉത്തരവാദി? ശ്രീ. ഹസ്സന്റെ കോൺഗ്രസ്, എ. കെ. ആന്റണിയുടെ കോൺഗ്രസ്. 1980-ൽ ഉണ്ടായ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റിനെ പൊളിച്ചതാരാണ്? ഈ എ. കെ. ആന്റണിയുടെ കോൺഗ്രസ്, ശ്രീ. ഹസ്സന്റെ കോൺഗ്രസ്. അപ്പോഴും ഇവിടെ നീണ്ടുനിൽക്കുന്ന ഭരണം നടത്താതിരിക്കുന്നതിൽ ആർക്കാണ് പങ്ക്? ഈ 'എ' കോൺഗ്രസ്സുകാർക്ക്. അതിന് മറ്റുള്ളവരെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. ഇവിടെ മന്ത്രിസഭകളെ തകർത്തുകൊണ്ടിരുന്നത് ശ്രീ. എ. കെ. ആന്റണിയുടെ ശിഷ്യൻമാരും ശിങ്കിടികളുമാണ്. അങ്ങനെയുള്ള കോൺഗ്രസ്സുകാരാണ് പറയുന്നത് ഒൻപത് കൊല്ലമായി ശ്രീ. മാണി ഇവിടെ ബഡ്ജറ്റ് അവതരിപ്പിക്കുന്നു എന്ന്. ഒൻപത് കൊല്ലമായി ബഡ്ജറ്റ് അവതരിപ്പിക്കാൻ പോകുന്നത് ആരുടെ കാലത്തൊക്കെയായിട്ടാണ്? ഇടതുപക്ഷജനാധിപത്യ മുന്നണിയുടെകാലംതൊട്ടാണ്. അതുംകൂടി കണക്കു കൂട്ടിയിട്ടാണ് ശ്രീ. ഹസ്സൻ പറയുന്നത്.

മറ്റൊരു കാര്യം എനിക്ക് പറയാനുള്ളത് നമ്മുടെ നാട്ടിൽ റേഷൻഅരിയുടെ വില വർദ്ധിപ്പിച്ചതിനെക്കുറിച്ചാണ്. ഗോതമ്പിന്റെ വില വർദ്ധിപ്പിച്ചു, പെട്രോൾ ഉൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിച്ചു. പാചകഗ്യാസിന്റെ വില വർദ്ധിപ്പിച്ചു. മണ്ണെണ്ണയുടെ വില വർദ്ധിപ്പിച്ചു. കൽക്കരിയുടെ വില വർദ്ധിപ്പിച്ചു. അങ്ങനെയുള്ള എല്ലാ സാധനങ്ങളുടേയും വില വർദ്ധിപ്പിച്ചു അതിനെപ്പറ്റിയൊന്നും ഗവർണ്ണർക്ക് ഒരു വാക്കും പറയാനുണ്ടായിരുന്നില്ല. രണ്ടേമുക്കാൽ കോടി ജനങ്ങളുടെ നീറുന്ന പ്രശ്നങ്ങളിലേക്ക് വിരൽചൂണ്ടിക്കൊണ്ട് എന്തെങ്കിലും പറയാൻ ഗവർണ്ണർക്ക് സാധിച്ചുവോ? ശ്രീ. കരുണാകരൻ നേതൃത്വം നൽകുന്ന ഈ അഴിമതി ഗവൺമെന്റിന് അതിനെപ്പറ്റി എന്തെങ്കിലും ഒരു നല്ലവാക്ക് പറയാൻ സാധിച്ചോ? സാധിച്ചില്ല. ഇതാണ് ഇവിടത്തെ

LIBRARY ARCHIVES Kerala Legislative Assembly

രേണനേട്ടം. ഇതൊക്കെയാണ് പുകഴ്ത്തിപ്പറയുന്നത്. ശ്രീ. മാണി ഇവിടെ ധനകാര്യവകുപ്പ് കൈകാര്യം ചെയ്ത് പണം കൊള്ളയടിച്ചു.

സർ, എന്റെ നിയോജകമണ്ഡലത്തിൽ വികസന പ്രവർത്തനങ്ങളൊന്നും നടക്കുന്നില്ല. എന്താണ് അതിന് കാരണം? പണം അതിനു വേണ്ടി കൊടുക്കുന്നില്ല. പണമില്ലാത്തതിന്റെ പേരിൽ വികസനപ്രവർത്തനങ്ങളും മന്ദീഭവിക്കുന്നു. സാമൂഹ്യവികസന വകുപ്പുമന്ത്രി ശ്രീ. പി. കെ. വേലായുധന്റെ വകുപ്പിൽവരെ വികസനപ്രവർത്തനങ്ങളും യഥാസമയം നടക്കുന്നില്ല, അതിന് മേൽനോട്ടം വഹിക്കാൻ ആളില്ല. ഇതൊക്കെ വസ്തുനിഷ്ഠമായി നടന്നുകൊണ്ടിരിക്കുന്ന കാര്യങ്ങളാണ്. അഴിമതി മുഖ്യൻ ശ്രീ. കരുണാകരൻ ഹെലിക്കോപ്റ്ററിൽ കോഴിക്കോട് സന്ദർശിച്ചു. അവസാനം അത് കണ്ടുപിടിച്ചപ്പോൾ അദ്ദേഹം പറയുന്നു, എന്റെ കയ്യിൽ നിന്നാണ് പണം കൊടുക്കുന്നതെന്ന്. പണ്ട് തൃശ്ശൂരിൽ യേശുവാദേവസ്സിക്കുട്ടി എന്നൊരു കള്ളനുണ്ടായിരുന്നു. അദ്ദേഹവും ഇതുപോലെതന്നെ പറയാറുണ്ടായിരുന്നു. കള്ളനെ പിടിക്കുമ്പോൾ തൊണ്ടി സാധനം കൊടുത്താൽ കുറ്റം ഒഴിഞ്ഞുപോകുമെന്നാണ് ശ്രീ. കരുണാകരൻ പറയുന്നത്. 30,000 രൂപ എങ്ങനെ ഹെലിക്കോപ്റ്റർ യാത്രയ്ക്ക് കൊടുക്കാൻ സാധിച്ചു. അത് എവിടെ നിന്നുണ്ടായി.

മറ്റൊരു കാര്യം ശ്രീ. ഗംഗാധരന്റെ മകളുടെ കല്യാണത്തെക്കുറിച്ചാണ്. അദ്ദേഹത്തിന് അദ്ദേഹത്തിന്റെ മകളുടെ വയസ്സ് എത്രയാണെന്നറിയില്ല. നാലു സ്ഥലത്ത് നാലുതരത്തിലുള്ള വയസ്സാണ് കൊടുത്തിട്ടുള്ളത്. അങ്ങനെ രേണഘടനാലംഘനം നടത്തി, അഴിമതി നടത്തിക്കൊണ്ട് മുന്നോട്ടുപോകുന്ന ഒരു മന്ത്രിസഭയാണ് ഈ രാജ്യം ഭരിക്കുന്നത്. ശ്രീ. ഗംഗാധരൻ മന്ത്രിയായിരുന്ന കാലത്ത് തൃശ്ശൂർ വാട്ടർ സപ്ലൈ സ്കീമിനുപോലും കണക്ഷൻ കിട്ടണമെങ്കിൽ സ്പെഷ്യൽ ഓർഡർ വേണമായിരുന്നു. മന്ത്രി നേരിട്ട് സ്പെഷ്യൽ ഓർഡർ കൊടുത്താൽ മാത്രമേ കൂർക്കഞ്ചേരി, വിൽവട്ടം, അയ്യന്തോൾ എന്നീ പഞ്ചായത്തുകളിൽ കണക്ഷൻ കൊടുക്കുകയുള്ളൂ. അവിടെ അദ്ദേഹത്തിന് പരിചയമുള്ള ആളുകളുണ്ട്. അവർ അപേക്ഷ കൊടുത്താൽ മന്ത്രി ഓർഡർ കൊടുക്കും. അതുകൊണ്ട് ഈ സ്പെഷ്യൽ ഓർഡർ സമ്പ്രദായം നിർത്തിവയ്ക്കണം. ഇലക്ട്രിസിറ്റിയിലും ഈ സ്പെഷ്യൽ ഓർഡർ പരിപാടിയുണ്ട്. അതാണ് ഏറ്റവും വലിയ അഴിമതി. സ്പെഷ്യൽ ഓർഡർ കൊടുത്ത് പണി നടത്തുന്നതിൽ വലിയ അഴിമതി നടത്തുന്നുണ്ട്. അവരുടെ പാർട്ടിയിലെ ആളുകളുടെ പോക്കറ്റ് വീർപ്പിക്കാൻ വേണ്ടിയുള്ള കാര്യങ്ങളാണ് സ്പെഷ്യൽ ഓർഡർ വഴി നടത്തുന്നത്. അങ്ങനെ അഴിമതിയിൽ മുങ്ങിയ, നാറിയ ഒരു ഗവൺമെന്റാണ് ഇവിടെ ഭരിക്കുന്നത്. ഗവർണ്ണർ തയ്യാറാക്കിയ പ്രസംഗം വായിക്കുന്നത് കേൾക്കാൻ ഞങ്ങൾക്ക് ഇഷ്ടമില്ലാത്തതുകൊണ്ടാണ് ഞങ്ങൾ ഇറങ്ങിപ്പോയത്. ഈ നന്ദിപ്രമേയം നന്ദി അർഹിക്കുന്നതല്ലാത്തതുകൊണ്ട് ഞാൻ എതിർക്കുന്നു.

ശ്രീ. സി. ജി. ജനാർദ്ദനൻ: സർ, ശ്രീ. ഹസ്സൻ ഇവിടെ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. പ്രതിപക്ഷകക്ഷികളെക്കുറിച്ച് തെറ്റിദ്ധരിച്ചിട്ടാണ് ചില സ്നേഹിതൻമാർ, അവർ പ്രാപ്തരല്ല, വിവരമില്ല, അപകടം ചെയ്യുന്നവരാണ് എന്നെല്ലാം പറഞ്ഞത്. വളരെ ബുദ്ധിപൂർവ്വമാണ് അവരുടെ തുടക്കം. അകവും പുറവും ഏതാണെന്നുള്ള ലക്ഷ്യം. ഞാൻ ഇത് വളരെ ശാസ്ത്രീയമായ കാരണങ്ങൾ കൊണ്ട് പറയുകയാണ്. നേരത്തെ ഇവിടെ ശ്രീ. കാനം രാജേന്ദ്രൻ പറഞ്ഞു;

LIBRARY ARCHIVES Kerala Legislative Assembly

രതിന് വച്ച വെള്ളം മാറിവയ്ക്കാൻ. കൗൺസിൽ ഓഫ് സ്റ്റേറ്റിൽനിന്ന് ശ്രീ. അച്യുതമേനോൻ തൃശ്ശൂർ അങ്ങാടിയിൽകൂടി നടന്നു വന്നപ്പോഴും അദ്ദേഹത്തിന് നിശ്ചയമുണ്ടായിരുന്നില്ല അദ്ദേഹം ഇവിടെ മുഖ്യമന്ത്രിയാകാൻ പോകുന്നുവെന്ന്. ആ അച്യുതമേനോൻ ഇവിടെ മുഖ്യ മന്ത്രിയായി. അദ്ദേഹത്തിന്റെ ഗവൺമെൻറാണ് കേരളം കണ്ട ഏറ്റവും നല്ല ഭരണകൂടം എന്ന് സാമാന്യബുദ്ധിയുള്ള ആളുകൾ തലകുലുക്കി സമ്മതിക്കുന്നു. ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിന് അത് സഹി ച്ചില്ല. യോജിക്കാനുള്ള ആദ്യത്തെ കണ്ടീഷൻ വച്ചതിൽ 'ഭരണത്തിൽനിന്ന് ഇറങ്ങ് അച്യുതാ' എന്ന് പറഞ്ഞ് അച്യുതമേനോൻ ഭരണത്തിൽനിന്ന് ഇറങ്ങി. അവരുടെ തൃശ്ശൂർ പ്രമേയം മുതൽ പാറ്റ്ന പ്രമേയംവരെ ഇപ്പോഴും ആവശ്യപ്പെടുന്നത് ഞങ്ങൾ യോജിക്കണമെന്നാണ്. ആ പാറ്റ്ന പ്രമേയം യോജിപ്പിനുവേണ്ടി വാദിക്കുമ്പോൾ നമ്മുടെ ഗവർണ്ണർ പ്രസംഗിച്ച പ്രസംഗത്തിൽ പ്രസക്തമായി പറഞ്ഞ ഒരു ഭാഗം അവർ അംഗീകരി ക്കുന്നു. ശ്രീ. രാജീവ് ഗാന്ധി ഇന്ന് ലോകം അംഗീകരിക്കുന്ന ലോക നേതാവാണ്. ശ്രീ. രാജീവ് ഗാന്ധിക്കുപോലും അൽപ്പം ദോഷം ഉണ്ടെ ന്നുകൂടി പറഞ്ഞിട്ടുണ്ട്. ആ ദോഷം തീർത്താൽ സർവ്വതും നന്നായിയെ ന്നാണ് പാറ്റ്നായിലും ബീഹാറിലും പറഞ്ഞത്. മറ്റൊരു സ്നേഹി തൻ ഇന്ന് പറഞ്ഞു, വർഗ്ഗീയത എന്ന ആപത്ത് കളഞ്ഞാൽ ശ്രീ. കരു ണാകരന്റെകൂടെ സഹകരിക്കാൻ ഞങ്ങളെല്ലാം തയ്യാറാണ് എന്ന്. അപ്പോൾ എന്താണ് അവരുടെ ഉന്നം ? ഒന്നുകിൽ ഞങ്ങളെക്കൂടി സഹകരിപ്പിക്കണം, അല്ലെങ്കിൽ ഇന്ന് ഇൻഡ്യയിൽ ജീവിച്ചിരിക്കുന്ന ശക്തരിൽ ശക്തരായ, രാഷ്ട്രീയം അറിയാവുന്ന, നാലണയിൽനിന്ന് തുടങ്ങി, ഇന്ന് ഭരണ സാരഥ്യം കൈകാര്യം ചെയ്യുന്ന ശ്രീ. കരുണാകരനെ ഇടിച്ചുവീഴ്ത്തും. അതുകൊണ്ട് എന്തുസംഭവിച്ചാലും അതിന് ഉത്തരവാദി ശ്രീ. കരുണാ കരനോ അദ്ദേഹത്തിന്റെ മകനോ, മകന്റെ പാർട്ടിനർഷിപ്പോ, കൂട്ടുക ച്ചവടമോ ആണെന്ന് പ്രതിപക്ഷം ഒരു ഭാഗത്ത് പറയുന്നു. 'ഒന്നുകിൽ അടി, അല്ലെങ്കിൽ ഞങ്ങളെക്കൂടി കൂട്ടിക്കോ' എന്ന് സാക്ഷാൽ തിരുമേനി പറയുന്നു. പറയുമെന്ന് പ്രതീക്ഷിക്കാത്ത മറ്റ് പലരും ഇന്ന് അത് പറഞ്ഞുതുടങ്ങിയിരിക്കുന്നു.

നമ്മുടെ നിയമസഭയിൽ അധഃസ്ഥിതരുടെ കാര്യം വാദിച്ചിരുന്ന പ്രഗൽഭനായ ഒരു നേതാവുണ്ടായിരുന്നു. അത് ആരാണെന്ന് പറയാൻ ഞാൻ കൂട്ടാക്കുന്നില്ല. പാവം മാൻകുട്ടിയെപ്പോലെ ശ്രീ. എം. വി. രാഘ വൻ അങ്ങ് പിന്നിൽപോയി ഇരിക്കുന്നു. എന്തിനാണ് അദ്ദേഹത്തെ ആ കൊല ചെയ്തത് ? ശ്രീ. ഇ. എം. എസ്സിനെ എം. വി. രാഘവനെക്കൂടെ കൊല ചെയ്താൽ തമിഴ്നാട്ടിൽ ചെന്നിട്ട് അന്തിയുറങ്ങാൻ.....(ബഹളം)..... ഞാൻ ഒന്നും പറയുന്നില്ല. പിന്നീട് ഇവിടെവന്ന് കേന്ദ്രത്തിനെ നിങ്ങൾ എതിർത്തു. ആരാണ്, ഇ. എം. എസ്സിന്റെ കക്ഷി. പോളിറ്റ് ബ്യൂറോ പറഞ്ഞാൽ ഈ രാജ്യത്തെ മുഴുവൻ ആളുകളേയും തട്ടിനീക്കുമെന്നുപറഞ്ഞ ശക്തി ഇവിടെ കേന്ദ്രഗവൺമെന്റിനെതിരായി ഭരണത്തിൽ ഇരുന്ന് സമരം ചെയ്യണമെന്നാണ് വാദിക്കുന്നത്. അതാത് പാർട്ടികളുടെ നയം പാർട്ടി കാര്യം സ്വീകരിച്ചുകൊണ്ട് ആ നയം നടപ്പിലാക്കുന്നതോടൊപ്പം ഭരണം എങ്ങനെ കൊണ്ടുപോകണമെന്ന കാര്യത്തെക്കുറിച്ചുകൂടി ഞങ്ങൾ തീരുമാനിക്കും.

ശ്രീ. ഹസ്സൻ പറഞ്ഞ എ മുതൽ എഫ് വരെയുള്ള കാര്യങ്ങളിൽ ഒരു കാര്യം-നിങ്ങൾക്കെല്ലാം പറയാനുള്ള ഒരു പ്രധാന കാര്യം പത്രങ്ങൾ വഴുതിപ്പിടിപ്പിക്കുന്ന കാര്യം-ഈ രാജ്യത്ത് അഴിമതി നടക്കുന്നുവെന്നാണ്. അഴിമതി നിരോധനത്തിന് നമ്മൾ ഒരു കമ്മീഷനെ വച്ചു. അഴിമതി

LIBRARY ARCHIVES Kerala Legislative Assembly

നിരോധനത്തിന് നിശ്ചയിച്ച കമ്മീഷന്റെ മുൻപാകെ തെളിവ് കൊടുത്ത് ആളുകളെ ശിക്ഷിക്കാവുന്ന രീതിയിലുള്ള മാറ്റങ്ങൾ ഉണ്ടാക്കുമെന്ന് ഈ ഗവൺമെന്റ് ഇന്നും പറയുന്നുണ്ട്. അവിടെ അപേക്ഷ കൊടുക്കുന്നയാളുകളെക്കുറിച്ച് ആ കമ്മീഷൻ ഒരിക്കൽ അഭിപ്രായം പറഞ്ഞിട്ടുണ്ട്. ആ കമ്മീഷനിലെ അംഗങ്ങൾ ആരാണെന്നറിയാമോ? നിയമസഭയുടെ ചരിത്രത്തിൽ നാം കണ്ടിട്ടുള്ള ഏറ്റവും പ്രഗൽഭനായ ഒരു സെക്രട്ടറി, രണ്ട് സോഷ്യലിസ്റ്റ് ആചാര്യൻമാർ—രണ്ട്, തങ്കക്കട്ടികൾ—ഈ മൂന്നുപേരും ഉള്ള അഴിമതി നിരോധനക്കമ്മീഷൻ കേസില്ലാതെയിരിക്കുന്ന കമ്മീഷൻ ആറ് മാസമായിട്ട് തന്റെ കയ്യിൽകിട്ടിയ ഒരു കേസ്, ഹർജികൊടുത്ത് മാറ്റിച്ചു, മാറ്റിച്ചു ഈ രാജ്യത്ത് അഴിമതി എന്ന ചീത്തപ്പേര് ശ്രീ. രാജീവിന് എതിരായി, കേരളത്തിനെതിരായി, ഈ രാജ്യത്തെ ജനങ്ങൾക്കെതിരായി, ഉയരുന്ന ഞങ്ങൾ മാറ്റുമെന്നാണ് അതിൽ പറഞ്ഞിരിക്കുന്നത്. ഈ രാജ്യത്ത് അഴിമതിയില്ലാത്ത യോജിച്ച രേണമുണ്ടാകുമെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, ഒരു വികലാംഗ മന്ത്രിസഭയ്ക്കുവേണ്ടി വികലാംഗനായ ശ്രീ. ഹസ്സൻ അവതരിപ്പിച്ച വ്യാജവും വികലവുമായ നന്ദിപ്രമേയത്തെ ഞാൻ ശക്തിയായി എതിർക്കുന്നു. അഴിമതിയുടേയും വർഗ്ഗീയതയുടേയും എയിഡ്സ് രോഗം ബാധിച്ച് ആസന്നമരണയായി മരവിച്ചുകിടക്കുന്ന കരുണാകരൻ മന്ത്രിസഭയുടെ അന്ത്യകൂദാശാകർമ്മമാണ് കഴിഞ്ഞ വെള്ളിയാഴ്ച പാവം ഗവർണ്ണർ നിർവ്വഹിച്ചത്. ഐക്യജനാധിപത്യമുന്നണി മന്ത്രിസഭയും സൂപ്പർഫൈൻ അരിയും ഒരുപോലെയാണ്. പേരു മനോഹരം, നാറ്റം സഹിക്കവയ്യ. വേവിച്ചാൽ വേവുകയുമില്ല. നാടാകെ നാറ്റിച്ചു. ജനങ്ങളെ ഇനിയും കഷ്ടപ്പെടുത്താതെ അതിവേഗം ചത്തു കിട്ടാൻ കോൺഗ്രസ് അടിയന്തിരമായി പഞ്ചായത്തുകൾതോറും പാവങ്ങൾക്ക് കഞ്ഞിവീഴ്ത്തു നടത്തണമെന്നാണ് ഞാൻ അപേക്ഷിക്കുന്നത്. നമ്മുടെ മുഖ്യമന്ത്രിയും മാർക്കോയും സമപ്രായക്കാരും ഏകാധിപതികളും രാഷ്ട്രീയ പ്രതിയോഗികളെ വകവരുത്തുന്നതിൽ സമർത്ഥൻമാരുമാണ്. 2 പേരും കൊലക്കേസിൽ പ്രതികളും ആയിരുന്നു. കോടീശ്വരൻമാരാണ്. ഭാര്യക്കുവേണ്ടി മാർക്കോയും മകനുവേണ്ടി മുഖ്യമന്ത്രിയും നിരന്തരമായി പ്രവർത്തിക്കുന്നു. അമേരിക്കൻ സഹായത്തോടെ രണ്ടുപേരും കമ്മ്യൂണിസ്റ്റുകാരെ നശിപ്പിക്കാൻ വ്യാമോഹിക്കുകയാണ്. മാർക്കോസിന്റെ അനുഭവമായിരിക്കും മുഖ്യമന്ത്രിക്കും സംഭവിക്കുക. മാർക്കോയും കരുണാകരനെ ലീഡറെന്നാണ് വിളിക്കുന്നത്. മുഖ്യമന്ത്രി കരുണാകരന്റെ അന്ത്യം ഭയാനകമായിരിക്കും, ബീഭൽസമായിരിക്കും. ഘടകകക്ഷികളേയും സമുദായങ്ങളേയും തമ്മിലടിപ്പിച്ച് മതസൗഹാർദ്ദം തകർത്തിരിക്കുകയാണ്. ഹിന്ദുക്കളുടേയും ക്രിസ്ത്യാനികളുടേയും മുസ്ലീങ്ങളുടേയും മൊത്തം വോട്ടുവാങ്ങി വീണ്ടും മുഖ്യമന്ത്രിയാകാമെന്ന് കരുണാകരൻ വ്യാമോഹിക്കേണ്ട. നായർ സമുദായത്തെ മുക്കിലിരുത്തി, കിടങ്ങൂരിനെ കിടങ്ങിലിറക്കി, ഊരാൻ കഴിയാത്തവിധം കിടങ്ങൂർ ഇന്നു കിടങ്ങിൽ കിടന്നുപിടയുകയാണ്. ഈഴവസമുദായത്തെ വഴിയാധാരമാക്കി. ഗുരുവായൂരപ്പന്റെ ലോക്കറും മാർപ്പാപ്പയുടെ മെഡലും കീശയിലുള്ള മുഖ്യമന്ത്രി ഈ വയസ്സുകാലത്ത് അൽപ്പം വേദന സഹിച്ചും മുസ്ലീങ്ങളുടേയും വോട്ടുവാങ്ങാനാണ് ഉദ്ദേശിക്കുന്നതെങ്കിൽ അത് ഈ കേരളത്തിൽ നടപ്പില്ല എന്നു ഓർമ്മിക്കണം. കേന്ദ്രവിരുദ്ധ സമരം നടത്തുന്ന കേരളാ കോൺഗ്രസുകാർക്ക് നാണമുണ്ടെങ്കിൽ ജനങ്ങളെ വഞ്ചിക്കാതെ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ് വേണ്ടത്. പരീക്ഷയിൽ ഉത്തരം കിട്ടാത്ത വിദ്യാർത്ഥികൾ ചോദ്യക്കടലാസ് പകർത്തിയെഴുതുന്നതുപോലെയാണ് നമ്മുടെ ഗവർണ്ണർ

LIBRARY ARCHIVES Kerala Legislative Assembly

പ്രസംഗം എഴുതിവച്ചിരിക്കുന്നത്. കഴിഞ്ഞ കൊല്ലത്തെ അതേ പ്രസംഗം അതേ പ്രസ്സിൽ അതേ ടൈപ്പിൽ തന്നെയാണ് ഇക്കൊല്ലവും അച്ചടിച്ചിരിക്കുന്നത്. ഗവർണ്ണറെക്കൂടി ഈ സർക്കാർ നാണം കെടുത്തിയിരിക്കുകയാണ്. ക്രമസമാധാനം തകർന്നു, ജനജീവിതം ദുസ്സഹമായി. കർഷകരെ കണ്ണീരു കുടിപ്പിച്ചു. അഴിമതിയിൽ മുങ്ങിക്കുളിച്ചു ദുർഭരണം നടത്തുന്ന ഈ സർക്കാർ ഉടനെ രാജി വയ്ക്കണം. റേഷനരി, ഗോതമ്പ്, പെട്രോളിയം ഉൽപ്പന്നങ്ങൾ, പഞ്ചസാര, കടലാസ്, രാസവളങ്ങൾ, കീടനാശിനികൾ, മരുന്ന് തുടങ്ങിയ അവശ്യസാധനങ്ങൾക്കെല്ലാം ഈ സർക്കാർ വില വർദ്ധിപ്പിച്ചിരിക്കുകയാണ്. ഒരു കിലോ പഞ്ചസാരയുടെ വില എന്താണ് സർ? തേങ്ങയ്ക്കും മനുഷ്യന്റെ തലയ്ക്കും ഇന്നു വിലയില്ലേ സർ? എന്നു പത്രങ്ങൾ നോക്കിയാലും ചർച്ചയും ചോർച്ചയും കൂട്ടബലാൽസംഗവും കൂട്ട ആത്മഹത്യയും കൂട്ടക്കൊലയും കൂട്ടക്കവർച്ചയും മാത്രമല്ലേയുള്ളൂ. അഴിമതിയുടെ ഞെട്ടിപ്പിക്കുന്ന കഥകളാണ് രാജ്യത്തെ കുത്തകപ്പത്രങ്ങൾ ഇന്നു പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്നത്. അഴിമതിയുടെ കഥകൾ സ്പീക്കർക്ക്. എഴുതിക്കൊടുത്ത് ഉന്നയിച്ചപ്പോൾ അതു മറച്ചുവച്ച കുത്തകപ്പത്രങ്ങൾ ഇപ്പോൾ മൽസരിച്ചാണ് അഴിമതികളുടെ കഥകൾ പ്രസിദ്ധീകരിക്കുന്നത്. ഈ ഗവൺമെൻറ് രാജി വയ്ക്കണമെന്ന് ഒരിൽകൂടി അഭ്യർത്ഥിക്കുന്നു.

ശ്രീ. രാഘവൻ പൊഴക്കടവിൽ: സർ, ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി പ്രകടിപ്പിച്ചുകൊണ്ടുള്ള പ്രമേയം, അവതരിപ്പിച്ച ശ്രീ. എം. എം. ഹസ്സന്റെ പ്രമേയത്തിന് പിൻതുണ നൽകിക്കൊണ്ട് അൽപ്പം ചില കാര്യങ്ങൾ പറയാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ വെള്ളിയാഴ്ച ഗവർണ്ണർ പ്രസംഗിക്കുന്നതിനുവേണ്ടി നമ്മുടെ നിയമസഭയിൽ വന്നപ്പോൾ പ്രതിപക്ഷക്കാർ കാണിച്ച സംഭവങ്ങൾ വാസ്തവത്തിൽ നമ്മളെയെല്ലാം അത്ഭുതപ്പെടുത്തുന്ന വിധത്തിലായിരുന്നു. അദ്ദേഹം ഈ സംസ്ഥാനത്തെ ഉന്നതനായ രേണത്തലവനാണ്. അദ്ദേഹം ഇങ്ങോട്ടു കടന്നുവരുന്നത് നിയമസഭയുടെ ബഡ്ജറ്റ് സമ്മേളനത്തോടനുബന്ധിച്ചുള്ള പ്രസംഗം രേഖപ്പെടുത്തുന്നതിനു വേണ്ടിയാണ്. അദ്ദേഹം വന്നപ്പോൾ പ്രതിപക്ഷത്തുള്ള മെമ്പർമാർ അദ്ദേഹത്തിനെതിരായി മുദ്രാവാക്യം വിളിച്ചു. അദ്ദേഹം ചെയ്ത പ്രസംഗം കേട്ടശേഷം ഇന്നു സഭയിൽ പറഞ്ഞതുപോലെ എന്തെങ്കിലും കാര്യങ്ങൾ വസ്തുനിഷ്ഠമായി പറയാൻ ശ്രമിച്ചിരുന്നെങ്കിൽ ഒരു നല്ല പ്രതിപക്ഷം എന്ന നിലയ്ക്ക് അത് അംഗീകരിക്കാമായിരുന്നു. പക്ഷേ പ്രതിപക്ഷത്തിന്റെ മാന്യത പുലർത്താതെ, അവഹേളിക്കുക മാത്രമാണ് അവരുടെ പതിവുശീലം.

ഗവർണ്ണർ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ വളരെ പ്രധാനപ്പെട്ട പല കാര്യങ്ങളും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. 2000 എ.ഡി.ക്കുശേഷം വരുന്ന നമ്മുടെ രാജ്യത്തിന്റെ വിപുലമായ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമായ ശാസ്ത്ര സാങ്കേതിക വിജ്ഞാനം വളർത്തുന്നതിനുവേണ്ടി കൊച്ചിൻ യൂണിവേഴ്സിറ്റിയെ ഒരു ശാസ്ത്ര സാങ്കേതിക യൂണിവേഴ്സിറ്റിയായി മാറ്റുന്നതിനുള്ള തീരുമാനം എടുത്തത് വളരെ സന്തോഷമുള്ള കാര്യമാണ്. നമ്മുടെ പുതിയ പ്രധാനമന്ത്രി, ലോകരാഷ്ട്രങ്ങളുടെ ആരാധ്യനായിത്തീർന്ന പ്രധാനമന്ത്രി, ലോകത്തിന്റെ പുതിയ സംഭവവികാസങ്ങളെക്കുറിച്ച് പഠിച്ചതിന്റെ ഫലമായിട്ട് ശാസ്ത്ര സാങ്കേതികരംഗത്ത് മാന്യമായ വളർച്ചയുണ്ടാകുന്നതിന് എന്തെല്ലാം ചെയ്യാൻ കഴിയുമോ അതെല്ലാം ചെയ്യണമെന്ന് രാഷ്ട്രത്തോട് ആഹ്വാനം ചെയ്തു. അതിന്റെ ഫലമായിട്ട് നമ്മുടെ ഗവർണ്ണരും കേരള സർക്കാരും അത്തരം ഒരു സാഹചര്യം സൃഷ്ടിക്കുന്നതിന്, വിപുലമായ പരിപാടികൾ ശാസ്ത്ര സാങ്കേതിക രംഗത്ത് ആവിഷ്ക്കരിച്ചിട്ടുണ്ട്. 7-ാം പദ്ധതിയിൽ സംസ്ഥാനത്ത് എല്ലാപേർക്കും കുടിവെള്ളം എത്തിക്കണമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നത് ന്യായമായ ഒരാവശ്യമാണ്. 1184 പ്രശ്നഗ്രാമങ്ങളാണ് കേരളത്തിലുള്ളത്. ഇന്നു രാജിവച്ചു ഒഴിഞ്ഞ ശ്രീ. എം. പി. ഗംഗാധരന്റെ കഴിഞ്ഞ മൂന്നു മൂന്നര വർഷത്തെ നിരന്തരമായ പരിശ്രമഫലമായിട്ടു 1148 പ്രശ്നഗ്രാമങ്ങളിലും കുടിവെള്ളം എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. 16 പ്രശ്നഗ്രാമങ്ങൾ ഇനി ബാക്കിയുണ്ട്. 122 ലക്ഷം രൂപ ചെലവ് വരുന്ന ഒരു വൻകിട ജല വിതരണ പദ്ധതി കമ്മീഷൻ ചെയ്യാൻ പോകുകയാണ്. വേൾഡ് ബാങ്കിന്റെ സഹായത്തോടുകൂടി 97.11 കോടി രൂപ ചെലവുവരുന്ന വാട്ടർ സപ്ലൈ ആൻഡ് സാനിട്ടേഷൻ പദ്ധതിക്ക് രൂപം നൽകിയിരിക്കുന്നു എന്നു ഗവർണ്ണറുടെ പ്രസംഗത്തിൽ പറയുകയുണ്ടായി. വീടുനിർമ്മാണ പദ്ധതികൾ, റോഡ് നിർമ്മാണപദ്ധതികൾ തുടങ്ങിയവയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് ക്ഷേമപരിപാടികൾ ഉണ്ട്. വാണിജ്യ വ്യവസായ സ്ഥാപനങ്ങളിലേയും സിനിമാ തിയേറ്ററുകളിലേയും ജീവനക്കാർക്ക് ക്ഷേമനിധി, ചെത്തുതൊഴിലാളികൾ, കയർ തൊഴിലാളികൾ, ചുമട്ടു തൊഴിലാളികൾ എന്നിവർക്ക് ക്ഷേമനിധി, അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുക, സംഘടിത മേഖലയിലെ കർഷകത്തൊഴിലാളികൾക്ക് റിസ്ക് ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുക തുടങ്ങിയ ബൃഹത്തായ പല പദ്ധതികളും ആവിഷ്ക്കരിക്കുവാൻ ഉള്ള പരിപാടികൾ ഗവർണ്ണറുടെ പ്രസംഗത്തിലുണ്ട്.

സർ, ഇതിൽ പറഞ്ഞിരിക്കുന്ന ഗവൺമെന്റിന്റെ ക്ഷേമപരിപാടികൾ മനസ്സിലാക്കി വസ്തുനിഷ്ഠമായി വിലയിരുത്തുന്നതിന് പ്രതിപക്ഷാംഗങ്ങൾ അവരുടെ പ്രസംഗങ്ങളിൽ യാതൊരു ശ്രമവും നടത്തുന്നില്ല. ഈ ഗവൺമെന്റ് വളരെയധികം സാമ്പത്തികകുഴപ്പം നേരിടുന്നു, അഴിമതി നടക്കുന്നു, ഈ ഗവൺമെന്റു രാജി വയ്ക്കണം എന്നുള്ള വാദഗതികളാണ് രണ്ടുമൂന്നു മാസക്കാലമായി പ്രതിപക്ഷം നടത്തിക്കൊണ്ടിരിക്കുന്നത്. ശ്രീ. കെ. കരുണാകരൻ നേതൃത്വം കൊടുക്കുന്ന ഈ ഗവൺമെന്റ് തീർച്ചയായും അഞ്ചുകൊല്ലവും ഭരിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഐക്യജനാധിപത്യമുന്നണിയിൽ അഭിപ്രായവ്യത്യാസങ്ങളുണ്ടാവുക സ്വാഭാവികമാണ്. അതുപോലെ പ്രതിപക്ഷമുന്നണിയിലും അഭിപ്രായഭിന്നതകൾ മുറയ്ക്ക് നടക്കുന്നുണ്ട്, ഭരണമുന്നണിയിൽ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിട്ടുള്ളപ്പോഴൊക്കെത്തന്നെ അത് തീർക്കാനും ശ്രമിച്ചിട്ടുണ്ട്. എന്നാൽ ഈയിടെയായി പത്രങ്ങളിൽ ധാരാളം വിമർശനങ്ങൾ, മുന്നണിയെക്കുറിച്ച്, പ്രത്യേകിച്ച് മുഖ്യമന്ത്രിയെക്കുറിച്ച് തൊടുത്തുവിടുന്നുണ്ട്. 'മന്ത്രിസഭ ഉടനെ രാജിവയ്ക്കും, കാത്തിരിക്കുക' എന്നൊക്കെയാണ് പത്രങ്ങൾ എഴുതിവിടുന്നത്. പത്രങ്ങൾ ഉണ്ടാക്കുന്ന കുഴപ്പങ്ങളല്ലാതെ മറ്റൊന്നുമില്ല. പ്രതിപക്ഷം അതിൽ മുതലെടുക്കാൻ ശ്രമിച്ചു. നിയമസഭ വിളിച്ചുകൂട്ടാൻ തീരുമാനം എടുത്തപ്പോൾ നമ്മുടെ പ്രതിപക്ഷ സുഹൃത്തുക്കൾ ഈ ഗവൺമെന്റു രാജിവയ്ക്കണം എന്ന പ്രചരണം തുടങ്ങി. രാജിവച്ചാൽ ഞങ്ങൾ പറഞ്ഞിട്ടാണല്ലോ രാജിവച്ചത് എന്ന് വരുത്താനായിരുന്നു ശ്രമം. അങ്ങനെ ഈ ഗവൺമെന്റിനെ താറടിച്ചുകാണിക്കാൻ പ്രതിപക്ഷവും സംസ്ഥാനത്തിലെ വിവിധ പത്രങ്ങളും ശ്രമിച്ചുകൊണ്ടിരുന്നു. ആ സമയംതന്നെ ഐക്യജനാധിപത്യമുന്നണിയിലെ ഘടകകക്ഷികൾ ഒരേ സ്വരത്തിൽ പറഞ്ഞു. ഈ ഗവൺമെന്റ് അഞ്ചുകൊല്ലം പൂർത്തിയാക്കുകയും സംസ്ഥാനത്തിലെ ജനങ്ങളോടുള്ള വാഗ്ദാനങ്ങൾ നിറവേറ്റുകയും ചെയ്യും എന്ന്.

ഇന്ന് പ്രതിപക്ഷത്തിലെ പ്രമുഖ കക്ഷിയായ മാർക്സിസ്റ്റ് പാർട്ടിയിലെ സഖാക്കൾ ആകെ അങ്കലാപ്പിലാണ്. 1948-ൽ ചൈനയ്ക്ക് സ്വാതന്ത്ര്യം കിട്ടിയതോടുകൂടിത്തന്നെ മാവോവിന്റെ നേതൃത്വത്തിൽ ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ നേതൃത്വം ചൈനക്കാണോ റഷ്യക്കാണോ?

LIBRARY ARCHIVES Kerala Legislative Assembly

ഒരു പ്രബല രാഷ്ട്രമാവാൻ വടംവലിയായി. ചൈനയാണോ, എന്ന തർക്കമായി. അതിനെത്തുടർന്ന് ലോക കമ്മ്യൂണിസ്റ്റ് പാർട്ടിയും രണ്ടായി. ഇന്ന് കമ്മ്യൂണിസ്റ്റുകാർക്കിടയിൽ പ്രാദേശിക പാർട്ടികളായി മാറിയ പോളണ്ട്, ചെക്കോസ്ലോവാക്യ, റഷ്യ, ചൈന, ഇൻഡ്യ തുടങ്ങിയ രാജ്യങ്ങളിലും പ്രാദേശിക പാർട്ടികളായി പ്രവർത്തിക്കുകയാണ്. കേരളത്തിലെ മാർക്സിസ്റ്റ് പാർട്ടിയിലും ഭിന്നിപ്പുകളായി. നിയമസഭയിലെ പ്രതിപക്ഷത്തിന്റെ പ്രമുഖ നോക്കളായ ഇ. കെ. നായനാർ, പി. വി. കുഞ്ഞിക്കണ്ണൻ, എം. വി. രാഘവൻ തുടങ്ങിയവരെ മാർക്സിസ്റ്റ് പാർട്ടി സസ്പെൻഡ് ചെയ്തു. ഈ സഭയിൽ മുൻനിരയിൽ ഇരുന്ന എം. വി. ആറിന്റെ ഗതികേട് ഒന്നു നോക്കൂ. രാഘവൻ പിൻനിരയിലേയ്ക്കു മാറി.

പട്ടി നിലാവു കാണുമ്പോലെ ശ്രീ. രാഘവനും അദ്ദേഹത്തിന്റെ കൂട്ടരും നാണംകെട്ട് നിരാശയിൽ കഴിഞ്ഞുകൂടുകയാണ്. എന്നാൽ മാർക്സിസ്റ്റ് പാർട്ടിയുടെ നേതൃത്വം പിടിച്ചുപറ്റാൻ സഖാവ് ഇ. കെ. നായനാർ, എം. വി. രാഘവൻ, പി. വി. കുഞ്ഞിക്കണ്ണൻ, ചക്രപാണി എന്നിവർ ശ്രമം നടത്തുകയുണ്ടായി. എങ്കിലും മാർക്സിസ്റ്റ് പാർട്ടിയുടെ ഇന്നത്തെ നേതൃത്വം സഖാവ് ഇ. എം. ശങ്കരൻനമ്പൂതിരിപ്പാടിനാണെങ്കിൽ പോലും ശ്രീമതി ഗൗരിയമ്മ, ആനന്ദൻ, ശ്രീ. ബാലാനന്ദൻ, അച്യുതാനന്ദൻ തുടങ്ങിയവരാണ് നിയന്ത്രിക്കുന്നത്. അരവിന്ദാക്ഷാനന്ദൻ, മൂസാംകുട്ടി ആനന്ദൻ, ബാലകൃഷ്ണാനന്ദൻ എന്നിവരുടെ കൈകളിലാണ്. മാർക്സിസ്റ്റ് പാർട്ടിയുടെ ചേരിപോരുകളും ഈ നിലയ്ക്കുപോയാൽ ആസന്നഭാവിയിൽ കമ്മ്യൂണിസ്റ്റ് പാർട്ടികളും പിളർന്ന് പിളർന്ന് നാമാവശേഷമാകുമെന്നതിനു യാതൊരു സംശയവുമില്ല.

നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള ഈ മുന്നണി ഗവൺമെന്റ് പല ജനോപകാരപ്രദമായ പദ്ധതികളും നടപ്പാക്കിയിട്ടുണ്ട്. പലതും നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഈ മുന്നണി നിലനിൽക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമായിത്തീർന്നിരിക്കുകയാണ്.

ഈ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് 5 വർഷവും പൂർത്തിയാക്കി ഈ രാജ്യത്തെ ജനങ്ങളുടെ പ്രശ്നങ്ങൾക്ക് ന്യായമായും പരിഹാരം കാണണമെന്നും അതിനുവേണ്ടിയുള്ള ഗവൺമെന്റിന്റെ എല്ലാ ശ്രമങ്ങളിലും പ്രതിപക്ഷങ്ങളുടെ ആത്മാർത്ഥമായ സഹകരണം ഉണ്ടാകുണമെന്നുംകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ കൃതജ്ഞതാപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. വി. സുരേന്ദ്രൻപിള്ള: സർ; ബഹുമാന്യനായ ശ്രീ. എം. എം. ഹസ്സൻ ഇവിടെ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിൻതാങ്ങുകയാണ്. ഇവിടെ പ്രതിപക്ഷത്തുനിന്ന് പ്രസംഗിച്ചതിൽ ആരുംതന്നെ ഗവർണ്ണറുടെ നയപ്രഖ്യാപനത്തെക്കുറിച്ച് യാതൊരു കാര്യവും പരാമർശിക്കാതെ തികച്ചും രാഷ്ട്രീയമായ കാര്യങ്ങളെക്കുറിച്ച്—അവിടെ അഴിമതി നടന്നു, ഇവിടെ അഴിമതി നടന്നു, റഷ്യയിലും ചൈനയിലും ഇങ്ങനെ നടക്കുന്നുവെന്ന് പറഞ്ഞു ഇവിടെ എന്താണ് നയപ്രഖ്യാപനത്തിൽ ഗവർണ്ണർ
2 p.m. പറഞ്ഞിരിക്കുന്നതെന്ന് പരാമർശിക്കാൻപോലും മുതിരാതെ ഇത്തരത്തിലുള്ള ഒരു പ്രസംഗം പ്രതിപക്ഷഭാഗത്തുനിന്നും ഉണ്ടായത് സത്യത്തിൽ കഷ്ടമായിപ്പോയിയെന്ന് പറയുകയല്ലാതെ അതിനെക്കുറിച്ച് ഒന്നും പറയാനില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് ഇപ്പോൾ ഏതാണ്ട് നാലുവർഷം പൂർത്തിയാകാൻ പോകുകയാണ്. നാലുവർഷം പൂർത്തിയാക്കാൻ പോകുന്ന ഒരു ഗവൺമെന്റ് കഴിഞ്ഞ നാലുവർഷകാലത്തിനിടയ്ക്ക് ഈ സംസ്ഥാനത്ത് ചെയ്തിട്ടുള്ള നേട്ടങ്ങളെന്തൊക്കെയാണെന്ന്

LIBRARY ARCHIVES Kerala Legislative Assembly

വിലയിരുത്താൻ ശ്രമിക്കാതെ, അല്ലെങ്കിൽ ആ നേട്ടങ്ങൾക്ക് എന്തെല്ലാം കോട്ടങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് ചൂണ്ടിക്കാണിക്കാതെ ഇത്തരത്തിലുള്ള ഒരു പ്രസംഗം പ്രതിപക്ഷത്തുള്ള ഉണ്ണിച്ചേട്ടനും പ്പെടെയുള്ളവർ പ്രസംഗിച്ചു. ബഹുമാനപ്പെട്ട ഉണ്ണിച്ചേട്ടനും ഇവിടെ അഴിമതി നടക്കുന്നു, അവിടെ അഴിമതി നടക്കുന്നു എന്നൊക്കെയാണ് പ്രസംഗിച്ചത്. ഇവിടെ സ്വജനപക്ഷപാതം നടക്കുന്നു, ഇവിടെ വർഗ്ഗീയത മുറിനിൽക്കുന്നു എന്നൊക്കെ പറഞ്ഞ് രക്ഷപ്പെടുകയല്ലാതെ ഇതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് പരാമർശിക്കാൻപോലും ഒരവസരമെടുക്കാതെയിരുന്നത് വളരെ കഷ്ടമായിപ്പോയിയെന്ന് ഒരിക്കൽക്കൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ ഗവൺമെന്റ്, കേരളപ്പിറവിക്കുശേഷം ഇവിടെ അധികാരത്തിൽ വന്നിട്ടുള്ള ജനാധിപത്യ ഗവൺമെന്റുകളിൽവച്ച് ഏറ്റവുമധികം നേട്ടങ്ങളവകാശപ്പെടാൻ കഴിയുന്ന ഒരു ഗവൺമെന്റാണ്. ഏതു രംഗത്തായാലും-കാർഷികരംഗത്തായാലും, വ്യാവസായികരംഗത്തായാലും, സാമൂഹ്യരംഗത്തായാലും, സാംസ്ക്കാരികരംഗത്തായാലും, വിദ്യാഭ്യാസരംഗത്തായാലും, ക്രമസമാധാനരംഗത്തായാലും കഴിഞ്ഞ മൂന്നുമുന്നര വർഷക്കാലത്തെ പ്രവർത്തനംകൊണ്ട് ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് നേട്ടങ്ങളിൽനിന്ന് നേട്ടങ്ങളിലേക്ക്, ഉയർച്ചയിൽ നിന്ന് ഉയർച്ചയിലേക്ക് പോയിട്ടുള്ള ഒരു കാലഘട്ടമായിരുന്നു. ഈ ഗവൺമെന്റ് കേരളത്തിൽ ധാരാളം നേട്ടങ്ങളുണ്ടാക്കിയിട്ടുണ്ട്. അത് കാണാൻ കഴിഞ്ഞില്ല. ഇവിടെ അഴിമതി നടക്കുന്നു, ഇവിടെ സ്വജനപക്ഷപാതം നടക്കുന്നു എന്നൊക്കെയാണ് പറയുന്നത്. അഴിമതിയെക്കുറിച്ച് പറയുന്നത്, മന്തുകാലൻമാർ ചെന്ന് പെരുങ്കാലനോട് പറയുന്നതുപോലെയാണ്. ഇതാണോ അഴിമതി ? ആർക്കാണ് ഇവിടെ അഴിമതിയെക്കുറിച്ച് പറയാനർഹതയുള്ളത് ? അപ്പുറത്തിരിക്കുന്ന ആളുകൾക്ക് എപ്പോഴൊക്കെ കേരളം ഭരിക്കാനുള്ള അവസരമുണ്ടായിട്ടുണ്ടോ അപ്പോഴൊക്കെ കേരളം അഴിമതിയുടെയും സ്വജനപക്ഷപാതത്തിന്റെയും കൂത്തരങ്ങായി മാറിയിട്ടുള്ള കാര്യം നിങ്ങൾ മറന്നുപോകരുത്.

സർ, അഴിമതിയെക്കുറിച്ച് ചൂണ്ടിക്കാണിക്കാനുള്ള യോഗ്യത നിങ്ങൾക്കുണ്ടോ ? നിങ്ങൾ 1967 മുതൽ 1969 വരെയുള്ള കാലഘട്ടം പരിശോധിക്കണം. ഇവിടെ ഇ. എം., ശങ്കരൻനമ്പൂതിരിപ്പാട് കേരളം ഭരിച്ചിരുന്ന കാലഘട്ടം നിങ്ങൾ മറക്കരുത്. അഴിമതിയെക്കുറിച്ച് പ്രസംഗിക്കുന്ന ആളുകൾ അത് മറക്കാൻ പാടില്ല. മന്ന് വെല്ലിംഗ്ടനെക്കുറിച്ച് ഉണ്ടായ അഴിമതി കേരളം മറന്നിട്ടില്ല. കമ്മ്യൂണിസ്റ്റുപാർട്ടിയുടെ സമാരാദ്ധ്യനായ നേതാവ് എന്നവകാശപ്പെടുന്ന അന്തരിച്ചുപോയ ശ്രീ. ഇമ്പിച്ചിബാവയെക്കുറിച്ചുണ്ടായ അഴിമതിയും കേരളം മറന്നിട്ടില്ല. അതുപോലെ ശ്രീ. എം. എൻ. ഗോവിന്ദൻനായരെക്കുറിച്ചും ശ്രീ. റ്റി. വി. തോമസിനെക്കുറിച്ചുമൊക്കെ ഉണ്ടായ ആരോപണങ്ങളുടെ കഥകൾ കേരളം മറന്നിട്ടില്ല. ചുരുക്കം പറഞ്ഞാൽ, 1980-ൽ ശ്രീ. ഇ. കെ. നായനാർ കേരളം ഭരിച്ചിരുന്ന കാലത്തുണ്ടായ അഴിമതിയാണ് ലോകംപോലും ഞെട്ടിവിറപ്പിച്ച എം. കെ. കൃഷ്ണൻ നടത്തിയ സ്പിരിറ്റ് കുംഭകോണം. അവിടെ നിങ്ങൾക്ക് അഴിമതി കാണാൻ കഴിയുന്നില്ല. ഇവിടെ ശ്രീ. എം. പി. ഗംഗാധരൻ അഴിമതി കാണിച്ചുവെന്നു പറയുന്നു. എവിടെയാണ് ശ്രീ എം. പി. ഗംഗാധരൻ അഴിമതി കാണിച്ചത് ? ശ്രീ. എം. പി. ഗംഗാധരൻ കേരളം ഭരിച്ചപ്പോൾ കേരളത്തിലെ സാമാന്യജനങ്ങൾക്കുപോലും ജലസേചന വകുപ്പിനെക്കുറിച്ച് ബോദ്ധ്യപ്പെടത്തക്കവിധത്തിൽ വളരെ തൃപ്തികരമായി ഭരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഓരോ നിയോജകമണ്ഡലത്തിലെയും ഹരിജനങ്ങൾ, ഗിരിജനങ്ങൾ, സാധാരണക്കാർ, സമൂഹത്തിന്റെ അടിത്തട്ടിൽ അമർന്നു കഴിയുന്ന ആളുകൾപോലും അദ്ദേഹത്തെ കൈകൂപ്പും. അതുപോലെ കേരളത്തിലെ ഓരോ മേഖലയിലും, കോസ്റ്റൽ ഏരിയായിലും ജനങ്ങൾ തിങ്ങിപാർക്കുന്നിടത്തൊക്കെ കുടിവെള്ളം എത്തിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. അവിടെ ചെല്ലുമ്പോൾ ജനങ്ങൾ കൈകൂപ്പുന്നു. എന്താണതിന് കാരണം ?

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ശ്രീ. എം. പി. ഗംഗാധരൻ അഴിമതി നടത്തിയെന്ന് നിങ്ങൾ ആരോപിക്കുന്നുവെങ്കിൽ അതാണ് ഇങ്ങനെയൊരു സംവിധാനം കേരളത്തിൽ ഉണ്ടാക്കാൻ കഴിഞ്ഞത്.

മറെറാന്ന് മുഖ്യമന്ത്രി ഡൽഹിക്കുപോയി, ബോംബെയ്ക്കു പോയി എന്നൊക്കെയുള്ള ആരോപണങ്ങൾ നിങ്ങൾ എവിടെ പോയി പറഞ്ഞാലും എത്രയൊക്കെ വായലച്ചാലും ശരി കേരളത്തിലെ പ്രബുദ്ധരായ ജനങ്ങൾ ഇതൊക്കെ കണ്ടും കേട്ടും ഇരിക്കുകയാണ്. പ്രബുദ്ധരായ ജനങ്ങൾക്കറിയാം, ഈ അഴിമതികളെക്കുറിച്ചൊക്കെ പറയുന്ന ആളുകൾക്ക്, അത് പറയാനുള്ള അർഹതയില്ലായെന്ന്.

ഇവിടെ വിദ്യാഭ്യാസരംഗത്തുണ്ടായിട്ടുള്ള നേട്ടങ്ങളെക്കുറിച്ച് പറയുകയാണ്. ഇവിടെ അഴിമതി നടത്തി സ്കൂളുകൾ കൊടുത്തുവെന്ന് പറയുകയുണ്ടായി. കഴിഞ്ഞ വർഷങ്ങളിലെ രേണകൊണ്ട് എട്ടു ജില്ലകളിലെ സ്കൂളുകളിൽ സൗജന്യ ഉച്ചഭക്ഷണം ഈ ഗവൺമെൻറിൻെറ നേതൃത്വത്തിൽ കൊടുക്കുവാനുള്ള സംവിധാനം ഉണ്ടായിട്ടുണ്ട്. ഇത് ഗവർണ്ണറുടെ നയപ്രഖ്യാപനത്തിലും പറയുകയുണ്ടായി. ഈ സർക്കാരിൻെറ ഉടമയിൽ കുട്ടികൾക്ക് സൗജന്യമായി ഉച്ചഭക്ഷണം കൊടുക്കുന്നത് ഒരു നേട്ടമല്ലേ? അതുപോലെ വേന നിർമ്മാണരംഗത്തും വളരെയധികം നേട്ടങ്ങളുണ്ടായിട്ടുണ്ട്. ഒരു മനുഷ്യനെ സംബന്ധിച്ചിടത്തോളം അവൻെറ മനസ്സിൽ കാത്തുസൂക്ഷിച്ചിരിക്കുന്ന സുന്ദരമായ ഒരു സ്വപ്നമാണ് ഒരു വീട്. ഈ രംഗത്ത് 35,000 വീടുകൾ നിർമ്മാണം പൂർത്തിയാക്കിയിടത്ത് 75,000 വീടുകൾ പൂർത്തിയാക്കാനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. ഇത്തരത്തിലുള്ള നേട്ടങ്ങളെ വർഗ്ഗീയതയെന്നാണ് പറയുന്നത്. എവിടെയാണ് വർഗ്ഗീയത? വർഗ്ഗീയതയുടെ തുവൽ നിങ്ങൾ ഓരോരുത്തരുടേയും തലയിലെ തൊപ്പിയിലാണ് കെട്ടിവച്ചിരിക്കുന്നത്. നിങ്ങളുടെ തലയിൽ തപ്പിനോക്കണം, അവിടെയാണ് വർഗ്ഗീയതയിരിക്കുന്നത്. കേരളാ കോൺഗ്രസ് പാർട്ടി ഒരു വർഗ്ഗീയപാർട്ടിയാണോ? കേരളാ കോൺഗ്രസ് പാർട്ടിയുമായും മുസ്ലീംലീഗുമായും ഐക്യമില്ലായെന്ന് ശ്രീ. ഇ.എം.എസ്. പറയുകയുണ്ടായി. ഇന്നലെവരെ ഐക്യമുണ്ടായിരുന്നു. തോളേൽ കയ്യിട്ടുകൊണ്ടു നടന്നതും ഒരുമിച്ച് ഒരു കട്ടിലിൽ കിടന്നുറങ്ങിയതുമൊക്കെ നിങ്ങൾ പാടേ മറന്നു. ഇന്നു നിങ്ങൾ പറയുന്നു, വർഗ്ഗീയതയെന്ന്. കേരളാ കോൺഗ്രസിലോ മുസ്ലീംലീഗിലോയല്ല വർഗ്ഗീയത. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കകത്തുതന്നെയാണ് വർഗ്ഗീയതയുള്ളത്. ഞാൻ ചൂണ്ടിക്കാണിക്കാം. ആരെയാണ് നിങ്ങൾ അവസാനം രാജ്യസഭാ സ്ഥാനാർത്ഥിയായി നിറുത്തിയത്? ആദ്യം ആരെയായിരുന്നു നിറുത്താൻ തീരുമാനിച്ചത്? നിങ്ങൾ രാജ്യസഭയിൽ ശ്രീ. ഒ. ജെ. ജോസഫിൻെറ ഒഴിവ് വന്നപ്പോൾ പോളിറ്റ് ബ്യൂറോകൂടി കേരളാ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൻെറ ആചാര്യനായിരുന്ന അന്തരിച്ചുപോയ ശ്രീ. എ. കെ. ഗോപാലൻെറ ധർമ്മപത്നിയായ ശ്രീമതി സുശീലാ ഗോപാലനെയല്ലേ ആദ്യം സ്ഥാനാർത്ഥിയാക്കാൻ തീരുമാനിച്ചത്? അത് നിങ്ങൾ മറക്കരുത്; മാറ്റിപ്പായരുത്. അവസാനം വർഗ്ഗീയതയുടെ മൂഷ്യവശങ്ങൾ അവിടെ തലപൊക്കി. ഒരു ക്രിസ്ത്യാനിയായ ഒ. ജെ. ജോസഫിനുപകരം കത്തോലിക്കാക്കാരനായ ശ്രീ. എം. എ. ബേബിയെത്തന്നെ സ്ഥാനാർത്ഥിയാക്കി. ഞങ്ങളെ സംബന്ധിച്ചിടത്തോളം വർഗ്ഗീയതയില്ല. കേരളാ കോൺഗ്രസ് പാർട്ടി ഒരു വർഗ്ഗീയപാർട്ടിയല്ല, ഒരു സെക്കുലർ പാർട്ടിയാണ്. എൻെറ ബഹുമാന്യനായ നേതാവായിരുന്ന അന്തരിച്ച സാം ഉമ്മൻ ഈ നിയമസഭയിലെ ഒരംഗമായിരുന്നു. അദ്ദേഹം അന്തരിച്ചപ്പോഴും കേരള കോൺഗ്രസ് നേതൃത്വവും കേരളാ കോൺഗ്രസ് പാർട്ടിയും പകരം കണ്ടെത്തിയത് ഒരു കത്തോലിക്കാക്കാരനെയോ

LIBRARY ARCHIVES Kerala Legislative Assembly

ക്രിസ്ത്യാനിയെയോ അല്ല, സുരേന്ദ്രപിള്ളയെയാണ്. നിങ്ങൾ അവിടെയാണ് വർഗ്ഗീയത കണ്ടത്. നിങ്ങളാണോ വർഗ്ഗീയതയെക്കുറിച്ച് പ്രസംഗിച്ചത്? ഞങ്ങൾക്ക് മുകുന്ദപുരം പാർലമെന്റ് നിയോജകമണ്ഡലം കിട്ടിയപ്പോൾ അവിടെ കേരളാ കോൺഗ്രസ് പാർട്ടി സ്ഥാനാർത്ഥിയായി നിരുത്തിയത് ക്രിസ്ത്യാനിയെയോ കത്തോലിക്കക്കാരനെയോ അല്ല, യുവജനനേതാവായ ശ്രീ. മോഹൻദാസിനെയായിരുന്നു. 'പണ്ട് നമ്പൂതിരിമാർ നായർ കുടുംബങ്ങളിൽ ചെന്ന് പെണ്ണു കെട്ടുന്നതു'പോലെ നിങ്ങൾക്ക് രഹസ്യമായി എന്തും ആകാം, പരസ്യമായി നിങ്ങൾക്ക് ഒന്നും ആകരുത്. ഇത്തരത്തിലുള്ള ആരോപണങ്ങളും സമീപനങ്ങളുമൊന്നും കേരളത്തിൽ നടക്കില്ല. ഇതൊക്കെ പണ്ടു കാലത്ത് നടന്നിട്ടുണ്ടായിരിക്കാം. പക്ഷേ ഇനി ഇത്തരത്തിലുള്ള കാര്യങ്ങളൊന്നും നടക്കില്ല. നിങ്ങൾ ഈ ഗവൺമെന്റ് ചെയ്തിട്ടുള്ള നല്ല കാര്യങ്ങളെക്കുറിച്ച് ചിന്തിക്കണം. ഈ ഗവൺമെന്റ് ചെയ്തിട്ടുള്ള കാര്യങ്ങളുടെ മൂഷ്യ വശങ്ങളെ ചൂണ്ടിക്കാണിക്കാൻ നിങ്ങൾക്ക് ഒരവസരം കിട്ടിയാൽ അത് ചെയ്യാതെ മറ്റു കാര്യങ്ങളെക്കുറിച്ച് പറയുന്നത് ശരിയല്ല.

സർ, കേരളാ കോൺഗ്രസ് പാർട്ടി ഒരു കേന്ദ്ര വിരുദ്ധപാർട്ടിയാണെന്ന് ഇവിടെ പറഞ്ഞു. ഞങ്ങൾ പറഞ്ഞിട്ടില്ല. ഗവർണ്ണറുടെ നയപ്രഖ്യാപനപ്രസംഗത്തിലും പറഞ്ഞിട്ടില്ല. ശ്രീ. കാർത്തികേയനും പറഞ്ഞിട്ടില്ല. കേരളാ കോൺഗ്രസ് പാർട്ടി ദേശീയവീക്ഷണമുള്ള ഒരു പ്രാദേശിക കക്ഷിയായി കേരളത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ, കേരളത്തിന്റെ ഉയർച്ചയും ഉന്നമനവും പുരോഗതിയും ലക്ഷ്യമാക്കിക്കൊണ്ട് പ്രവർത്തിക്കുന്ന ഒരു പാർട്ടിയാണ്. കേരളത്തിന്റെ വികസനത്തിന് തടസ്സമായി നിൽക്കുന്ന ഏതു ശക്തിക്കുമെതിരായി—കേന്ദ്ര ഗവൺമെന്റല്ല ഏതു ഗവൺമെന്റായാലും അതിനെതിരായി സന്ധിയില്ലാസമരം നടത്തുകയും സമരങ്ങൾ സംഘടിപ്പിക്കുകയും ബഹുജനപ്രക്ഷോഭണങ്ങൾ സംഘടിപ്പിച്ചു മുന്നോട്ടു പോകുകയും ചെയ്യുമെന്ന് കേരളാ കോൺഗ്രസ് പാർട്ടി 1964-ൽതന്നെ പറഞ്ഞിട്ടുണ്ട്. അന്നുമുതൽ ഇങ്ങോട്ടുള്ള ചരിത്രത്തിൽനിന്ന് ആർക്കും മനസ്സിലാക്കാൻ കഴിയും. വളരെയേറെ തുറന്ന ഒരു പുസ്തകമാണത്. കേരളാ കോൺഗ്രസ് പാർട്ടി ഇന്നുവരെ എടുത്തിട്ടുള്ള നിലപാടിൽ നിന്ന് അൽപ്പംപോലും ഞങ്ങൾ മാറിയിട്ടില്ല. ഞങ്ങൾ പറയുന്നത്, ശക്തമായ ഒരു കേന്ദ്രം ഉണ്ടാകണം, സംതൃപ്തമായ ഒരു സംസ്ഥാനമുണ്ടാകണം; ഇവിടത്തെ രൂക്ഷമായ തൊഴിലില്ലായ്മ ഇല്ലാതാകണം, നമുക്ക് കിട്ടേണ്ട എല്ലാ ആനുകൂല്യങ്ങളും കിട്ടണം; അതിന് തടസം വന്നാൽ അതിനെ ചോദ്യം ചെയ്യാൻ കേരളാ കോൺഗ്രസ് തയ്യാറാകും. ഇപ്പോൾ ഇവിടെ വേറൊരു പ്രചരണം വന്നിരിക്കുകയാണ്. ഇവിടെ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ എന്തോ അപാകതയുണ്ടെന്നാണ്. സാമ്പത്തിക മിസ്മാനേജ്മെന്റ് നടന്നുരിക്കുന്നുവെന്നാണ് ചൂണ്ടിക്കാണിച്ചിരിക്കുന്നത്. എവിടെയാണ് മിസ്മാനേജ്മെന്റ് നടന്നിരിക്കുന്നത് ?

ഇവിടെ ബഡ്ജറ്റ് പ്രസംഗത്തിൽ വരുന്ന സാമ്പത്തിക വർഷാരംഭത്തിൽ സംസ്ഥാനത്തിന് സാമ്പത്തികവും ധനകാര്യവുമായ കാര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുവേണ്ടി കൃഷിയിലും മൽസ്യബന്ധനത്തിലും വ്യവസായത്തിലും വൈദ്യുതിയിലും ഉള്ള നിക്ഷേപത്തിന് കൂടുതൽ വിഭവശേഷി കണ്ടുപിടിക്കണമെന്നു പറഞ്ഞിട്ടുണ്ട്. ഒരു സംസ്ഥാനത്തിലെ ഗവർണ്ണറുടെ പ്രസംഗം ദുർവ്യാഖ്യാനം ചെയ്യുന്നത്, വളച്ചൊടിക്കുന്നത് ജനാധിപത്യ വിരുദ്ധമാണ്. കൂടുതൽ മെച്ചപ്പെടുത്തുന്നുവെന്നാണ് പറയുന്നത്. മെച്ചമല്ലാത്ത ഒരെണ്ണത്തിനെയും മെച്ചപ്പെടുത്താൻ കഴിയുകയില്ല, കഴിഞ്ഞ എട്ടു വർഷക്കാലം ഇവിടെ ബഡ്ജറ്റ് അവതരിപ്പിച്ച, സാമ്പത്തിക കാര്യങ്ങൾ തൃപ്തികരമായി നടത്തിയ ഈ ധനകാര്യ മാനേജ്മെന്റിനെ കൂടുതൽ ശോഭയോടുകൂടി

LIBRARY ARCHIVES Kerala Legislative Assembly

ഗവർണ്ണറുടെ പ്രസംഗം. കൂടുതൽ മെച്ചപ്പെടുത്തുകയെന്നുള്ളതാണ് ഈ മുന്നണിയുടെ നയം. എല്ലാ രംഗത്തും കൂടുതൽ മെച്ചമായ പ്രകടനം കാഴ്ച വയ്ക്കുകയാണ് ഈ മുന്നണിയുടെ നയം. ഇത് ശ്രീമാൻ കെ. കരുണാകരൻറെ നേതൃത്വത്തിലുള്ള ഐക്യ ജനാധിപത്യ മുന്നണി ഗവൺമെൻറിൻറെ നയമാണ്. എല്ലാ രംഗത്തും കൂടുതൽ ആത്മാർത്ഥതയോടുകൂടി പ്രാഗൽഭ്യത്തോടുകൂടി നല്ല രീതിയിലുള്ള പ്രവർത്തനം സംഘടിപ്പിച്ച് ജനങ്ങൾക്കു വേണ്ടി ഇവിടെ അധികാരത്തിൽ വന്നിട്ടുള്ള ജനാധിപത്യ, മുന്നണി ഗവൺമെൻറ് കൂടുതൽ ശോഭയോടുകൂടി ഇതിൻറെ മുഴുവൻ കാലാവധിയും പൂർത്തിയാക്കുമെന്നുള്ള ഉറപ്പാണ് ഗവർണ്ണറുടെ ഈ പ്രസംഗത്തിൽ ഇവിടെ പ്രഖ്യാപിച്ചിരിക്കുന്നത്. അത് ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് അതിനെ കയറിപ്പിടിച്ചുകൊണ്ട് അതിൽ എന്തെങ്കിലും അപാകതയുണ്ടെങ്കിൽ അത് ചൂണ്ടിക്കാണിച്ചുകൊണ്ട് നല്ലകാര്യങ്ങളെ മറന്നുകൊണ്ടുള്ള ഒരു പ്രകടനം നിങ്ങളെ സംബന്ധിച്ചിടത്തോളം ജനങ്ങളിൽനിന്ന് കൂടുതൽ അകലുന്നുയെന്നതിൻറെ തെളിവു മാത്രമാണ്. ഇത്രയും നല്ല ഭരണം കാഴ്ച വയ്ക്കുകയും നല്ല ഭരണം നടത്തുകയും ചെയ്തിട്ടുള്ള ഈ ഗവൺമെൻറ് അതിൻറെ മുഴുവൻ കാലാവധിയും ഭരിക്കട്ടെ എന്നാശംസിച്ചുകൊണ്ട് ഇവിടെ അവതരിപ്പിച്ച നന്ദി പ്രമേയത്തെ പിന്താങ്ങികൊണ്ട് എൻറെ വാക്കുകൾ അവസാനിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. ഇ. ജെ. ലൂക്കോസ് :]

ശ്രീ. എം. ജിനദേവൻ : സർ, ശ്രീ. എം. എം. ഹസ്സൻ ഇവിടെ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ എതിർക്കുന്നു. ഭരണഘടനാപരമായ ബാദ്ധ്യത നിവേറുന്നതിനുവേണ്ടി മാത്രമാണ് ഇപ്പോൾ സഭ സമ്മേളിച്ചിട്ടുള്ളത്. ഗവർണ്ണറുടെ പ്രസംഗവും ഭരണഘടനാപരമായ ബാദ്ധ്യത നിറവേറി എന്നുമാത്രമേയുള്ളു. നയപ്രഖ്യാപനമെന്നതിനേക്കാളുപരി ഇതു മുഖ്യമന്ത്രിയുടെ ബഡ്ജറ് പ്രസംഗം എന്നു പറയുന്നതായിരിക്കും കൂടുതൽ ശരി. ഈ പ്രസംഗത്തിൽ പുതുതായിട്ടൊന്നുമില്ല. കഴിഞ്ഞ ആറുമാസമായി ഇവിടെ ഒരു ഭരണവും നടക്കുന്നില്ല. മന്ത്രിമാർ കൂട്ടുത്തരവാദിത്വമോ ഉത്തരങ്ങളോട് കൂറോ ഇല്ലാതെ ഓരോന്നു ചെയ്യുന്നു. ഉദ്യോഗസ്ഥൻമാർ അവർക്ക് തോന്നുന്നപോലെ ചെയ്യുന്നു. ഭരണം നിയന്ത്രിക്കുന്ന മന്ത്രിസഭയോ മന്ത്രിസഭയെ നയിക്കുന്ന മുഖ്യമന്ത്രിയോ കഴിഞ്ഞ ആറുമാസക്കാലമായി ഈ സംസ്ഥാനത്തില്ല. ഇതുപോലെ ഒരു ഗതികെട്ട കാലം ഈ കേരള സംസ്ഥാനത്ത് ഇന്നോളം ഉണ്ടായിട്ടില്ല. ഇതുപോലെ ഒരു നാറിയ ഭരണവും പരാജയപ്പെട്ട ഭരണ നേതൃത്വവും ഈ സംസ്ഥാനത്തോ ഇൻഡ്യയിൽ മറേതെങ്കിലും സംസ്ഥാനത്തോ ഉണ്ടായതായി തോന്നുന്നില്ല. മന്ത്രിസഭയുടെ തലവനായ മുഖ്യമന്ത്രിതന്നെ മന്ത്രിസഭ പൊളിക്കാൻ നാലഞ്ചുമാസക്കാലമായി നെട്ടോട്ടമോടുകയായിരുന്നു. ഒരു മുഖ്യമന്ത്രി മുൻകൈയെടുത്ത് മന്ത്രിസഭയെ പൊളിക്കാൻ ഇതുപോലെ അപഹാസ്യമായ പരിശ്രമം നടത്തിയ സംഭവം വേറെ എവിടെയെങ്കിലും നടന്നിട്ടുള്ളതായി കേട്ടിട്ടുണ്ടോ? താൻ നയിക്കുന്ന മന്ത്രിസഭയുടെ പ്രതിഛായ നഷ്ടപ്പെട്ടുവെന്നും ഈ സംവിധാനം മുൻപോട്ടു കൊണ്ടുപോകാൻ സാദ്ധ്യമല്ലെന്നും മുഖ്യമന്ത്രിതന്നെയാണ് പറഞ്ഞത്. ഇതുപോലെ കുറ്റസമ്മതം നടത്തിയ ഒരു മുഖ്യമന്ത്രി നാണവും മാനവുമുണ്ടെങ്കിൽ കുരങ്ങു കുത്തിയിരിക്കുന്നതുപോലെ ഈ സഭയിൽ വന്നിരിക്കുമോ ? നാണംകെട്ടവൻറെ ആസനത്തിൽ ആലുമുളച്ചാൽ അതും ഒരു തണലായിക്കൊണ്ടുനടക്കുമെന്ന് പറഞ്ഞു കേട്ടിട്ടേയുള്ളു. യഥാർത്ഥത്തിൻ അതാണ് ഈ മുഖ്യമന്ത്രിയുടെ അവസ്ഥ. ഈ ഗവൺമെൻറ് തുടക്കം മുതൽതന്നെ അഴിമതിയുടെ മൂർത്തീ

LIBRARY ARCHIVES Kerala Legislative Assembly

കരണമാണ്. അഴിമതിക്കാരല്ലാത്ത അഴിമതിയാരോപണത്തിന് വിധേയരല്ലാത്ത ഏതെങ്കിലും മന്ത്രി ഈ മന്ത്രിസഭയിലുണ്ടോ ? ഇവിടെ യശശ്ശരീരനായ ശ്രീ. സി. എച്ച്. മുഹമ്മദുകോയ ഒരിക്കൽ പറഞ്ഞു, അമ്പുകൊള്ളാത്തവരില്ലാ കരുക്കളിലെന്ന്. ഈ സഭയിൽ മന്ത്രിമാർക്കെതിരായി നിരന്തരമായി അഴിമതിയാരോപണങ്ങളം ഉയർന്നുവന്ന ഘട്ടത്തിലാണ് അദ്ദേഹം അങ്ങനെ പറഞ്ഞത്.

സർ, ഈ മന്ത്രിസഭയിൽ അഴിമതി വീരനായ എക്സൈസ് വകുപ്പു മന്ത്രിയെപ്പറ്റി കഴിഞ്ഞ ദിവസം അദ്ദേഹത്തിന്റെ പാർട്ടിയിലെ മുഖ്യപ്രമുഖനേതാവ് എന്നോട് പറഞ്ഞു, ശ്രീ. ശ്രീനിവാസൻ മന്ത്രിയാകുന്ന സമയത്ത് അദ്ദേഹത്തിന്റെ മരുമകനും ബിസിനസുകാരനുമായ രവി കരുണാകരന് ഏഴു കോടിരൂപയിലധികം കടബാദ്ധ്യതയുണ്ടായിരുന്നുവെന്ന്. ഇന്ന് മന്ത്രിയുടെ സഹായത്തോടുകൂടി ആ കടബാദ്ധ്യതകളെല്ലാം വീട്ടി രവികരുണാകരൻ സ്വസ്ഥനായിരിക്കുന്നു, സ്വല്പം മിച്ചവുമുണ്ട്. എസ്. ആർ. പി. യിലെ ഒരു പ്രമുഖ നേതാവാണ് എന്നോട് ഇതു പറഞ്ഞത്. അദ്ദേഹം ഈ സഭയിലെ ഒരംഗവുംകൂടിയാണ്. സർ, ശ്രീ. വിജയരാജനാണ് എന്നോട് ഇതു പറഞ്ഞത്. അഴിമതിയുടെ കാര്യത്തിൽ ഇവിടെ ഏറ്റവും വലിയ അഴിമതിക്കാരൻ നമ്മുടെ മുഖ്യമന്ത്രിതന്നെയാണെന്നതാണ് ഇവിടത്തെ പ്രത്യേകത. കോൺഗ്രസ് മുഖ്യമന്ത്രിമാരായിരുന്ന പലരും അഴിമതി വീരന്മാരെന്ന പേരെടുത്ത് ദേശീയ തലത്തിൽ അറിയപ്പെടുന്നവരുണ്ട്. ശ്രീ. എ. ആർ. ആന്തുലെ, ശ്രീ. ജഗന്നാഥമിശ്ര, ശ്രീ. ഗുണ്ടുറാവു തുടങ്ങിയവരാണ് അവർ. നമ്മുടെ കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. കരുണാകരൻ അഴിമതിയുടെ കാര്യത്തിൽ ദേശീയതലത്തിലേക്ക് ഉയർന്നു കഴിഞ്ഞിരിക്കുകയാണ്. കഴിഞ്ഞ ആറുമാസക്കാലമായി മുഖ്യമന്ത്രി കൂടുതൽ സമയം ചെലവഴിച്ചത് ഹെലികോപ്റ്ററിലും വിമാനത്തിലുമായിരുന്നു. രാഷ്ട്രീയ പ്രതിസന്ധിയും ഭരണ സ്തംഭനവും ഇവിടെ സൃഷ്ടിച്ചിരിക്കുന്നു. അത് ബോധപൂർവ്വമാണ് 'മലയാള മനോരമ' പത്രമാണ് എന്റെ കയ്യിലുള്ളത്. ഈ പത്രങ്ങളിൽ ഓരോന്നിലെയും വാർത്തകളുടെ തലക്കെട്ട് നോക്കുക. മന്ത്രിസഭയോഗം നാളെ ചേരാൻവേണ്ടി വീണ്ടും മാറ്റി, കേരളാ കോൺഗ്രസ് നിലപാട് മാറ്റം ഇല്ല, കോൺഗ്രസ് തീരുമാനം ഇന്നുണ്ടാകും. ഇങ്ങനെ ഓരോ ദിവസവും ഈ പത്രങ്ങളെക്കൊണ്ട് എഴുതിച്ച് ഇവിടെ പ്രതിസന്ധി സൃഷ്ടിച്ചുകൊണ്ടുവരികയായിരുന്നു. ഇവിടെ ഇങ്ങനെ ഒരു രാഷ്ട്രീയ പ്രതിസന്ധിയും ഭരണ പ്രതിസന്ധിയും സൃഷ്ടിച്ചുകൊണ്ടുവന്നത് എന്തിനുവേണ്ടിയായിരുന്നു? ഇവിടെ തെരഞ്ഞെടുപ്പു നടത്തുമെന്നൊരു ഭീഷണി മുഖ്യമന്ത്രി ഇറക്കി നോക്കി. ആ ഭീഷണിയും വിലപോകാതെ വന്നപ്പോൾ ഇപ്പോൾ സകലതിനും മുമ്പിൽ കീഴടങ്ങി നമ്മുടെ മുഖ്യമന്ത്രി 'അണ്ടികളഞ്ഞ അണ്ണാനെപ്പോലെ' ഇവിടെ വന്നിരിക്കുകയാണ്. സഹതാപം തോന്നുന്നു. ഇതെല്ലാം കാട്ടിക്കൂട്ടിയത് ഇവിടെ തെരഞ്ഞെടുപ്പ് നടത്താനായിരുന്നില്ല. ഇവിടെ മറ്റു മന്ത്രിമാർ പലരും കൈകാര്യം ചെയ്തുവരുന്ന ചില വകുപ്പുകൾ തട്ടിയെടുത്ത് സ്വന്തമാക്കാനും കൂടുതൽ കക്കാനും കൂടുതൽ കയ്യിട്ടുവാരാനുമുള്ള കുണ്ഡിത പരിശ്രമമാണ് ഇവിടെ നടന്നത്. ഇവിടെ ജനകീയ പ്രശ്നങ്ങൾ കുമിഞ്ഞു കൂടിയപ്പോൾ ജനങ്ങൾ ജീവിത പ്രയാസങ്ങളിൽപ്പെട്ട് നട്ടംതിരിഞ്ഞപ്പോൾ, നാളികേരത്തിനും ഏലത്തിനും ഇഞ്ചിക്കും കാപ്പിക്കും വില ലഭിക്കാതെ വിലക്കയറ്റവും തൊഴിലില്ലായ്മയും മൂലം ജനങ്ങൾ പൊറുതി മുട്ടിയപ്പോൾ അവർ പ്രക്ഷോപണങ്ങളിലേക്കും സമരങ്ങളിലേക്കും എല്ലാം എടുത്തെറിയപ്പെടുന്ന സാഹചര്യം സംജാതമായപ്പോൾ ജനശ്രദ്ധ തിരിച്ചുവിടുന്നതിനുള്ള ഒരടവ് മാത്രമായിരുന്നു ഇവിടെ ആടിയ നാടക രംഗങ്ങൾ. ഈ

LIBRARY ARCHIVES Kerala Legislative Assembly

നാടകത്തിലെ പ്രധാന നടനും വില്ലനും എല്ലാം മുഖ്യമന്ത്രിതന്നെയായിരുന്നു. ധനകാര്യ വകുപ്പും ആഭ്യന്തര വകുപ്പും വ്യവസായ വകുപ്പുമെല്ലാം തട്ടിയെടുക്കാനുള്ള കുരുട്ടു വിദ്യയായിട്ടാണ് നിയമസഭ പിരിച്ചുവിട്ട് തെരഞ്ഞെടുപ്പു നടത്തുമെന്ന ഭീഷണി പ്രയോഗിച്ചത്. ആ ഭീഷണി ഫലപ്രദമാകാതെ വന്നപ്പോഴും ഇപ്പോഴും 'ഇനി എന്തു ചെയ്യും' എന്നുള്ള നിലയിലാണ്. ഇന്നു രാവിലെ അടിയന്തിര പ്രമേയം അവതരിപ്പിച്ചപ്പോഴും മുഖ്യമന്ത്രി 'ഏറുകൊണ്ട തെരുവു നായയെപ്പോലെ മോങ്ങുന്ന' പരമദയനീയമായ കാഴ്ചയാണ് നമ്മൾ ഇവിടെ കണ്ടത്.

സർ, ഇവിടെ ഭരണ സ്തംഭനമുണ്ടാക്കിക്കൊണ്ട് കത്തുന്ന പുരയുടെ കഴുക്കോൽ ഊരുന്നതുപോലെ അഴിമതിക്ക് പുതിയ മാനങ്ങൾ തേടുകയായിരുന്നു മുഖ്യമന്ത്രി. കേന്ദ്ര ഗവൺമെൻറിൻെറ നിർദ്ദേശങ്ങളും ചട്ടങ്ങളും നടപടിക്രമങ്ങളും മറികടന്ന് മരച്ചീനി ചാരായം ഉണ്ടാക്കാൻ സഹകാര്യമേഖലയിൽ മൂന്നു ഡിസ്റ്റിലറികൾ ഇവിടെ അനുവദിച്ചു. സ്വന്തം മകൻ മുരളിയെ വളരെ പെട്ടെന്ന് കോടീശ്വരനാക്കുന്നതിനുള്ള ഒരു പരിശ്രമമായിരുന്നു അത്. ഇതിൻെറ അപേക്ഷകൻ ഒരു ആൻറോ ആയിരുന്നു. 'ദി ലിഡിംഗ് ലൈറ്റ് ടപ്പിയോക്കാ പ്രൊഡക്ട്' എന്ന സ്ഥാപനത്തിൻെറയൊക്കെ.

ശ്രീ. എം. എം. ഹസ്സൻ : സർ, ഒരു പോയിൻറ് ഓഫ് ഓർഡർ കോടതിയുടെ പരിഗണനയിലിരിക്കുന്ന ഒരു കാര്യം ഇവിടെ പറയുന്നത് സബ് ജുഡീസാണ്. അത് ഇവിടെ അനുവദിക്കാമോ ?

ശ്രീ. എം. ജിനദേവൻ : ഇത് കോടതിയെപ്പറ്റിയുള്ള പരാമർശമൊന്നുമല്ല. സ്വന്തം മകൻ മുരളിയെ പെട്ടെന്നു കോടീശ്വരനാക്കണമെന്നു മുഖ്യമന്ത്രിക്ക് ഒരാഗ്രഹം. ഇവിടെ മക്കൾക്കുവേണ്ടി സ്ഥാന ത്യാഗം ചെയ്യേണ്ടിവന്ന പല മന്ത്രിമാരും ഉണ്ട്. ശ്രീ. ഗംഗാധരൻെറ കാര്യം തന്നെ എടുക്കാം. സ്വന്തം മകനു ഒരു നല്ല വിവാഹാലോചന വന്നപ്പോൾ, ഒരു കശുവണ്ടി മുതലാളിയുടെ മകൻെറ ആലോചന വന്നപ്പോൾ വയസും നാടും ഒന്നും നോക്കാതെ കെട്ടിച്ചയച്ചതിൻെറ പേരിലാണ് സ്ഥാനത്യാഗം ചെയ്യേണ്ടിവന്നത്. അതുപോലെതന്നെ മഹാരാഷ്ട്ര മുഖ്യമന്ത്രി നിലംഗേക്കർ സ്വന്തം മകളുടെ പേരിലാണ് സ്ഥാന ത്യാഗം ചെയ്യേണ്ടിവന്നത് എന്നും നമുക്കറിയാം. ഏറ്റവും പെട്ടെന്ന് പണക്കാരും കോടീശ്വരൻമാരും ഒക്കെ ആയിട്ടുള്ള മദ്യ വ്യവസായികളെപ്പോലെ കരുണാകരൻെറ മകൻ മുരളിയേയും പണക്കാരനാക്കാൻവേണ്ടി കണ്ടുപിടിച്ച വഴിയാണ് ഈ ഡിസ്റ്റിലറി അനുവദിക്കൽ. അതിൽ ആൻറോ ഒരു നിഴൽ മാത്രമാണ്. 'മാളക്കാരൻ പാവം പയ്യൻ' എന്ന് മുഖ്യമന്ത്രി വിശേഷിപ്പിച്ച ആൻറോ അപേക്ഷകൻ മാത്രമാണ്. നവംബർ ഇരുപത്തെട്ടാം തീയതിയാണ് ഈ കാര്യം മന്ത്രിസഭ അംഗീകരിച്ചത്. മന്ത്രിസഭാ നടപടിക്രമങ്ങളുടെ ഫോട്ടോസ്റ്റാറ്റ് 'ദേശാഭിമാനി' പത്രത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ വാർത്ത മലയാള മനോരമ, മാതൃഭൂമി തുടങ്ങിയ പ്രമുഖ പത്രങ്ങളും അതേപടി പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതൊന്നും മുഖ്യമന്ത്രി നിഷേധിച്ചിട്ടില്ല. 'മാളക്കാരൻ പയ്യൻ' എന്നു, മുഖ്യമന്ത്രി വിശേഷിപ്പിച്ച .....ബഹളം.....

ശ്രീ. എം. എം. ഹസ്സൻ : സർ, ഒരു പോയിൻറ് ഓഫ് ഓർഡർ.

.....ബഹളം.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. ജിനദേവൻ : 'മാളക്കാരൻ പയ്യൻ' എന്നു മുഖ്യമന്ത്രി വ ശേഷിപ്പിച്ച ആൾടെ ശ്രീ. കരുണാകരന്റെ ബിസിനസ് ബന്ധങ്ങളുടെ ബോംബെയിലുള്ള ലെയിസൺ ഓഫീസർ ആണ്. ആ ലെയ്സൺ ഓഫീസറുടെ പേരിൽ അപേക്ഷ സമർപ്പിച്ചു എന്നു മാത്രമേയുള്ളു. യഥാർത്ഥ പുള്ളി മുരളിതന്നെയാണ്.

ശ്രീ. എ. സി. ജോസ് : ഇന്ന് ഹൈക്കോടതിയിൽ നിലവിലിരിക്കുന്ന കേസിനെക്കുറിച്ചാണ് ഇവിടെ സംസാരിച്ചത്. കേരളാ ഹൈക്കോടതിയിൽ നിലനിൽക്കുന്ന ഒരു കേസിനെക്കുറിച്ച് ഇവിടെ പ്രതിപാദിക്കുന്നത് ഓർഡറിലാണോ സർ ?

മി. ചെയർമാൻ : കോടതിയിലെ പ്രശ്നം ചർച്ച ചെയ്യരുത്.

ശ്രീ. എം. ജിനദേവൻ : ഞാൻ കോടതിയെക്കുറിച്ചോ, കേസിനെക്കുറിച്ചോ യാതൊന്നും പരാമർശിച്ചിട്ടില്ല. ആ മാളക്കാരൻ പാവം പയ്യൻ മുഖ്യമന്ത്രിയോടൊപ്പം നാവികസേനയുടെ ഹെലികോപ്ടറിൽ കൊച്ചിയിൽനിന്നും കോഴിക്കോട്ടേയ്ക്കും അവിടെനിന്നും കൊച്ചിയിലേക്കും യാത്ര ചെയ്തതിൽ യാതൊരു അനൗചിത്യവും അസാധാരണതയും മുഖ്യമന്ത്രി കണ്ടില്ല. പെട്ടെന്ന് കോടീശ്വരനാകാൻ പറ്റിയ വഴി മദ്യ വ്യവസായമാണെന്നു മുഖ്യമന്ത്രിക്കറിയും. നമ്മുടെ സംസ്ഥാനത്ത് സാധാരണ ജനങ്ങൾ വിലകുറച്ച് നല്ല മദ്യം കൊടുക്കുന്നതിനുവേണ്ടിയാണല്ലോ ബിവറേജസ് കോർപ്പറേഷൻ രൂപീകരിച്ചത്. കോർപ്പറേഷൻ രൂപീകരിച്ച് അതിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ടപ്പോഴാ, അതു കൊള്ളാവുന്ന ഒരു കച്ചവടമാണെന്നു മുഖ്യമന്ത്രിക്കു മനസിലായി. നവംബർ 28-നു ചേർന്ന മന്ത്രിസഭായോഗത്തിൽ കപ്പച്ചാരായ ഡിസ്റ്റിലറി അനുവദിക്കാൻ മുഖ്യമന്ത്രി കാണിച്ച 'അഴിഞ്ഞാട്ട' മെക്കുറിച്ച് ധാരാളം പത്രവാർത്തകളും വന്നുകഴിഞ്ഞിട്ടുണ്ട്. 'മലയാള മനോരമ', 'മാതൃഭൂമി' തുടങ്ങിയ ഗവൺമെന്റിനേയും മുഖ്യമന്ത്രിയേയും പിന്താങ്ങുന്ന പത്രങ്ങളിലാണ് ഇതു സംബന്ധിച്ച വാർത്തകളും എല്ലാം വന്നത്. ഇതു സംബന്ധിച്ച മന്ത്രിസഭാ തീരുമാനങ്ങളുടെ ശരിപ്പകർപ്പ് 'ദേശാഭിമാനി' പ്രസിദ്ധീകരിച്ചു. ഒരു പത്രത്തിന്റേയും പേരിൽ ഈ മുഖ്യമന്ത്രി കേസു കൊടുത്തിട്ടില്ല. ഡിസ്റ്റിലറി അനുവദിച്ചതിനെക്കുറിച്ച് നമ്മുടെ എക്സൈസ് വകുപ്പുമന്ത്രി പറഞ്ഞ കാര്യങ്ങളെക്കുറിച്ച് 'മലയാള മനോരമ' പത്രത്തിൽ വന്നിരിക്കുന്നത് ഒന്നു ശ്രദ്ധിക്കണം. ന്യൂഡൽഹിയിൽവച്ച് ശ്രീ. ശ്രീനിവാസൻ പറഞ്ഞതാണ്. കേരളത്തിൽ പുതുതായി അനുവദിച്ച മൂന്നു ഡിസ്റ്റിലറികളുടെ കാര്യത്തിൽ അവസാന തീരുമാനം കൈക്കൊണ്ടതു മുഖ്യമന്ത്രിയുടെ ശുപാർശ അനുസരിച്ചായിരുന്നുവെന്ന് എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എൻ. ശ്രീനിവാസൻ പത്രക്കാരോടു പറഞ്ഞു.

പുതുതായി ഡിസ്റ്റിലറികളും അനുവദിക്കുന്നതു സംബന്ധിച്ച ഫയൽ ഏറെക്കാലമായി അടഞ്ഞുകിടക്കുകയായിരുന്നുവെന്ന് മന്ത്രി അറിയിച്ചു. കേന്ദ്രത്തിന്റെ അനുമതി ആവശ്യമുള്ളതുകൊണ്ടാണിത്. എന്നാൽ ഈ പ്രശ്നം വീണ്ടും പരിഗണനയ്ക്കെടുക്കാൻ മുഖ്യമന്ത്രിതന്നെ നിർദ്ദേശിക്കുകയായിരുന്നുവെന്ന് എക്സൈസ് വകുപ്പുമന്ത്രി ചൂണ്ടിക്കാട്ടി. മൊത്തം പത്ത് അപേക്ഷകളാണ് ലഭിച്ചിരുന്നത്. ഇതിൽനിന്ന് അഞ്ച് അപേക്ഷകളും തെരഞ്ഞെടുത്തു നൽകിയതു താൻതന്നെയാണെന്നു മന്ത്രി ശ്രീനിവാസൻ വെളിപ്പെടുത്തി. അതിൽ നിന്നും സി. എൻ. ആൾടെ ഉൾപ്പെടെ മൂന്നു പേർക്കു ഡിസ്റ്റിലറി അനുവദിക്കണമെന്നു മുഖ്യമന്ത്രിതന്നെയാണ് നിർദ്ദേശിച്ചത്. ആ മൂന്നെണ്ണമാണ് അനുവദിച്ചതെന്നും ശ്രീനിവാസൻ വ്യക്തമാക്കി .....ബഹളം.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ : സർ, സഭയിൽ വ്യക്തമായി റൂളിംഗ് നൽകി കഴിഞ്ഞിട്ടും കേരളാ ഹൈക്കോടതിയുടെ പരിഗണനയിൽ ഇരിക്കുന്ന ഒരു കേസിനെ സംബന്ധിച്ചും അതിന്റെ പത്രവാർത്തകളെക്കുറിച്ചും ഇവിടെ സംസാരിക്കുന്നത് ഓർഡറിലാണോ ? ബഹുമാനപ്പെട്ട ചെയറിന്റെ റൂളിംഗ് ഇതിൽ ആവശ്യമാണ്. ചെയറിന്റെ റൂളിംഗിനെ ധിക്കരിക്കുകയാണ് ഇവിടെ ചെയ്യുന്നത്.....ബഹളം.....

ശ്രീ. എം. ജിനദേവൻ : നവംബർ 28-ന് മന്ത്രിസഭായോഗം ചേരാനിരിക്കെ രണ്ടുദിവസം മുമ്പ് നവംബർ 26-നാണ് ആനേറായുടെ അപേക്ഷയും പ്രോജക്ട് റിപ്പോർട്ടും ഗവൺമെന്റിനു ലഭിച്ചത്. ഫയൽ ബന്ധപ്പെട്ട വകുപ്പുമന്ത്രിവഴി വരേണ്ടതിനു പകരം മുഖ്യമന്ത്രി നേരിട്ട് ക്യാബിനറ്റിന്റെ മുമ്പാകെ കൊണ്ടുവരികയാണ് ഉണ്ടായത്. സാധാരണഗതിയിൽ ഇത്തരം ഒരു ഫയൽ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റ്വഴി പല പടവുകളും കടന്ന് മാത്രമേ ക്യാബിനറ്റിന്റെ മുമ്പിൽ വരൂ എന്ന് എല്ലാവർക്കും അറിയാം.

.....ബഹളം.....

ശ്രീ. എ. സി. ജോസ് : ബഹുമാനപ്പെട്ട ചെയർ ഇവിടെ ഒരു റൂളിംഗ് നൽകി, കോടതിയുടെ പരിഗണനയിലിരിക്കുന്ന, സബ് ജുഡീസ് ആയിട്ടുള്ള ഒരു കാര്യം സഭയിൽ പരാമർശിക്കുവാൻ പാടില്ലെന്ന്. ആ റൂളിംഗ് നൽകിയതിനുശേഷം പരാമർശിക്കപ്പെട്ടിട്ടുള്ള കാര്യങ്ങളും ഈ സഭാനടപടികളിൽ നിന്നും നീക്കം ചെയ്യണം.....

ശ്രീ. പി. സീതിഹാജി : സർ, എന്റെ സുഹൃത്ത് ശ്രീ എം. എം. ഹസ്സൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. കഴിഞ്ഞ സഭയിൽ ഈ ഗവൺമെന്റിനെപ്പറ്റി പറയാനുണ്ടായിരുന്ന ആരോപണം നാളികേരത്തിന് എഴുന്നൂറു രൂപയും എണ്ണൂറു ഉറുപ്പികയുമേ വിലയുള്ളൂ എന്നായിരുന്നു.....(ബഹള)....

കഴിഞ്ഞ സഭയിൽ ഈ ഗവൺമെന്റ് എന്തിനാണ് ഇവിടെ ഇരിക്കുന്നത്, എന്താണ് ഈ ഗവൺമെന്റ് ജനങ്ങൾക്കുവേണ്ടി ചെയ്തത് ഈ ഗവൺമെന്റിനു എന്തു താൽപ്പര്യമാണ് ഉള്ളത് എന്ന് എല്ലാം അധിക്ഷേപിച്ച പ്രതിപക്ഷം എന്തുകൊണ്ടാണ് സഭ വിളിച്ചുകൂട്ടാൻ താമസിച്ചത് എന്നാണ് ഇപ്പോൾ ചോദിക്കുന്നത്. എനിക്ക് മനസ്സിലാകുന്നില്ല, ഇവിടെ വോട്ട് ഓൺ അക്കൗണ്ട് ആണ് പാസ്സാക്കേണ്ടത്. ഇവിടെ സബ്ജക്ട് കമ്മിറ്റികളുണ്ട്. ഇതെല്ലാം സബ്ജക്ട് കമ്മിറ്റിക്ക് പോയി വിശദമായ ചർച്ച കഴിഞ്ഞശേഷമാണ് നമ്മളം അംഗീകരിക്കുന്നത്. എന്നിട്ട് വിവരമുള്ള ശ്രീ. ബേബിജോൺ ഇതൊക്കെ പറയുമ്പോഴാണ് സങ്കടം. ശ്രീമതി ഗൗരിയമ്മയോ ശ്രീ ഷൺമുഖദാസോ ആണ് ഇതൊക്കെ പറഞ്ഞിരുന്നതെങ്കിൽ എനിക്കാക്ഷേപമില്ല. ശ്രീ ബേബിജോൺ ഇതൊക്കെ കളിച്ചതാണ്. ബഹുമാനപ്പെട്ട ശ്രീ. ബേബിജോണിനോടു ഞാൻ ചോദിക്കട്ടെ, 1970 മുതൽ 1977 വരെ ശ്രീ ബേബിജോൺ, ശ്രീ അച്യുതമേനോൻ അടക്കമുള്ളവർ ഇപ്പുറത്തിരുന്നതാണ്. മുതലക്കുളം മൈതാനം എന്നൊരു മൈതാനം ഉണ്ട്. അവിടെ മുതലയുമില്ല കുളവുമില്ല എന്നതുപോലെയുള്ള ഒരു പാർട്ടിയാണ് സി. പി. ഐ. അങ്ങനെ സി. പി. ഐ. ക്കാരെ മറ്റ് പാർട്ടിക്കാരും കൂടി ഇരുന്ന് വകുപ്പു വിഭജന ചർച്ച മുമ്പു നടത്തിയതാണ്. ഇത് ഇന്നും ഇന്നലെയും തുടങ്ങിയ കാര്യമല്ല. ആർ. എസ് പി. ക്ക് നിഷേധിക്കുവാൻ പറ്റുമോ? മുസ്ലീംലീഗിന് അതിൽ പങ്കുണ്ട്, കേരളാ കോൺഗ്രസിന് പങ്കുണ്ട്, കോൺഗ്രസിന് പങ്കുണ്ട്. ഇതൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

ആലോചിച്ചുറൽ ശരിയാണ്. ഞങ്ങളുടെ മുന്നണിയുടെ നേതാവ്, ഈ മുന്നണിയുടെ മുഖ്യമന്ത്രി ശ്രീമാൻ കെ. കരുണാകരനു് ഏതു സമയത്തും ഈ മുന്നണി തെരഞ്ഞെടുപ്പിനെ നേരിടണമെങ്കിലും പ്രതിഛായ മാറണമെങ്കിലും എല്ലാത്തിനും അധികാരമുണ്ടു്. ഞങ്ങൾ ബ്ലാങ്കു പേപ്പറിൽ ഒപ്പിട്ടു കൊടുത്തു കഴിഞ്ഞു:

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടു് തലശ്ശേരിയിൽ പ്രസംഗിച്ചതു് എന്താണെന്നറിയാമോ ? 'എന്റെ പൊന്നു ബാലരാമാ, നിങ്ങളുടെകൂടെ നിൽക്കേണ്ട ഗതികേടു് നമ്പൂതിരിപ്പാടിനില്ല എന്നു്, പിന്നെ പറഞ്ഞതു് മുസ്ലീം ലീഗു് വർഗ്ഗീയ പാർട്ടിയാണു്, വർഗ്ഗീയ താൽപ്പര്യക്കാരുടെ പാർട്ടിയാണെന്നാണു്. ഉളുപ്പില്ലല്ലോ പറയാൻ. ശ്രീ. സി. എച്ചു്. മുഹമ്മദുകോയ ഇവിടെ നിന്നും രാജിവെച്ചിറങ്ങിപോയപ്പോൾ ശ്രീമാൻ കെ എം. മാണിയെ മുഖ്യമന്ത്രിയാക്കണമെന്നു പറഞ്ഞു് ശ്രീമതി ജ്യോതി വെങ്കിട ചെല്ലത്തിന്റെ മുമ്പിൽ കുത്തിയിരിപ്പു് സത്യാഗ്രഹം നടത്തിയതാരാണു് എന്നറിയാമോ ? ഒന്നു്, ശ്രീ ഇ. കെ. നായനാർ, രണ്ടു്, ശ്രീ. എം. വി. രാഘവൻ, മൂന്നു്, ശ്രീ. ബേബി ജോൺ, നാലു്, എ. സി. ഷൺമുഖദാസു്..... (ബഹളം)..... ഞാൻ ബേബിജോൺ സാറിനോടു് ചോദിക്കട്ടെ, മുസ്ലീംലീഗിനെ വർഗ്ഗീയ വാദി എന്നു നിങ്ങൾ പറയുന്നല്ലോ രാജ്യത്തെ ഏതെല്ലാം പുരോഗമന പ്രസ്ഥാനങ്ങളിൽ ഞങ്ങൾ പങ്കെടുത്തിട്ടുണ്ടു്. ഗൗരിയമ്മ കൊണ്ടുവന്ന ഭൂപരിഷ്ക്കരണ നിയമത്തെ ഞങ്ങൾ അനുകൂലിച്ചില്ലേ, അന്നു് മേലോട്ടു നോക്കിയാൽ ആകാശവും കീഴോട്ടു നോക്കിയാൽ ഭൂമിയും മാത്രമുള്ള ആളുകൾ അല്ലായിരുന്നു മുസ്ലീം ലീഗുകാർ. നഷ്ടപ്പെടാൻ പലതും ഉണ്ടായിരുന്നു. 15 ഏക്കർ നിങ്ങൾക്കു് കഴിച്ചു് ബാക്കി ഞങ്ങൾക്കു് എന്നു പറഞ്ഞപ്പോൾ മുസ്ലീംലീഗിലെ 14 മെമ്പർമാരുടെ കരങ്ങൾ ഈ നിയമസഭയിൽ പൊങ്ങി. അതു് ഞങ്ങൾ പാസ്സാക്കി കഴിഞ്ഞതിനുശേഷം നിങ്ങൾ നടപ്പാക്കാതെ ഇറങ്ങിപ്പോയപ്പോൾ ഡൽഹിയിൽ വിശ്രമിച്ചുകൊണ്ടിരിക്കുന്ന അപ്പുറത്തമേനോനെ ഞങ്ങളുടെ നേതാവായ ബാഫക്കി തങ്ങൾ ഫോൺ ചെയ്തു വരുത്തി. ഈ രാജ്യത്തെ മിച്ചഭൂമി പിടിച്ചെടുത്തു് പാവങ്ങൾക്കു് വിതരണം ചെയ്തതിന്റെ പേരിൽ എന്റെ നേതാവു് സി. എച്ചു്. മുഹമ്മദു് കോയാ സാഹിബ്ബിന്റെ സുന്ദരമായ മുഖത്തേക്കു് ആസിഡു് ബോംബും കൈബോംബും എറിഞ്ഞു് കൊല ചെയ്യാൻ ശ്രമിച്ച കാപാലികൻമാരാണു് കോടിയേരി ബാലകൃഷ്ണന്റെ പാർട്ടിക്കാർ എന്നു് ഞാൻ പറയുകയാണു്, ഇതെല്ലാം സഹിച്ചുകൊണ്ടാണു് ഞങ്ങൾ ഈ രാജ്യത്തു് ഭൂപരിഷ്ക്കരണം നടപ്പാക്കിയതു്. വനദേശസാൽക്കരണം എന്താണു് സർ ? ഒന്നും നഷ്ടപ്പെടാനില്ലേ? ഞങ്ങളെല്ലാം വർഗ്ഗീയ വാദികളാണോ ? ഒരു ബീഡിക്കുറ്റിപോലും പ്രതിഫലം കൊടുക്കാതെ 1,85,000 ഏക്കർ വനഭൂമി പിടിച്ചെടുത്തു് ഗവൺമെന്റിനു് മുതൽ കൂട്ടിയപ്പോൾ മുസ്ലീംലീഗു് അതിനെ സ്വാഗതം ചെയ്തു. ബേബിജോൺ പറയുമോ ഞങ്ങൾ വർഗ്ഗീയവാദികളാണെന്നു്. ഈ രാജ്യത്തെ ഏതു പുരോഗമന പ്രസ്ഥാനത്തിലാണു് മുസ്ലീം ലീഗുകാർ വർഗ്ഗീയത കാണിക്കുന്നതു്? പരേതയായ, പ്രിയങ്കരിയായ ശ്രീമതി ഇന്ദിരാഗാന്ധി ഈ രാജ്യത്തു് ഏറ്റവും വലിയ പുരോഗമനപരമായ 14 വൻകിട ബാങ്കുകളും ദേശസാൽക്കരിക്കുന്നതിനുള്ള ബില്ലുമായി വന്നപ്പോൾ മുസ്ലീം ലീഗിന്റെ 4 എം. പി. മാർ കൈപൊക്കിയതുകൊണ്ടാണു് അന്നു് പാസ്സാക്കി അഭിമാനം കൊള്ളാൻ കഴിഞ്ഞതു്. രാജ്യസഭയിൽ പോയില്ലേ? എന്തുകൊണ്ടാണു് 1970-ൽ തെരഞ്ഞെടുപ്പു് വന്നതു് ? മാർക്സിസ്റ്റുകാർ മനസ്സിലാക്കണം. നിങ്ങളുടെ ബംഗാളിലുള്ള രണ്ടു മെമ്പർമാർ അന്നു് വിമാനം കിട്ടിയില്ല എന്നതിന്റെ പേരിൽ രാജ്യസഭയിൽ ഹാജരായില്ല. എന്തിനധികം പറയുന്നു. ഗ്വാളിയർ മഹാറാണിയുടെ കൈക്കൂലി വാങ്ങി, നക്കാപിച്ചാ വാങ്ങി ആ ബിൽ പൊളിക്കുന്നതിനു വേണ്ടി ശ്രമിച്ച നിങ്ങളാണോ

LIBRARY ARCHIVES Kerala Legislative Assembly

പുരോഗമനം പറയുന്നത്? അതുകൊണ്ടല്ലേ രാജ്യസഭയിൽ ആ ബിൽ പാസ്സാക്കാത്തതിന്റെ പേരിൽ ശ്രീമതി ഇന്ദിരാഗാന്ധി ഒരു ഇടക്കാല തെരഞ്ഞെടുപ്പ് നടത്തിയത്. നിങ്ങളുടെ വലിയ പുരോഗമനം ഉളുപ്പില്ലല്ലോ പറയാൻ. നിങ്ങൾക്ക് ജനങ്ങളെ നേരിടാൻ കഴിഞ്ഞില്ല. ഈ ഗവൺമെന്റിന്റെ നാലു കൊല്ലത്തെ നേട്ടങ്ങളുമായി ജനങ്ങളുടെ മുമ്പിൽ ചെന്നാൽ നിങ്ങളുടെ അഡ്രസ് പോലും കാണുകയില്ല. തെരഞ്ഞെടുപ്പ് വച്ചാൽ ഞങ്ങൾ ജയിച്ചു വരും. എന്താ വരില്ലെന്നുണ്ടോ ?

വിണിതല്ലോ കിടക്കുന്നു ധരണിയിൽ
ശോണിതവുമണിഞ്ഞയ്യോ ശിവ, ശിവ.

ബേബിജോൺ എവിടെ ? നായനാർ എവിടെ ? മര്യാദയ്ക്ക് ഇരുന്നാൽ പെൻഷൻ വാങ്ങാം. ബഹുമാനപ്പെട്ട മൂസ്സക്കുട്ടി എന്റെ സ്നേഹിതൻ എം. വി. ആറിന്റെ സീറ്റിലാണിരിക്കുന്നത്. ഒരു കാരണവശാലും മൂസ്സക്കുട്ടി അവിടെയിരിക്കാൻ യോഗ്യനല്ല. പ്രതിപക്ഷം പിന്തിക്കണം. എന്തിനാണ് എം. വി. ആറിനെ മൂന്നാം വരിയിൽ കൊണ്ടാക്കിയത് ? ഈ സഭയിലെ പ്രധാനപ്പെട്ട മെമ്പറല്ലേ ? ഇന്ന് പ്രതിപക്ഷം എന്താണ് ? ഉപ്പിടാത്ത കഞ്ഞിപോലല്ലേ ഇപ്പോഴം നിങ്ങളുടെ പ്രസംഗം കേട്ടാൽ. ഷൺമുഖദാസിനോട് ഒന്നും ഞാൻ പറയുന്നില്ല. അത് സ്പ്ലിറ്റ് ചെയ്ത കോൺഗ്രസ്സാണ്. അതിനു വളർച്ചയില്ല. അവരൊടൊക്കെ എന്തു മറുപടി പറയാനാണ്. 'എസ്സ്' കോൺഗ്രസ് എന്നു പറഞ്ഞാൽ സ്പ്ലിറ്റാപ് കോൺഗ്രസാണ് എന്തോ പാറന്റീടാക്ക് ഉണ്ടാക്കി പോയിപ്പോലും. അതുകൊണ്ടാണ് പുറകിൽ കൊണ്ടിരുത്തിയത്, മുസ്ലിംലീഗിനെയും കേരളാ കോൺഗ്രസ്സിനേയും ഒക്കെ കൂട്ടിയെങ്കിൽ മാത്രമേ കേരളത്തിൽ ഭരണത്തിന് ഒക്കുകയുള്ളു എന്നു പറഞ്ഞതിന്റെ പേരിലാണ് എന്റെ സുഹൃത്ത് പുറകിൽ പോയത്. പാവം കുഞ്ഞിക്കണ്ണൻ, ഹരിജനങ്ങളുടെ ചാളയിൽ പോയി കഞ്ഞികുടിച്ച് പാർട്ടി കെട്ടിപ്പടുത്ത കുഞ്ഞിക്കണ്ണനെപ്പോലെ സസ്പെൻറ് ചെയ്തിരിക്കുന്നു. ഇന്ന് എയർകണ്ടീഷൻ ചെയ്ത എ. കെ. ജി. സെൻറർ ഉണ്ട്, കാർ ഉണ്ട്, ടെലിഫോണുണ്ട്. ഇപ്പോഴം വി. ഐ. പി. ആയപ്പോഴം പാവപ്പെട്ട കുഞ്ഞിക്കണ്ണൻ മലപ്പുറം ജില്ലയിൽ നടന്ന് കമ്മ്യൂണിസ്റ്റു പാർട്ടി കെട്ടിപ്പടുത്തത് നേരിട്ടു കണ്ടവനാണ് ഞാൻ. അദ്ദേഹത്തെ പിടിച്ച് പുറത്താക്കിയിട്ട് മൂസ്സക്കുട്ടി ഞെളിഞ്ഞു നിൽക്കുന്നു. ഉളുപ്പില്ലല്ലോ. മദ്രാസ് സംസ്ഥാന മുസ്ലീംലീഗിന്റെ പ്രസിസന്റ് എ. കെ. അബ്ദുൽ സമദ് ഇന്ന് നാഷണൽ എക്സിക്യൂട്ടീവ് മെമ്പറാണ്. അദ്ദേഹം കൂടിയുള്ള മുസ്ലീംലീഗ് പാർട്ടി, ഡി. എം. കെ. അടക്കമുള്ള മുന്നണിയിൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ചുവന്ന കൊടിയും കെട്ടി ഇ. എം. എസ്. ഗുണ്ടൂരിൽ വന്ന്, "ലീഗിന്റെ കൊടി കെട്ടിയതിന്റെ ചോട്ടിൽ വന്ന് ആ പഞ്ചായത്ത് യൂണിയൻ തെരെഞ്ഞെടുപ്പിൽ ചെയർമാൻ സ്ഥാനത്തേക്ക് മൽസരിച്ച കുഞ്ഞു മുഹമ്മദിന് ഏണി അടയാളത്തിൽ വോട്ടു ചെയ്യണം" എന്നു വരെ പ്രസംഗിച്ച മാർക്സിസ്റ്റുകാർ പറയുകയാണ് അത് കോൺഗ്രസ്സിനെ തോൽപ്പിക്കാൻ വേണ്ടിയാണെന്ന്. എന്നിട്ട് ഇവിടെ വന്നു പറയുന്നതോ ? കരുണാകരാ മുസ്ലീംലീഗിനെയും കേരളാ കോൺഗ്രസ്സിനെയും വിടാൻ തയ്യാറുണ്ടോ ? എന്നാൽ ഞങ്ങൾ പിന്തുണക്കാം. പണ്ട് കുറ്റിപ്പുറത്ത് ഒരു പിന്തുണയും ആയിട്ട് വന്നിരുന്നു. കോൺഗ്രസ്സ് ഒരു ദുർഗ്ഗാപ്പൂർ പ്രമേയം പാസ്സാക്കി. അപ്പോഴം മൂപ്പർ ജവഹർലാൽ നെഹ്രുവിന് ഒരു കത്തെഴുതി. കോൺഗ്രസ്സിന് പിന്തുണയും ആയിട്ട് നടക്കുന്നത് എത്രയാണ്. കുറുക്കൻ മുന്തിരിങ്ങയ്ക്ക് ചാടിയിട്ട് അതു പുളിക്കും എന്നു പറഞ്ഞതുപോലെയാണ് നിങ്ങളും പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

കിട്ടിയില്ലെങ്കിൽ പുളിക്കും. ഞങ്ങളെ വർഗ്ഗീയ പാർട്ടി എന്നാണ് പറയുന്നത്. ഞങ്ങൾക്ക് സർട്ടിഫിക്കറൊന്നും വേണ്ട.

ശ്രീ. കോടിയേരിബാലകൃഷ്ണൻ : സീതിഹാജിയുടെ പ്രസംഗത്തെ സംബന്ധിച്ച് ഒരു പോയിന്റ് ഓഫ് ഓർഡർ, തമിഴ് നാട്ടിൽ മാർക്സിസ്റ്റു പാർട്ടിയും മുസ്ലീംലീഗുമായി കൂട്ടുകൂടിയിട്ടില്ല. അവിടെ കൂട്ടുകൂടാതെ കൂട്ടുകൂടി എന്നു പറഞ്ഞുകൊണ്ട് അപ്രാസ്തവമായ ഒരു പ്രസ്താവന ഇവിടെ ചെയ്യുന്നത് ഓർഡറിലാണോ ?

മി. ചെയർമാൻ : ഇതിൽ പോയിന്റ് ഓഫ് ഓർഡർ ഒന്നുമില്ല.

ശ്രീ. പി. സീതിഹാജി : കോടിയേരിയെപ്പോലുള്ള ചെറുപ്പക്കാർ മുഖത്തുനോക്കി കളവു പറഞ്ഞാൽ പിന്നെ എങ്ങിനെയാണ് ? ദേശാഭിമാനി പത്രം ഒന്നു വായിക്കണം. നമ്പൂതിരിപ്പാട് പറഞ്ഞതാണ്. "തമിഴ് നാട്ടിൽ കോൺഗ്രസ്സ് ഐ യെ പരാജയപ്പെടുത്താൻ പറ്റിയ കക്ഷി ഡി. എം. കെ. യാണ് ആ കക്ഷി ലീഗുമായി ഐക്യം ഉണ്ടാക്കിയതുകൊണ്ട് ഡി. എം. കെ. യുമായി നമ്മം കൂട്ടില്ലെന്ന് പറയാനാവില്ല" കൊച്ചി, 1986 മാർച്ച് മാസം 12-ാം തീയതി ബുധനാഴ്ച ദേശാഭിമാനി പത്രം ഇവിടത്തെ ഏറ്റവും വലിയ പ്രശ്നം എന്നു പറയുന്നത് പാർലമെന്റിൽ കൊണ്ടു വന്ന ബില്ലാണ്. വിവാഹമോചനം നേടിയ ഒരു മുസ്ലീം സ്ത്രീയെ സഹായിക്കാൻ ആ കുടുംബത്തിലാളില്ലെങ്കിൽ വഖഫ് ബോർഡ് അവരെ സംരക്ഷിക്കണം എന്നുള്ളതാണ് ആ ബിൽ. 125-ാം വകുപ്പിൽ എന്താണ് പറയുന്നത്? ഭർത്താവിന് സാമ്പത്തിക ശേഷിയുണ്ടെങ്കിൽ ഭർത്താവു കൊടുക്കണം. കഴിവില്ലെങ്കിൽ മാത്രം കൊടുത്താൽ മതി വഖഫ് ബോർഡ്. ഞങ്ങളുടെ പ്രിയങ്കരനായ പ്രധാനമന്ത്രി അതിന്റെ നാനാവശങ്ങളും പഠിച്ച് ഈ രാജ്യത്തെ മുസ്ലീം സമുദായത്തിന് .....

.....ബഹളം.....

സർ, ശ്രീ. മൂസ്സക്കുട്ടിക്ക് വഖഫ് ബോർഡ് എന്താണെന്നും വഖഫ് എന്താണെന്നും അറിയാമോ ? അതുകൊണ്ട് അദ്ദേഹം അത് പറഞ്ഞിട്ട് കാര്യമില്ല. ഞങ്ങളുടെ മുസ്ലീം സ്ഥാപനങ്ങൾ വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്തതാണ്. പള്ളികൾ, മദ്രസകൾ, കോളേജുകൾ, യത്തീംഖാനകൾ ഇവ 100 രൂപ ഒരു കൊല്ലത്തിൽ അവർക്ക് ആദായമുണ്ടെങ്കിൽ ആറേകാൽ ശതമാനം വഖഫ് ബോർഡിന് കൊടുക്കണം. അത് പല ക്ഷേമപ്രവർത്തനങ്ങളും നടത്തുന്നുണ്ട്. കുട്ടികൾക്ക് സ്കോളർഷിപ്പ് കൊടുത്തു പഠിപ്പിക്കുന്നുണ്ട്, വിധവകളുടെ പെൺകുട്ടികളെ കല്യാണം കഴിച്ചുകൊടുത്ത് സഹായിക്കുന്നുണ്ട്, അതുപോലെതന്നെ ഇങ്ങനത്തെ ആളുകളുണ്ടെങ്കിൽ വഖഫ് ബോർഡ് കൊടുക്കാമെന്നാണ് പറഞ്ഞത്. ശ്രീ. ടി. കെ. ഹംസയാണ് അവർക്കുവേണ്ടി പ്രസംഗിക്കാൻ നടക്കുന്നത്. ശ്രീ. ടി. കെ. ഹംസയുടെ മകളെ വിവാഹമോചനം ചെയ്താൽ അദ്ദേഹം ആ മകൾക്ക് ചെലവിനു കൊടുക്കാൻ ബാധ്യസ്ഥനല്ലേ? അതോ മറ്റുള്ളവരെക്കൊണ്ടു കൊടുപ്പിക്കണമെന്നാണോ പറയുന്നത്. സ്വന്തം മകൾക്ക് ചെലവിനു കൊടുക്കാതെ മറ്റുള്ളവരിൽനിന്നും വാങ്ങി നക്കണമെന്നുപറഞ്ഞാൽ നിങ്ങൾക്കല്ലാതെ മറ്റാർക്കാണ് അത് കഴിയുന്നത് ? ഞങ്ങൾക്ക് കഴിയുകയില്ല. അതുകൊണ്ട് ആ കാര്യത്തെപ്പറ്റി ഞങ്ങളുടെ സമുദായത്തെബാധിക്കുന്ന കാര്യങ്ങൾ ഞങ്ങൾ നോക്കിക്കൊള്ളാം. ഞങ്ങളുടെ പ്രിയങ്കരനായ പ്രധാനമന്ത്രി ശ്രീ. രാജീവ് ഗാന്ധി കൊണ്ടുവന്ന ബില്ലിനെ സഹർഷം സ്വാഗതം ചെയ്തുകൊണ്ട് പ്രസംഗിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

ആരാണ്? അഖിലേന്ത്യാ ജനതാപാർട്ടിയുടെ ജനറൽ സെക്രട്ടറി സെയിദ് സിഹാബുദ്ദീൻ എം. പി. യാണ്. എന്നിട്ടാണ് ഇവിടെ വന്ന് സംസാരിക്കുന്നത്. ഇപ്പോഴും ഇവിടെ ഇതാണോ വലിയ കാര്യം?

ശ്രീ. ടി. കെ. ഹംസ: ആ വണ്ടിച്ചെക്കിന്റെ കാര്യംകൂടി ഒന്നു പറയൂ...

ശ്രീ. പി. സീതിഹാജി: വണ്ടിച്ചെക്കുകൊണ്ടൊന്നും യാതൊരു കുഴപ്പവുമില്ല. അതൊക്കെ അടയ്ക്കേണ്ട വിധത്തിൽ അടച്ചിട്ടുണ്ട്. അതിന്റെ കക്ഷി പൈസ വാങ്ങിയിട്ടുണ്ട്. കോടതിയിൽ കെട്ടാൻ കക്ഷികളും കൊടുത്ത പൈസ സമയത്തിന് അടയ്ക്കാത്തതിന്റെ പേരിൽ, അത് പലിശയ്ക്ക് കൊടുത്തതിന്റെ പേരിൽ നിലമ്പൂരിലെ രണ്ടാളുകൾ വന്ന് കറുത്ത കോട്ടിന് പിടിച്ച വക്കീലാണ് ശ്രീ. ടി. കെ. ഹംസ. അദ്ദേഹത്തിന്റെ സന്തത് പോയിരിക്കുന്നു. ശ്രീ. സി. എച്ച്. മുഹമ്മദ് കോയയെപ്പറ്റി നിങ്ങൾ കണ്ണീർ വാർക്കേണ്ട. സി. എച്ച്. മുഹമ്മദ് കോയയെ നോക്കാൻ ഞങ്ങളുണ്ട്. അതല്ല ഇവിടെ പ്രശ്നം. എന്റെ നേതാവ് സി. എച്ച്. മുഹമ്മദ് കോയാസാഹിബ് അവിഹിതമായി സമ്പാദിച്ചു എന്ന് നിങ്ങൾ പറഞ്ഞില്ലല്ലോ. ഞാൻ അഭിമാനം കൊള്ളുന്നു സർ. എന്റെ നേതാവ് കൈക്കൂലി വാങ്ങിയെന്ന് പറഞ്ഞില്ലല്ലോ. എന്റെ നേതാവും ഞാനും കച്ചവടം ചെയ്തത് ശരിയാണ്. കടംവീട്ടിയത് ശരിയാണ്. ഏതായാലും മാർക്സിസ്റ്റു പാർട്ടിയുടെ എ. കെ. ജി. സെന്ററിൽ നിന്നോ ശ്രീ. ഹംസയുടെ കോട്ടിൽനിന്നോ തറവാട്ടിൽ നിന്നോ സി. എച്ചിന്റെ കണക്കു വീട്ടണ്ട, എന്നുപറയാൻ ഞാനാഗ്രഹിക്കുകയാണ്. അതുകൊണ്ട് വടികൊടുത്ത് അടി വാങ്ങരുത്. ഞാൻ ഇനിയും പറയും. കുപ്പച്ചെനക്കിയാൾ ഓട് കാണും. ശ്രീ. ഹംസയുടെ എല്ലാ ചരിത്രവും അറിയാവുന്നവനാണ് പത്തായക്കോടൻ. അതറിയില്ലേ? പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസർ ആയതുമുതൽ എനിക്കറിയാം ശ്രീ. ഹംസ ആരാണെന്ന്. ആ ഹംസ ഇപ്പോഴാണ് വക്കീലായത്. ശ്രീ. കുഞ്ഞാലിക്കുട്ടിയെ എത്തമിടുവിപ്പിച്ചിട്ടുണ്ട്. നിങ്ങൾ കോൺഗ്രസ്സ് ആയിരിക്കുമ്പോൾ. എന്റെ ബഹുമാനപ്പെട്ട ലീഡർ രക്ഷപ്പെട്ടത് ഹംസ കോൺഗ്രസ്സിൽനിന്നും പോയതുകൊണ്ടാണ്. ഇനി ഒരാപത്തും വരികയില്ല.

സർ, പിന്നെ കേരളാകോൺഗ്രസിനെ ഞങ്ങൾ മൂക്കുകയറിട്ടു എന്നു പറഞ്ഞു. ഞങ്ങൾ ആർക്കും മൂക്കുകയറിട്ടിട്ടില്ല. അതൊക്കെ അവിടെയാ. മുഖ്യമന്ത്രി ഇവിടെ പറഞ്ഞല്ലോ ഏക മെമ്പറായ ശ്രീ. സുന്ദരത്തിനും ഏക മെമ്പറായ ശ്രീ. ശിവദാസനും 32 അംഗമുള്ള കോൺഗ്രസിനും 18 അംഗമുള്ള മുസ്ലീംലീഗിനും 16 അംഗമുള്ള കേരളാകോൺഗ്രസിനും ഒക്കെ തുല്യ സ്ഥാനമാണെന്ന്. നിങ്ങളെപ്പോലെ വാല്യേട്ടൻ മനോഭാവം ഇവിടെ ഇല്ല. എന്റെ ബേബിജോണിന്റെയൊക്കെ അന്തസ് എവിടെപ്പോയി? എന്തിനാണ് അവിടെ നിൽക്കുന്നത്? നിങ്ങൾ ഏതായാലും നിയമസഭയ്ക്കകത്തു വരുമല്ലോ? എന്തിനാണ് ഈ ആട്ടും തുപ്പും കേട്ടുനിൽക്കുന്നത്? ഇ. എം. എസ്സിന്റെ അഭിപ്രായത്തോട് നിങ്ങൾക്ക് യോജിപ്പുണ്ടോ? ശ്രീ. ഷൺമുഖദാസിന്റെ ഇരിപ്പ് കണ്ടോ? കഴിഞ്ഞ ആഴ്ച ശ്രീ. രാജീവ് ഗാന്ധിയുടെ അടുത്തുപോയി. മഹാരാഷ്ട്രയിലെ മുഖ്യമന്ത്രിസ്ഥാനം തന്നാൽ ഞാനായിക്കൊള്ളാമെന്നു പറഞ്ഞു. പക്ഷെ പിരിച്ചുവിട്ടു അത്. അതുകൊണ്ട് അതും ഇതും പറയരുത്. പിന്നെ ആളെ മാറ്റലൊക്കെ ആദ്യമായിട്ടാണോ? നിങ്ങൾ എത്രപേരെ മാറ്റിയിരിക്കുന്നു? സെയ്താലിക്കുട്ടിയെ അവിടെ നിറുത്താൻ നോക്കിയിട്ടല്ലേ കഴിഞ്ഞ കുറി? നിലമ്പൂരിൽ നിങ്ങൾ ആർക്കാണ് സീറ്റു കൊടുത്തത്? മാർക്സിസ്റ്റുകാരോടാണ് ചോദിക്കുന്നത്. കോൺഗ്രസിൽനിന്ന് മാറ്റിയിട്ടില്ലേ? ശ്രീ. ഷൺമുഖദാസ് നിൽക്കുന്ന കാലത്ത് മാറ്റിയിട്ടില്ലേ? 1970-ൽ വടകര പാർലമെന്റ് സീറ്റിൽ

LIBRARY ARCHIVES Kerala Legislative Assembly

ലീലാദാമോദരമേനോൻ എന്നു പറഞ്ഞു. പക്ഷേ അവിടെനിന്നും ശ്രീ. ഉണ്ണികൃഷ്ണൻ വന്നു. ഓരോ പാർട്ടിയും ഓരോ കാലത്ത് ഓരോ ആളെ നിശ്ചയിക്കും. അതിന് നിങ്ങൾക്കെന്താണ് ? പ്രസവിക്കുന്നവളെ കണ്ടിട്ട് മച്ചി കലം പൊളിക്കുന്നതെന്തിനാണ് ? ഞങ്ങളുടെ ഗവൺമെൻറിന്റെ നേട്ടങ്ങളെപ്പറ്റി പറഞ്ഞു. കഴിഞ്ഞതവണ എന്താണ് പറഞ്ഞത് ? അഞ്ചു മാസം ഗർഭിണിയായ സ്ത്രീ കാറിൽ യാത്ര ചെയ്യുകയാണെങ്കിൽ പ്രസവിച്ചു പോകും. റോഡൊക്കെ അങ്ങനെയാണെന്ന്. ഇപ്പോൾ 11 മാസമായിട്ട് യാത്ര ചെയ്താൽപ്പോലും പ്രസവിക്കുകയില്ല. അത്രയും കണ്ടീഷനിലാണ് റോഡ്. ഞാൻ ശ്രീ. ബേബിജോണിനോട് ചോദിക്കുകയാണ് ശ്രീ. എം. എൻ. ഗോവിന്ദൻനായരും നമ്മെളെല്ലാവരുംകൂടി അഞ്ചുകൊല്ലം പരിശ്രമിച്ചിട്ട് 68000 വീടുകളാണ് ഉണ്ടാക്കാൻ കഴിഞ്ഞത്. ഇന്ന് ഈ ഗവൺമെൻറ് ഒരു ലക്ഷം വീട് മേയ്മാസത്തിൽ പൂർത്തിയാക്കാൻ പോകുന്നു. നേട്ടമല്ലേ? എന്നിട്ടെന്താണ് നിങ്ങൾ ഒന്നും ചെയ്തില്ല എന്നു പറയുന്നത്. നിങ്ങൾ ഇങ്ങനെ നടക്കുകയാണ്. പ്രതിപക്ഷങ്ങളോട് ഞാൻ ചോദിച്ചു നിങ്ങൾ എന്തിനാണ് പോകുന്നത്, നിങ്ങൾക്ക് നിയമയെ വിളിച്ചുകൂട്ടണോ, എന്നാൽ വിളിച്ചുകൂട്ടാം, തെരഞ്ഞെടുപ്പ് നടത്തണോ, എന്നാൽ നടത്താമെന്നു പറഞ്ഞു. അപ്പോൾ പറഞ്ഞു ഞങ്ങൾക്കു ഒന്നുംവേണ്ട, ഞങ്ങൾ ഇങ്ങനെ ഒരു പ്രചരണം നടത്തിക്കൊള്ളാമെന്ന്. അതാണ് പറഞ്ഞത്. ഇവിടെ നിയമസഭ വിളിച്ചു കൂട്ടാത്തതിന് പല കാര്യങ്ങളുണ്ട്. അതൊക്കെ ചർച്ച ചെയ്തതാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട ബേബിജോണിനോട് എനിക്ക് പറയാനുള്ളത് ആദ്യം നിങ്ങൾ ഇങ്ങോട്ടു പോരണം. നിങ്ങളോട് ഞങ്ങൾക്ക് ബഹുമാനമുണ്ട്. നിങ്ങൾ അവിടെ നിൽക്കേണ്ട ആളല്ല. ഇന്ന് വെറുതെ നിങ്ങൾ അടിയന്തിര പ്രമേയം കൊണ്ടുവരേണ്ട വല്ല കാര്യവുമുണ്ടോ ? ഈ നന്ദിപ്രമേയം ഞാൻ പരിപൂർണ്ണ സന്തോഷത്തോടുകൂടി എന്റെ സുഹൃത്ത് ശ്രീ. എം. എം ഹസ്സൻ അവതരിപ്പിക്കാൻ കിട്ടിയതിൽ പ്രത്യേകം അഭിനന്ദിച്ചുകൊണ്ട് ശക്തിയായി പിന്താങ്ങുന്നു.

(അദ്ധ്യക്ഷവേദിയിൽ മിസ്റ്റർ സ്പീക്കർ)

ശ്രീ. പി. കുമാരൻ : സർ, ശ്രീ. എം. എം. ഹസ്സൻ ഇവിടെ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ എതിർക്കുന്നു. നിയമസഭാംഗങ്ങളുടെ എല്ലാ അവകാശങ്ങളും നിഷേധിച്ചുകൊണ്ട് അസാധാരണമായി വൈകിയ സമയത്താണ് ഈ സഭ വിളിച്ചുകൂട്ടിയത്. ഇതിന് ആരാണുത്തരവാദികൻ? ഇക്കാര്യം ശ്രീ. ഹസ്സൻ പറഞ്ഞില്ലല്ലോ ?

കേരളത്തിലെ കൃഷിക്കാരുടേയും പരമ്പരാഗത വ്യവസായത്തൊഴിലാളികളുടേയും പേരിൽ ഈ ഗവൺമെൻറ് എടുക്കുന്ന നയപരമായ കാര്യങ്ങളൊക്കെത്തന്നെ ആ വിഭാഗത്തെയാകെ അപകടത്തിലെത്തിക്കുന്ന രീതിയിലുള്ള അപായകരങ്ങളായ നീക്കങ്ങളാണ് ഇന്നു കണ്ടുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സന്ദർഭത്തിൽ ഇ ഭരണം ഇങ്ങനെ നീട്ടിക്കൊണ്ടുപോകുന്നത് ഈ രാജ്യത്തിനാപത്താണ്. അദ്ദേഹം ഈ ഭരണത്തിന് നേതൃത്വം വഹിച്ചുകൊണ്ടിരിക്കുമ്പോൾ ഘടകകക്ഷികളോടും സഹപ്രവർത്തകരോടും തെറ്റുകുറ്റങ്ങൾ ചൂണ്ടിക്കാട്ടി അവരെ നേരെയാക്കാൻ കഴിയാതെകണ്ട് വിഷമിക്കുന്ന ഒരു സ്ഥിതിയാണ് ഇന്നു കാണുന്നത്. പല മന്ത്രിമാരും നാട്ടിൽ ചുറ്റി നടന്നു കാണിക്കുന്ന കോപ്രായങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയുന്നുണ്ടോ ? കഴിഞ്ഞ രണ്ടുമാസംമുമ്പ് എന്റെ നിയോജക മണ്ഡലത്തിലെ അട്ടപ്പാടിയിൽ ഒരു പരിപാടിയുമായി വന്ന സാമൂഹ്യവികസന വകുപ്പുമന്ത്രി ശ്രീ. വേലായുധന്റെ കാര്യം ഞാൻ ഓർക്കുകയാണ്. അവിടെ അട്ടപ്പാടിവാലി ഇറിഗേഷൻ പ്രോജക്ടിന്റെ ഐ ബി യിലൊക്കെ മന്ത്രി വേലായുധൻ

LIBRARY ARCHIVES Kerala Legislative Assembly

നടത്തിയ കാര്യങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒന്ന് അന്വേഷിക്കണം അപ്പോഴറിയും അങ്ങയുടെ സഹപ്രവർത്തകർ ആരൊക്കെയാണെന്ന്. ഞാൻ വിസ്തരിച്ചു പറയുന്നില്ല. ഇത്തരത്തിലുള്ള മന്ത്രിമാരുടെ പ്രവർത്തനങ്ങൾ മുഖ്യമന്ത്രിക്ക് ശ്രദ്ധിക്കാൻ കഴിയാതിരുന്നാൽ ഈ ഭരണം എങ്ങനെ നീട്ടിക്കൊണ്ടുപോകും. എന്തിനു നീട്ടിക്കൊണ്ടുപോകണം ? അങ്ങനെ ഈ ഭരണം കൊണ്ടുപോകുന്നത് അങ്ങയുടെ ദീർഘകാല രാഷ്ട്രീയജീവിതത്തിന് കളങ്കമായിത്തീരും. പത്രത്തിലൊക്കെ മന്ത്രി വേലായുധന്റെ കാര്യം വിസ്തരിച്ചു വന്നതാണ്. അതൊന്നും ഈയവസരത്തിൽ ഞാൻ പറയുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ ഐ ബി. വാച്ചറോടെങ്കിലും അതൊന്നന്വേഷിക്കണമെന്നു മാത്രമേ എനിക്ക് അതേപ്പറ്റി പറയുവാനുള്ളു.

ശ്രീ. കെ. കൃഷ്ണൻകുട്ടി : പത്രത്തിൽ വന്നത് ഐ. ബി. യിലെ മാംസക്കച്ചവടം, മാംസം തീറ്റിയെന്നുമൊക്കെയാണ്. അത് ശരിയാണോ ?

ശ്രീ. പി. കുമാരൻ : അതൊക്കെ പത്രത്തിൽ വന്നതാണ്. പത്രം വായിക്കുന്നവരൊക്കെ വായിച്ചുകാണുമല്ലോ ? ഇക്കാര്യത്തിൽ പത്രക്കാർ കളളം പറഞ്ഞിട്ടില്ല. എല്ലാം 'മാംസമയ' മായിരുന്നു. ഈ സ്ഥിതി ഇനിയാവർത്തിക്കരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്, ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഇതിൽ ഇടപെടണമെന്നും പരസ്യമായിട്ടല്ലെങ്കിലും ഇത്തരം കാര്യങ്ങൾ ആവർത്തിക്കാതിരിക്കാനാവശ്യമായ കർശനനിർദ്ദേശം മന്ത്രിമാർക്ക് നൽകണമെന്നും അഭ്യർത്ഥിക്കുന്നു. ഇത്തരം മന്ത്രിമാരുള്ള ഒരു മന്ത്രിസഭയുടെ നയപ്രഖ്യാപനം നന്ദി അർഹിക്കാത്തതാണ്. അതുകൊണ്ട് ശ്രീ. ഹസ്സൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ എതിർക്കുന്നു.

ശ്രീ. മണിമംഗലത്തു കുട്ട്യാലി : സർ, സംസ്ഥാന ഗവർണ്ണർ ഈ ഗവൺമെന്റിനുവേണ്ടി നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന് ഇവിടെ എന്റെ സുഹൃത്ത് ശ്രീമാൻ ഹസ്സൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ ആത്മാർത്ഥമായി പിന്താങ്ങുന്നു. പരിണിതപ്രജ്ഞയായ ശ്രീമതി ഗൗരിയമ്മ അതിന് ഇവിടെ അവതരിപ്പിച്ച ഭേഗതിയാണ് എന്നെ അസ്വസ്ഥനാക്കുന്നത്. ഗൗരിയമ്മയെപോലുള്ള ഒരു വലിയ നേതാവായ ഒരിക്കലും ഇങ്ങനെയൊരു ഭേഗതി അവതരിപ്പിക്കുവാൻ പാടില്ലായിരുന്നുവെന്നാണ് എന്റെ അഭിപ്രായം. ശ്രീമതി ഗൗരിയമ്മ ഇവിടെ ഇല്ല. അവരുടെ പ്രസംഗം കഴിഞ്ഞ് അവർ നിയമസഭയിൽനിന്ന് പുറത്തു പോയിരിക്കുകയാണ്. അവരുടെ പാർട്ടിയെ സംബന്ധിച്ചോ അവരുടെ മുന്നണിയെ സംബന്ധിച്ചോ അവിടെ നടക്കുന്നതെന്താണെന്ന് , ഒന്ന് തിരിഞ്ഞുപോലും നോക്കാതെ ഇപ്പുറത്തുചാടി ചില കാര്യങ്ങൾ ഭേഗതിയായിട്ട് അവതരിപ്പിച്ചിരിക്കുകയാണ്. അത് ഞാൻ വായിക്കുന്നില്ല. അക്കാര്യങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട പല സുഹൃത്തുക്കളും പലവീക്ഷണങ്ങളിൽക്കൂടി പറയുകയുണ്ടായി. ഞങ്ങളുടെ പാർട്ടിയെ സംബന്ധിച്ച് കുഴപ്പങ്ങൾ പറഞ്ഞു. ഞങ്ങളുടെ പാർട്ടി ഒരു ജനാധിപത്യപാർട്ടിയെന്ന നിലയിൽ, കോൺഗ്രസ്സിന്റെ കഴിഞ്ഞ 100 കൊല്ലക്കാലത്തെ ചരിത്രമെടുത്തു പരിശോധിച്ചാൽ അഭിപ്രായ ഭിന്നതകളുടെയും അഭിപ്രായസംഘടനകളുടെയും അഭിപ്രായ സമന്വയങ്ങളുടെയും ഒരു മൂർത്തീഭാവമാണ് എന്നു കാണാം. ഞങ്ങളുടെ പാർട്ടിയുടെ 100 കൊല്ലത്തെ ചരിത്രമതാണ്. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ ചരിത്രം നമ്മെളെല്ലാം വായിച്ചുപഠിച്ചത് ഏതാനും മാസങ്ങൾക്കു മുമ്പാണ്. മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടി ഏകദേശം 21 കൊല്ലക്കാലം പൂർത്തിയാക്കി. ചരിത്രം നോക്കിയാൽ അറുപത് അറുപത്തഞ്ചു കൊല്ലക്കാലമെന്നുള്ള സംശയത്തിലാണ് ഇപ്പോഴും കമ്മ്യൂണിസ്റ്റുപാർട്ടികൾ

LIBRARY ARCHIVES Kerala Legislative Assembly

നിൽക്കുന്നത്. 21 കൊല്ലക്കാലത്തെ ചരിത്രപാരമ്പര്യം അവകാശപ്പെടുന്ന മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റു പാർട്ടിക്കകത്ത് അടുത്തകാലത്തു നടന്ന സംഭവവികാസങ്ങളെന്തൊക്കെയാണ്? ശ്രീമാൻ എം. വി. രാഘവനെ പുറത്താക്കിയതൊന്നുമല്ല ഞാൻ പറയുന്നത്. ശ്രീ. എം. വി. രാഘവനും ശ്രീമാൻ കുഞ്ഞിക്കണ്ണനും കത്തിത്തീർന്ന കതിനക്കുറ്റിപോലെ അപ്പുറത്തുനിൽക്കുന്നതു കണ്ടപ്പോഴും വല്ലാത്ത സങ്കടം തോന്നിപ്പോകുന്നു. അവർക്ക് എന്തോ ഒന്ന് നഷ്ടപ്പെട്ടുപോയിരിക്കുന്നു. എന്താണ് സർ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഇപ്പോഴത്തെ സ്ഥിതി? ഞങ്ങളുടെ പാർട്ടിയിൽനിന്ന് ശ്രീമാൻ സിറിയക് ജോണിനെ സസ്പെൻഡ് ചെയ്തു. ശ്രീമാൻ കെ. കെ. ബാലകൃഷ്ണനെ സസ്പെൻഡ് ചെയ്തു- ശ്രീമാൻ ജോസ് കുറ്റിയാനിയെ സസ്പെൻഡ് ചെയ്തു. അദ്ദേഹം തെറ്റുതിരുത്തി തിരികെ ഇങ്ങോട്ടു വന്നു. ശ്രീമാൻ രഘുചന്ദ്രപാലനെ സസ്പെൻഡ് ചെയ്തു. ശ്രീമാൻ കൊച്ചുണ്ണിമാസ്റ്ററെ സസ്പെൻഡ് ചെയ്തു. പാർട്ടിയുടെ അച്ചടക്കം ലംഘിച്ചതിന് ഇന്നയിന്നയാളുകളെ പാർട്ടിയിൽനിന്നു പുറത്താക്കിയിരിക്കുന്നുവെന്ന് കെ. പി. സി. സി. ഓഫീസിൽനിന്ന് പത്രക്കാർക്ക് ഒരു സ്റ്റേറ്റുമെന്റ് കൊടുത്തുവെന്നുള്ളതൊഴിച്ചാൽ പുറത്താക്കിയ വ്യക്തികളെ സംബന്ധിച്ച് ഒരു പരാമർശവും കേരളത്തിൽ ഒരു കോൺഗ്രസ് നേതാവും നടത്തിയിട്ടില്ല. അങ്ങനെയാണോ സർ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ നടന്നത്? പ്രതിപക്ഷമുന്നണിയിൽ മിന്നിത്തിളങ്ങിയ സഖാവ് കുഞ്ഞിക്കണ്ണനെയും കേരള മാർക്സിസ്റ്റ് യുവജനപ്രസ്ഥാനത്തിന്റെ ആശാകേന്ദ്രമെന്ന് ആയിരം തവണ വിശേഷിപ്പിക്കപ്പെട്ട ഈ രാജ്യംമുഴുവൻ ഓടിനടന്നു പ്രസംഗിക്കുന്ന ശ്രീമാൻ എം. വി. രാഘവനെയും. സസ്പെൻഡു ചെയ്തതിന്റെ പിറ്റേ ദിവസം ബ്രഹ്മശ്രീ ശങ്കരൻനമ്പൂതിരി കണ്ണൂർ ടൗണിലും കോഴിക്കോട് മുതലക്കുളം മൈതാനത്തും പ്രസംഗിക്കുന്നത് കേട്ടതാണ്. തലക്കനമുള്ളവൻ ആഹാ ഓഹ എമ്പോക്കി എന്നൊക്കെയാണ് പറഞ്ഞത്. ഇത് അന്തസ്സുള്ള ഒരു രാഷ്ട്രീയപാർട്ടി ചെയ്യേണ്ട കാര്യമാണോ സർ ഞാൻ കേട്ട വിവരമാണ്. പത്രത്തിൽ വന്നതും. തലക്കനമുള്ളവൻ, അന്തസ്സില്ലാത്തവൻ, തന്നിഷ്ടക്കാരൻ എന്നൊക്കെ പറഞ്ഞില്ലേ? ഞാൻ ചോദിക്കട്ടെ, ഈ രാജ്യത്ത് ഡി. വൈ. എഫ്. ഐ. എന്നു പറയുന്ന ഒരു പ്രസ്ഥാനം കെട്ടിപ്പടുക്കാൻ ചോരയും നീരും കണ്ണുനീർത്തുള്ളികളും വിലകൊടുത്തു പ്രവർത്തിച്ച സഖാവ് എം. വി. രാഘവനെപ്പോലെയുള്ള ഊർജ്ജസ്വലനായ, ചെറുപ്പക്കാരനായ ഒരു നേതാവിനെ തരംതാഴ്ത്തിപറഞ്ഞപ്പോഴെ എന്തിനാണ് അങ്ങനെ പറഞ്ഞതെന്ന് ചോദിക്കാൻ നിങ്ങളിൽ ആണത്തമുള്ള ഒരാളെപോലും ഉണ്ടായില്ലെന്നതിൽ ഞാൻ ദുഃഖിക്കുന്നു. ആ പാർട്ടിയാണ് പറയുന്നത് ഞങ്ങളുടെ പാർട്ടിക്കുള്ളിൽ കുഴപ്പമുണ്ടെന്ന്. ഞങ്ങളുടെ പാർട്ടിയിൽ കുഴപ്പമില്ല. ഉണ്ടെങ്കിൽത്തന്നെ അത് 100 കൊല്ലക്കാലത്തെ ചരിത്രത്തിൽ കോൺഗ്രസ്സിനുണ്ടായ കാഴ്ചപ്പാടുകളുടെ അനുസ്യൂതമായ തുടർച്ചയെന്ന നിലയ്ക്ക് ഉള്ള കുഴപ്പമാണ്.

സർ, മുന്നണിയുടെ കുഴപ്പത്തെ സംബന്ധിച്ച് പറഞ്ഞു. കേരളത്തിലെ മുന്നണിയിൽ കുഴപ്പമുണ്ട്. രാഷ്ട്രീയ വാദപ്രതിവാദത്തിനു തയ്യാറാകുകയാണെങ്കിൽ കേരളത്തിലെ ഞങ്ങളുടെ മുന്നണിയിൽ കുഴപ്പമുണ്ടെന്ന് ഞാൻ സമ്മതിക്കാൻ തയ്യാറാണ്. കഴിഞ്ഞ നാലുകൊല്ലക്കാലമായി മുന്നണിയിൽ കുഴപ്പങ്ങളുണ്ട്. പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. ചർച്ച നടത്തിയിട്ടുണ്ട്. പ്രശ്നങ്ങൾ പരിഹരിച്ചിട്ടുമുണ്ട്. മുന്നോട്ടുപോയിട്ടുണ്ട്. മറിച്ച് അപ്പുറത്തെ കഥയെന്താണ്? 1967-ൽ സപ്തകക്ഷിമുന്നണി തകർന്നുവീണ കഥ എന്റെ സുഹൃത്ത് ശ്രീമാൻ ഹസ്സൻ ഇവിടെ സൂചിപ്പിച്ചു. 1980-ൽ അധികാരത്തിൽവന്ന ഇടതുപക്ഷമുന്നണി തകർന്നുതകർന്ന് 21 മാസക്കാലംകൊണ്ട് തരിപ്പണമായ

LIBRARY ARCHIVES Kerala Legislative Assembly

തിന്റെ ധാർമ്മികമായ ഉത്തരവാദിത്വം ആര് ഏറ്റെടുക്കുമെന്ന് മനസ്സാക്ഷിയോടുകൂടി പറയാൻ കഴിയുന്ന മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റു പാർട്ടിക്കാർ അപ്പുറത്തുണ്ടോ ? പഴയ 'എ' കോൺഗ്രസ്സുകാർ അപ്പുറത്തുനിന്ന് ഇപ്പുറം വരാനുണ്ടായ സാഹചര്യം എന്താണ് ? കേരളാ കോൺഗ്രസ്സ് എന്നുപറയുന്ന ഒരു വിഭാഗം അപ്പുറത്തുനിന്ന് ഇപ്പുറം വരാനുള്ള സാഹചര്യമെന്താണ് സർ ? അഖിലേന്ത്യാ മുസ്ലീംലീഗ് എന്നുപറയുന്ന പാർട്ടി ഏതാനും മാസങ്ങൾക്കുമുമ്പ് അപ്പുറത്തുനിന്നും ഇപ്പുറം വരാനുണ്ടായ രാഷ്ട്രീയ സാഹചര്യമെന്താണ് ? ആ രാഷ്ട്രീയ സാഹചര്യമുണ്ടാക്കിയ പാർട്ടി ഏതാണ് ? 100 രൂപയിൽനിന്ന് 10 രൂപ കുറച്ചാൽ അത് 90 രൂപയാണ്. അതുപ്പോലെ 100 രൂപയോട് 10 രൂപകൂട്ടിയാൽ അത് 110 രൂപയാണ്. മാർക്സിസ്റ്റു പാർട്ടി. കണക്കുകൂട്ടുന്നത് അങ്ങനെയല്ല. 100 രൂപയിൽ നിന്ന് 10 രൂപ കുറച്ചാൽ അതാണ് വലിയ സംഖ്യ. 100 രൂപയോട് 10 രൂപ കൂട്ടിയാൽ അത് ചെറുതായിരിക്കും എന്നു കാണുവാനുള്ള മാത്തമറ്റിക്സ് ഞങ്ങൾക്കില്ല, പ്രിയപ്പെട്ട മൂസ്സക്കുട്ടി എന്താണ് പറയുന്നത്. 'കാക്കകുളിച്ചാൽ കൊക്കാകുമോ'യെന്നാണ് എനിക്ക് മൂസ്സക്കുട്ടിയോട് ചോദിക്കുവാനുള്ളത്. മൂസ്സക്കുട്ടി ഈ വി ടെ വ ന്ന് കയ്യുംകാലുമിട്ടടിച്ചാൽ എം. വി. രാഘവൻ ആകില്ല. മൂസ്സക്കുട്ടി ആരാണെന്ന് നമുക്കറിയാം. മൂസ്സക്കുട്ടിയെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പാർലമെന്ററി പാർട്ടി സെക്രട്ടറിയായി തെരഞ്ഞെടുത്തത് ആത്മാർത്ഥതയോടും ഒന്നിച്ചുള്ള അഭിപ്രായത്തോടും കൂടിയാണെന്ന് സത്യം ചെയ്യാൻ മാർക്സിസ്റ്റ് പാർട്ടിയിലെ എം. എൽ. എ. മാർക്ക് സാധിക്കുമോ ? സാധിക്കുകയില്ല. ഇതൊക്കെ എനിക്കറിയാവുന്ന കാര്യങ്ങളാണ്. ആരും പറഞ്ഞുതന്നു എന്നു ഞാൻ പറയുന്നില്ല, സ്വന്തം അഭിപ്രായമാണ്. എങ്ങനെയാണ് തെരഞ്ഞെടുപ്പ് നടന്നതെന്ന് നമുക്കറിയാം. മൂസ്സക്കുട്ടി ആ സീറ്റിൽ ഇരിക്കുന്നതിൽ ദുഃഖംകൊള്ളുന്ന എം. എൽ. എ. മാർ ആ ഭാഗത്തുണ്ടെന്ന് നമുക്കറിയാം. മൂസ്സക്കുട്ടി ഇരിക്കേണ്ട സീറ്റല്ല അത്. പിന്നെ എന്തിനു വേണ്ടിയാണ് വഴങ്ങിയത് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ? മൂസ്സക്കുട്ടിക്ക് ആ സീറ്റുകൊടുത്തതിന്റെ പിന്നിൽ പ്രവർത്തിച്ചതിന്റെ ശക്തി എന്താണെന്നും വികാരമെന്താണെന്നും അപ്പുറത്തുള്ള മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ എം. എൽ. എ. മാർക്കും എന്റെ സുഹൃത്തുക്കൾക്കും നന്നായിട്ടറിയാം.

ശ്രീ. പി. പി. തങ്കച്ചൻ :- ആദ്യം ശ്രീമാൻ ഒ. ഭരതനെ സെക്രട്ടറിയാക്കാമെന്ന് തീരുമാനിച്ചതിനെപ്പറ്റി അറിയാമോ ?

ശ്രീ. മണിമംഗലത്തു കുട്ട്യാലി : അത് ശരിയാണ്. ശ്രീമാൻ കോലിയക്കോട് കൃഷ്ണൻനായർക്ക് വിലക്ക്, മൂസ്സക്കുട്ടിയ്ക്ക് വിലക്ക്, ചാത്തുണ്ണിയെ ബ്രേക്കിൽ നിർത്തിയിരിക്കുന്നു. ശ്രീമാൻ ചക്രപാണിയെ വിലക്കിയിരിക്കുന്നു. എന്താണ് സർ സ്ഥിതി ? 'എന്തായിരിക്കുന്നു നിങ്ങളുടെ പാർട്ടിയുടെ സ്ഥിതി ? ആ പാർട്ടിയാണ് ഞങ്ങളെ സംബന്ധിച്ച് പറയുന്നത്. സി. പി. ഐ. യെ സംബന്ധിച്ച് പറയുകയാണെങ്കിൽ പൊരിച്ചാക്ക് കച്ചവടത്തിനുവച്ചിരിക്കുന്നതു പോലെയാണ് വച്ചിരിക്കുന്നത്. ഒട്ടും കനമില്ലാതെ. ഒരു പാർട്ടിയാണോ നിങ്ങളുടെ പാർട്ടി ? അച്ചുതാനന്ദൻ നിങ്ങളെപ്പറ്റി എന്താണ് പറഞ്ഞ് ? .....(ബഹളം) ഒരു രാഷ്ട്രീയ പാർട്ടിയെന്നുള്ള നിലയ്ക്ക് ബദൽ പറയുവാൻ ഉള്ള തന്റേടം കാണിച്ചോ നിങ്ങളുടെ പാർട്ടി ? എന്ത് ചുക്കാണ് നിങ്ങൾക്കുള്ളത് ?.....(ബഹളം)....ഒരു പൊളിറ്റിക്കൽ പാർട്ടിയാണോ നിങ്ങളുടേത് ?...

LIBRARY ARCHIVES Kerala Legislative Assembly

.. (ബഹളം) ....കേരളത്തിൽ മാത്രമല്ല സർ, പശ്ചിമബംഗാളിലും മുന്നണി ഭരണമാണ് .....(ബഹളം).....

മുന്നണി ഭരണം കേരളത്തിൽ മാത്രമല്ല പശ്ചിമ ബംഗാളിലുമുണ്ട്. പശ്ചിമബംഗാളിലെ മുന്നണിയിലുള്ളിടത്തോളം അഭിപ്രായവ്യത്യാസം ഉള്ള
3. p. m. ഏതെങ്കിലുമൊരു ഗവൺമെൻറ് ഈ രാജ്യത്തുണ്ടോ ? എന്തിനാണ് ശ്രീ. അശോക് മിത്ര രാജിവച്ചത് ? കമ്മ്യൂണിസ്റ്റുകാർ പറയുമോ? പശ്ചിമബംഗാളിലെ ധനകാര്യവകുപ്പുമന്ത്രി ശ്രീ. അശോക് മിത്ര എന്നു പറയുന്ന കമ്മ്യൂണിസ്റ്റുകാരൻ ഇൻഡ്യയിലെ ഏറ്റവും അറിയപ്പെടുന്ന ധനശാസ്ത്ര വിദഗ്ദ്ധൻമാരിൽപ്പെട്ട ഒരാളാണ്. ഇടതുപക്ഷമുന്നണി കർഷക തൊഴിലാളി പെൻഷൻ കൊടുത്തതിനെ സംബന്ധിച്ച് ധനകാര്യവകുപ്പ് മന്ത്രിയായിരുന്ന ശ്രീ. അശോക് മിത്ര തിരുവനന്തപുരത്തു വന്ന് പ്രസംഗിച്ചു; ഇത് വ്യക്തമായ സാമ്പത്തിക ലൈനല്ല, കോൺഗ്രസ് പറഞ്ഞതാണ് ശരി എന്ന്. ആ അശോക് മിത്ര എന്തിനാണ് ധനകാര്യവകുപ്പ് മന്ത്രിസ്ഥാനം രാജിവച്ചത് ? ധനകാര്യ മന്ത്രിസ്ഥാനം മാത്രമല്ല കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയിലെ അംഗത്വംപോലും രാജി വച്ചിരിക്കുന്നു! എന്തിനാണെന്നു പറയുമോ ? റിപ്പോർട്ടുകൾ നമുക്ക് വിശ്വസിക്കാമെങ്കിൽ രാജ്യത്ത് ഏറ്റവുമധികം തൊഴിൽ കുഴപ്പമുള്ള ഒരു സംസ്ഥാനമാണ് പശ്ചിമബംഗാൾ. ഇൻഡ്യാ രാജ്യത്ത് ഏറ്റവുമധികം തൊഴിലില്ലാത്ത ചെറുപ്പക്കാർ അലഞ്ഞുനടക്കുന്ന ഒരു സംസ്ഥാനമാണ് പശ്ചിമ ബംഗാൾ. ഇൻഡ്യാരാജ്യത്ത് കുടിവെള്ളത്തിനുവേണ്ടി ഇത്രയധികം ജനങ്ങൾ ബുദ്ധിമുട്ടുന്നത് പശ്ചിമബംഗാളിലെപ്പോലെ വേറൊരിടത്തുമില്ല. പശ്ചിമ ബംഗാളാണ് ഇൻഡ്യാരാജ്യത്ത് ബഹുരാഷ്ട്ര കുത്തകക്കാർ കൈയടക്കി വാഴുന്നത്. ശ്രീ. ജ്യോതിബാസുവിന്റെ മകൻ ചന്ദൻബാസു പോലും നാലാക്കോടി ടേൺ ഓവറുള്ള കമ്പനി നടത്തുന്നു എന്നാണ് റിപ്പോർട്ടുകൾ കിട്ടിക്കൊണ്ടിരിക്കുന്നത്. നിഷേധിക്കുമോ ? അവിടെ അഴിമതി ഇല്ല എന്നു പറയാൻ സാധിക്കുമോ ? ശ്രീ. അശോക് മിത്ര രാജിവച്ചതിന്റെ പിന്നിലുള്ള രാഷ്ട്രീയമറിയാമോ ശ്രീ. ഭരതന് ?

ശ്രീ. ഒ. ഭരതൻ : സർ, ഒരു പോയിൻറ് ഓഫ് ഓർഡർ, സഭയിൽ അവാസ്തവ പ്രസ്താവനകൾ ചെയ്യാൻ പാടില്ല. സഖാവ് ജ്യോതിബാസുവിന്റെ മകൻ നാലരക്കോടി രൂപയുടെ ടേൺ ഓവറുള്ള ഒരു സ്ഥാപനത്തിന്റെ ഉടമസ്ഥനാണ് എന്ന് പറയുന്നത് അസംബന്ധമാണ് സർ.

മി. സ്പീക്കർ : അതിൽ പോയിൻറ് ഓഫ് ഓർഡർ ഒന്നുമില്ല.

ശ്രീ. മണിമംഗലത്ത് കുട്ട്യാലി : ശ്രീ. ജ്യോതി ബാസുവിന്റെ മകൻ ചന്ദൻബാസു നടത്തുന്ന ബിസ്ക്കറ്റ് കമ്പനിയുടെ ഒരു കൊല്ലത്തെ അറ്റാദായത്തിന്റെ കണക്ക്, ഇൻകംടാക്സ് ഓഫീസിൽ കൊടുത്തതിന്റെ കോപ്പി ശ്രീ. ഭരതനാണ് അയയ്ക്കുന്നത്—അദ്ദേഹത്തോട് ചോദിച്ചാൽ മതി. അറിയാത്ത കാര്യങ്ങളെക്കുറിച്ച് വെറുതേ സംസാരിക്കാതെ മിണ്ടാതിരിക്കൂ ഭരതാ ! ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം മൂന്നേമുക്കാൽ കൊല്ലക്കാലത്തെ ഭരണത്തെക്കുറിച്ച് ഞങ്ങൾക്ക് അഭിമാനമുണ്ട്. നിങ്ങൾ എന്തെല്ലാം പറഞ്ഞുണ്ടാക്കി. ഒരു കൊല്ലംപോലും തികയുകയില്ല, ഒന്നരക്കൊല്ലം തികയുകയില്ല, രണ്ടു കൊല്ലം തികയുകയില്ല, മൂന്നുകൊല്ലം തികയുകയില്ല. മൂന്നേമുക്കാൽകൊല്ലം തികച്ചു. ഇനിയിപ്പോൾ അഞ്ചുകൊല്ലം തികയ്ക്കുമോ തികയ്ക്കുകയില്ലേ എന്നുള്ളതാണ് സംശയം. കുറച്ചുകൂടി കാത്തിരിക്കൂ, കാണിച്ചുതരാം. ബഹുമാനപ്പെട്ട സീതിഹാജി പറഞ്ഞു മിണ്ടാതിരുന്നോ, അഞ്ചുകൊല്ലത്തെ പെൻഷൻ മേടിക്കാം, പൊളിക്കണ്ട, അതിന്

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങളെക്കൊണ്ട് സാധിക്കുകയില്ല. നിങ്ങൾ കൈയും കാലുമൊന്നും പൊക്കണ്ട; കാക്ക കുളിച്ചാൽ കൊക്കാകുകയില്ല എന്നു ഞാൻ പറഞ്ഞു. ശ്രീ. മൂസ്സക്കുട്ടി ശ്രീ. എം. വി. രാഘവന്റെ സീറ്റാണെങ്കിലും അത് ശ്രീ. മൂസ്സക്കുട്ടിയാണെന്ന് ഞങ്ങൾക്കറിയാം. ശ്രീ. മൂസ്സക്കുട്ടി ആരാണെന്നുള്ളതും ഞങ്ങൾക്കറിയാം. അതിനാൽ കൈയും കാലുമൊന്നും ഇളക്കേണ്ട.

ശ്രീ. ബേബിജോൺ : സർ, ഒന്നിലധികം പ്രാവശ്യം പറഞ്ഞതുകൊണ്ടാണ് ഞങ്ങൾ ഇത് അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. ശ്രീ. മൂസ്സക്കുട്ടി ആരാണെന്നുള്ളത് ഞങ്ങൾക്കറിയാം എന്നുള്ളത് ശരിയായ ഒരു പ്രയോഗമല്ല.

ശ്രീ. മണിമംഗലത്ത് കുട്ട്യാലി : ഞാൻ ഒരായിരം പ്രാവശ്യം ആവർത്തിക്കുന്നു. ശ്രീ. ബേബിജോൺ ആരാണെന്ന് ഞങ്ങൾക്കറിയാം, ആയിരംവട്ടം പറയുന്നു.

ശ്രീ. ബേബിജോൺ : ആന്റോയല്ല, ബേബിജോൺ, ബേബിജോൺ തന്നെയാണ്.

ശ്രീ. മണിമംഗലത്ത് കുട്ട്യാലി : അത് മനസ്സിലായി.....(ബഹളം)

.....നാളെയും ഗവർണ്ണറുടെ പ്രസംഗത്തെക്കുറിച്ച് ഉള്ള ചർച്ച തുടരുമല്ലോ, സ്ഥിതിവിവരക്കണക്കനുസരിച്ച് പശ്ചിമബംഗാളിലെ ഭരണത്തിൽ നിയമസമാധാന രംഗത്തുണ്ടായിരിക്കുന്ന അസംതൃപ്തി കേരള സംസ്ഥാനത്ത് ശ്രീ. വയലാർ രവി ആഭ്യന്തരമന്ത്രിയായിരുന്ന ഈ മൂന്നേമുക്കാൽ കൊല്ലക്കാലത്തെ ഭരണകാലത്ത് കേരള സംസ്ഥാനത്ത് ഉണ്ടായിട്ടില്ല എന്നു ഞാൻ പറഞ്ഞാൽ അത് നിഷേധിക്കുമോ ? എനിക്ക് പറയാനുള്ളത് ഈ മുന്നണിയിൽ കുഴപ്പങ്ങളില്ല എന്നല്ല. ഞങ്ങളുടെ പാർട്ടിയിൽ കുഴപ്പങ്ങളില്ല എന്നല്ല. പക്ഷേ ഈ പ്രശ്നങ്ങളെല്ലാം തന്നെ അനുസ്യൂതമായ ഒരു പ്രക്രിയയുടെ തുടർച്ച എന്നുള്ള നിലയിൽ കാലാകാലങ്ങളിൽ പരിഹരിച്ചുകൊണ്ട്, ജനങ്ങൾക്ക് നല്ല കാര്യങ്ങൾ ചെയ്തുകൊണ്ട് ഞങ്ങൾ മുന്നോട്ട് പോകും. അതിനുവേണ്ടിയാണ് ഗവർണ്ണർ ഇവിടെ നയപ്രഖ്യാപനപ്രസംഗം നടത്തിയിരിക്കുന്നത്. ആ നയപ്രഖ്യാപന പ്രസംഗത്തെ ഞാൻ ആത്മാർത്ഥമായി പിൻതാങ്ങുന്നു.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഇന്ന് രാവിലെ ശ്രീ. ഹസ്സൻ നന്ദിപ്രമേയം അവതരിപ്പിച്ചപ്പോൾ എന്റെ മനസ്സിൽ ഒരു ചിത്രമാണ് ഓർമ്മവന്നത്. തിരുവനന്തപുരത്ത് ആറാട്ടുണ്ട്. ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ നടത്തുന്ന ഒരു ഉത്സവമാണ്. ആ ഉത്സവത്തിന് രാജാവിൽ നിന്ന് ശ്രദ്ധ തിരിച്ചുവിടാൻവേണ്ടി ഉത്സവത്തിന് മുമ്പിൽ ഒരാൾ വേഷം കെട്ടാറുണ്ട്. 'ആറാട്ടുമുണ്ടൻ'. ആ ആറാട്ടുമുണ്ടന്റെ ചിത്രമാണ് ശ്രീ. ഹസ്സന്റെ പ്രസംഗം കേട്ടപ്പോൾ എന്റെ മനസ്സിലുണ്ടായത്. ആറാട്ടുമുണ്ടനു കുപ്പായം കുറവാണ്. ആ ആറാട്ടുമുണ്ടന്റെ ജോലിയാണ് നമ്മുടെ ഹസ്സൻ നിർവ്വഹിച്ചത്. ഇന്ന് കേരളത്തെ സംബന്ധിച്ചിടത്തോളം ഒരു തീരാശാപമായി തീർന്നിരിക്കുന്നത് വർഗ്ഗീയ ശക്തികളുടെ കച്ചവട രാഷ്ട്രീയമാണ്. അതാണ് പ്രശ്നം. അതിൽനിന്ന് നമ്മൾ മാറിനിന്നിട്ട് വലിയ കാര്യമില്ല. കേരളത്തിലെന്നല്ല, ഇൻഡ്യയിലാകെ വർഗ്ഗീയ ശക്തികളും, കേരളത്തിൽ പ്രത്യേകിച്ച് രാഷ്ട്രീയം ഒരു ബിസിനസ്സാക്കി മാറ്റിയിരിക്കുന്ന സംഭവങ്ങളാണ് ഇന്ന് നമുക്ക് അനുഭവപ്പെട്ടു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടിരിക്കുന്നത്. ഞാൻ ശ്രീ. ഹംസനോട് ചോദിക്കുന്നു നിങ്ങളുടെ പാർട്ടി ഒരു ദേശീയപാർട്ടിയല്ലേ? നിങ്ങൾ മതമൗലികവാദികൾക്കെതിരായി ശക്തമായ നിലപാടെടുക്കുമെന്ന് ഗവർണ്ണറെക്കൊണ്ട് പറയിച്ചു. ഇപ്പോൾ നിങ്ങൾക്ക് വന്നിരിക്കുന്ന ഒരു സുവർണ്ണാവസരം നിങ്ങൾ പാഴാക്കിയിരിക്കുകയാണ്. ക്യാബിനറ്റിൽ ഈ സംസ്ഥാനത്തെ ഒരു മുഖ്യമന്ത്രി വിചാരിച്ചാൽ ഒരു ധനകാര്യവകുപ്പുമന്ത്രിയെ മാറ്റാൻ അത്ര വലിയ പ്രയാസമുണ്ടോ? അതുപോലെ വ്യവസായ വകുപ്പുമന്ത്രിയെ മാറ്റാൻ അത്ര വലിയ പ്രയാസമാണോ? പക്ഷേ നിങ്ങൾക്ക് അതിന് കഴിയുകയില്ല. നിങ്ങൾ വർഗ്ഗീയ ശക്തികളുടെ ആധിപത്യത്തിൽ കീഴ്പ്പെട്ടിരിക്കുന്നു. നിങ്ങളുടെ 16 അടിയന്തിരം നടത്താനുള്ള സമയമായി. അതിലേക്ക് ഞാൻ വരാം. ഈ രാജ്യത്ത് രാഷ്ട്രീയം രാഷ്ട്രീയമായി കൈകാര്യം ചെയ്യപ്പെടണം. അതിനുള്ള സാഹചര്യം സൃഷ്ടിക്കാൻ കേരളാ കോൺഗ്രസ്സുകാർ ശ്രമിച്ചില്ലെങ്കിൽ അതിൽ പരാതിയില്ല, മുസ്ലീംലീഗുകാർ ശ്രമിച്ചില്ലെങ്കിൽ അതിൽ പരാതിയില്ല, പക്ഷേ മഹാത്മാഗാന്ധി നേതൃത്വം കൊടുത്ത ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ്—ശ്രീ. കരുണാകരൻ നേതൃത്വം കൊടുക്കുന്ന ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ്പോലുള്ള ഒരു ദേശീയ പാർട്ടിക്ക് അതിന് ഒരു ധീരമായ നിലപാടെടുക്കാൻ കഴിയുമോ എന്നുള്ളതാണ് പ്രശ്നം. നമ്മുടെ രാജ്യത്തെ തീരാശാപത്തിൽനിന്ന്. മോചിപ്പിക്കാൻ നിങ്ങൾക്ക് കിട്ടിയ സുവർണ്ണാവസരം നിങ്ങൾ നഷ്ടപ്പെടുത്തി. നിങ്ങളെ സംബന്ധിച്ചിടത്തോളം അധികാരത്തിന്റെ ശീതളച്ഛായയിൽ മാത്രമേ നിങ്ങൾക്ക് കഴിയാൻപറ്റൂ. പക്ഷേ ഇടതുപക്ഷ ജനാധിപത്യമുന്നണിയെ സംബന്ധിച്ചിടത്തോളം അധികാരം ഞങ്ങളുടെ ഒരു ലക്ഷ്യമല്ല. ഞങ്ങൾ ഈ രാജ്യത്തെ തൊഴിലാളികളെ സംഘടിപ്പിച്ചും ബുദ്ധിമുട്ടുകൾ അനുഭവിച്ചും കഷ്ടപ്പെട്ടുമാണ് ഈ നിലയിൽ വന്നത്. ഏതൊരു കാലത്തെങ്കിലും വർഗ്ഗീയശക്തികളുടെ പിൻബലമില്ലാതെ കേരള സംസ്ഥാനത്ത് അധികാരത്തിൽ വരാൻ കഴിയുമെങ്കിൽ അന്ന് വന്നാൽ മതി. ഞാൻ ഈ പറയുന്നത് പ്രത്യേകിച്ചും ഇപ്പോൾ നാക്കിന് ക്ലിപ്പ് ഇട്ടിരിക്കുന്ന ശ്രീ. രമേശ് ചെന്നിത്തലയും ശ്രീ. ജി. കാർത്തികേയനും കേൾക്കണം. നിങ്ങളാണല്ലോ വളർന്നുവരുന്നത്. അവരോട് എനിക്ക് ചോദിക്കാനുള്ളത് .ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഈ വർഗ്ഗീയ രാഷ്ട്രീയമെന്ന കച്ചവട ഏർപ്പാട് അവസാനിപ്പിക്കാൻ കഴിയുമോ എന്നാണ്. എന്താണിത്, ബ്ലേഡ് കമ്പനിയോ? ഇന്നത്തെ ഭരണം ഒരു ബ്ലേഡ് കമ്പനിയാണ്. ബ്ലേഡ് കമ്പനിക്കും ഒരു അന്തസ്സുണ്ട്. ആ അന്തസ്സുപോലും പാലിക്കാൻ നിങ്ങൾക്ക് കഴിയുമോ?

സർ, നിങ്ങളുടെ ഭരണം എന്നു പറയുന്നത് 16 സാമ്രാജ്യമാണ്. ഒരു മന്ത്രി മറ്റൊരു മന്ത്രിക്ക് കീഴ്പ്പെടുകയില്ല. ശ്രീ. കരുണാകരൻ നിസ്സഹായനാണ്. വടക്കൻ പാട്ടിലെ 'ഉത്തരത്തിൽ കൊത്തിവച്ച കുഞ്ഞിരാമൻ' കണക്കെ അഭിനവ കുഞ്ഞിരാമനായിട്ടാണ് ശ്രീ. കരുണാകരന്റെ ഇരുപ്പ്. അതുപോലെ തന്നെ കെ. പി. സി. സി. പ്രസിഡന്റ് ഉണ്ട്. അദ്ദേഹത്തിന്റെ കാര്യമാണ് അതിലൊക്കെ കഷ്ടം. അദ്ദേഹത്തിന്റെ കാര്യം പറഞ്ഞപ്പോൾ ബഷീറിന്റെ 'ബാല്യകാലസഖി'യിലെ എട്ടുകാലി മമ്മൂഞ്ഞിന്റെ കാര്യമാണ് എനിക്ക് ഓർമ്മവരുന്നത്. എട്ടുകാലി മമ്മൂഞ്ഞ് എല്ലാ നേതൃത്വത്തിലും മൂളും. കോൺഗ്രസ്സിന്റെ ഹിതവും അഹിതവുമായി നടത്തുന്ന എല്ലാ കൃത്യങ്ങൾക്കും ഏറാൻ മൂളുന്ന ഗതികേടിലാണ് നമ്മുടെ ശ്രീ. പത്മരാജൻ ചെന്നെത്തിയിരിക്കുന്നത്. അദ്ദേഹത്തിനു പറ്റിയ പേര് 'നമശിവായം മജിസ്ട്രേറ്റ്' എന്നാണ്. കെ. പി. സി. സി. പ്രസിഡന്റിന്റെ പദവി ഒരു നമശിവായം മജിസ്ട്രേറ്റ് ഭൂഷണമല്ല. ഒരു തീരുമാനമെടുക്കാൻ കെ. പി. സി. സി. പ്രസിഡന്റിന് കഴിയുകയില്ല. അദ്ദേഹത്തിരന്റെ തലയ്ക്കുമീതെ

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങൾ വരുന്നു. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കന്യാകുമാരി ജില്ലയിൽ ഞാൻ പോയി ലീഗിനെതിരായി പ്രസംഗിച്ചു. ചില സ്ഥലങ്ങളിൽ അഡ്ജസ്റ്റ്മെൻറ് നടത്തിയതിൽ കവിഞ്ഞ് ഞങ്ങൾക്ക് ലീഗുമായി സഖ്യമില്ല. അവിടെ ലീഗും ഡി. എം. കെ. യുമാണ് സഖ്യം.

ഇവിടെ ഗവർണ്ണറുടെ പ്രസംഗം അവസാനിച്ചിരിക്കുന്നത് അഴിമതി നിരോധന ബില്ലിൽ ഭേഗതി വരുത്തുമെന്ന് പറഞ്ഞിട്ടാണ്. കഴിഞ്ഞ ദിവസം നമ്മുടെ മന്ത്രിസഭയിൽ നിന്ന് രാജിവച്ച ജലമലിനജല അതോറിറ്റിയുടെ ചെയർമാൻ ശ്രീ. ഗംഗാധരന് കിഴക്കേക്കോട്ടയിൽ വച്ച് ഒരു സ്വീകരണം കൊടുത്തു. സ്വീകരണം കൊടുത്ത മാന്യൻമാർ ആരൊക്കെയാണെന്ന് അറിയാമോ, രമേശ് ചെന്നിത്തലയും കാർത്തികേയനും അവർ സ്വീകരണം കൊടുത്തതിന്റെ പൊരുൾ ഇന്നലത്തെ കേരള കൗമുദി നോക്കിയപ്പോൾ മനസ്സിലായി. മഹാരാഷ്ട്രയിൽ ശ്രീ. നിലങ്കേക്കർ മുഖ്യമന്ത്രിസ്ഥാനം ഒഴിഞ്ഞത് അദ്ദേഹത്തിന്റെ മകനുക്ക് എം. ഡി. ഡിഗ്രി കൊടുത്തതിൽ ചില ക്രമക്കേടുകളുണ്ടെന്ന് കണ്ടതുകൊണ്ടാണ്. പക്ഷേ മലിനജല അതോറിറ്റിയിൽ നിയമനം നടത്തിയതിന്റെ കാര്യം പറഞ്ഞാൽ ടെസ്റ്റുപോലും എഴുതാത്തയാളുകളെ റാങ്ക് ലിസ്റ്റിൽപ്പെട്ടിരിക്കുന്നു. വളയമില്ലാത്തചാട്ടം ഈ മന്ത്രിയെക്കുറിച്ച് നിരവധി ആരോപണങ്ങളും പ്രധാനമന്ത്രിയടക്കമുള്ള ആളുകൾക്ക് എഴുതികൊടുത്തു. ഇന്നുവരെ അതിനെപ്പറ്റി അന്വേഷണമില്ല. ശ്രീ. ഗംഗാധരൻ മകളുടെ വയസ്സ് തിരുത്തേണ്ട യാതൊരു ആവശ്യവുമില്ലായിരുന്നു. അതിന്റെ പേരിൽ രാജിവച്ച ശ്രീ. ഗംഗാധരൻ 50 കോടി രൂപയുടെ വെട്ടിപ്പ് മലിനജല അതോറിട്ടിയിൽ നടത്തിയത് അന്വേഷിക്കേണ്ട എന്നാണോ നിങ്ങൾ പറയുന്നത്? നിങ്ങൾ ശ്രീ. ഗംഗാധരന് സ്വീകരണം കൊടുത്തതാണ് എനിക്ക് മനസ്സിലാകാത്തത്. കെ. പി. സി. സി. പ്രസിഡൻറ് ശ്രീ. പത്മരാജൻ അതിന് ഏറാൻ മൂളി. ശ്രീ. ഗംഗാധരനെപ്പറ്റി അദ്ദേഹം പറഞ്ഞത് 'മിടുക്കനായ മന്ത്രി, എന്നാണ്. ശ്രീ. കരുണാകരൻ പ്രശംസിച്ചത് മനസ്സിലാക്കാം. ഊട്ടിയറുപ്പന് മുന്തിയറപ്പൻ സാക്ഷിയാകാൻ പ്രയാസമില്ല. ശ്രീ. പത്മരാജൻ എങ്ങനെ വന്നു. അദ്ദേഹം കെ. പി. സി. സി. യുടെ പ്രസിഡൻറാണ്. ഒരു മന്ത്രിയെ സംബന്ധിച്ച് വ്യക്തമായ ആരോപണങ്ങൾ ഈ സഭയിൽ ഉന്നയിച്ചിട്ടുണ്ട്. അതുപോലെ തന്നെ പ്രധാനമന്ത്രിയുടെ അടുത്ത് എഴുതി കൊടുത്തിട്ടുമുണ്ട്. അതിനെക്കുറിച്ച് അന്വേഷണം നടത്തി ആ മന്ത്രിയുടെ നിരപരാധിത്വം തെളിയിക്കുന്നതിനു പകരം അദ്ദേഹത്തെ വാനോളം പുകഴ്ത്തി സ്വീകരണവുമായി നടക്കുന്ന കോൺഗ്രസ്സുകാരുടെ അഴിമതിയെ സംബന്ധിച്ച് നാട്ടുകാർക്ക് അറിയാം. എനിക്ക് അവരോടു പറയാനുള്ളത് നിങ്ങൾക്ക് ഉത്തരവാദിത്വം ഉണ്ടെങ്കിൽ, അന്വേഷണത്തിന് വിധേയനായാൽ അത് പൂർണ്ണമായി അന്വേഷിച്ച് അയാളുടെ നിരപരാധിത്വം തെളിയിക്കണമെന്നാണ്. ശ്രീ. ഗംഗാധരൻ രാജിവെച്ചതു കാരണം തൽക്കാലം രക്ഷപ്പെട്ടു. അദ്ദേഹം വക്കീലാണെന്ന് പറയുന്നത് ആക്ഷേപമാണ്. കാരണം ആരും വയസ്സ് തിരുത്താൻ പോകുകയില്ല. കഷ്ടകാലത്തിന് അദ്ദേഹം വയസ്സ് തിരുത്തി. രക്ഷപ്പെടുമെന്നു വിചാരിച്ചു. ശ്രീ. ഗംഗാധരൻ ചെയ്തിട്ടുള്ള ഈ അഴിമതി അതിഭീമമായ അഴിമതിയാണ്, അത് അന്വേഷണവിധേയമാക്കണം. അതിനു ഉത്തരവാദിത്വം ഗംഗാധരനോ ഇല്ലെങ്കിലും കോൺഗ്രസ്സ് സംഘടനയ്ക്ക് ഉത്തരവാദിത്വമുണ്ട്. രാഷ്ട്രീയത്തിൽ പൊതുജീവിതം ശുദ്ധമാക്കണം. ഇന്ന് രാഷ്ട്രീയ പ്രവർത്തകർക്ക് നാട്ടിൽ വിലയിടിഞ്ഞിട്ടുണ്ട്. ഈ മാതിരിയുള്ള കക്ഷി നോക്കി അഴിമതികൾ വെള്ളപൂശാൻ ശ്രമിക്കുന്നതു കൊണ്ട് നമ്മുടെ രാജ്യത്ത് ജനങ്ങൾ അനുഭവിക്കുന്ന ദുസ്ഥിതിയാണ് ഞാൻ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. സ്വാതന്ത്ര്യസമരകാലത്ത് രാഷ്ട്രീയ പ്രവർത്തകനെന്നു പറഞ്ഞാൽ അഭിമാനമുണ്ടായിരുന്നു. ഇന്ന് രാഷ്ട്രീയ പ്രവർത്തകന്റെ മാർക്കറ്റ് വാല്യു, എന്താ

LIBRARY ARCHIVES Kerala Legislative Assembly

ണെന്ന് നിങ്ങൾക്ക് അറിയാമോ. നിങ്ങളെപോലുള്ള ആളുകൾ പക്ഷപാതപരമായി, രാഷ്ട്രീയ പരിഗണനവച്ചുകൊണ്ട് മൈതാനങ്ങളിൽ ചെന്ന് അവരെവാനോളം പുകഴ്ത്തുന്നത് വലിയ മഹാകാര്യം ചെയ്തതുപോലെയാണ്. ശ്രീ. ഗംഗാധരൻ പിടിച്ചു നിൽക്കാൻ നോക്കി. ഹൈക്കോടതിയിൽ രണ്ട് പ്രാവശ്യം റിട്ടു കൊടുത്തു. ഗത്യന്തരമില്ലാതെയാണ് ശ്രീ. ഗംഗാധരൻ രാജിവച്ചത്; സ്വമേധയാ അല്ല. ആ രാജിയെ നമശിവായം മജിസ്ട്രേറ്റ് ശ്രീ. പത്മരാജൻ പുകഴ്ത്തി പറഞ്ഞു. കേൺഗ്രസ്സ് സുഹൃത്തുക്കളോട് ഞാൻ പറയുകയാണ് നിങ്ങൾ ഈ രാജ്യത്ത് രാഷ്ട്രീയം ശുദ്ധമാക്കാൻ തയ്യാറുണ്ടോ? ഈ രാജ്യത്ത് വർഗ്ഗീയശക്തികളുടെ ആധിപത്യം അവസാനിപ്പിക്കാൻ നിങ്ങൾ തയ്യാറുണ്ടോ? രാഷ്ട്രീയം രാഷ്ട്രീയമായി കൈകാര്യം ചെയ്യാൻ നിങ്ങൾ തയ്യാറുണ്ടോ അതല്ല അധികാരത്തിന്റെ ശീതളഛായയിൽ ഇരിക്കാനാണ് നിങ്ങൾ തയ്യാറാകുന്നെങ്കിൽ നിങ്ങൾക്ക് വീഴ്ചപ്പും ബാദ്ധ്യതകളും ചുമക്കേണ്ടി വരും. ഇനിയും നിങ്ങൾ ഗതികേടിൽ നിന്ന് ഗതികേടിലേക്ക് വീഴും. എനിക്ക് നിങ്ങളോടുള്ള ഏക അപേക്ഷ ഇനിയെങ്കിലും ഈ ബ്ലേഡ്കമ്പനി നിങ്ങൾ പിരിച്ചു വിടണമെന്നാണ്. നിങ്ങൾ അവിടെ നിന്ന് ഇറങ്ങിപ്പോകണം. ഒരു നിമിഷം നിങ്ങൾക്ക് അവിടെയിരിക്കാൻ അർഹതയില്ല. അത് യോഗ്യൻമാർ ഇരുന്ന കസേരയാണ്. അവിടെ ഇരിക്കാനുള്ള അർഹത നിങ്ങൾക്ക് നഷ്ടപ്പെട്ടിരിക്കുന്നു. എത്രയോ മാസങ്ങളായി തിരുവനന്തപുരം സെക്രട്ടേറിയറ്റ് സ്തംഭിച്ചിട്ട്. മാർച്ച് സകല ഉത്തരവുകളും നടക്കേണ്ട മാസമാണ്. കേരള സംസ്ഥാനത്ത് യാതൊരുവർക്കും . നടക്കുന്നില്ലായെന്നു മാത്രമല്ല പൂർണ്ണമായ സ്തംഭനാവസ്ഥയാണ്. ഇവർ ഇടുന്ന ഉത്തരവുകൾ നോക്കി സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥൻമാർ പരിഹസിക്കുകയാണ്. അങ്ങനെ അപഹാസ്യമായി ജനങ്ങളുടെ മുൻപിൽ അങ്ങേയറ്റം തരംതാഴ്ന്നവരായി, ജനങ്ങൾക്ക് അങ്ങേയറ്റം പുച്ഛമായ നിങ്ങൾ ഇനിയെങ്കിലും ജനങ്ങളെ ബുദ്ധിമുട്ടിക്കാതെ, നാട്ടുകാരെ പ്രയാസപ്പെടുത്താതെ ദയവു ചെയ്ത് എത്രയും പെട്ടെന്ന് ഇറങ്ങിപോയി നാടിനെ രക്ഷിക്കണം. ഇതാണ് ശ്രീ. കരുണാകരനോടുള്ള എന്റെ അഭ്യർത്ഥന. ഇനിയും ജനങ്ങളെ പ്രയാസപ്പെടുത്തരുത്. നിങ്ങൾക്ക് അവിടെയിരിക്കാനുള്ള അർഹതയില്ല. അതുകൊണ്ട് ഈ നന്ദിപ്രമേയത്തെ ഞാൻ ശക്തിയായി എതിർക്കുന്നു.

ശ്രീ. എ. സി. ജോസ് : സർ, ബഹുമാനപ്പെട്ട കുമാരൻ പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ ശ്രീ. കെ. കൃഷ്ണൻകുട്ടി ചില പരാമർശങ്ങൾ നടത്തുകയുണ്ടായി. ആ പരാമർശങ്ങൾ വളരെ ഖേദകരമായ പരാമർശങ്ങളാണ്. അത് പരിശോധിച്ച് രേഖയിൽ നിന്ന് നീക്കം ചെയ്യേണ്ടതാണ്.

ശ്രീ. എം. എം. ഹസ്സൻ : സർ, ഇന്ന് അങ്ങ് ചെയറിൽ ഇല്ലാതിരുന്നപ്പോൾ ബഹുമാനപ്പെട്ട ജിനദേവൻ പ്രസംഗിച്ചുകൊണ്ടിരിക്കെ ഞാൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയും പാനൽ ഓഫ് ചെയർമാൻ റൂളിംഗ് നൽകുകയും ചെയ്തു. ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന ഒരു കേസിന്റെ വിശദാംശങ്ങൾ ഇവിടെ പരാമർശിക്കുന്നത് സബ്ജുഡിസ് ആകുമെന്ന് റൂളിംഗ് നൽകിയതിനു ശേഷം ആ കേസിനെ സംബന്ധിച്ച് വിശദാംശങ്ങൾ ശ്രീ. ജിനദേവൻ ഇവിടെ പ്രസംഗിക്കുകയുണ്ടായി. ചെയറിന്റെ റൂളിംഗ് ധിക്കരിച്ചുകൊണ്ടുള്ള പ്രസംഗഭാഗങ്ങൾ അങ്ങ് പരിശോധിച്ച് നടപടിയിൽ നിന്ന് എക്സ്പഞ്ച് ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മി. സ്പീക്കർ : ഇതിൽ വേറെ തർക്കവിഷയമില്ല. രേഖകൾ പരിശോധിച്ച് ചട്ടവിരുദ്ധമായിട്ട് എന്തെങ്കിലും കാണുകയാണെങ്കിൽ നീക്കം ചെയ്യുന്നതാണ്. അത് ഓട്ടോമാറ്റിക്കായിട്ട് നടക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

നന്ദിപ്രമേയം

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നത് ആ ടൈമിലാണ്. എല്ലാപ്രസംഗങ്ങളും പരിശോധിച്ച് ആരെങ്കിലും ചട്ടവിരുദ്ധമായി എന്തെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ അത് രേഖയിൽ നിന്ന് നീക്കം ചെയ്യണം.

മി. സ്പീക്കർ : ഇത് ഒരു തർക്കവിഷയമല്ല. സ്റ്റാൻഡിങ്ങായിട്ടുള്ള ഇൻസ്ട്രക്ഷൻ തന്നെയാണ്.

ഓർഡർ, ഓർഡർ സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(18-3-1986 രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്ക് ശേഷം 3.18-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly